ജീവനക്കാരെ ആവശ്യമുള്ള ഈ സന്ദർഭത്തിൽ ഈ നഗരസഭകളിൽ ഇവരെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. ഇവർ വളരെ പാവപ്പെട്ടവരും ദുരിതം അനുഭവിക്കുന്നവരുമാണ്. അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, നഗരസഭകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും അല്ലാതെയും ദിവസക്കൂലി അടിസ്ഥാനത്തിൽ 31-12-2000-വരെ നിയമിച്ചിരുന്ന ജീവനക്കാരെ സ്ഥിരം തൊഴിലാളികളായി പരിഗണിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 2001 മാർച്ചിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിലെ വ്യവസ്ഥ കൾ പ്രകാരം കളമശ്ശേരി നഗരസഭയിൽ 1995 മുതൽ ജോലി ചെയ്തിരുന്ന 28 താൽക്കാലിക ജീവനക്കാരെ പകരം തൊഴിലാളികളായി അംഗീകരിക്കുന്ന തിന് മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാന ത്തിന് നഗരസഭാ ഡയറക്ടർ അംഗീകാരം നൽകുകയും ടി ജീവനക്കാരെ കണ്ടിജന്റ് വിഭാഗത്തിൽ പകരം തൊഴിലാളികളായി നിയമിക്കുകയും ചെയ്തി ട്ടുണ്ട്. ആലുവാ നഗരസഭയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും 12-7-2010-ൽ നിലവിലുണ്ടായിരുന്ന 21 ഒഴിവുകളിൽ നിയമനം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

മി. സ്പീക്കർ : ഓർഡർ.......ഓർഡർ, റിപ്പോർട്ട് സമർപ്പണം

V റിപ്പോർട്ട് സമർപ്പണം

ശ്രീ. പി. ജയരാജൻ : സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനേഴും പതിനെട്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ഓർഡർ....ഓർഡർ..........നിയമനിർമ്മാണകാര്യം........

VI നിയമനിർമ്മാണകാര്യം

2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, 2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. ശക്തൻ : സർ, ഞാൻ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സർ, 52448,79,34,000 രൂപ ചെലവഴിക്കുന്നതിനുള്ള ധനവിനിയോഗ ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഞാൻ ഒരു പ്രതിപക്ഷ എം.എൽ.എ. ആയതുകൊണ്ട് മാത്രമല്ല ഈ ബില്ലിനെ എതിർക്കുന്നത്. ഈ ധനവിനിയോഗ ബിൽ പാസായി ധനം നിങ്ങളുടെ കൈയിൽ കിട്ടിയാൽ തെറ്റായ രീതിയിൽ ചെലവഴിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് 2006-ൽ സംസ്ഥാനത്തെ പൊതു കടം 45,000 കോടി രൂപയായിരുന്നു. നിയമസഭയിൽ തന്ന കണക്കാണ്. നിയമസഭയിൽ ഒരു ചോദ്യത്തിനുത്തരമായി തന്ന മറുപടിയിൽ, 2010 മാർച്ച് 31-വരെ ആയപ്പോൾ പൊതുകടം 70,235 കോടി രൂപയായി. എന്നുപറഞ്ഞാൽ നാലു വർഷം കൊണ്ട് 25,235 കോടി രൂപ നിങ്ങൾ വർദ്ധിപ്പിച്ചു. ഇത് പറഞ്ഞിട്ട് ഇപ്പോൾ നാലു മാസമായി. നാലു മാസമായപ്പോഴേക്കും പൊതുകടം 70,000 കോടി രൂപയിൽനിന്ന് 80,000 കോടി രൂപയായി മാറിയിരിക്കുന്നു. ഈ വർഷം ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ സംസ്ഥാനത്തെ പൊതു കടം 90,000 കോടി രൂപയായി ഉയരുകയാണ്. ഇത് പന്ത്രണ്ടാം നിയമസഭയാണ്. പന്ത്രണ്ടു നിയമസഭകളിലായി അധികാരത്തിൽവന്ന 17 ഗവൺമെന്റുകളുടെ കാലത്ത് 50 വർഷം കൊണ്ട് സംസ്ഥാനത്ത് അധികാരത്തിൽവന്ന മുഴുവൻ ഗവൺമെന്റുകളുടെയും കാലഘട്ടത്തിലുണ്ടായ പൊതു കടം 45,000 കോടി രൂപയാണ്. അഞ്ചു വർഷം കൊണ്ട് ഈ ഗവൺമെന്റ് വരുത്തിയ പൊതു കടം 45,000 കോടി രൂപയാണ്. അഞ്ചു വർഷം കൊണ്ട് 45,000 കോടി രൂപ, 50 വർഷം കൊണ്ട് 45,000 കോടി രൂപ. ഇതാണ് സംസ്ഥാനത്തെ ഇന്നത്തെ സ്ഥിതി. ഒരു നിയോജകമണ്ഡലത്തിൽ ഒരു എം.എൽ.എ.യ്ക്ക് 15 കോടി രൂപയുടെ വികസന പ്രവർത്തനം നടത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അങ്ങേയ്ക്ക് ഇത് എല്ലാപേർക്കും ഒരുപോലെ കൊടുക്കാൻ കഴിഞ്ഞോ? ഭരണകക്ഷി എം.എൽ.എ. മാർക്ക് അറുപതും എഴുപതും കോടി രൂപ, പ്രതിപക്ഷ എം.എൽ.എ. മാർക്ക് അഞ്ചും ആറും കോടി രൂപ. എത്ര കോടി രൂപ വീതം കൊടുത്തു എന്നുള്ളതിന്റെ കണക്ക് അങ്ങേയ്ക്ക് ഈ നിയമസഭയിൽ അവതരിപ്പിക്കാമോ ? അവതരിപ്പിക്കാൻ കഴിയുകയില്ല. ഇത് ഭരണകക്ഷി എം.എൽ.എ. മാരെ സഹായിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ ഖജനാവിൽനിന്ന് മുഴുവൻ എടുത്ത് കൊടുക്കുകയാണ്. ഈ വരുത്തിയ സാമ്പത്തിക ബാദ്ധ്യത മുഴുവൻ നിങ്ങൾ തീർക്കുമോ ? ഈ സാമ്പത്തിക ബാദ്ധ്യത മുഴുവൻ അടുത്ത് സംസ്ഥാനത്ത് അധികാരത്തിൽ വരേണ്ട ഗവൺമെന്റിന്റെ ചുമലിലാണ് വരുന്നത്. കഴിഞ്ഞ പ്രാവശ്യം നായനാർ ഗവൺമെന്റ് അധികാരത്തിൽ വന്നു. ആ ഗവൺമെന്റ് എങ്ങനെയാണ് ഇറങ്ങിപ്പോയതെന്ന് കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല ഖജനാവ് കാലിയാക്കി പൊതുകടം വർദ്ധിപ്പിച്ച്, കോൺട്രാക്ടർമാർക്ക് വണ്ടിച്ചെക്ക് നൽകി,

LIBRARY ARCHIVES Kerala Legislative Assembly

ചായക്കടയിലെ കണക്കുപോലും തീർക്കാതെയാണ് നിങ്ങൾ അന്ന് ഇറങ്ങിപ്പോയത്. ഈ ഗവൺമെന്റും നായനാർ ഗവൺമെന്റിനേക്കാൾ മോശമായ രീതിയിലാണ് ഇറങ്ങിപ്പോകാൻ പോകുന്നതെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഇപ്പോൾ നിങ്ങൾ എന്താണ് കാണിക്കുന്നത്? ധൂർത്തല്ലേ ? പരസ്യത്തിനുവേണ്ടിമാത്രം ഒരു വർഷം നിങ്ങൾ എത്ര കോടി രൂപ ചെലവഴിക്കുന്നു. ഈ ഗവൺമെന്റ് നാലു വർഷം പൂർത്തിയായപ്പോൾ നാലാം വാർഷികം ആഘോഷിക്കുന്നതിനുവേണ്ടി മാത്രം 20 കോടി രൂപയുടെ പരസ്യം കൊടുത്തിരിക്കുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം നാലു വർഷങ്ങളിലായി പരസ്യത്തിനുമാത്രമായി 50 കോടി രൂപയിലധികം ചെലവഴിച്ചിരിക്കുകയാണ്. ഇത് ധൂർത്തല്ലേ ? സാധാരണക്കാരുടെ, പാവപ്പെട്ടവരുടെ രൂപയെടുത്ത് പരസ്യത്തിന് വേണ്ടി ചെലവഴിച്ച് ധൂർത്ത് കാണിക്കുന്ന ഒരു ഗവൺമെന്റല്ലേ ഈ സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്നത് ? ഒരു കാര്യം അവർ പറയുന്നത് കേട്ടാൽ കൊള്ളാം. അതായത്, രണ്ട് രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കുന്നു. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കട്ടെ, നിങ്ങൾ രണ്ട് രൂപയ്ക്ക് കൊടുക്കുന്ന അരി എവിടെ നിന്ന് വാങ്ങുന്നു ? കേന്ദ്രം തരുന്നതല്ലേ ? കേന്ദ്രം എത്ര രൂപയ്ക്കാണ് തരുന്നത് ? കേന്ദ്രം ഒരു കിലോ അരിക്ക് മൂന്ന് രൂപ വച്ച് 25 കിലോ അരി ഒരു കുടുംബത്തിന് ഒരു മാസം നൽകുന്നു. നിങ്ങൾ ഒരു കുടുംബത്തിന് 25 കിലോ അരി വീതം കൊടുക്കുന്നില്ല. നിങ്ങൾ ആദ്യം 17 കിലോ അരി ഒരു കുടുംബത്തിന് കൊടുത്തിരുന്നു. ഇപ്പോൾ 12 കിലോയായി കുറച്ചിരിക്കുകയാണ്. വേണമെങ്കിൽ ഒരു വാദം പറയാം. കേന്ദ്ര ഗവൺമെന്റ് 20 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ തരുന്നുള്ളു. ഞങ്ങൾ 35 ലക്ഷം കുടുംബങ്ങൾക്ക് ഒരു കിലോ അരി രണ്ട് രൂപയ്ക്ക് കൊടുക്കുന്നു എന്ന്. 20 ലക്ഷം കുടുംബങ്ങൾക്ക് ഒരു മാസം 25 കിലോ അരി വീതം കേന്ദ്ര ഗവൺമെന്റ് തരുന്നു. ഇവിടെ 35 ലക്ഷം കുടുംബങ്ങൾക്ക് 12 കിലോ അരി വീതമാണ് കൊടുക്കുന്നത്. ഞാൻ ചോദിക്കട്ടെ, നിങ്ങൾക്ക് ഈ പാവപ്പെട്ടവരോട് താൽപ്പര്യമുണ്ടായിരുന്നുവെങ്കിൽ, രണ്ട് രൂപയ്ക്ക് അരി കൊടുക്കണമെന്നുണ്ടായിരുന്നെങ്കിൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ എന്തുകൊണ്ട് രണ്ട് രൂപയ്ക്ക് അരി കൊടുത്തില്ല? നിങ്ങൾ അധികാരത്തിൽ വന്നിട്ട് നാല് വർഷം കഴിഞ്ഞില്ലേ ? അധികാരത്തിൽ വന്നപ്പോൾ ആദ്യം ചെയ്യാത്തത് എന്തുകൊണ്ടാണ്? നിങ്ങൾ അധികാരത്തിൽ വന്ന് ആറ് മാസം കഴിഞ്ഞപ്പോൾ അരിയുടെ വില വർദ്ധിക്കാൻ തുടങ്ങിയതാണ്. നിങ്ങൾ അനങ്ങിയില്ല. നിങ്ങൾ ഇപ്പോൾ ഇറങ്ങിപ്പോകാൻ പോകുന്ന സമയത്ത് കൊടുക്കുന്നത് കേന്ദ്രം മൂന്ന് രൂപയ്ക്ക് തരുന്നത് കൊണ്ടാണ്. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ കേന്ദ്രം മൂന്ന് രൂപയ്ക്ക് അരി കൊടുക്കുന്നില്ലായിരുന്നു. അതുകൊണ്ടാണ് കൊടുക്കാൻ കഴിയാത്തത്. ഇപ്പോൾ കേന്ദ്രം തരുന്നതുകൊണ്ട് രണ്ട് രൂപയ്ക്ക് കൊടുക്കുന്നു. ഒരു കാര്യം പറയട്ടെ, കേന്ദ്ര ഗവൺമെന്റ് ഒരു കിലോ അരി 18 രൂപയ്ക്ക് വാങ്ങി മൂന്ന് രൂപയ്ക്ക് സംസ്ഥാനത്തിന് തരുമ്പോൾ അതിനെ വീതിച്ച് കൊടുത്തിട്ട് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ക്രെഡിറ്റ് മുഴുവൻ നിങ്ങൾ എടുക്കുന്നു. എന്നിട്ട് അതിന് പരസ്യം കൊടുക്കുന്നു. കോഴി ഇടുന്നത് ഒരു ചെറിയ മുട്ടയാണെങ്കിലും മുട്ടയിട്ട് കഴിഞ്ഞാൽ പുരപ്പുറത്ത് നിന്ന് വിളിച്ചുകൂവി എല്ലാവരെയും അറിയിക്കും. പക്ഷേ ആന പ്രസവിച്ചാൽ തൊട്ടടുത്ത് കിടക്കുന്ന മൃഗങ്ങൾപോലും അറിയില്ല. കേന്ദ്ര ഗവൺമെന്റ് ഒരു കിലോ അരി 15 രൂപക്ക് തന്നിട്ട് നിങ്ങൾ വെളിയിൽ പറയുന്നില്ല. കേന്ദ്ര ഗവൺമെന്റ് മൂന്ന് രൂപയ്ക്ക് തരുന്നത് എടുത്ത് നിങ്ങൾ......

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ബി.പി.എൽ അരി കിട്ടുന്നത് 6.30 രൂപയ്ക്കാണ്. മൂന്ന് രൂപയ്ക്കല്ല. അത് തരാൻ പോകുന്നതേയുള്ളു.

ശ്രീ. എൻ. ശക്തൻ: അത് ശരിയായ കണക്കല്ല. ബഹുമാനപ്പെട്ട മന്ത്രി, അങ്ങാണ് പറയുന്നതെങ്കിൽപ്പോലും സത്യം സത്യമായി പറയണം. കേന്ദ്ര ഗവൺമെന്റ് 20 ലക്ഷം കുടുംബങ്ങൾക്ക് മൂന്ന് രൂപയ്ക്ക് അരി തരുന്നുവെന്ന് നിയമസഭയിൽ തന്നെ ഭക്ഷ്യവകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. നിങ്ങൾ കൊടുക്കുന്നത് 35 ലക്ഷം കുടുംബങ്ങൾക്ക്. സമ്മതിച്ചു.

ഡോ. തോമസ് ഐസക്: ഞാൻ നിഷേധിക്കുന്നത് നിയമസഭയിലാണല്ലോ? ഞാൻ നിഷേധിക്കുന്നു, അങ്ങ് പറയുന്നത് ശരിയല്ല.

ശ്രീ. എൻ. ശക്തൻ: ഭക്ഷ്യവകുപ്പുമന്ത്രിയാണ് പറഞ്ഞത് 20 ലക്ഷം കുടുംബങ്ങൾക്ക് മൂന്ന് രൂപയ്ക്ക് അരി കേന്ദ്രം തരുന്നു എന്ന്. 25 കിലോ വീതം തരുന്നു. അത് നിങ്ങൾ 35 ലക്ഷം കുടുംബങ്ങൾക്കായി കൊടുക്കുന്നു. ഞാൻ പറയുന്നു, 40 ലക്ഷം കുടുംബങ്ങൾക്ക് കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തരുന്നുണ്ട്. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റ് മൂന്ന് രൂപയ്ക്ക് അരി കൊടുക്കാൻ തീരുമാനിച്ചു. അന്ന് കേന്ദ്രത്തിൽ നിന്ന് ഒരു കിലോ അരി പോലും മൂന്ന് രൂപയ്ക്ക് തന്നിരുന്നില്ല. കേന്ദ്രം തരാതിരുന്നപ്പോഴും മൂന്ന് രൂപയ്ക്ക് അരി കൊടുക്കാൻ തീരുമാനിച്ച ഗവൺമെന്റാണ് യു.ഡി.എഫ് ഗവൺമെന്റ് എന്നുപറയാൻ ആഗ്രഹിക്കുന്നു. ഇ.എം.എസ് ഭവന പദ്ധതി നല്ല കാര്യമാണ്. പാവപ്പെട്ട ആളുകൾക്ക്, ഭവനമില്ലാത്തവർക്ക് വീട് വച്ച് കൊടുക്കുന്നതിനുവേണ്ടി ഒരു പദ്ധതി കൊണ്ടുവരുന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇ.എം.എസ് ഭവന പദ്ധതിക്ക് ഈ ഗവൺമെന്റിന്റെ സംഭാവന എന്താണ്? നിങ്ങൾ അങ്ങനെയൊരു ആശയം മുന്നോട്ട് കൊണ്ടുവന്നു എന്നല്ലാതെ ഒരു പൈസയുടെ ചെലവ് നിങ്ങളുടെ കയ്യിൽ നിന്നുണ്ടോ? നിങ്ങൾ ഇപ്പോൾ പരസ്യം കൊടുക്കുകയല്ലേ? മന്ത്രിമാർ മുഴുവൻ ഇറങ്ങി പ്രസംഗിക്കുന്നില്ലേ? ഒരു രൂപയുടെ ചെലവ് നിങ്ങൾക്ക് ഇ.എം.എസ് ഭവന പദ്ധതിയുടെ ഫലമായിട്ടുണ്ടോ? ഇതിന്റെ സാമ്പത്തിക ബാദ്ധ്യത മുഴുവൻ അടുത്ത പത്ത് വർഷങ്ങളിലായി വരുന്ന പഞ്ചായത്തുകൾ ഓരോ വർഷവും പ്ലാൻ ഫണ്ടിൽ നിന്ന് 15 ശതമാനം വീതം കൊടുക്കണം. നിങ്ങൾക്ക് ഒരു പൈസയുടെ ചെലവില്ല. പലിശ ഗവൺമെന്റ് കൊടുക്കുമെന്ന് പറയുന്നു. ഗവൺമെന്റ് എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നത്? നിങ്ങളുടെ ഗവൺമെന്റാണോ? അടുത്തുവരുന്ന ഗവൺമെന്റ് കൊടുക്കുന്നു. അടുത്തുവരുന്ന ഗവൺമെന്റിനാണ് ഇതിന്റെ പലിശ മുഴുവൻ കൊടുക്കേണ്ടി വരുന്നത്. പാവപ്പെട്ടവർക്ക് വീട് വച്ച് കൊടുക്കാൻ പരിപാടിയുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ട് നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ഈ ഭവന പദ്ധതി കൊണ്ടുവന്നില്ല? അങ്ങനെ അധികാരത്തിൽ വന്നപ്പോൾ ഈ ഭവന പദ്ധതി കൊണ്ടുവന്നിരുന്നുവെങ്കിൽ അഞ്ച് വർഷം ഇതിന്റെ പലിശ നിങ്ങൾ അടയ്ക്കേണ്ടി വരുമായിരുന്നു. അത് അടയ്ക്കാതിരിക്കാനും അടുത്ത് വരുന്ന ഗവൺമെന്റിന്റെ ചുമലിൽ വച്ചു കൊടുക്കുന്നതിനും വേണ്ടി മാത്രമാണ് നിങ്ങൾ ഇറങ്ങിപ്പോകുന്ന സമയത്ത് ഈ ഭവന പദ്ധതി കൊണ്ടുവന്നത്. ഇതിൽ ഒരു പൈസ പോലും നിങ്ങൾക്ക് ചെലവില്ല. വഴിയിൽ കിടക്കുന്ന തേങ്ങയെടുത്ത് ഗണപതിക്ക് അടിക്കുന്ന നയമാണ് ഇ.എം.എസ്. ഭവന പദ്ധതിയിലൂടെ നിങ്ങൾ കൊണ്ടുവന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഏതെങ്കിലും ഒരു വകുപ്പ് ഈ കഴിഞ്ഞ നാല് വർഷത്തിനിടയ്ക്ക് ഭംഗിയായി മുന്നോട്ട് കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഞാൻ ട്രാൻസ്പോർട്ട് വകുപ്പിലേക്ക് വരികയാണ്. നിങ്ങൾ അധികാരത്തിൽ വന്നശേഷം ഏറ്റവും ഭംഗിയായി നന്നാക്കിയ വകുപ്പാണ് കെ.എസ്.ആർ.ടി.സി. എന്നാണ് സഭയെയും എല്ലാവരെയും ധരിപ്പിച്ച് വച്ചിരിക്കുന്നത്. നഷ്ടത്തിൽ പൊയ്ക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽ നിന്ന് കരകയറ്റി, ലാഭത്തിലാക്കി, മെച്ചപ്പെടുത്തി എന്നാണ് പറയുന്നത്. ഞാൻ കെ.എസ്.ആർ.ടി.സി.-യുടെ കണക്ക് പറയാം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത്, കെ.എസ്.ആർ.ടി.സി. 65 വർഷത്തേയ്ക്ക് എല്ലാം കൂടി ലോൺ എടുത്തിരുന്ന തുകയെന്ന് പറയുന്നത് വെറും 288,72,00,000 രൂപയാണ്. നിയമസഭയിൽ ചോദിച്ച ഒരു ചോദ്യത്തിന് ഉത്തരമായി തന്നതാണ്. അതുവരെ അധികാരത്തിലിരുന്ന എല്ലാ ഗവൺമെന്റുകളുടെയും കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി. ലോണെടുത്ത വകയിൽ തിരിച്ചടയ്ക്കാനുണ്ടായിരുന്നത് 288,72,00,000 രൂപയാണ്. അതായത് 1965 മുതൽ 2006 വരെ. ഈ നാല് വർഷം കൊണ്ട് ഈ ഗവൺമെന്റ് ലോണെടുത്തിരിക്കുന്നത് 1331 കോടി രൂപയാണ്. 41 വർഷം കൊണ്ട് 288,72,00,000 രൂപ കെ.എസ്.ആർ.ടി.സി. ലോണെടുത്തു. നാല് വർഷം കൊണ്ട് നിങ്ങൾ 1331 കോടി രൂപ ലോണെടുത്തു. അതാണ് കെ.എസ്.ആർ.ടി.സി.-യുടെ ഇന്നത്തെ അവസ്ഥ. കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ വാങ്ങി, അതുകൊണ്ടാണ് ഇത്രയും രൂപ ലോണെടുക്കേണ്ടി വന്നതെന്ന് വേണമെങ്കിൽ പറയാം. വാങ്ങിയ ബസിന് എല്ലാം കൂടി ചെലവ് വെറും 250 കോടി രൂപയാണ്. 1331 കോടി രൂപയിൽ നിന്ന് 250 കോടി രൂപ പോയാലും ബാക്കി 1081 കോടി രൂപ നിങ്ങൾ എന്ത് ചെയ്തു? അതിന് മറുപടി പറയണം. കടത്തിന്റെ കണക്കാണ് ഞാൻ പറഞ്ഞത്. കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിന്റെ കണക്ക് കൂടി പറയാം. ഈ നിയമസഭയിൽ തന്ന കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ഒരു മാസത്തെ നഷ്ടം 33,98,00,000 രൂപയാണ്. ഒരു വർഷത്തെ നഷ്ടം അതുവച്ച്

LIBRARY ARCHIVES Kerala Legislative Assembly

കണക്കാക്കുമ്പോൾ കെ.എസ്.ആർ.ടി.സി 407 കോടി രൂപയുടെ നഷ്ടത്തിലാണ് പോകുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് കെ.എസ്.ആർ.ടി.സി-യുടെ ഒരു വർഷത്തെ നഷ്ടം വെറും 104 കോടി രൂപയാണ്. എന്റെ കണക്കല്ല, നിങ്ങൾ പ്രസിദ്ധീകരിച്ച റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു, യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 104 കോടി രൂപയാണ് ഒരു വർഷത്തെ നഷ്ടം. ഇപ്പോഴത്തെ നഷ്ടം 407 കോടി രൂപയാണ്. 104 കോടി രൂപയിൽ നിന്ന് 407 കോടി രൂപയായി കെ.എസ്.ആർ.ടി.സി-യുടെ നഷ്ടം ഉയർത്തിയാണോ അതിനെ രക്ഷപ്പെടുത്തിയത് ? എല്ലാ വകുപ്പുകളുടേയും ഗതി ഇതാണ്. ഭരണത്തെയാകെ നശിപ്പിച്ച് നാമാവശേഷമാക്കി, ഇവിടത്തെ ധനം മുഴുവൻ മുടിച്ച ഈ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ വിനിയോഗ ബില്ലിനെ അഭിമാനത്തോടുകൂടി പിന്തുണയ്ക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ചിട്ടയായ ധനകാര്യ പ്രവർത്തനങ്ങളുടെ അനിവാര്യമായ തുടർച്ചയാണ് ഈ വർഷത്തെ ബഡ്ജറ്റും തുടർന്നുള്ള ബില്ലുകളും.

11.00 A.M.]

ബഡ്ജറ്റും ഫിനാൻസ് ബില്ലും അപ്രോപ്രിയേഷൻ ബില്ലും എല്ലാം സാമ്പത്തിക ശാസ്ത്രത്തിന്റെ ഭദ്രമായ അടിത്തറയുള്ള രേഖകളായി മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനമന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്, കഴിഞ്ഞ നാല് വർഷം കേരള നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ്, ധനകാര്യ ബിൽ, അപ്രോപ്രിയേഷൻ ബിൽ ഇവയെല്ലാം ക്രോഡീകരിച്ച് പഞ്ചവർഷ രേഖയുണ്ടാക്കിയാൽ അത് അക്ഷരാർത്ഥത്തിൽ പഠനാർഹമായ ഒരു രേഖയായിത്തീരും. ഇങ്ങനെ ഉണ്ടാക്കുന്ന ഈ ബൃഹത് രേഖയിൽ ഉണ്ടാകാവുന്ന ചില സാമ്പത്തിക സങ്കൽപനങ്ങളുണ്ട്. അതിലൊന്ന് പരസ്പരപൂരകം എന്നുള്ളതാണ്. തീർച്ചയായും അതിൽ നിന്ന് ഉണർന്നു വന്ന രണ്ടാമത്തെ ഘടകമാണ് അനിവാര്യമായ തുടർച്ച. മൂന്നാമത്തെ പ്രധാനപ്പെട്ട സങ്കൽപനം ദിശാബോധമാണ്. നാലാമത്തേത് രാഷ്ട്രീയ ഇച്ഛാശക്തിയാണ്. അത്തരത്തിലുള്ള ഒരു ബൃഹത് രേഖയായി ഈ നാല് വർഷത്തെ ഈ മൂന്ന് രേഖകളും ക്രോഡീകരിച്ചാൽ നമുക്ക് ലഭ്യമാകും. ബഡ്ജറ്റ് കേവലം ഒരു സാമ്പത്തിക രേഖ മാത്രമല്ല, അത് ജീവത്തായ സാമൂഹിക സ്പന്ദനങ്ങൾ ഉത്ക്കൊണ്ടുകൊണ്ടുള്ള ഒരു സാമ്പത്തിക ജൈവരേഖയാണ്. ജനതയുടെ നെടുവീർപ്പുകളും നൊമ്പരങ്ങളും ഉൾത്തുടിപ്പുകളും സ്വപ്നങ്ങളും എല്ലാം അതിൽ പ്രതിഫലിക്കണം. ഇന്ന് നാം ചർച്ച ചെയ്യുന്ന ബില്ലിൽ കുറെ കണക്കുകൾ കാണാം. നേരത്തെ ഇവിടെ ശ്രീ. എൻ. ശക്തൻ ഉന്നയിച്ചതുപോലെ, അവ കേവലമായ കണക്കുകളല്ല, ജീവന്റെ തുടിപ്പുകളാണ്. ഇത്ര രൂപ ബഡ്ജറ്റിൽ നിർദ്ദേശിച്ചു, ഇത്ര രൂപ പിൻവലിച്ചു, ഇത്ര രൂപ ചെലവഴിച്ചു എന്നത് മാത്രമല്ല അതുകൊണ്ട് എന്ത് മാറ്റം ഈ സമൂഹത്തിലുണ്ടായി എന്നതുകൂടി വിലയിരുത്തപ്പെടണം. കഴിഞ്ഞ നാല് വർഷത്തെ തുടർച്ചയായ ബഡ്ജറ്റുകളുടെ നേട്ടം വളരെ ചുരുക്കി പറയാം. കഴിഞ്ഞ നാല് വർഷത്തെ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി ചെലവ് ശരാശരി 90 ശതമാനമാണ്. കഴിഞ്ഞ വർഷം മാത്രം അത് 95 ശതമാനമാണ്. അതുപോലെ കടം, പലിശ ബാധ്യതകൾ അനുദിനം കുറഞ്ഞു വരുകയാണ്. കടം സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രൊഡക്ടിന്റെ 39.12 ശതമാനത്തിൽ നിന്ന് 32.02 ശതമാനമായി കുറഞ്ഞു. ശ്രീ. എൻ. ശക്തൻ ഇവിടെ മൊത്തം തുക വർദ്ധിച്ചുവെന്നാണ് പറഞ്ഞത്. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനവും വർദ്ധിച്ചിട്ടുണ്ട്. മൊത്തം കടം എത്ര കൂടി എന്നുള്ളതിനല്ല പ്രാധാന്യം നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന ഉല്പാദനത്തിന്റെ എത്ര ശതമാനമാണ് കടം എന്നുള്ളതാണ്. എസ്.ഡി.പി.യുടെ 39.12 ശതമാനം കടത്തിൽ നിന്ന് 32.02 ശതമാനമായി കടം കുറഞ്ഞതാണ് ഇവിടെ പ്രാധാന്യം അർഹിക്കുന്നത്. അതുപോലെതന്നെ പലിശ, തീർച്ചയായും കടത്തിന്റെ വളർച്ചാ പേർസന്റേജ് കുറയുമ്പോൾ പലിശയും കുറയും. എസ്.ഡി.പി.യുടെ 3.28 ശതമാനത്തിൽ നിന്ന് 2.3 ശതമാനമായി പലിശനിരക്കും പലിശയും കുറഞ്ഞു. റവന്യൂ കമ്മി അതേ സമയം എസ്.ഡി.പി. യുടെ 3.33 ശതമാനത്തിൽ നിന്ന് 1.9 ശതമാനമായി ചുരുങ്ങി. സാമ്പത്തിക ഭദ്രതയുടെ ഏറ്റവും വലിയ ലക്ഷണമാണ്. റവന്യൂ കമ്മി 3.33 ശതമാനത്തിൽ നിന്ന് നാല് വർഷം കൊണ്ട് 1.9 ശതമാനമായി ചുരുങ്ങി. നികുതി വരുമാനം ശരാശരി നാല് വർഷത്തിലും 20 ശതമാനം കണ്ട് തുടർച്ചയായി വർദ്ധിച്ചു. ഇതും സുസ്ഥിര സമ്പദ് വ്യവസ്ഥയുടെ ഉത്തമ ലക്ഷണമാണ്. പദ്ധതി അടങ്കൽ സ്ഥിരമായി വർദ്ധിച്ച് ചരിത്രത്തിൽ ഏറ്റവും വലിയ തുകയിൽ എത്തി ; 10,025 കോടി രൂപ. മൂലധന നിക്ഷേപം നിരന്തരമായി വർദ്ധിച്ച് ചരിത്രനേട്ടമായി അഞ്ച് വർഷത്തിനിടയിൽ 10,000 കോടി രൂപയായി അത് മാറി. ഇത്രയും കണക്കുകളാണ് ഞാൻ സൂചിപ്പിച്ചത്. ഇത് വെറും കണക്കുകൾ മാത്രമാണ്, വെറും ചിഹ്നങ്ങൾ മാത്രമാണ്, ഈ ചെലവുകളിലെ അല്ലെങ്കിൽ ഈ ചിഹ്നങ്ങളിലെ ജീവൻ എന്താണ്? അതാണ് ഇവിടുത്തെ പ്രധാനപ്പെട്ട ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നാല് വർഷത്തെ ഭരണത്തിനുശേഷം ഇപ്പോഴുള്ള ചോദ്യം, ഈ ചിഹ്നങ്ങളിലെ ജീവൻ എന്താണ്; ആർക്കും നിഷേധിക്കാൻ പറ്റാത്ത ഒരു ആശയമാണ് അവിടെ ഉയർന്നു വരുന്നത്. മൊത്തത്തിൽ കേരളം പട്ടിണിയില്ലാത്ത സംസ്ഥാനമായി. അതാണ് അതിലെ ജീവൻ. ഈ പറഞ്ഞ സാമ്പത്തിക ശാസ്ത്രത്തിൽ അധിഷ്ഠിതമായ ചിഹ്നങ്ങളിലെ ജീവൻ എന്നു പറയുന്നത് കേരളം മൊത്തത്തിൽ പട്ടിണി ഇല്ലാത്ത സംസ്ഥാനമായി. ചില പ്രത്യേക കാരണങ്ങൾ ചില തുരുത്തുകളൊക്കെ ഉണ്ടാകാം. എക്സംപ്ഷൻസ് സ്വാഭാവികം. ഇതാണ് ഇതിന്റെ ജീവൻ. ജൈവരേഖയായി സാമ്പത്തിക രേഖ മാറുന്നത് ഇപ്പോഴാണ്. ഒരുപക്ഷേ ജി.ഡി.പി.യുടെ ശതമാനത്തിൽ കണക്കാക്കിയാൽ കേന്ദ്ര സർക്കാരും ഇത്രയൊക്കെ പണം തന്നെ ചെലവഴിച്ചിട്ടുണ്ടാകാം. പക്ഷേ ആ ചെലവുകളിലെ ജീവൻ എന്താണ് എന്ന് ചോദിച്ചാൽ പട്ടിണി വർദ്ധിച്ച രാഷ്ട്രമായി എന്ന് പറയേണ്ടിവരും. ഇത് സന്തോഷത്തോടുകൂടി പറയുന്നതല്ല. ഒരു രാജ്യത്തിന്റെ ദുഃഖമാണ്. അത് എന്റെയും ദുഃഖമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പണം ജി.ഡി.പി.യുടെ പേർസന്റേജിൽ ഇത്രയും തന്നെ ചെലവഴിച്ചിട്ടും ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സിൽ 172 രാജ്യങ്ങളുടെ പട്ടികയിൽ 130-ാമത്തെ രാജ്യമാണ് ഇൻഡ്യ. ഇത് ഞാൻ മൂന്നാമത്തെ തവണയാണ് ഈ സഭയിൽ പറയുന്നത്. നാം വികസനത്തിൽ മുന്നോട്ട് വരുന്നുവെന്നു പറയുമ്പോൾ മനുഷ്യവികസനം വളരെ വളരെ പുറകോട്ട് പോവുകയാണ്. ഭീകരമായിട്ടുള്ള ഒരു സത്യം അർദ്ധവാർഷിക കണക്കുകൾ സൂചിപ്പിക്കുന്നത് ആ 134-ാമത്തെ രാജ്യമാകുമോ ഇന്ത്യ എന്നാണ്. അപ്പോൾ ഒരു ദിക്കിൽ പണം ചെലവഴിച്ച് പട്ടിണി മാറ്റുന്നു, അതാണ് കേരളം. മറ്റൊരു ദിക്കിൽ പണം ചെലവഴിച്ച് പട്ടിണി കൂടുന്നു, അതാണ് നമ്മുടെ രാജ്യം. എന്താണ് ഈ വൈരുദ്ധ്യത്തിന്കാരണം പണം ചെലവഴിച്ചത് ഒരുപോലെ. പക്ഷേ ഫലം രണ്ട് തരം. പണം ചെലവഴിച്ചത് ഒരുപോലെ തന്നെയാണ്. പക്ഷേ ഫലം രണ്ട് തരമാണ്. എന്താണ് ഈ വൈരുദ്ധ്യത്തിന് കാരണം. അത് രണ്ട് സർക്കാരുകളുടെ വികസന നയത്തിന്റെ വ്യത്യാസമാണ്. കേന്ദ്രം കമ്പോളത്തിന്റെ പ്രശ്നങ്ങളെ ആധാരമാക്കി വികസനം കെട്ടിപ്പടുക്കുന്നു. കേരളം ജനങ്ങളുടെ പ്രശ്നങ്ങളെ ആധാരമാക്കി വികസനം കെട്ടിപ്പടുക്കുന്നു. ഇതാണ് വ്യത്യാസം. ഒന്നിനെ കമ്പോള വികസനമെന്നും മറ്റേതിനെ ജനാധിപത്യ വികസനമെന്നും പറയുന്നു. കമ്പോളത്തിന്റെ നൈതികത ഒന്നും ഉൾക്കൊള്ളലല്ല തള്ളിക്കളയലാണ്. ജനാധിപത്യത്തിന്റെ നൈതികത തള്ളിക്കളയലല്ല എല്ലാറ്റിനെയും ഉൾക്കൊള്ളലാണ്. അപ്പോൾ കമ്പോളത്തിനെ ആസ്പദമാക്കി വികസനവും ജനാധിപത്യ വികസനവും തമ്മിലുള്ള വ്യത്യാസം മനസിലാകും. എല്ലാത്തിനെയും ഉൾക്കൊള്ളുന്നതാണ് ജനാധിപത്യം. വികസനം രണ്ട് രീതിയിലാകുവാനുള്ള കാരണം ഇതാണ്. ഈ പ്രശ്നമാണ് വിശ്വ ധനതത്വശാസ്ത്രജ്ഞന്മാർ ഇന്ന് ചർച്ച ചെയ്യുന്നത്. കമ്പോള വ്യവസ്ഥയുടെ വക്താവും പ്രയോക്താവും ഈ പ്രവർത്തനത്തിൽ നോബൽ സമ്മാനം നേടിയ ആളുമാണ് ശ്രീ. ജോസഫ് സ്റ്റിഗ്ലിക്സ്,ഐ.എം.എഫ്.ന്റെയും ലോക ബാങ്കിന്റെയും ...

<u>പ്രൊഫ. എൻ. ജയരാജ്</u>: സർ, അങ്ങ് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ മാതൃകകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ ഇന്നലെ ഇവിടെ എടുത്ത് സൂചിപ്പിച്ച ഒരു കാര്യം നമ്മുടെ സമ്പദ് വ്യവസ്ഥയിലെ വിഭവങ്ങളെ സമാഹരിച്ച് ആ വിഭവങ്ങൾ ഉപയോഗിക്കപ്പെടുമ്പോൾ ഒരു മദ്ധ്യവർത്തി വിഭാഗത്തിന് മാത്രമായിട്ട് അതിന്റെ പ്രയോജനം കഴിഞ്ഞ കാലഘട്ടങ്ങളിൽ സിദ്ധിച്ചുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇവിടെ അങ്ങ് സൂചിപ്പിച്ചതുപോലെ പട്ടിണി ഇല്ല എന്നൊക്കെ പറയുമ്പോഴും കേരളത്തിലെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. അടിസ്ഥാനപരമായി സമ്പദ് വ്യവസ്ഥയിലെ ചൂഷണ വിഭാഗം അല്ലെങ്കിൽ പാവപ്പെട്ടവരുടെ എണ്ണം വർദ്ധിച്ചു വരുന്നുയെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഞാൻ സൂചിപ്പിച്ചത് അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു വരുന്ന ഭാഗവും അതോടൊപ്പംതന്നെ നമ്മൾ കണ്ട് വരുന്ന കേരളീയ സമ്പദ് വ്യവസ്ഥയുടെ സൂചകങ്ങളും വളരെ വ്യത്യസ്തമാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അങ്ങ് പറഞ്ഞതുതന്നെയാണ് ശരി. ഇന്ത്യയുടെ കമ്പോളാധിഷ്ഠിത വികസനത്തിൽ കമ്പോളത്തിലെ ഒരു പ്രദേശമാണ് കേരളം. ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് ഉള്ളിലാണ് കേരളം എന്ന് മനസിലാക്കണം. അതുകൊണ്ട് ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ നയങ്ങൾ തന്നെ കേരളത്തിന് സ്വാഭാവികമായും തുടരാൻ പറ്റു. ആ പ്രതികൂലമായ അന്തരീക്ഷത്തിന്റെ ഉള്ളിൽ നിന്നുകൊണ്ടും ബദൽ സൃഷ്ടിക്കുകയാണ് കേരളം. അതാണ് ഞാൻ പറഞ്ഞുവന്ന വ്യത്യാസം.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, കമ്പോളത്തിൽ പോകാൻ കഴിവുള്ളവർ കമ്പോളത്തിൽ പോകട്ടെ. കമ്പോളത്തിൽ പോകാൻ കഴിവില്ലാത്തവരെ സർക്കാർ സഹായിച്ചാൽ പോരെ. അങ്ങനെ ഒരു ഡ്യൂവൽ സിസ്റ്റമല്ലേ നല്ലത് ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഒരിക്കലുമല്ല. ജോസഫ് സ്റ്റിഗ്ലിക്സിന്റെ പുസ്തകമുണ്ട് അങ്ങ് വായിച്ചു നോക്കണം. 'ആഗോളീകരണം പ്രാവർത്തികമാക്കൽ' എന്ന പുസ്തകമാണ്. അദ്ദേഹത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഈ പറയുന്നത് കേട്ടാൽ മനസിലാകും. ജോസഫ് സ്റ്റിഗ്ലിക്സ്...

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ജോസഫ് സ്റ്റിഗ്ലിക്സ് പറയുന്നത് ഇതിന്റെ അവസാന വാക്കാണോ, ജോസഫ് സ്റ്റിഗ്ലിക്സ് പുസ്തകത്തിലെഴുതിയത് മുഴുവൻ പിന്തുടർന്നു പോകണമെന്ന് ശഠിക്കുന്നത് ശരിയല്ല മാഷേ ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ജോസഫ് സ്റ്റിഗ്ലിക്സ് പറയുന്നത് അവസാനത്തെ വാക്കല്ല. പക്ഷേ ജോസഫ് സ്റ്റിഗ്ലിക്സ് ആരാണെന്ന് അറിയുമോ ശ്രീ. പി. സി.വിഷ്ണുനാഥിന് ? ആഗോളവൽക്കരണത്തിന്റെ വക്താവും പ്രയോക്താവും മാത്രമല്ല ലോക ബാങ്കിന്റെയും ഐ.എം.എഫ്.ന്റെയും അമേരിക്കൻ പ്രസിഡന്റിന്റെയും മുഖ്യ സാമ്പത്തിക ഉപദേഷ്ടാവായിരുന്നു. അദ്ദേഹം പറയുന്നതുപോലെയാണ് കാര്യങ്ങൾ നടന്നത്. ഇതൊന്ന് കേൾക്കു എന്നിട്ടാവാം. ജോസഫ് സ്റ്റിഗ്ലിക്സ് ചില കാര്യങ്ങൾ നമ്മളോട് തുറന്നു പറഞ്ഞുകൊണ്ട് എഴുതിയ പുസ്തകമാണ്. ഇത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകമാണ്. ആ പുസ്തകത്തിൽ അദ്ദേഹത്തിന്റെ ഒരു പ്രധാനപ്പെട്ട അദ്ധ്യായമുണ്ട്. രണ്ടാമത്തെ അദ്ധ്യായം. അതിൽ വികസനം എന്താണ് എന്നുള്ളതിനെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ആ പുസ്തകത്തിന്റെ തലക്കെട്ടിൽ അദ്ദേഹം പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യം 41-ാമത്തെ പേജിൽ പറഞ്ഞിട്ടുള്ളത് കേട്ടുകൊള്ളു, ഒരു വികസ്വര രാഷ്ട്രം തങ്ങളുടെ കമ്പോളത്തെ പുറം ലോകത്തിന് വെറുതെ തുറന്നുകൊടുക്കുന്നതുകൊണ്ട് മാത്രം കാര്യമില്ല. മൊത്തം ആഭ്യന്തര ഉല്പാദനം വർദ്ധിച്ചതുകൊണ്ട് മാത്രം വളർച്ച

LIBRARY ARCHIVES Kerala Legislative Assembly

സന്തുലിതമാകണമെന്നും ഇല്ല. ഇവിടുത്തെ പാവങ്ങളുടെ ജീവിതസ്ഥിതി മെച്ച പ്പെടണം. പറഞ്ഞിരിക്കുന്നത് സ്റ്റിഗ്ലിക്സ് ആണ്. കമ്പോളം തുറന്നു കൊടുക്കണമെന്ന് പറഞ്ഞ ആളാണ്. കമ്പോളം തുറന്നു കൊടുത്തതിന്റെ അപകടം മനസ്സിലാക്കിയതിനു ശേഷം എഴുതിയ പുസ്തകത്തിലെ പ്രതിപാദ്യ മാണ് ഈ പറയുന്നത്. ഇന്ത്യയിൽ ഇത്തരത്തിൽ വികസനം ത്വരിതപ്പെടുത്തു ന്നതിലും പാവങ്ങളെ പരിരക്ഷിക്കുന്നതിലും സർക്കാരിന് കൂടുതൽ പങ്കാളിത്തം വേണമെന്ന വ്യത്യസ്തമായ വീക്ഷണമാണ് ഇപ്പോൾ ഉള്ളത്. രവീന്ദ്രനാഥിന് അല്ല, സ്റ്റിഗ്ലിക്സിന്. ലോകം മനം മാറിത്തുടങ്ങിയിരിക്കുന്നു. ധന വിശ്വ ശാസ്ത്രജ്ഞന്മാർ മനം മാറ്റിത്തുടങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ വാചകങ്ങളാണ്. സമയമില്ലാത്തതുകൊണ്ട് വിസ്തരിച്ച് പറയുന്നില്ല. ഇന്ത്യയിൽ ഔഷധങ്ങളുടെ വില കമ്പോളം നിശ്ചയിക്കുന്നു. സബ്സിഡി കമ്പോളം നിശ്ചയിക്കുന്നു. അവശ്യ സാധനങ്ങളുടെ വില കമ്പോളം നിശ്ചയിക്കുന്നു. പെട്രോൾ, ഡീസൽ വില കമ്പോളം നിശ്ചയിക്കുന്നു. 'വികസ നത്തിന്റെ വാഗ്ദാനം' എന്ന അദ്ധ്യായത്തിൽ വീണ്ടും അദ്ദേഹം വളരെ ലളിതമായ ഒരു കാര്യം പറയുന്നുണ്ട്. 1960-കളിലും 1970-കളിലും വികസിത രാജ്യവും വികസ്വര രാജ്യവും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് ചോദിച്ചാൽ അന്ന് പറഞ്ഞിരുന്നത് മൂലധനമുള്ളതും ഇല്ലാത്തതുമായിരുന്നു ഉത്തരം. മിച്ചം വയ്ക്കലിലും നിക്ഷേപത്തിലുമായിരുന്നു ഊന്നൽ. അത് തെറ്റാണ്. സ്റ്റിഗ്ലിക്സ് ആണ് പറയുന്നത്. മനുഷ്യ ജീവിതത്തിന്റെ വികാസ മാണ് വികസിതവും അവികസിതവും ഏതെന്ന് തീരുമാനിക്കേണ്ടത്. ചിത്രം മാറി വരുകയാണ്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന പാദങ്ങളിൽ ലാറ്റിൻ അമേരിക്കയുടെ കമ്പോള പരാജയങ്ങളിൽനിന്ന് സർക്കാർ എന്ന പ്രതിബന്ധം മാറിയാൽ പ്രശ്നങ്ങൾ തീരുമെന്ന വാദം ശരിയല്ലെന്ന് കണ്ടു. ജോസഫ് സ്റ്റിഗ്ലിക്സ് വീണ്ടും പറയുകയാണ്. അവസാനം ഇതുംകൂടി പറയുകയാണ്. ഈ ഘട്ടത്തിൽ ലോകമേ ബദലുകൾക്കുവേണ്ടിയുള്ള അന്വേഷണമാണ് ഇനി നടക്കേണ്ടത്. പ്രീയ സ്റ്റിഗ്ലിക്സ് കേരളത്തിലേയ്ക്ക് വരൂ. ഒരു ബദൽ കാണാൻ ഇങ്ങോട്ട് വരൂ. നമുക്ക് കാണാം. ഇവിടെയാണ് പ്രതിസന്ധി കൾക്കിടയിലും പട്ടിണിയില്ലാത്ത കേരളത്തെ സൃഷ്ടിക്കുവാൻ ഇടതുപക്ഷം ഭഗീരഥ പ്രയത്നം നടത്തുന്നത്. ബദലുകൾക്കു വേണ്ടിയുള്ള അന്വേഷണ ത്തിന്റെ സാർത്ഥക രൂപമായിട്ട് കേരളം മാറി. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പി ച്ചു. പൊതുമേഖല ലാഭകരമാക്കി വികസിപ്പിച്ചു. സർക്കാർ നിക്ഷേപം വർദ്ധിപ്പി ച്ചു. തൊഴിലവസരങ്ങൾ സൃഷ്ടിച്ചും നീർത്തടാധിഷ്ഠിത സാധ്യതകൾ വികസി പ്പിച്ചും പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾക്ക് ചരിത്രത്തിലില്ലാത്ത ആനുകൂല്യങ്ങൾ നൽകിയും സഹകരണ മേഖലയ്ക്ക് ചരിത്രത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയും അധികാര വികേന്ദ്രീകരണത്തിന് കരുത്തേകി യുമാണ് സർക്കാർ ഇടപെടൽ വർദ്ധിപ്പിച്ചത്. ഇതെല്ലാം ചെയ്തതിന്റെ ഫലമായി സർക്കാരിന്റെ വരുമാനം വർദ്ധിച്ചു. അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. റവന്യൂ വരുമാനം വർദ്ധിച്ചു. 20 ശതമാനം തുടർച്ചയായി റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം വർദ്ധിക്കുകയാണ്. വരുമാന വർദ്ധനവിൽത്തന്നെ നോൺ ടാക്സ് റവന്യൂവിന്റെ വരുമാനം വർദ്ധിക്കുകയാണ് ചെയ്തത്. ജനങ്ങളെ പിഴിയാതെ, ജനങ്ങൾക്ക് ആനുകൂല്യങ്ങൾ എത്തിക്കുന്ന ഇടതുപക്ഷ ബദൽ അന്വേഷണത്തിലെ ഏറ്റവും വലിയ നേട്ടമാണ് നാം ഈ കാണുന്നത്. ഇങ്ങനെയുള്ള ബദൽ, ഇവിടെ സൃഷ്ടിച്ചെടുത്ത് ജനങ്ങളെ പിഴിയാതെ ജനങ്ങൾക്ക് ആനുകൂല്യങ്ങൾ എത്തിച്ച്, വരുമാനം വർദ്ധിപ്പിച്ച് മൂലധന നിക്ഷേപം നടത്തിയ സർക്കാരാണിത്. ജോസഫ് സ്റ്റിഗ്ലിക്സ് ഇപ്പോൾ ആഗ്രഹിക്കുന്ന ആ ബദൽ ഇവിടെ വളർത്തുമ്പോൾ എങ്ങനെയാണ് ഒരു കുടുംബത്തെ പട്ടിണിയില്ലാതെ ആക്കിയതെന്ന് വളരെ ചുരുക്കി പെട്ടെന്ന് പരിശോധിക്കാം. ഒരു സാധാരണ, പാവപ്പെട്ട കുടുംബത്തിന് താങ്ങാൻ പറ്റാത്ത ചെലവ്, അവർക്ക് ഒരു വീട് ഉണ്ടാക്കുക എന്നുള്ളതാണ്. ആ ചെലവ് സർക്കാർ വഹിക്കുകയാണ്. ഇ.എം.എസ്. പാർപ്പിട പദ്ധതി, എം.എൻ പാർപ്പിട പദ്ധതി, എന്നിവയിലൂടെ എന്റെ മണ്ഡലമായ കൊടകരയിൽ അയ്യായിരം വീടുകൾ നൽകിക്കഴിഞ്ഞു. അതിന്റെ പ്രഖ്യാപനം ഈ ജൂലൈ 31-ന് നടപ്പിലാക്കുവാൻ പോകുകയാണ്. ശ്രീ. ശക്തൻ ചോദിച്ചത്, എന്താണ് ഈ സർക്കാരിന് ഇത്ര ചെലവ്; എന്താണ് ഈ സർക്കാർ ചെയ്തത് എന്നാണ്. ഇത് ഈ നാട്ടിലെ ഫണ്ട് ആണ്. സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് തന്നെയാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് എന്നു പറയുന്നതു തന്നെയാണ് പഞ്ചായത്തിന്റെ ഫണ്ട്. സംസ്ഥാന സർക്കാർ പഞ്ചായത്തിന് ഫണ്ട് കൊടുത്ത് പഞ്ചായത്ത് ഏതെങ്കിലും വർക്ക് നടത്തുമ്പോൾ സർക്കാരിന്റേതാണെന്ന് പറയുമോ ശ്രീ. പ്രതാപൻ ? ....(ബഹളം)..... അതുകൊണ്ട് എല്ലാവർക്കും വീടായി. അമ്പത് കോടി രൂപ സംസ്ഥാന സർക്കാർ നിക്ഷേപിക്കുകയാണ്. ....(തടസ്സം).... ഞാൻ വഴങ്ങാം...വഴങ്ങാം... പാർപ്പിട പദ്ധതിയെക്കുറിച്ച് ഒന്നു പറഞ്ഞുകൊള്ളട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ പാർപ്പിട പദ്ധതിയിൽ ഞങ്ങൾ എടുത്ത ഒരു നിലപാടുണ്ട്. അങ്ങ് അയ്യായിരം വീട് നൽകിക്കഴിഞ്ഞുവെന്ന് പറഞ്ഞല്ലോ. സംസ്ഥാനത്തിന്റെ ഫണ്ടിനകത്തുനിന്ന് എത്ര ആയിരം രൂപ ഇതിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ ? ഒന്നും ഇല്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പ്രൊഫ. സി. രവീന്ദ്രനാഥ്: ഞാൻ പറയുന്നത് കേൾക്കൂ. ഇ.എം.എസ്. പാർപ്പിട പദ്ധതി വിഭാവനം ചെയ്തത് പഞ്ചായത്തുകളുടെ ഫണ്ടും പോരാത്തത് സഹകരണ സ്ഥാപനങ്ങളിൽനിന്ന് ലോൺ എടുത്തുകൊണ്ട് ....(ബഹളം)...... ഞാൻ പറയുന്നത് മുഴുവൻ കേൾക്കുക. അത്തരത്തിലാണ് സർക്കാർ കടം കൊടുക്കുന്നത്.

2214/12

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല, നമ്മുടെ ഒരു നേട്ടം എന്താണെന്നുള്ളത് മനസ്സിലാക്കണം. ഇപ്പോൾ കൊടകരയിൽ അയ്യായിരം വീട് നൽകി. 50 കോടി രൂപയാണ് ചെലവ്. ഈ അയ്യായിരം വീട് വരുന്ന പത്തു വർഷം കൊണ്ടാണ് കൊടുത്തിരുന്നത് എങ്കിൽ നമുക്ക് 200 കോടി രൂപ ചെലവാകുമായിരുന്നു. 200 കോടി രൂപ പത്തു വർഷം കൊണ്ട് അയ്യായിരം വീട് ചെയ്യാൻ ചെലവ് ചെയ്യേണ്ടതായിരുന്നു. അതുകൊണ്ടാണ് ഇപ്പോൾത്തന്നെ കടമെടുത്തുകൊണ്ട്, പലിശ സർക്കാർ കൊടുത്തുകൊണ്ട്, സർക്കാർ കടത്തിന് ജാമ്യം നിന്നുകൊണ്ട് അമ്പത് കോടി രൂപ വീടുകൾ നിർമ്മിക്കുന്നതിന് നൽകിയത്. ജൂലൈ 31-ന് അതിന്റെ പ്രഖ്യാപനം നടക്കുകയാണ്. രണ്ടാം ഘട്ടമായി ഭൂരഹിതർക്കുപോലും വീട് നൽകുവാനുള്ള ശ്രമം നടക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട ചെലവ് എന്താണ്? വീടുകളിൽ വൈദ്യുതി ഇല്ല എന്നുള്ളതാണ്. അതും കൊടുക്കുന്നത് സർക്കാരാണ്. ജീവിതത്തിൽ ഏറ്റവും പാവപ്പെട്ട കുടുംബങ്ങൾ ബുദ്ധിമുട്ടുന്നത് കുടിവെള്ളത്തിനു വേണ്ടിയാണ്. ഏറ്റവും കൂടുതൽ ഈ നാലു വർഷത്തെ പ്രവർത്തനമെന്നു പറയുന്നത് കുടിവെള്ള, ജലസേചന പദ്ധതികളിലാണ്. മുടങ്ങിക്കിടക്കുന്ന എല്ലാം പുനരുദ്ധരിച്ചു. എല്ലാവർക്കും കുടിവെള്ളം എത്തിച്ചു. എന്റെ മണ്ഡലത്തിലെ തന്നെ നെന്മണിക്കര പഞ്ചായത്തിൽ ഡോ. തോമസ് ഐസക്കാണ് അത് പ്രഖ്യാപിച്ചത്. ഇരുന്നൂറ് മീറ്ററിനുള്ളിൽ എല്ലാ വീട്ടിലും 365 ദിവസവും സുഭിക്ഷമായി വെള്ളമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അവസാനിപ്പിക്കുക.

പ്രൊഫ. സി. രവീന്ദ്രനാഥ് : അത്തരത്തിൽ എല്ലാ വീട്ടിലും വെള്ളവും വെളിച്ചവും തന്ന ഒരു സർക്കാരാണ് ഇത്. ഒരു പൈസ ജനങ്ങൾക്ക് ചെലവില്ല. എല്ലാം സർക്കാർ വഹിക്കുകയാണ്. സാമ്പത്തിക തകർച്ചയുടെ ഏറ്റവും ഗുരുതരമായ പ്രശ്നം കുടുംബത്തിന്റെ വരുമാനത്തിലെ ഇടിവാണ്. അഗ്രഗേറ്റ് ഡിമാന്റ് കുറയുന്നതാണ് ഇന്നത്തെ പ്രശ്നം. ഈ പശ്ചാത്തലത്തിലാണ് സർക്കാരിന്റെ മറ്റൊരു ഇടപെടൽ. എല്ലാ ജീവനക്കാർക്കും പൂർണ്ണമായി ആനുകൂല്യങ്ങൾ ഒരു സമരംപോലും ചെയ്യാതെ എല്ലാവർക്കും ഡി.എ. വർദ്ധനവ്, പെൻഷൻ ലഭിക്കുവാൻ അർഹമായ എല്ലാവർക്കും പെൻഷൻ.........

മി. ഡെപ്യൂട്ടി സ്പീക്കർ : ....അങ്ങ് അവസാനിപ്പിക്കുക. ഇതിനൊക്കെ ഒരു സമയം ഉണ്ട്...... സമയം ഉണ്ട്......നോ......

പ്രൊഫ. സി. രവീന്ദ്രനാഥ് : ഒരു മിനിട്ടുകൂടി. ഇതൊന്ന് അവസാനിപ്പിക്കട്ടെ, പറഞ്ഞു തീർക്കട്ടെ.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് വഴങ്ങുമ്പോൾ ആലോചിക്കേണ്ടതായിരുന്നു. .... ശ്രീ. കെ. എം. മാണി..........

ശ്രീ. കെ. എം. മാണി : സർ, 52,448 കോടി രൂപ ചെലവഴിക്കുവാൻ വേണ്ടി ഈ സഭയോട് അനുവാദം ചോദിക്കുമ്പോൾ ഫ്രണ്ട് സീറ്റ് അങ്ങ് നോക്കണം. മുഖ്യമന്ത്രി മുതൽ ഇവിടെ മന്ത്രിമാരൊന്നും ഇല്ല. ധനകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രിയുണ്ട്, ശ്രീ. എം. എ. ബേബി ഉണ്ട്, ശ്രീ. എ. കെ. ബാലൻ ഉണ്ട്. എന്താണ് ഇവിടുത്തെ ഗവൺമെന്റിന്റെ അപ്രോച്ച് എന്ന് എനിക്ക് മനസ്സിലാകുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രിമാർ അത്യാവശ്യം ഉള്ളവരൊക്കെയുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയുണ്ട്, വിദ്യാഭ്യാസ വകുപ്പുമന്ത്രിയുണ്ട്, ശ്രീ. എ. കെ. ബാലൻ ഉണ്ട്.

ശ്രീ. കെ. ബാബു: മറ്റ് മന്ത്രിമാരൊന്നും അത്യാവശ്യം ഉള്ളവരല്ലെന്നാണോ പറയുന്നത് ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട രവീന്ദ്രനാഥിനോട് ഞാൻ ഒന്ന് പറയട്ടെ, മഹാനായ ആൽഫ്രഡ് മാർഷൽ പറഞ്ഞിരിക്കുന്നത് എന്താണെന്ന് അറിയാമോ? ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ വലിയ ശത്രു എന്ന് പറയുന്നത് അദ്ദേഹത്തിന്റെ പ്രശംസകർ ആണെന്നാണ്. ഒരു ആവശ്യവുമില്ലാതെ ഡോ. തോമസ് ഐസക്കിന്റെ ബഡ്ജറ്റിനെ ഈ രീതിയിൽ പ്രശംസിക്കുന്നവരാണ് വാസ്തവത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെ ചീത്തയാക്കുന്നത് എന്നാണ് പറഞ്ഞിട്ടുള്ളത്.

ഡോ. തോമസ് ഐസക്: ആൽഫ്രഡ് മാർഷൽ എവിടെയാണ് അത് പറഞ്ഞിട്ടുള്ളത് ?

ശ്രീ. കെ. എം. മാണി: ഇപ്പോൾ ഇവിടെ പുസ്തകം കൊണ്ടു വന്നിട്ടില്ല. പുസ്തകം പിന്നീട് കൊണ്ടുവന്ന് കാണിച്ചു തരാം. ഞാൻ ബഹുമാനപ്പെട്ട രവീന്ദ്രനാഥിനോട് ചോദിക്കുകയാണ്. ജോസഫ് സ്റ്റിഗ്ലിക്സ് കമ്പോളം തുറന്നു കൊടുക്കുന്നത് തെറ്റാണെന്ന് പറഞ്ഞിട്ടുണ്ടോ ? അങ്ങ് എന്നെ വായിച്ചു കേൾപ്പിക്കാമോ ? ഇല്ല. കമ്പോളം തുറന്നു കൊടുത്താൽ മാത്രം പോരാ. അതോടൊപ്പം പാവപ്പെട്ടവരെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ കൂടി വേണം എന്നുള്ളത് ശരിയാണ്. നൂറു ശതമാനം ശരിയാണ്. ഇന്ത്യാ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, ഇന്ത്യാ ഗവൺമെന്റ് ചെയ്തിട്ടുള്ളത്, കമ്പോളം തുറന്നു കൊടുക്കുക മാത്രമല്ല, എംപ്ലോയീസ് ഗ്യാരന്റി സ്കീം പോലെ, തൊഴിലുറപ്പു പദ്ധതി പോലെ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആദ്യമായി വിപ്ലവകരമായ പദ്ധതി, ഒരു വർഷത്തിൽ നൂറു ദിവസമെങ്കിലും തൊഴിൽ കൊടുക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ, ദാരിദ്ര്യനിർമ്മാർജ്ജനത്തിനു വേണ്ടിയുള്ള പദ്ധതികൾ, അതൊക്കെ ഇതോടൊപ്പം നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആ പദ്ധതി നടപ്പിലാക്കുന്നതിൽ കേരളത്തിന് ഇന്ത്യയിൽ 24-ാം സ്ഥാനമാണ്. അതാണ് ഡോ. തോമസ് ഐസക്കിന്റെ ബദൽ പദ്ധതി. ബഹുമാനപ്പെട്ട പ്രൊഫ. സി. രവീന്ദ്രനാഥ് മനസ്സിലാക്കണം. നമ്മുടെ ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ എന്താണ് എന്നൊന്നും പറയാതെ പ്രശംസ മാത്രം പറഞ്ഞിട്ട് കാര്യമുണ്ടോ? ഞങ്ങൾ ഈ ഭാഗത്തു നിന്ന് ചില കാര്യങ്ങൾ പറയും, അപ്പോൾ അത് ചിരിച്ച് തള്ളരുതെന്നേ പറയുന്നുള്ളു. ചിരിക്കരുതെന്ന് പറയുകയില്ല. ചിരിച്ച് തള്ളരുതെന്നേ പറയുകയുള്ളു. കഴിഞ്ഞ ഫിനാൻസ് ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ ഞങ്ങൾ എത്ര നിർദ്ദേശങ്ങൾ വച്ചു. സബ്ജക്ട് കമ്മിറ്റിയിൽ ആ നിർദ്ദേശങ്ങളിൽ പലതും സ്വീകരിച്ചുകൊണ്ട് ഇവിടെ വന്നിരിക്കുന്നു. 2009-10-ലെ ബഡ്ജറ്റിൻമേൽ നടന്ന ചർച്ചയിൽ വർഷാവസാനം റവന്യൂ കമ്മി 3629 കോടി രൂപ എന്ന് ഡോ. തോമസ് ഐസക് പറഞ്ഞു. ഞാൻ അന്ന് ഇവിടുത്തെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു. ഇതിൽ നിൽക്കുകയില്ല. 500 കോടി രൂപ കൂടി കൂടും എന്നു പറഞ്ഞപ്പോൾ അങ്ങ് അത് നിഷേധിച്ചു. അങ്ങ് ധനകാര്യ മന്ത്രിയല്ലേ കണക്കെല്ലാം അങ്ങയുടെ കയ്യിലല്ലേ. ഇപ്പോൾ എന്താണ് വന്നിരിക്കുന്നത്? ഇപ്പോൾ വന്നിരിക്കുന്നത്, ഈ സെഷനിൽത്തന്നെ അതിന് ഉത്തരം കിട്ടിയതിൽ എനിക്ക് സന്തോഷമുണ്ട്. 29-6-2010-ലെ 235-ാം നമ്പർ അൺസ്റ്റാർഡ് ചോദ്യമായ 2010 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്രയാണ് എന്ന ചോദ്യത്തിന് 4126 കോടി രൂപയാണെന്നാണ് ഉത്തരം തന്നിട്ടുള്ളത്. എന്നുപറഞ്ഞാൽ 3629 കോടി രൂപ എന്ന് വിഭാവനം ചെയ്തതിന്റെ സ്ഥാനത്ത് 4126 കോടി രൂപ; വിഭാവന ചെയ്തതിനെക്കാൾ 495 കോടി രൂപ കൂടുതൽ. ഞാൻ അന്നു പറഞ്ഞതിനേക്കാൾ 5 കോടി രൂപയുടെ വ്യത്യാസം മാത്രം. അഞ്ഞൂറ് കോടി കൂടുതൽ വരുമെന്ന് പറഞ്ഞത് ഇപ്പോൾ കറക്ടായി. അതുകൊണ്ട് പ്രതിപക്ഷം പറയുന്നതൊക്കെ ചിരിച്ചു തള്ളുകയല്ല വേണ്ടത്. ഗൗരവമായ മറ്റൊരു വിഷയം, 52448 കോടി രൂപയുടെ അപ്രോപ്രിയേഷൻ ബിൽ ക്രഡിബിലിറ്റി ഇല്ലാത്ത ബില്ലാണ്. അയഥാർത്ഥമായ ബില്ലാണ്. ഇതിലെ കണക്ക് തെറ്റാണ്. ഇത് സ്വീകരിക്കാൻ പാടില്ല. ഈ ബിൽ തള്ളിക്കളയണം എന്നാണ് എന്റെ അഭിപ്രായം. ആർട്ടിക്കിൾ 202 അനുസരിച്ചുള്ള ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്, 203 അനുസരിച്ചുള്ള ഗ്രാന്റ്സ്, 204 അനുസരിച്ചുള്ള അപ്രോപ്രിയേഷൻ ഇതൊക്കെ കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷനാണ്. ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് എന്നുപറയുന്നത് ഏപ്രിൽ ഒന്നുമുതൽ മാർച്ച് 31 വരെ ഒരു വർഷം ഉണ്ടാകുന്ന വരവുകളും ചെലവുകളുമാണ്. ഗ്രാന്റ്സ് അതിന്റെ അടിസ്ഥാനത്തിലാണ്. ഏപ്രിൽ ഒന്നുമുതൽ മാർച്ച് 31 വരെയുള്ള ചെലവുകൾക്കനുസരിച്ചുള്ള ഗ്രാന്റ് അനുസരിച്ചാണ് ഇവിടെ അപ്രോപ്രിയേഷൻ ബില്ലുകൾ പാസ്സാക്കിത്തരുന്നത്. ഇതിനകത്തെ പ്രധാന ഐറ്റം എന്താണ്? ശമ്പളമാണ്. ശംബളം എന്നു പറയുന്നത് 12 മാസത്തെ ശമ്പളമാണ്. ഏപ്രിൽ ഒന്നിലെ ശമ്പളം ബഡ്ജറ്റിൽ എപ്പോഴും തലേ മാസത്തെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിലെ ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിനകത്ത് ഏപ്രിൽ ഒന്നാം തീയതി കൊടുക്കുന്ന ശമ്പളം തലേ വർഷത്തെ മാർച്ചിലെ ശമ്പളമാണ്. അപ്പോൾ ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ പന്ത്രണ്ട് മാസത്തെ ശമ്പളം. ഞാൻ ചോദിക്കട്ടെ അങ്ങ് 2010 മാർച്ചിൽ രണ്ട് ശമ്പളവും കൊടുത്തു. സമ്മതിച്ച കാര്യമാണ്. രണ്ട് ശമ്പളവും കൊടുത്തു. മാർച്ച് ഒന്നിന് ഫെബ്രുവരി മാസത്തെ ശമ്പളവും കൊടുത്തു. ഏപ്രിൽ ഒന്നിൽ കൊടുക്കേണ്ടുന്ന ശമ്പളം മാർച്ച് 25-ന് കൊടുത്തു. രണ്ട് ശമ്പളം. സർ അത് നിയമപ്രകാരം ആയിരുന്നോ? മാർച്ചിൽ രണ്ട് ശമ്പളം കൊടുത്തതിൽ ഏപ്രിൽ ഒന്നിലെ ശമ്പളം അഡ്വാൻസായി മാർച്ച് 25-ൽ കൊടുക്കുവാൻ, `What was the authorisation? You paid it without the authorisation of the Assembly. അസംബ്ലിയുടെ ഓതറൈസേഷൻ ഇല്ലാതെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ഒരു പൈസയെങ്കിലും എടുത്ത് ചെലവഴിക്കാമോ? അങ്ങ് ചെയ്തത് അൺഓതറൈസ്ഡായിട്ട് അൺകോൺസ്റ്റിറ്റ്യൂഷണലായിട്ട് ആ രണ്ട് മാസത്തെ ശമ്പളം കൊടുത്തു. ഇനിയിപ്പോൾ ഞാൻ പറയാൻ പോകുന്നത് എന്തിനാണ് ഈ അപ്രോപ്രിയേഷൻ ബിൽ. ഇപ്പോൾ സഭ പരിഗണിക്കുന്ന അപ്രോപ്രിയേഷൻ ബില്ലിൽ എന്താണ്. ഏപ്രിൽ ഒന്നിലെ ശമ്പളം വച്ചിട്ടുണ്ട്. എന്നുപറഞ്ഞാൽ കഴിഞ്ഞ മാർച്ച് മാസത്തിലെ ശമ്പളം വച്ചിരിക്കുകയാണ് ഈ അപ്രോപ്രിയേഷൻ ബില്ലിനകത്ത്. അതിന്റെ അർത്ഥം എന്താണ്? കഴിഞ്ഞ മാർച്ച് മാസത്തിലെ തുക ചെലവ് ചെയ്തു. അരിയേഴ്സില്ല. അൺഓതറൈസ്ഡ് ആയാലും അത് കൊടുത്തു കഴിഞ്ഞു. കൊടുത്തു കഴിഞ്ഞ രൂപ ഈ ഏപ്രിൽ മാസത്തിൽ വച്ചെങ്കിൽ അത് കള്ളക്കണക്ക്. ഇതിന്റെ ക്രഡിബിലിറ്റി പോയില്ലേ? ഈ അപ്രോപ്രിയേഷൻ ബില്ലിൽ ഏപ്രിൽ ഒന്നാം തീയതി കൊടുക്കേണ്ട ശമ്പളം കൂടി ഇൻക്ലൂഡ് ചെയ്തിട്ടുണ്ട്. എന്നു പറഞ്ഞാൽ കഴിഞ്ഞ മാർച്ച് മാസത്തെ ശമ്പളം ഇൻക്ലൂഡ് ചെയ്തിരിക്കുകയാണ്. കഴിഞ്ഞ മാർച്ച് മാസത്തെ ശമ്പളം കഴിഞ്ഞ മാർച്ച് മാസത്തിൽ കൊടുത്തു. രണ്ട് ശമ്പളം കൊടുത്തപ്പോൾ കഴിഞ്ഞ മാർച്ച് മാസത്തേയും കൂടി കൊടുത്തു. ഇനി ശമ്പളം കൊടുക്കേണ്ടതില്ല. അതിന് ഈ ഏപ്രിൽ മാസത്തിൽ വച്ചതെന്തിനാണ്? വാസ്തവത്തിൽ 11 മാസത്തെ ശമ്പളമേ ഇനി ചോദിക്കാവു. നാല് മാസത്തെ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തന്നു. ബാക്കി ഏഴ് മാസത്തേക്കുകൂടി മതി. 11 മാസത്തെ ശമ്പളമേ ഇനി ഉദ്യോഗസ്ഥർക്ക് കിട്ടേണ്ടിയിരിക്കെ നിങ്ങൾ 12 മാസത്തെ ശമ്പളമെന്ന് പറഞ്ഞ് കള്ളക്കണക്ക് എഴുതി ഒരു അപ്രോപ്രിയേഷൻ ബിൽ ഇവിടെ കൊണ്ടുവന്ന് അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ, it is unconstitutional, ഇത് തെറ്റാണ്. വാസ്തവത്തിൽ ഇത് പിൻവലിക്കേണ്ടതാണ്. ഈ അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കിത്തരുന്ന കാര്യത്തിൽ ലീഗലായിട്ട് വളരെ എതിർപ്പ് അക്കാര്യത്തിൽ പറയേണ്ടതുണ്ട്. അതുകൊണ്ട് ഇത് ഭരണഘടന 204(3)-ന്റെ ലംഘനമാണ്. പ്രൊഫ. സി. രവീന്ദ്രനാഥിനോട് ഞാൻ ചോദിക്കട്ടെ, എന്റെ കയ്യിലുള്ള സി.ആന്റ് എ.ജി. യുടെ റിപ്പോർട്ട് ഒരു നിമിഷം വായിച്ചിരുന്നെങ്കിൽ നിങ്ങൾ ഇത്രമാത്രം പ്രശംസ ഡോ. തോമസ് ഐസക്കിന് കൊടുക്കില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ധനകാര്യ മാനേജ്മെന്റിനെപ്പറ്റി പറയില്ലായിരുന്നു. സി.ആന്റ് എ.ജി. റിപ്പോർട്ടിലെ പേജ് 42 നമ്മുടെ സമ്പദ് വ്യവസ്ഥയെപ്പറ്റിയുള്ള പേജാണ്. അതിൽ പറഞ്ഞിരിക്കുന്നത്, 'നടപ്പു വർഷത്തെ ചിലവിന്റെ 50 ശതമാനത്തിൽ അധികം നടത്തിയിരിക്കുന്നത് 2009 മാർച്ചിലാണ്' എന്നാണ്. വർഷത്തിന്റെ അവസാന മൂന്ന് മാസത്തിൽ അല്ലെങ്കിൽ അവസാന മാസത്തിൽ ചെലവിന്റെ 50 ശതമാനത്തിൽ അധികം വരുത്തിയ മേജർ ഹെഡ്ഡുകൾ എന്നുപറഞ്ഞ് കാണിച്ചിട്ടുണ്ട്. ഇവിടെ പ്ലാൻ എക്സ്പെൻഡീച്ചർ എങ്ങനെയാണ്? കഴിഞ്ഞ ഡിസംബർ മാസത്തിൽ 42 പെർസന്റേജ്, പഞ്ചായത്ത് 32 പെർസന്റേജ്. അവസാന മാസത്തിൽ ആകെയുള്ള ചെലവിന്റെ അൻപത് ശതമാനം കുറച്ച് ചെലവഴിച്ചു എന്നിട്ടും 80 ശതമാനം, 20 പെർസന്റേജ് ലാപ്സ്. ഇതിൽ പറഞ്ഞിരിക്കുന്നത് ശരിയായ മാനേജ്മെന്റാണോ? ആകെയുള്ള ചെലവിന്റെ അൻപത് ശതമാനവും വർഷാവസാനം ചെലവഴിച്ചു എന്നു പറയുന്നത് ശരിയായ മാനേജ്മെന്റാണോ? പ്രൊഫ. രവീന്ദ്രനാഥേ നിങ്ങൾ പ്രൊഫസർ അല്ലേ. ഇതേ രീതിയിൽ വിലയിരുത്തി സംസാരിക്കണം. 2009-10-ൽ ....

<u>പ്രൊഫ. സി രവീന്ദ്രനാഥ്</u>: മാർച്ച് 31-ന് മൊത്തം ചെലവ് എത്രയാണ്?

<u>ശ്രീ. കെ. എം. മാണി</u>: അങ്ങനെ ചെലവഴിക്കാം. 80 ശതമാനം ചെലവഴിച്ചു. പദ്ധതിയേതര ചെലവുകൾ വർദ്ധിച്ചു വരുന്നു. സി. ആന്റ് എ.ജി. റിപ്പോർട്ട് പന്ത്രണ്ടാമത്തെ പേജ് നോക്കൂ. സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് സി. ആന്റ് എ.ജി.യുടെ 2009 മാർച്ച് 31-ന് അവസാനിച്ച ഡോക്യുമെന്റാണ്. This is the latest document. ഇതിൽ പറഞ്ഞിരിക്കുന്നത്, 'എന്നാൽ പദ്ധതി റവന്യൂ ചിലവ് വർഷാന്തര വ്യതിയാനം കാണിച്ച് വർദ്ധിച്ചു വരുന്ന ഒരു പ്രവണത കാണിക്കുകയും ചെയ്തു. 2007-08 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2008-09-ൽ പദ്ധതിയേതര റവന്യൂ ചെലവ് പത്ത് ശതമാനം വർദ്ധിച്ചു. 2008-09-ലെ യഥാർത്ഥ പദ്ധതിയേതര റവന്യൂ ചെലവ് പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ഈ വർഷം നിർണ്ണയിച്ച തോതിനേക്കാൾ ഇരുപത് ശതമാനം കൂടുതലാണ്' . അപ്പോൾ ഇവിടെ നമ്മൾ കാണുന്നത് അശാസ്ത്രീയമായി പദ്ധതിയേതര റവന്യൂ ചെലവുകൾ വർദ്ധിപ്പിച്ചുകൊണ്ടുവന്നു. ഇതിന് എന്ത് ന്യായീകരണമാണ്. വർദ്ധിച്ചു വരുന്നു. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം അതൊന്ന് നോക്കണം. പദ്ധതി നടത്തിപ്പിലെ മാന്ദ്യത്തെപ്പറ്റി, സമ്പദ് വ്യവസ്ഥ സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പേജ് 41-ൽ പറയുന്നുണ്ട്. അതിൽ പറയുന്നത് പദ്ധതികൾ നടപ്പിലാക്കാത്തതുമൂലമോ മന്ദഗതിയിൽ ഉള്ള നടത്തിപ്പു മൂലമോ 372 സബ് ഹെഡ്ഡുകളിൽ ഗണ്യമായ തിരിച്ചടവ് നടത്തി. പ്രൊഫസറേ ഈ സബ് ഹെഡ്ഡുകളിൽ വകയിരുത്തിയ 1357 കോടി രൂപ പാസ്സാക്കിത്തന്നത് നിങ്ങൾ മാന്ദ്യം കൊണ്ടോ വീഴ്ചകൊണ്ടോ ചെലവ് ചെയ്യാതെ തിരിച്ചടച്ചതായാണ് പറയുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നിങ്ങൾ ലാപ്സാക്കിയെന്നാണ് പറയുന്നത്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

1357 കോടി രൂപ പാസ്സാക്കിത്തന്നു. 1033 കോടി രൂപ ചെലവഴിച്ചില്ല, തിരിച്ചടച്ചു. 76 ശതമാനവും തിരിച്ചടച്ചെന്നാണ്. ഇത് എന്ത് മാനേജ്മെന്റാണ് ? ഇതാണ് മൂന്നാം ബദൽ. പ്രസംഗം ഗംഭീരം, മൂന്നാം ബദൽ പദ്ധതി വല്ലതുമുണ്ടോ? മല എലിയെ പ്രസവിച്ചതുപോലെയായി. അപ്പോൾ പ്രൊഫസർ ഈ കാര്യങ്ങൾ വസ്തുനിഷ്ഠമായി പഠിക്കാതെ വെറുതെ പ്രശംസ നടത്തിയതുകൊണ്ട് കാര്യമില്ല. ഒറ്റപ്പൈസപോലും ചെലവ് ചെയ്യാതെ തിരിച്ചടച്ച 26 കേസ്സുകൾ സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമസഭ പാസ്സാക്കി തരികയാണ്. ഒറ്റപൈസപോലും ചെലവഴിക്കാതെ 26 പദ്ധതികളുടെ രൂപ തിരിച്ചടച്ചു. കേരളാ ഫിനാൻഷ്യൽ കോഡ് വോളിയം-1 ആർട്ടിക്കിൾ 40 (സി)-യിൽ പറയുന്നത്, ഉടനടി ചെലവഴിക്കാനല്ലെങ്കിൽ ട്രഷറിയിൽനിന്ന് പണം പിൻവലിക്കാൻ പാടില്ലെന്നാണ് വ്യവസ്ഥ. ഇവിടെ എന്താണ് ചെയ്തത്? കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള എത്രയോ കേസ്സുകളാണ് ഇവിടെ കാണുന്നത്? ആവശ്യമില്ലാതെ പണം ട്രഷറിയിൽനിന്ന് പിൻവലിക്കുക, അവർക്ക് സൗകര്യമനുസരിച്ച് സേവിംഗ്സ് ബാങ്കിൽ ഇടുക. സി.ആന്റ് എ.ജി. യുടെ റിപ്പോർട്ടിന്റെ പേജ് 37-38-ൽ പറഞ്ഞിട്ടുണ്ട്. എത്രയോ കേസ്സുകളാണ് സി.ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിട്ടുള്ളത്? വാസ്തവത്തിൽ നിങ്ങളുടെ അഡ്മിനിസ്ട്രേഷനെ സംബന്ധിച്ചുള്ള ഏറ്റവും വലിയ ക്രിട്ടിസിസമാണ് സി.ആന്റ് എ.ജി. നടത്തിയിരിക്കുന്നത്. കേരളത്തിൽ ഇപ്പോൾ സംഭവിച്ചിട്ടുള്ളത് എന്താണ്? ഇൻഡ്യയിലെ ഏറ്റവും കൂടുതൽ ആളോഹരി കടമുള്ള സംസ്ഥാനമായി കേരളം മാറി. ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോ പറയുന്നത് കുറ്റകൃത്യങ്ങളുടെ കാര്യത്തിലും ഏറ്റവും കൂടുതൽ കേരളത്തിൽ, നിക്ഷേപകരുടെ കാര്യത്തിൽ ഏറ്റവും പിന്നിൽ, ഐ.ടി.രംഗത്തും കയറ്റുമതിയുടെ കാര്യത്തിലും ഏറ്റവും പിന്നിൽ, തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിൽ പിന്നിൽ. കേരളത്തിൽ എന്താണ് മെച്ചമിരിക്കുന്നത്? കേരളത്തിൽ ഒരു മെച്ചവുമില്ല. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം ആലോചിക്കുമ്പോൾ ഇവിടുത്തെ Financial Management is very poor. ഇവിടത്തെ പദ്ധതി പ്രവർത്തനം very poor. വളരെ വളരെ സങ്കടകരമായ കാര്യമാണ്. ഒരു ബഡ്ജറ്റ് എന്നു പറയുന്നത് പ്ലാനും നോൺപ്ലാനുംകൂടിയാണ്. പ്ലാനാണ് ഏറ്റവും പ്രധാനം. ആ പ്ലാൻ നടത്തിപ്പിന്റെ കാര്യത്തിൽ ഇവിടെ utter failure വന്നിരിക്കുന്നു. അതിനെപ്പറ്റി നോക്കുന്നില്ല, ശ്രദ്ധിക്കുന്നില്ല. ഗവൺമെന്റിന് അതേപ്പറ്റി ശ്രദ്ധിക്കാൻ നേരമില്ല. ഇതാണ് വന്നിരിക്കുന്നത്. ഞാൻ ധനകാര്യമൊഴികെ ഏതെങ്കിലും രണ്ട് വിഷയങ്ങൾകൂടി പറയണമല്ലോ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, സംസ്ഥാനത്തെ പല മുസ്ലീം സംഘടനകളുടേയും ലക്ഷ്യം ഇരുപത് വർഷക്കാലം കൊണ്ട് കേരളത്തെ അല്ലെങ്കിൽ ഇൻഡ്യയെ ഒരു മുസ്ലീം രാഷ്ട്രമാക്കി മാറ്റുക യെന്നുള്ളതാണ് എന്ന്. അത് പോപ്പുലർ ഫ്രണ്ടിനെ ചാരിക്കൊണ്ട് അദ്ദേഹം ഡൽഹിയിൽ നടത്തിയ വലിയ പ്രസ്താവനയാണ്. ഇത് ഒരിക്കലും മുഖ്യമന്ത്രി ചെയ്യരുതായിരുന്നു. ഇവിടെ എന്തായാലും ഇലക്ഷനിലേക്ക് പോകുകയാണ്. ജയിക്കുകയില്ല, എന്നാൽ ഒരു ആത്മഹത്യാബോംബിട്ടുകളയാം എല്ലാം നശിക്കട്ടെ, എല്ലാം നശിക്കട്ടെ. ഇവിടെ കുത്തിക്കുത്തി മരിക്കട്ടെ. ഇവിടെ വർഗ്ഗീയത

LIBRARY ARCHIVES Kerala Legislative Assembly

ഇളക്കിവിടുന്നതിനുവേണ്ടി കരുതിക്കൂട്ടി അദ്ദേഹം ചെയ്ത പ്രസ്താവന യാണ്. വളരെ നിർഭാഗ്യകരമായിപ്പോയി. ഒരു കാര്യം ഞാൻ പറയട്ടെ, പല മുസ്ലീം സംഘടനകളും അന്യസമുദായത്തിലെ യുവതികളെ മതംമാറ്റി വിവാഹം കഴിപ്പിക്കുന്നതിന് പ്രേരിപ്പിക്കുന്നു എന്നൊരു പരാതി ഉണ്ടെന്നുള്ള പ്രസ്താവന മുഖ്യമന്ത്രിയുടേതായിട്ട് വന്നു. പോപ്പുലർ ഫ്രണ്ടിന്റേതല്ല. ഞാൻ മലയാള മനോരമ പത്രത്തിൽ വന്ന ഒരു വാർത്ത വായിക്കാം. മലയാള മനോരമ പറഞ്ഞിരിക്കുന്നു "അന്യസമുദായത്തിലെ യുവാക്കളെ പണം നൽകി മതം മാറ്റുകയും യുവതികളെ വിവാഹം ചെയ്തും മുസ്ലീം ഭൂരിപക്ഷം ഉണ്ടാക്കാനുള്ള പോപ്പുലർ ഫ്രണ്ടിന്റെ പദ്ധതി ജനങ്ങൾ തിരിച്ചറിഞ്ഞു." പോപ്പുലർ ഫ്രണ്ട് പറഞ്ഞതായിട്ടല്ല, ജനങ്ങൾ തിരിച്ചറിഞ്ഞുവെന്ന് ഒരു ചീഫ് മിനിസ്റ്റർ ഫാക്ച്വലായി പരസ്യമായി പ്രസ്താവന ചെയ്യുകയാണ്. ഇത് ഷെയിം അല്ലേ സർ ? ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, ഞാനൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഹൈക്കോടതിയിൽ ഇങ്ങനെയൊരു കേസ്സ് വന്നു. കേരള ഹൈക്കോടതിയിൽ ഒരു കേസ്സ് വന്ന പ്പോൾ കേരള ഹൈക്കോടതി ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്താണെന്ന് ചോദിച്ചു. ഡി.ജി.പി.യോട് ഇതൊന്ന് അന്വേഷിക്കാൻ പറഞ്ഞു. എന്നിട്ട് ഹൈക്കോടതിയിൽ കേരളാ ഗവൺമെന്റ് കൊടുത്ത സ്റ്റേറ്റുമെന്റ് എന്താണെന്ന് അറിയാമോ? ഇങ്ങനെയൊരു സംഭവം കേരളത്തി ലുണ്ടായിട്ടില്ല - ഗവൺമെന്റ് കൊടുത്തതാണ്. ഡി.ജി.പി. പറഞ്ഞു, ഇങ്ങനെയൊരു സംഭവം കേരളത്തിലുണ്ടായിട്ടില്ല. ഇങ്ങനെയൊരു സംഭവം കേരളത്തിലുണ്ടായിട്ടില്ല എന്ന് കോടതിയിൽ സ്റ്റേറ്റുമെന്റ് കൊടുത്ത മുഖ്യമന്ത്രി ഡൽഹിയിൽ ഇരുന്നുകൊണ്ട് ഇപ്രകാരം അസംബന്ധമായ പ്രസ്താവന നടത്തി ഒരു സമുദായത്തെ വ്രണപ്പെടുത്തുകയും ഇവിടെ കമ്മ്യൂണൽ ഡിവൈഡ് ഉണ്ടാക്കുകയും ചെയ്യുന്നത് ശരിയാണോ ? അദ്ദേഹം പറയേണ്ടത് ഇവിടെയല്ലേ ? അതിനുള്ള രേഖയുണ്ടെങ്കിൽ . കേരള നിയമസഭയിൽ വയ്ക്കേണ്ടേ ? ഞാൻ ഒരു കാര്യം ചോദിക്കട്ടെ, ഇതിൽ കൂടുതൽ നാണംകെടാനുണ്ടോ ? മണ്ണാർകാട് വനഭൂമി തിരിച്ചുപിടിച്ചതിനുള്ള നടപടി റിപ്പോർട്ട് കേരളാ ഹൈക്കോടതി ചോദിച്ചു. ഇതിനെതിരെ സുപ്രീം കോടതിയിൽ കേസ്സ് കൊടുത്തു. സുപ്രീം കോടതി 50,000 രൂപ ശിക്ഷിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി ഇപ്പോൾ ഇവിടെയില്ല. ഞാനാണ് ആ കസേരയിൽ ഇരുന്നിരുന്നതെങ്കിൽ ഞാൻ രാജിവയ്ക്കുമായിരുന്നു. ഇന്ന് രാജിവയ്ക്കുമായിരുന്നു. ഇന്ന് രാജി വയ്ക്കുമായിരുന്നു. നാണംകെട്ടവർ, ശിക്ഷിക്കപ്പെട്ടവർ. എന്റെ സ്വഭാവം അറിയാവുന്നവർക്ക് അറിയാം. അമ്പതിനായിരം രൂപ, അര ലക്ഷം രൂപ സുപ്രീം കോടതി പിഴയിട്ടിരിക്കുന്നു ഈ ഗവൺമെന്റിന്, എന്നിട്ട് ചിരിച്ചുകൊണ്ടിരിക്കുകയാണ് ഡോ. തോമസ് ഐസക് ഉൾപ്പെടെയുള്ളവർ. എന്തൊരു നാണക്കേട് ?

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. എം. മാണി, ...അങ്ങ് അവസാനിപ്പിക്കൂ.........

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. എം. മാണി</u> : സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ സമയം കൂടുതലെടുക്കില്ല. കേരള ഹൈക്കോടതിയിൽ അടുത്ത ദിവസം ഒരു പെറ്റീഷൻ ...... ആ പെറ്റീഷൻ എന്തിനായിരുന്നുവെന്ന് അറിയാമോ ? വഴിയോര യോഗങ്ങൾ..........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : എല്ലാം നിയന്ത്രിക്കാൻ തീരുമാനിച്ചാൽ പിന്നെ എന്താണ് പറയുക?

<u>ശ്രീ. കെ. എം. മാണി</u> : സർ, ഞാൻ രണ്ടുമിനിട്ടുകൊണ്ട് നിർത്തിയേക്കാം. ഞാൻ ആരുടേയും സമയം അപഹരിക്കുന്നില്ല. വഴിയോര യോഗങ്ങളെപ്പറ്റി കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് ഒരു വിധി പുറപ്പെടുവിച്ചു. അതിനെപ്പറ്റി ഞങ്ങൾക്കും അഭിപ്രായ വ്യത്യാസമുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. അത് നല്ലതാണെന്ന് പറയുന്നു, ചീത്തയാണെന്ന് പറയുന്നു, ഞങ്ങൾക്കൊക്കെ അസൗകര്യമുണ്ടാക്കി. അഗ്രീവ്ഡ് പാർട്ടി ആരാണ്? Aggrieved parties are all political parties. ഗവൺമെന്റ് അഗ്രീവ്ഡ് പാർട്ടിയല്ല. കോടതി ചോദിച്ചു, നിങ്ങൾ അഗ്രീവ്ഡ് പാർട്ടിയാണോ ? ഗവൺമെന്റ് എന്താണ് പറയുന്നത് ? ഈ കോടതി ഇത് കേൾക്കാൻ പാടില്ല, വേറൊരു കോടതിയിൽ ഇത് കേൾക്കണം. അങ്ങനെയൊരു നിയമമുണ്ടോ ? ....(ബഹളം)........റിവ്യൂ പെറ്റീഷൻ എപ്പോഴും ഏത് കോടതിയാണോ കേട്ടത് ആ കോടതി, ആ ജഡ്ജിമാരാണ് കേൾക്കുന്നത്. എന്നുമാത്രമല്ല, ഈ ജഡ്ജിയിൽ ഞങ്ങൾക്ക് വിശ്വാസമില്ല. ആരാണ് പറയുന്നത്? കെ. എം. മാണി പറഞ്ഞാൽ ഓൾ റൈറ്റ്. ഒരു പൗരന് പറയാം. ട്രാൻസ്ഫർ പെറ്റീഷൻ കൊടുക്കാം. ഒരു ഗവൺമെന്റാണ് ഇത് പറയുന്നത്. ലോക ജനാധിപത്യ ചരിത്രത്തിൽ ഒരു ഗവൺമെന്റ് കോടതിയിൽ വിശ്വാസമില്ലെന്ന് പറഞ്ഞിട്ടുണ്ടോ ? ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുള്ള ബന്ധം എന്താണ് സർ ? ജനാധിപത്യത്തിന്റെ നാരായവേര് അറുക്കുന്ന മഹാൻമാരാണ് അവിടെ ഇരിക്കുന്നത്. നിങ്ങൾ ചോദിച്ചിരിക്കുന്ന 52,448 കോടി രൂപ അനുവദിച്ചുതരാൻ യാതൊരു നിർവ്വാഹവുമില്ല. അതുകൊണ്ട് ഞാൻ ഈ അപ്രോപ്രിയേഷൻ ബില്ലിനെ എതിർക്കുകയാണ്.

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നാലു വർഷങ്ങൾ ഏറ്റവുംനല്ല ധനമാനേജ്മെന്റിന്റെ മികവുറ്റ പ്രകടനമാണെന്ന് കേരളം പൊതുവിൽ അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. കേരളം കണ്ട പ്രഗത്ഭരായിട്ടുള്ള ധനകാര്യമന്ത്രിമാരുടെ പട്ടികയിലേക്ക് ഡോ. തോമസ് ഐസക്കിന്റെ പേരും ഇന്ന് സ്ഥാനംപിടിച്ചിരിക്കുകയാണ്. പ്രതിപക്ഷത്തിരിക്കുന്ന എല്ലാവർക്കും സ്വപ്നം കാണാനുള്ള അവകാശമുണ്ട്. അടുത്ത വർഷം ഏപ്രിലിൽ നടക്കുന്ന തെരഞ്ഞെടുപ്പിനെക്കുറിച്ചാണ് അവരെല്ലാവരും

LIBRARY ARCHIVES Kerala Legislative Assembly

സ്വപ്നം കാണുന്നത്. ആ സ്വപ്നം മാത്രമല്ല, തെരഞ്ഞെടുപ്പിലൂടെ യു.ഡി.എഫ്. വിജയിക്കുന്നത്, മന്ത്രിപദം പങ്കുവയ്ക്കുന്നത്, ഉൾപ്പെടെയുള്ള സ്വപ്നമാണ് അവർ കണ്ടുകൊണ്ടിരിക്കുന്നത്. എട്ടുമാസത്തിനപ്പുറം നടക്കാൻ പോകുന്ന കാര്യത്തെ സംബന്ധിച്ച് ഇപ്പോൾതന്നെ സ്വപ്നം കാണുകയാണ്. നിങ്ങളുടെ സ്വപ്നമെല്ലാം ഒരു ദിവാസ്വപ്നമായി, മലർപ്പൊടിക്കാരന്റെ സ്വപ്ന മായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ മാണിസാർ നിന്നനിൽപ്പിൽ താഴേയ്ക്ക് വീണു. ഞാനായിരുന്നു മന്ത്രിയെങ്കിൽ രാജിവയ്ക്കു മായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം ഇപ്പോഴും മന്ത്രിയാകുന്നതും സ്വപ്നം കണ്ട് കഴിയുകയാണ്. ആ വെള്ളം അങ്ങ് വാങ്ങിവച്ചാൽ മതി. കഞ്ഞിക്കിട്ട വെള്ളത്തിൽ കുളിക്കാമെന്ന് പറഞ്ഞതുപോലെ അതിനപ്പുറമൊന്നും സംഭവിക്കാൻ പോകുന്നില്ല. ഇവിടെ ചർച്ച തുടങ്ങിവച്ചുകൊണ്ട് നമ്മുടെ യെല്ലാം പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. എൻ. ശക്തൻ പറഞ്ഞത് ഈ ഗവൺമെന്റ് കടംവാങ്ങി കടംവാങ്ങി കടത്തിൽ മുങ്ങിനിൽക്കുന്ന ഒരു ഗവൺമെന്റാണെന്നാണ്. അദ്ദേഹത്തിന് പഴയ ഓർമ്മയാണ് സ്വാഭാവികമായും വരുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ഗവൺമെന്റ് കടം വാങ്ങുന്നുണ്ട്. എന്നാൽ കടം വാങ്ങി എങ്ങനെ അത് ചെലവഴിക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കടം വാങ്ങി നിത്യനിദാന ചെലവുകൾക്കാണ് വിനിയോഗിച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് പണം കടംവാങ്ങി മൂലധനച്ചെ ലവുകൾക്കുവേണ്ടി വിനിയോഗിക്കുന്നുവെന്നുള്ളതാണ് വ്യത്യാസം. ഇവ മൂലധനച്ചെലവുകൾക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നത്. അതുകൊണ്ട് കേരളത്തിന്റെ സാമ്പത്തികവളർച്ച ദ്രുതഗതിയിലായിയെന്നുള്ളതാണ് സത്യമാ യൊരു കാര്യം. ഇവിടെ ആ സാമ്പത്തികവളർച്ചയുടെ ഫലമായി റവന്യൂ വരുമാനം വർദ്ധിച്ചു. മുമ്പ് അതായിരുന്നോ സ്ഥിതി ? ചെലവിനേക്കാൾ വളരെ വലിയ വ്യത്യാസമാണ് റവന്യൂ വരുമാനത്തിലുണ്ടായിരുന്നത്. എന്നാൽ ഇന്ന് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിച്ചു. ചെലവു മായി വളരെ പൊരുത്തപ്പെട്ടുപോകുന്നു എന്നുള്ള അവസ്ഥ കൈവരിച്ചിരിക്കു ന്നുവെന്നുള്ളതാണ് എടുത്തുപറയേണ്ട പ്രത്യേകത. ധനകമ്മി 3.3 ശതമാന ത്തിൽനിന്ന് 1.4 ശതമാനമാക്കി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രത്യേകത. ഇവിടെ കടം വാങ്ങിയതി നെക്കുറിച്ച് പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിന്റെ കടം നമ്മുടെ ആഭ്യന്തര വരുമാനവുമായി താരതമ്യം ചെയ്യണം, അതിന്റെ തോതുമായി താരതമ്യം ചെയ്യണം. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് 2004-05-ൽ ആഭ്യന്തരക്കടം ആഭ്യന്തര വരുമാനത്തിന്റെ 39.12 ശതമാനമായിരുന്നുവെങ്കിൽ 2010-11-ൽ 32.2 ശതമാനമായി കുറഞ്ഞുവെന്നുള്ളതാണ് ഇവിടെ എടുത്തു പറയേണ്ട പ്രത്യേകത. കടത്തിന്റെ വലിപ്പമല്ല, ആഭ്യന്തരവരുമാനത്തിന്റെ തോതുമായി താരതമ്യം ചെയ്യുമ്പോൾ നമുക്ക് ആ കടം താങ്ങാനുള്ള ശേഷിയുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങനെ കടം വാങ്ങിയിട്ടാണെങ്കിലും മൂലധനനിക്ഷേപം നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ സന്ദർഭത്തിൽ നാം കാണേണ്ട ഒരു വസ്തുത

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തിന് നൽകേണ്ട ഗ്രാന്റ് ഇനത്തിലാണെങ്കിലും നികുതിയിനത്തിലാണെങ്കിലും നൽകേണ്ട തുകയുടെ വലിപ്പവ്യത്യാസം, തോതിന്റെ വ്യത്യാസം പ്രകടമായി എടുത്തുപറയേണ്ട ഒരു കാര്യം തന്നെയാണ്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ തീർപ്പ് നമുക്ക് വളരെ പ്രതികൂലമാണ്. നമുക്ക് കിട്ടേണ്ട അർഹതപ്പെട്ട വരുമാനം കിട്ടുന്നില്ല. സെൻട്രൽ ട്രാൻസ്ഫേഴ്സിൽ ആന്ധ്രാപ്രദേശിന് 7.65 ശതമാനവും കർണ്ണാടകത്തിന് 4.25 ശതമാനവും തമിഴ്നാടിന് 4.77 ശതമാനവും ലഭിക്കുമ്പോൾ, കേരളത്തിന് കിട്ടുന്നത് 2.49 ശതമാനമാണെന്നുള്ളത് യു.ഡി.എഫ്. സ്നേഹിതന്മാർ നന്നായി മനസ്സിലാക്കിയിരിക്കണം. ലോകത്ത് ഉണ്ടായ സാമ്പത്തിക തകർച്ചയുടെ എല്ലാ പ്രയാസങ്ങളും നേരിടുന്ന സാഹചര്യത്തിലാണ് സംസ്ഥാന ഗവൺമെന്റ് അതിന്റെ തനതുവരുമാനത്തിൽ ഗണ്യമായ വർദ്ധനവ് നേടിക്കൊണ്ട് മുന്നോട്ടു പോകുന്നത് എന്നുപറയുമ്പോഴാണ് ആ നേട്ടത്തിന്റെ തിളക്കം ഒന്നുകൂടി വർദ്ധിക്കുന്നത്. ഇവിടെ യു.ഡി.എഫ്. ഭരണകാലത്ത് നമുക്കറിയാം എന്നും ട്രഷറി പൂട്ടലല്ലേ? നിങ്ങളുടെ കാലത്ത് എത്ര ദിവസമാണ് ട്രഷറി തുറന്നു വച്ചത്. പണം ഇല്ലായ്മയുടേയും ട്രഷറി പൂട്ടലിന്റേയും ആ കാലം ഇന്നൊരു പഴങ്കഥയായിമാറിക്കഴിഞ്ഞിരിക്കുന്നു. പദ്ധതി വെട്ടിച്ചുരുക്കുന്ന ആ പഴയ പല്ലവി ഇപ്പോൾ കേൾക്കാനേയില്ല. പദ്ധതികൾക്ക് കൂടുതലായി പണം നീക്കിവയ്ക്കുന്നു. ഇവിടെ ഓരോരോ പദ്ധതികളുടെയും വിശദാംശങ്ങളെപ്പറ്റി ഇന്നു രാവിലെ ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. കാർഷികമേഖലയ്ക്ക് 625 കോടി രൂപ നീക്കിവച്ചത് ചരിത്രത്തിലെ ആദ്യസംഭവമല്ലേ ? കാർഷികമേഖലയ്ക്ക് ഇത്രയേറെ തുക നീക്കിവച്ച ഒരു സന്ദർഭം എന്നാണ് ഉണ്ടായിട്ടുള്ളത് ? അടിസ്ഥാന സൗകര്യ വികസനത്തിന് മാന്ദ്യവിരുദ്ധ പാക്കേജ് ഇനത്തിൽ മൂവായിരം കോടി രൂപ നീക്കിവച്ചത് രാവിലെ ചർച്ചയ്ക്ക് വിധേയമായ ഒരു വിഷയമാണ്. അങ്ങനെ അടിസ്ഥാന സൗകര്യ വികസനത്തിന് ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തിന്റെ ഓരോ നിയോജകമണ്ഡലത്തിലും എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത് ? ഇവിടെ ശ്രീ. എൻ. ശക്തൻ പറയുകയുണ്ടായി പ്രതിപക്ഷമെമ്പർമാരുടെ മണ്ഡലത്തിൽ കുറവ്, ഭരണ കക്ഷി അംഗങ്ങൾക്ക് കൂടുതലുമാണെന്ന്. അത് എത്രയോ തെറ്റായ ഒരു വിവരണമാണ്. എല്ലാ മണ്ഡലത്തിലും ശ്രീ. റ്റി. എൻ. പ്രതാപന്റെയടക്കം പ്രതിപക്ഷ എം.എൽ.എ.മാരുടെ മണ്ഡലത്തിൽ ഭരണകക്ഷി എം.എൽ.എ. മാർക്ക് കിട്ടിയതിനേക്കാൾ എത്രയോ അധികം തുക കിട്ടിയെന്നുള്ളത് സത്യമായൊരു കാര്യമാണ്. അതാണ് വളരെ വളച്ചൊടിച്ച് വികൃതമായ രീതിയിൽ ചിത്രീകരിച്ച് ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. അതുപോലെ നമ്മുടെ ക്ഷേമ പദ്ധതികൾ ഇവിടെ ശ്രീ. എൻ. ശക്തൻ പറഞ്ഞു കേന്ദ്രഗവൺമെന്റ് മൂന്ന് രൂപയ്ക്ക് അരി നൽകുന്നുവെന്ന്. എവിടെയാണ് നൽകുന്നത് ? എ.എ. വൈ. ഇനത്തിൽ 4 ലക്ഷം കാർഡുടമ[illegible]ക്ക് അരി നൽകുന്നുണ്ട് എന്നതൊഴിച്ചാൽ മൂന്ന് രൂപയ്ക്ക് അരി തരുന്നത് [illegible]ടെയാണ്? 11 ലക്ഷം പേരെയാണ് ബിപിഎൽ കുടുംബങ്ങളായി പരിഗണിക്കുന്നത്. അവർക്ക് റേഷൻ കൊടുത്താൽ

മതിയെന്ന് കേന്ദ്രം പറയുമ്പോൾ 35 ലക്ഷം കുടുംബങ്ങളെ ബി.പി.എൽ. കാർഡുടമകളായി പരിഗണിച്ചുകൊണ്ട് അരി കൊടുക്കാൻ തീരുമാനിക്കുകയും നൽകുകയും ചെയ്ത ഗവൺമെന്റല്ലേ ഇത്? എന്നുമാത്ര മല്ല എ.പി.എൽ.-ഓ, ബി.പി.എൽ.-ഓ എന്നുനോക്കാതെ പരമ്പരാഗത മേഖല യിൽ പണിയെടുക്കുന്ന ലക്ഷക്കണക്കായ തൊഴിലാളികൾക്ക് ഈ ഗണത്തിൽ രണ്ട് രൂപയ്ക്ക് അരി കൊടുക്കാൻ തീരുമാനിച്ചൊരു ഗവൺമെന്റിനേയാണ് നിങ്ങൾ കുറ്റപ്പെടുത്തുന്നത് എന്ന് ഓർക്കണം. പരമ്പരാഗത മേഖലയ്ക്ക് ഇത്ര വലിയ പരിഗണന കൊടുത്ത സന്ദർഭമുണ്ടായിട്ടുണ്ടോ ? കയറാണെങ്കിലും കൈത്തറിയാണെങ്കിലും കശുവണ്ടിയാണെങ്കിലും അതുപോലെതന്നെ ഏത് പരമ്പരാഗത വ്യവസായ മേഖലയാണെങ്കിലും ഈ ഗവൺമെന്റ് നന്നായി പരിഗണിച്ച നാല് വർഷങ്ങളല്ലേ നാം പിന്നിടുന്നത്. യു.ഡി.എഫ്-ന്റെ കാലത്ത് കയറിന് 23 കോടി രൂപയാണ് നൽകിയതെങ്കിൽ എൽ.ഡി.എഫ്. ഭര ണത്തിൽ 82.5 കോടി രൂപ നീക്കിവച്ചു. എടുത്തുപറയേണ്ടൊരു നേട്ടമാണ്. കശുവണ്ടിക്ക് യു.ഡി.എഫ്. ഭരണകാലത്ത് 32 കോടി രൂപയാണ് നീക്കിവച്ചതെ ങ്കിൽ എൽ.ഡി.എഫ്.ഭരണകാലത്ത് അത് 59 കോടി രൂപയാക്കി വർദ്ധിപ്പിച്ചു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. ചന്ദ്രൻ]

കൈത്തറിക്ക് നിങ്ങൾ 28 കോടി രൂപയാണ് നീക്കിവച്ചതെങ്കിൽ എൽ.ഡി.എഫ്. ഭരണകാലത്ത് 57 കോടി രൂപ നീക്കിവച്ചു. അതാണ് എടുത്തുപറയേണ്ട വസ്തുത. അങ്ങനെ പരമ്പരാഗത വ്യവസായ മേഖലയുടെ വളർച്ചയ്ക്കും, ആ വ്യവസായങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും, അവയെ പുതിയ അടിത്തറയിൽ മുന്നോട്ട് നയിക്കുന്നതിനും, അതിൽ പണിയെടുക്കുന്ന ലക്ഷക്കണക്കായ പാവങ്ങൾക്ക് ന്യായമായ വേതനവും അവർക്ക് ഭാവിയും ഉറപ്പുവരുത്താൻ കഴിയുന്ന നടപടികളും സ്വീകരിച്ച ഗവൺമെന്റാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. ചെറുകിട വ്യവസായങ്ങൾക്ക് ശരാശരി നാലഞ്ച് കോടി രൂപയാണ് യു.ഡി.എഫ്. ഗവൺമെന്റ് നീക്കിവച്ചത്. എന്നാൽ ഇന്ന് ഈ ഗവൺമെന്റ് കേരളത്തിന്റെ പ്രത്യേകതകളെല്ലാം പരിഗണിച്ച് ചെറുകിട വ്യവസായ മേഖലയ്ക്ക് 40 കോടി രൂപ നീക്കിവച്ചു. നമുക്കറിയാം നമ്മുടെ സംസ്ഥാനത്ത് വലിയ വ്യവസായങ്ങൾക്ക് ഏറെ സാധ്യതയില്ല. ചെറുകിട വ്യവസായങ്ങളെ കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിക്കുകയാണ് ഏറ്റവും പ്രധാനം. തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗമെന്നുകണ്ടുകൊണ്ട് ആ മേഖലയെ ശക്തിപ്പെടുത്താനും പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകാനും ചെറിയ ചെറിയ വ്യവസായ സംരംഭങ്ങൾ പുതിയതായി ആരംഭിക്കാനും കഴിയുമാറ് അടിസ്ഥാന സൗകര്യവികസന മേഖലയിൽ കൂടുതൽ തുക മുടക്കുക മാത്രമല്ല ആ വ്യവസായങ്ങളെ ലക്ഷ്യം വച്ചുകൊണ്ട് 40 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ നീക്കിവച്ച ഒരു ഗവൺമെന്റാണ് ഇത്. കേരളത്തിന്റെ പൊതുമേഖല തകർച്ചയുടെ നാശോന്മുഖമായ ഒരു സ്ഥിതിയായിരുന്നില്ലേ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ? കേവലമായ വ്യവസായ സ്ഥാപനങ്ങൾ മാത്രം ലാഭത്തിൽ ബാക്കിയെല്ലാ സ്ഥാപനങ്ങളും തകർച്ചയിൽ. ഒന്നുകിൽ അടച്ചുപൂട്ടുന്നു അതല്ലെങ്കിൽ അന്തിച്ചന്തയിൽ കാളയെ വിൽക്കാൻ നിരത്തിവയ്ക്കുന്നതുപോലെ സ്വകാര്യമുതലാളിമാർക്ക് വിൽക്കാൻ തീരുമാനിച്ച് നടപടികളുമായി മുന്നോട്ടുപോയ ഒരു ഗവൺമെന്റാണ് യു. ഡി.എഫ്. ഗവൺമെന്റ്. എന്നാൽ ഈ ഗവൺമെന്റ് ഒരു പൊതുമേഖലാസ്ഥാപനവും സ്വകാര്യവൽക്കരിച്ചില്ല ഒരു പൊതുമേഖലാസ്ഥാപനവും അടച്ചുപൂട്ടിയില്ല. അടച്ചുപൂട്ടിയ സ്ഥാപനങ്ങളുൾപ്പെടെ തുറന്നുപ്രവർത്തിപ്പിക്കാൻ തീരുമാനിച്ച ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്നുമാത്രമല്ല മിക്കവാറും എല്ലാ വ്യവസായ സ്ഥാപനങ്ങളും ലാഭത്തിലാക്കി. ലാഭത്തിലാക്കാൻ കഴിയുന്ന സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്ക്, നവീകരണത്തിന് കോടാനുകോടി രൂപ നീക്കിവച്ച ഗവൺമെന്റാണിത്. ഇതുമാത്രമല്ല കഴിഞ്ഞ എത്രയോ വർഷങ്ങളായി പത്തിരുപത്തഞ്ച് വർഷക്കാലത്തെ അനുഭവത്തിൽ ഏതെങ്കിലും ഒരു പുതിയ വ്യവസായം പൊതുമേഖലയിൽ കേരളത്തിൽ തുടങ്ങിയെന്ന് പറയാൻ കഴിയുമോ ? ചേർത്തലയിലെ കേരള കൺസ്ട്രക്ഷൻ കമ്പോണന്റ് കമ്പനി ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് അടച്ചുപൂട്ടിയത്. അവിടെയുള്ള തൊഴിലാളികൾക്ക് ന്യായമായ അവകാശങ്ങളൊന്നും കൊടുക്കാതെയാണ് നിങ്ങൾ അവസാനിപ്പിച്ചത്. എന്നാൽ ഈ ഗവൺമെന്റ് വന്നിട്ട് അവർക്ക് ന്യായമായ അവകാശങ്ങളും ആനുകൂല്യങ്ങളും നൽകി എന്നുമാത്രമല്ല അത് അവിടെയുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുമായി ബന്ധപ്പെടുത്തി പുതിയ വ്യവസായ സംരംഭങ്ങൾ കടന്നുവരാൻ കഴിയുന്ന അവസരം ഒരുക്കിയിരിക്കുകയാണ്. ഈ ഗവൺമെന്റ് 125 കോടി രൂപ മുടക്കി എട്ട് വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചു. 257 കോടി രൂപ ചെലവിൽ 8 സ്ഥാപനങ്ങൾ നവീകരിക്കാൻ തീരുമാനമെടുത്തു. അങ്ങനെ പൊതുമേഖലയോട്, പൊതുമേഖലാവ്യവസായ സ്ഥാപനങ്ങളോട് തികച്ചും ന്യായമായ ഒരു സമീപനം സ്വീകരിച്ച ഗവൺമെന്റാണ് ഇത്. ഇതുപോലെ പൊതുവിതരണ സമ്പ്രദായത്തിന് പണം നീക്കിവച്ച സന്ദർഭമുണ്ടായിട്ടുണ്ടോ? 600 കോടി രൂപ റേഷൻ കാര്യത്തിനുവേണ്ടി നീക്കിവച്ചില്ലേ ?

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം അങ്ങേക്ക് അനുവദിച്ച സമയവും കൂടുതൽ സമയവുമായി. അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. പി. തിലോത്തമൻ : മാവേലി സ്റ്റോറുകൾക്ക്, സപ്ലൈകോ സ്ഥാപനങ്ങൾക്ക് കോടാനുകോടി രൂപ നീക്കിവയ്ക്കുകയും അതിനെ

LIBRARY ARCHIVES Kerala Legislative Assembly

ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുകയും ചെയ്ത ഒരു ഗവൺമെന്റാണ് ഇത്. 'ആം ആത്മി' മുദ്രാവാകൃമാണ് കോൺഗ്രസ്സിനെ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അധികാരത്തിലേറ്റിയത്. എന്നാൽ ആ ഗവൺമെന്റ് അധികാരത്തിൽ വന്നതിന്റെ ഒന്നാം വാർഷികം ആഘോഷിക്കുകയല്ലേ ഇപ്പോൾ ? ഒന്നാം വാർഷികം ആഘോഷിക്കുമ്പോൾ ഇപ്പോൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കണക്ക് എടുക്കുകയാണ്. 50 ശതമാനം പേർ ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ ഉണ്ടെന്നാണ് വിവിധ ഏജൻസികളുടെ റിപ്പോർട്ട് എന്നാണ് നാം പത്രത്തിൽ വായിക്കുന്നത്.

മി. ചെയർമാൻ : അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. സി. ജോർജ് : സംസ്ഥാനത്ത് ഈ ഗവൺമെന്റിന്റെ നാലരക്കൊല്ല കാലാവധിക്കുള്ളിൽ ഒരു പത്രത്തിൽ എത്ര കോടി രൂപയുടെ പരസ്യമാണ് കൊടുത്തത് ? ഈ മന്ത്രിമാരുടെയെല്ലാം മുഖം കണ്ട് മനുഷ്യർ മടുത്തു. മനസ്സിലായില്ലേ, ആ ചെലവാക്കിയ കാശുണ്ടായിരുന്നുവെങ്കിൽ രണ്ടുരൂപ എന്നുള്ളത് ഒന്നര രൂപയ്ക്ക് റേഷൻ കൊടുക്കാമായിരുന്നു. അതല്ലേ സത്യം ?

മി. ചെയർമാൻ : അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. തിലോത്തമൻ : സർ ബന്ദിനെതിരായിട്ട് എത്ര കോടി രൂപയുടെ പരസ്യമാണ് കേന്ദ്രം കൊടുത്തത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ഒന്നാം വാർഷികാഘോഷത്തിൽ മിക്കവാറും എല്ലാ ദേശീയ പത്രങ്ങളുടെയും ഫുൾ പേജ് പരസ്യമല്ലേ കൊടുത്തുകൊണ്ടിരിക്കുന്നത്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : ഗവൺമെന്റുകളുടെ പ്രവർത്തനത്തിന് പരമാവധി പരസ്യം കൊടുക്കേണ്ടത് അവരുടെ ചുമതലയാണ്. ഉദാഹരണത്തിന് കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ പരിഷ്കാരങ്ങളും ഇൻഡ്യയിലെ മുഴുവൻ എം.എൽ.എ. മാർക്കും കത്തായിട്ട് വരികയാണ്. വന്നോട്ടെ ഞങ്ങൾ എതിർക്കുന്നില്ല. എല്ലാവർക്കും വായിച്ച് മനസ്സിലാക്കാമല്ലോ. ഈ കാര്യത്തിനൊന്നും ഭരണഘടനാപരമായ പ്രത്യേക നിബന്ധനയൊന്നുമില്ല. ഗവൺമെന്റിന് അതിന്റെ പ്രവർത്തനങ്ങൾ എവിടെയും പ്രചരിപ്പിക്കാം. ഓരോന്നിനും ഓരോ അധികാരമുണ്ട്. അത് എന്തിനാണ് നമ്മൾ ചർച്ചാ വിഷയമാക്കുന്നത്.

മി. ചെയർമാൻ : ശ്രീ. തിലോത്തമൻ അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. രാജു എബ്രഹാം : സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ പറഞ്ഞത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ സന്ദർഭത്തിൽ ആയിരം കോടി രൂപയാണോ രണ്ടായിരം കോടി രൂപയാണോ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് തെരഞ്ഞെടുപ്പിനു വേണ്ടി പരസ്യ ഇനത്തിൽ ചെലവഴിച്ചതെന്ന കണക്കിനെ സംബന്ധിച്ച് ഇതുവരെ അന്തിമ റിപ്പോർട്ട് പുറത്തുവന്നിട്ടില്ല. ഇവിടെ 13 കോടിയാണ്.....

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : വിവരാവകാശ നിയമപ്രകാരം കൊടുത്താൽ അതിന്റെ മറുപടി കിട്ടും. ശ്രീ. തിലോത്തമൻ, അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ പറഞ്ഞതെല്ലാം സമ്മതിച്ചുകൊണ്ട് ഞാൻ ഒരു ചെറിയ കാര്യം ചോദിക്കുകയാണ്. 100 കോടി രൂപ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിന് കേന്ദ്ര ഗവൺമെന്റ് തന്നു. അത് പ്രധാനമന്ത്രിയുടെ പദ്ധതിയിലാണ്. ആ പ്രധാനമന്ത്രിയുടെ പടം വയ്ക്കണ്ടേ ? നമ്മുടെ ടീച്ചറുടെ സുന്ദരമായ ഒരു പടം ഉണ്ട് ; അതിന്റെ മര്യാദയെന്താ ?

ശ്രീ. പി. തിലോത്തമൻ : ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തരുതെന്ന് നിങ്ങൾക്ക് നിർബന്ധമുണ്ട്. അത് ഞങ്ങൾക്ക് ഇവിടെ മനസ്സിലാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരനും ആ ഒരു സാഹചര്യം മുതലെടുത്തുകൊണ്ട് ശ്രീ. രാജു എബ്രഹാമും കോൺഗ്രസ്സിനെ ഉന്നം വച്ച് വെടിവയ്ക്കാനാണ് ശ്രമിച്ചത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് തെരഞ്ഞെടുപ്പിനുവേണ്ടി എത്രയോ കോടി രൂപ മുടക്കിയെന്നാണ് അവരുടെ കണ്ടുപിടിത്തം. ഞാൻ ആ തുകയിലേക്ക് പോകുന്നില്ല. ഒരു രാഷ്ട്രീയ പാർട്ടിക്ക് പ്രചരണം നടത്തുന്നതിന് അവരുടെ രാഷ്ട്രീയ പാർട്ടിയുടെ ഖജനാവിൽ നിന്ന് എത്ര പണം വേണമെങ്കിലും മുടക്കാം. ഈ നാട്ടിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട സാധുക്കളായ ആളുകൾ ഉൾപ്പെടെ മുഴുവൻ ആളുകളും ഖജാനാവിലേക്ക് ടാക്സായി കൊടുക്കുന്ന പണം ഇങ്ങനെ സ്വന്തം പടം പ്രചരിപ്പിക്കുന്നതിനുവേണ്ടി വിനിയോഗിക്കുന്നത് ശരിയാണോ എന്നാണ് ഞങ്ങളുടെ ചോദ്യം. ഇപ്പോൾ തമിഴ്നാട്ടിലേയും ആന്ധ്രാപ്രദേശിലേയും പത്രത്തിൽ വരെ പരസ്യം കൊടുക്കുകയാണ്. നിങ്ങൾ കന്നഡയിലും തമിഴിലുമൊക്കെ പരസ്യം കൊടുക്കുന്നതുകൊണ്ട് ഒരു ഗുണമുണ്ട്. ഐഡന്റിഫിക്കേഷൻ പരേഡ് ആളുകൾക്ക് നടത്തേണ്ടിവരികയില്ല. ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുമ്പോൾ നിങ്ങളെ പിടിക്കാൻ അത് അവർക്ക് എളുപ്പമാകും എന്നുള്ള സൗകര്യമുള്ളതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. പക്ഷെ കോൺഗ്രസ്സിനെക്കുറിച്ച് പറഞ്ഞ കാര്യം പിൻവലിക്കണം.

മി. ചെയർമാൻ : ശ്രീ. തിലോത്തമൻ, അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. തിലോത്തമൻ : ഈ ഗവൺമെന്റ് നാലുവർഷക്കാലം

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ വളരെ പുരോഗമനപരമായ പ്രവർത്തികൾ കടന്നെത്താത്ത ഒറ്റ വീടു പോലും കേരളത്തിൽ ഇല്ല എന്നുള്ളതാണ് സത്യം. അത് എത്തിക്കാതിരിക്കാൻ എന്തെല്ലാം കുതന്ത്രങ്ങൾ നടത്താൻ കഴിയുമോ അതെല്ലാം ഇപ്പുറത്തിരിക്കുന്നവർ നടത്തിക്കൊണ്ടിരിക്കുകയാണ്. ആ എതിർപ്പുകൾ എന്തുണ്ടെങ്കിലും അതെല്ലാം അവഗണിച്ചുകൊണ്ട് വരാൻ പോകുന്ന കാലങ്ങളിലും ജനങ്ങൾ ഈ ഗവൺമെന്റിനെ ശിരസ്സിലേറ്റും എന്ന കാര്യത്തിൽ സംശയമില്ല.

മി. ചെയർമാൻ : അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം. അടുത്തതായി ശ്രീമതി കെ. എസ്. സലീഖ........

ശ്രീ. എൻ. അനിരുദ്ധൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ചട്ടത്തിന് വിരുദ്ധമായ കാര്യങ്ങളുണ്ടെങ്കിൽ മാത്രമേ പോയിന്റ് ഓഫ് ഓർഡർ സഭയിൽ ഉന്നയിക്കാൻ പാടുള്ളൂവെന്നും അല്ലാതെ പോയിന്റ് ഓഫ് ഓർഡർ എന്ന വ്യാജേന ഒരു പ്രസ്താവന നടത്തുന്നത് ശരിയല്ല എന്നുമാണ് ചട്ടം അനുശാസിക്കുന്നത്. ഈ സാഹചര്യത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പോയിന്റ് ഓഫ് ഓർഡർ എന്ന വ്യാജേന ഒരു പ്രസ്താവന നടത്തിയത് ഓർഡറിലാണോ ?

മി. ചെയർമാൻ : ഇതൊന്നും ഓർഡറിലല്ല, പക്ഷേ ഇതൊക്കെ ഒരു കീഴ്വഴക്കമായിട്ട്........ (ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, I am on a point of Order. ഇവിടെ ചട്ടം 307 അനുസരിച്ചാണ് ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്. ചട്ടം 307 അനുസരിച്ച് ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ കാരണം എനിക്ക് ചിഹ്നം നൽകിയ എന്റെ രാഷ്ട്രീയ പാർട്ടിയെ ആക്ഷേപിച്ചു എന്നുള്ളതാണ്. ആ ചട്ടം ഉന്നയിച്ച് പറയുന്നതിന് ഒരു കുഴപ്പവുമില്ല. അത് ചട്ട വിരുദ്ധവുമല്ല. ഞാൻ പറഞ്ഞതിനകത്ത് ശ്രീ. ജി. സുധാകരന്റെ പേരു പറഞ്ഞു. അത് ഞാൻ ഒഴിവാക്കുകയാണ്. ശ്രീ. അനിരുദ്ധൻ ചട്ടം നോക്കാതെ കീഴ്വഴക്കം നോക്കാതെ യാതൊരു കാര്യത്തിനും സാംഗത്യവുമില്ലാത്ത കാര്യം പറയുന്നതിനുവേണ്ടി ഈ പോയിന്റ് ഓഫ് ഓർഡറിനെ ദുർവിനിയോഗം ചെയ്തത് ശരിയല്ല. അത് ഓർഡറിലാണോ ?

മി. ചെയർമാൻ : അത് ചെയർ പരിശോധിച്ച്......

ശ്രീ. ജി. സുധാകരൻ : സർ, I am on a point of order. Misrepresentation and mal-interpretation. ഞാൻ കേന്ദ്ര ഗവൺമെന്റിനെ പറ്റി പറഞ്ഞത് കോൺഗ്രസ്സിനെപ്പറ്റി പറഞ്ഞതാണെന്ന് തെറ്റിദ്ധരിച്ചു. അത് ഒഴിവാക്കിയതുകൊണ്ട് ഇപ്പോൾ എന്റെ പോയിന്റ് ഓഫ് ഓർഡർ ഇല്ല.

ശ്രീ. രാജു എബ്രഹാം : ഇവിടെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ അപമാനിക്കാനുള്ള ഒരു വാചകവും ഞാൻ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സ്റ്റേറ്റ്മെന്റിൽത്തന്നെ പറഞ്ഞിട്ടുണ്ട് ഇൻഡ്യൻ

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ കോൺഗ്രസ്സിന് പണം പിരിച്ച് കാമ്പെയിൻ നടത്താമെന്ന്. അപ്പോൾ തെറ്റിദ്ധരിപ്പിക്കുന്ന ഒരു സ്റ്റേറ്റ്മെന്റാണ് അദ്ദേഹം നടത്തിയത്. ഞാൻ എന്റെ സ്റ്റേറ്റ്മെന്റിൽ ചേർക്കാൻ വിട്ടുപോയ ഒരു കാര്യമുണ്ട്. ഇൻഡ്യാ ഗവൺമെന്റ് ഡി.എ.വി.പി.യുടെ പേരിൽ കോടാനുകോടി രൂപയുടെ പരസ്യങ്ങൾ ചെയ്തിട്ടുണ്ട് എന്ന കാര്യമാണ് ഞാൻ മുൻപേ വിട്ടുപോയത് എന്ന കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തട്ടെ.

മി. ചെയർമാൻ : ഇത് സംബന്ധിച്ച് ചെയർ പിന്നീട് റൂളിംഗ് നൽകുന്നതാണ്.

ശ്രീമതി കെ. എസ്. സലീഖ: സർ, 2010-ലെ 52448,79,34,000 രൂപയുടെ ധനവിനിയോഗബില്ലിനെ സർവ്വാത്മനാ പിൻതുണയ്ക്കുകയാണ്. ഇവിടെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നാലുവർഷക്കാലം ചെയ്ത പ്രവർത്തനങ്ങളെ സംബന്ധിച്ച് പത്രത്തിൽ വരുന്ന പരസ്യത്തെ സംബന്ധിച്ചാണ് വലിയ വിവാദവും ചർച്ചയും നടക്കുന്നത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കുന്ന ഘട്ടത്തിൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവരുടെ നേട്ടങ്ങളെ സംബന്ധിച്ചൊക്കെ പരസ്യം വന്നിരുന്നു. അതിനുമുൻപ് എൻ.ഡി.എ. ഗവൺമെന്റ് 'ഇൻഡ്യ തിളങ്ങുന്നു' എന്ന് പറഞ്ഞുകൊണ്ട് കോടിക്കണക്കിന് രൂപ ചെലവഴിച്ചു കൊണ്ടുള്ള പത്ര പരസ്യങ്ങളും നമ്മളെല്ലാം കണ്ടതാണ്. ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആ ഗവൺമെന്റ് ചെയ്ത പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങളുടെ മുൻപിൽ തുറന്നുകാണിക്കാനുള്ള അവസരത്തെ നിഷേധിക്കാനുള്ള സമീപനമാണ് ഇപ്പോൾ ഈ ചർച്ചയിലൂടെ നടന്നുകൊണ്ടിരിക്കുന്നത്. ഇതു പറയുമ്പോൾത്തന്നെ ഇൻഡ്യാരാജ്യത്ത് പട്ടിണി കിടക്കുന്ന മനുഷ്യന് ന്യായവിലയ്ക്ക് ഭക്ഷ്യധാന്യം വാങ്ങാനുള്ള അവസരമൊരുക്കുക എന്ന പ്രഥമ കർത്തവ്യത്തിൽനിന്നും മാറി നിൽക്കുന്ന അല്ലെങ്കിൽ ഒളിച്ചോടുന്ന ഒരു കേന്ദ്ര സർക്കാരിനെയാണ് നമുക്ക് കാണാൻ കഴിയുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ 80000 കോടി രൂപയുടെ നികുതി ഇളവാണ് വൻ കുത്തകകൾക്ക് ഇന്ത്യാഗവൺമെന്റ് മാറ്റിവച്ചത്. ഇതിന്റെ ഒരു ചെറിയ അംശമെങ്കിലും ഈ രാജ്യത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി മാറ്റിവച്ചിരുന്നുവെങ്കിൽ സാധാരണക്കാരായ മനുഷ്യർക്ക് അത് ആശ്വാസമാകുമായിരുന്നു. പണം ആ രീതിയിൽ മാത്രമല്ല പകരം ക്രിക്കറ്റ് ചൂതാട്ടത്തിനുള്ള ഐ.പി.എല്ലിനുൾപ്പെടെ അതിന്റെ സൗകര്യങ്ങൾക്കുൾപ്പെടെ ഇളവുകളും ചെയ്തുകൊടുത്തത് നാം മാധ്യമങ്ങളിൽ വായിച്ചതാണ്. ഇത്തരം അമേരിക്കയുടെ തന്ത്രപരമായ താത്പര്യങ്ങൾക്ക് ഇൻഡ്യ കീഴടങ്ങുന്ന കാഴ്ചയാണ് നമുക്ക് ഇൻഡ്യാ രാജ്യത്ത് കാണാൻ കഴിയുന്നത്. ഈ രീതിയിൽ ആവശ്യത്തിനുള്ള നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിൽ കേന്ദ്ര സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു എന്നുള്ളത് നാം മനസ്സിലാക്കിയിട്ടുള്ളതാണ്. അതോടൊപ്പം ഇൻഡ്യാ രാജ്യത്ത് നവരത്ന സ്ഥാപനങ്ങളടക്കം ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. നമുക്കറിയാം ഇൻഡ്യയിലെ ജനസംഖ്യയിൽ 70

LIBRARY ARCHIVES Kerala Legislative Assembly

ശതമാനത്തോളം ആളുകൾ ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. കാർഷിക മേഖലയിലെ പ്രതിസന്ധി കൂടുതൽ മൂർച്ഛിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് സാമൂഹ്യ സുരക്ഷാ പദ്ധതികളെല്ലാം ദുർബ്ബലമാക്കുകയും അവയെ ഇല്ലാതാക്കുകയുംചെയ്യുന്ന നടപടികളാണ് കേന്ദ്രത്തിലെ യു.പി.എ. ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ക്ഷേമരാഷ്ട്ര സങ്കൽപ്പമെന്ന കാഴ്ചപ്പാടിൽനിന്നു തന്നെ ആ നയം തന്നെ യു.പി.എ. സർക്കാർ ഉപേക്ഷിച്ചിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഈ അവസ്ഥയിൽനിന്നുവേണം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നാലുവർഷത്തെ പ്രവർത്തനങ്ങളെ നാം വിലയിരുത്താൻ. നാല് വർഷക്കാലത്തിനിടയ്ക്ക് സമസ്ത മേഖലകളിലും അഭിമാനകരമായ പുരോഗതിയാണ് കേരളത്തിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്നത് ആർക്കാണ് നിഷേധിക്കാൻ കഴിയുക. ഏറെ വർഷങ്ങൾക്കു ശേഷം പൊതുമേഖലയെ ലാഭത്തിലേക്ക് കൊണ്ടുവരുന്നതിനും അതോടൊപ്പം തന്നെ പത്ത് പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. നാലുവർഷങ്ങൾക്കുമുൻപ് 110 രൂപയായിരുന്ന ക്ഷേമ പെൻഷനുകൾ 300 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് തീരുമാനമെടുത്തു. പത്തുലക്ഷത്തോളം വരുന്ന ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർ, തോട്ടം തൊഴിലാളികൾ, അംഗൻവാടി ജീവനക്കാർ, നിലത്തെഴുത്ത് ആശാൻമാർ, അന്യസംസ്ഥാന തൊഴിലാളികൾ തുടങ്ങിയ പുതിയ വിഭാഗത്തിലേക്ക് പെൻഷൻ വ്യാപിപ്പിക്കുന്നതിന് സർക്കാരിന് ഈ കാലഘട്ടത്തിൽ കഴിഞ്ഞുവെന്നുള്ളത് നാം കണ്ടതാണ്. 30 ലക്ഷത്തോളം വരുന്ന പ്രവാസി മലയാളികൾക്കുവേണ്ടിയും ഈ രാജ്യത്ത് ആദ്യമായി ക്ഷേമനിധി നിയമം കൊണ്ടുവന്നിട്ടുള്ള ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്.

12.00 NOON] സംസ്ഥാന ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും യഥാസമയം നൽകി എന്നുമാത്രമല്ല യു.ഡി.എഫ്. സർക്കാർ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുകയും ചെയ്തു എന്നത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. കൂടാതെ പുതിയ ശമ്പളകമ്മീഷനെ നിയോഗിക്കുന്നതിനും ഈ ഗവൺമെന്റ് തയ്യാറായി. ഇതെല്ലാം സൂചിപ്പിക്കുന്നത് പത്തരമാറ്റോടുകൂടി തിളങ്ങുന്ന ഒരു ധനകാര്യ മാനേജുമെന്റാണ് കേരളത്തിൽ പ്രവർത്തിക്കുന്നത് എന്നതിന്റെ മികവിനെയാണ്. ഈ സർക്കാരിന്റെ പ്രവർത്തനത്തെ വിലയിരുത്തുന്ന ആരുംതന്നെ ഈ മികവുറ്റ ധനമാനേജുമെന്റിന്റെ പ്രവർത്തനത്തെ തലകുലുക്കി സമ്മതിക്കുന്ന കാര്യങ്ങളാണ്. പണമില്ലായ്മയുടേയും ട്രഷറി പൂട്ടലിന്റേയും പതിവ് പല്ലവികൾ ഇന്ന് കേരളത്തിൽ പഴങ്കഥകളായി മാറിയിരിക്കുകയാണ്. പദ്ധതി വെട്ടിച്ചുരുക്കലിന്റേയും പ്ലാൻ ഹോളിഡേയുടെയും ചരിത്രം കേരളത്തിന്റെ മണ്ണിൽ തിരുത്തി എഴുതിയിരിക്കുന്നു എന്നത് നമുക്ക് കാണാൻ കഴിയും. ആ കാലത്ത് ഇറങ്ങിയിരുന്ന പത്രങ്ങളിലെല്ലാംതന്നെ ആ വാർത്തകൾ വളരെ വിശദമായി വന്നിരുന്നത് നാം കണ്ടതാണ്. ഞാൻ സമയക്കുറവുമൂലം അതിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ല. വ്യക്തമായ കാഴ്ചപ്പാടിന്റെയും ശക്തമായ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ വളരെ അവധാനതയോടുകൂടി നടത്തിയ പ്രവർത്തനങ്ങളാണ് ഭദ്രമായ സാമ്പത്തിക അടിത്തറ സംസ്ഥാനത്തുണ്ടാക്കാൻ സാധിച്ചതെന്ന് ഞാൻ മനസ്സിലാക്കുകയാണ്. ആയതിന് ചുക്കാൻ പിടിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നത് മോശമാണെന്ന രീതിയിൽ ഇവിടെ ചിത്രീകരിക്കപ്പെട്ടു. ഇതിനുമുമ്പ് ഭരണത്തിലുള്ള മന്ത്രിമാരെ അഭിനന്ദിക്കാനുള്ള അവസരം അവരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടാകില്ല. അതുകൊണ്ടാണ് അത്തരം വാചകങ്ങൾ ഉണ്ടായിട്ടുണ്ടാകുക എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഏറെ പ്രതികൂലവും വൈഷമ്യവും നിറഞ്ഞ കാലഘട്ടത്തിൽ ഭാവനാപൂർണ്ണമായ നടപടികളിലൂടെ ഇങ്ങനെ സംസ്ഥാനത്തിന്റെ വികസനത്തിന് അനുഗുണമായി മാറ്റിയെടുക്കാമെന്ന് തെളിയിച്ചതിന്റെ ദൃഷ്ടാന്തമാണ് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള C&AG-യുടെ പുതിയ റിപ്പോർട്ടിൽ പ്രതിപാദിച്ച് കാണുന്നത്. C&AG-യുടെ റിപ്പോർട്ടുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ ചില കാര്യങ്ങൾ ഉദ്ധരിച്ചു. അപ്പുറത്തിരുന്ന ആളുകൾക്ക് ആ റിപ്പോർട്ടിലെ ഏതെങ്കിലും ചില വരികളിൽ സൂചിപ്പിക്കപ്പെട്ടതിനെ ചൂണ്ടിക്കാണിച്ച് പറയുമ്പോൾ ആ C&AG റിപ്പോർട്ടിൽത്തന്നെ ഈ ഗവൺമെന്റിന്റെ നാലു വർഷത്തെ പ്രവർത്തനങ്ങളെ ഉദ്ധരിച്ചുകൊണ്ട് ഏറ്റവും മികവേറിയ പ്രവർത്തനങ്ങൾ നടത്തിയ കാര്യങ്ങളും ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കാനുണ്ടെന്ന് ഞാൻ അതിന്റെ ഭാഗമായി സൂചിപ്പിക്കുകയാണ്. 2009 മാർച്ച് 31-ന് അവസാനിച്ച വർഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 17 ശതമാനത്തിന്റേയും നികുതിയേതര വരുമാനത്തിൽ 29 ശതമാനത്തിന്റേയും വർദ്ധനവ് ഉണ്ടായതായി C&AG റിപ്പോർട്ടിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. പോയവർഷം 13,669 കോടി രൂപയായിരുന്നു നികുതി വരുമാനം. അത് 15,990 കോടി രൂപയായി വർദ്ധിച്ചതായി C&AG റിപ്പോർട്ടിൽ പറയുന്നു. 17 ശതമാനത്തിന്റെ വർദ്ധനവാണ്. നികുതി പിരിവ് കർശനമാക്കാനും ഊർജ്ജസ്വലമാക്കാനും ഇച്ഛാശക്തിയോടു കൂടിയുള്ള ഇടപെടൽ കൊണ്ടുമാത്രമേ സാധ്യമാകൂ എന്നത് തർക്കമറ്റ കാര്യമാണ്. അത് ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്ന അവസ്ഥ നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നികുതി പിരിക്കാതെ പാവപ്പെട്ട ആളുകളെ പിഴിഞ്ഞെടുക്കുന്ന ഒരു സമീപനമായിരുന്നു. ഇത്തവണ പാവപ്പെട്ട ആളുകൾക്ക് വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി മുതലാളിമാരിൽനിന്നും പിരിച്ചെടുക്കേണ്ട നികുതി പിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള വളരെ ദീർഘവീക്ഷണത്തോടുകൂടിയുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് എന്നതിന്റെ ഉദാഹരണങ്ങളാണിത്. ഈ സർക്കാർ അധികാരമേറ്റെടുത്ത കാലഘട്ടത്തിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് യാഥാർത്ഥ്യമാക്കിയിരിക്കുന്നു എന്ന് ഇതിൽ നിന്നുതന്നെ നമുക്ക് മനസ്സിലാക്കാൻ വേണ്ടി സാധിക്കും. മൂലധന ചെലവ് വർദ്ധിച്ചാലേ വികസനമുള്ളൂ എന്നതുതന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

യാഥാർത്ഥ്യം. പോയ വർഷങ്ങളെ അപേക്ഷിച്ച് മൂലധന ചെലവ് നടപ്പുവർഷം 15 ശതമാനം വർദ്ധിച്ചു എന്നതാണ് C&AG യുടെ വിലയിരുത്തൽ. യു.ഡി.എഫ്.-ന്റെ കാലത്ത് മൂലധന ചെലവ് തുടർച്ചയായി വെട്ടിക്കുറയ്ക്കുന്ന രീതിയായിരുന്നു എന്നത് നാം കണ്ടതാണ്. ആ രീതിക്ക് അറുതി വരുത്തി കൊണ്ട് ഈ സർക്കാർ ഓരോ വാർഷിക ബഡ്ജറ്റിലും മൂലധന ചെലവ് കൂട്ടിനിശ്ചയിക്കുകയായിരുന്നു. അതിന്റെ പ്രതിഫലനം സംസ്ഥാനത്തിന്റെ പൊതു വികസനത്തിൽ കാര്യമായി പ്രതിഫലിക്കുകയും ചെയ്തു. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട എൻ. ശക്തൻ സംസാരിച്ചപ്പോൾ പറഞ്ഞു, ഇടതു പക്ഷ ജനാധിപത്യമുന്നണിയിലെ എം.എൽ.എ. മാരുടെ മണ്ഡലങ്ങളിൽ വാരിക്കോരി കൊടുക്കുന്നതിനുവേണ്ടിയാണ് ഇവിടെ മൂലധന ചെലവ് വർദ്ധിപ്പിച്ചതെന്ന്. അത് സ്വന്തം മനഃസാക്ഷിയോട് അല്ലെങ്കിൽ കൂടെയിരിക്കുന്നവരോട് ചോദിക്കണം. ചിലപ്പോൾ ഭരണപക്ഷത്തിരിക്കുന്ന എം.എൽ.എ. മാരുടെ മണ്ഡലങ്ങളിലുള്ളതിനെക്കാൾ പണം യു.ഡി.എഫ്.-ന്റെ എം.എൽ.എ. മാരുടെ മണ്ഡലങ്ങളിൽ ഉണ്ടാകുമോ എന്ന് പരസ്പരം ചോദിച്ചാൽ മതി, ഇങ്ങോട്ട് ചോദിക്കണമെന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അങ്ങനെ പറയുമ്പോൾ ഭരണപക്ഷത്തിരിക്കുന്ന എം.എൽ.എ. എന്നനിലയിൽ 15 കോടി രൂപ എന്റെ നിയോജകമണ്ഡലത്തിൽ ലഭിച്ചിട്ടല്ല ഞാൻ ഇതു പറയുന്നത്. അതു കൊണ്ടാണ് ഞാൻ വളരെ ആധികാരികമായി പറയുന്നത്. അപ്പുറത്തിരിക്കുന്ന എം.എൽ.എ. മാരുടെ മണ്ഡലങ്ങൾ പരിശോധിച്ചാൽ ചിലപ്പോൾ ഇതിനെക്കാളും അപ്പുറത്തുള്ള സംഖ്യയുണ്ടാകും എന്നത് തർക്കമില്ലാത്ത കാര്യമാണ്. സാമൂഹ്യക്ഷേമ സേവനമേഖലയിൽ നിന്ന് കഴിയുന്നത്ര പിൻവാങ്ങുക എന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ രീതി തിരുത്തിക്കൊണ്ട് ആ മേഖലയിൽ കാര്യമായി സർക്കാർ ഇടപെട്ടതും വളരെയധികം സ്വാഗതാർഹമാണ്. വികസന മൂലധന ചെലവും സാമൂഹിക സേവന രംഗത്തെ മൂലധന ച്ചെലവും കാര്യമായി വെട്ടിക്കുറച്ചുകൊണ്ട് റവന്യൂകമ്മി നിയന്ത്രിക്കുക എന്നതായിരുന്നു നിങ്ങളുടെ നയം, യു.ഡി.എഫ്. സർക്കാർ സ്വീകരിച്ച നയം. മൂലധന ചെലവ് കുറച്ചിട്ടും റവന്യൂകമ്മി കുറയ്ക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ല എന്ന് മാത്രമല്ല ക്രമാതീതമായി അത് ഉയരുന്ന കാഴ്ച ആയിരുന്നു കേരളത്തിൽ നമുക്ക് കാണാൻ കഴിഞ്ഞിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാകട്ടെ വികസനത്തിന്റേയും സേവനത്തിന്റേയും മേഖലകളിൽ മൂലധനചെലവ് വർദ്ധിപ്പിച്ചു. അങ്ങനെ മൂലധനചെലവ് വർദ്ധിപ്പിച്ചുകൊണ്ടുതന്നെ റവന്യൂ കമ്മി കുറയ്ക്കാൻ കഴിഞ്ഞു എന്നതും അതിൽ വിജയം കണ്ടു എന്നതും നാം ഇപ്പോൾ കണ്ടു കൊണ്ടിരിക്കുകയാണ്. വികസനത്തിന് പണമൊന്നും ചെലവാക്കുന്നില്ലെങ്കിൽ റവന്യൂകമ്മി പൂജ്യമാക്കാൻ ഒരു വിഷമവുമില്ല. പക്ഷേ വികസനത്തിന് പണം ചെലവാക്കാതെ തന്നെ റവന്യൂകമ്മി കൂട്ടി എന്ന പ്രതിഭാസമായിരുന്നു യു.ഡി.എഫ്. ഭരണത്തിൽ സ്വീകരിച്ചതെങ്കിൽ ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാകട്ടെ റവന്യൂകമ്മി നിയന്ത്രിച്ചു കൊണ്ടുതന്നെ വികസനം നടപ്പാക്കി. എൽ.ഡി.എഫ്.-ന്റെ ഭരണത്തിൽ കണ്ടു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്നത് അത്ഭുതമാണ്. റവന്യൂ കമ്മി കുറച്ചുകൊണ്ടുതന്നെ ഇവിടെ എല്ലാ വികസനങ്ങളും വളരെ ഭംഗിയായി നടക്കുകയാണ്. മിക്കവാറും എല്ലാ ദിവസവും ട്രഷറി പൂട്ടുന്ന അവസ്ഥയായിരുന്നല്ലോ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്നത്. ആ അവസ്ഥ മാറ്റിയെടുക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു എന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ഈ നാലു കൊല്ലക്കാലത്തിനിടയിൽ വന്ന പത്രങ്ങളിലെല്ലാം അത് വലിയ വാർത്തയായി പുറത്തുവന്നിരുന്നു, നാല് കൊല്ലത്തിനിടയ്ക്ക് ട്രഷറികൾ അടച്ചിട്ടില്ലെന്ന വാർത്ത എല്ലാ മാധ്യമങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. നികുതി വരുമാനത്തിൽ 15 ശതമാനത്തിന്റെ വർദ്ധന വാണ് ഈ കാലഘട്ടത്തിൽ ഉണ്ടായത് തുടങ്ങിയുള്ള ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജുമെന്റുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മുന്നേറ്റത്തിന്റെ കാഴ്ചയാണ് പത്രതാളുകളിലൂടെ നമുക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്. വാർഷിക പദ്ധതി അടങ്കൽ കുറച്ചുകൊണ്ടുവരികയും ചെറിയ പദ്ധതികൾ പോലും പൂർണ്ണമായും നടപ്പാക്കാതെ വിടുകയും ചെയ്യുന്ന ഒരു അവസ്ഥയുണ്ടായിരുന്നു. അത് മാറ്റിയെടുത്ത് പദ്ധതി ലക്ഷ്യം കവിയുന്ന അവസ്ഥയിലേക്ക് പോലും എത്തുന്ന സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിത്യനിദാന ചെലവുകൾക്കുപോലും പണമില്ലാത്ത അവസ്ഥ കേരളത്തിലുണ്ടായിരുന്നു. പണത്തിന്റെ അഭാവംകൊണ്ട് പദ്ധതികളൊന്നും മുടങ്ങുന്ന പ്രശ്നം ഇന്ന് കേരളത്തിലില്ല. ആ നിലയിലേക്ക് കേരളത്തെ മാറ്റിയെടുക്കുന്നതിനുവേണ്ടി ഫലപ്രദമായ ധനമാനേജുമെന്റിന്റെ പ്രവർത്തനങ്ങൾകൊണ്ട് സാധ്യമായിട്ടുണ്ട് എന്നത് നാം കാണണം. കേന്ദ്ര സർക്കാർ തുടർച്ചയായി ഉണ്ടാക്കിയ പല തടസ്സങ്ങളെയും നേരിട്ടുകൊണ്ടാണ് അതിനെയെല്ലാം മറികടന്ന് ഇതെല്ലാം സാധിക്കുന്നത് എന്ന് എടുത്ത് പറയേണ്ട വസ്തുതയാണ്. സംസ്ഥാനത്തിന്റെ പരിധിയിൽ വരുന്ന സാമ്പത്തിക വിഷയങ്ങൾ കയ്യടക്കാനും അങ്ങനെ സംസ്ഥാന വിഭവ സമാഹരണത്തെ ചുരുക്കി കേന്ദ്ര വിഭവ സമാഹരണത്തെ ശക്തിപ്പെടുത്താനുള്ള ഇടപെടൽ നടത്താനും കോൺഗ്രസ് ബോധപൂർവ്വമായ ശ്രമം നടത്തുകയാണ്. നമുക്കറിയാം, ഇവിടെ പലരും സംസാരിച്ചപ്പോൾ ട്രഷറി മാന്ദ്യത്തെ സംബന്ധിച്ചും ഇ.എം.എസ്. ഭവന പദ്ധതിയെ സംബന്ധിച്ചും അഭിപ്രായങ്ങൾ ഉന്നയിച്ചു. ഇ.എം.എസ്. ഭവന പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിലെ വീടില്ലാത്ത എല്ലാ ആളുകൾക്കും വീട് കൊടുക്കുക എന്ന സമീപനത്തിലേക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എടുത്ത തീരുമാനത്തെ നിങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ല എന്നതാണ് അത്തരം വിമർശനങ്ങൾ നിങ്ങൾ ഉന്നയിക്കുമ്പോൾ അതിനകത്ത് വരുന്നത്. യഥാർത്ഥത്തിൽ ഇവിടെ നടപ്പാക്കുന്ന ആ പദ്ധതികൾ സാധാരണക്കാരായ മുഴുവൻ ആളുകളും അംഗീകരിക്കുന്ന ഒരു സ്ഥിതി നമുക്ക് കാണാൻ കഴിയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്നതുകൊണ്ടാണ് ഇത് നടപ്പാക്കുന്നതെന്ന് നേരത്തെ ഇവിടെ സൂചിപ്പിക്കപ്പെട്ടു. ഇവിടെ 3 രൂപയ്ക്ക് ഞങ്ങൾ അരി കൊടുത്തു. ആരാണ് അതിന്റെ പണം കൊടുത്തത്?

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിയുടെ പണം ഈ ഗവൺമെന്റിന് കൊടുക്കേണ്ടി വരില്ല. ഞങ്ങൾക്കായിരിക്കും കൊടുക്കേണ്ടിവരിക എന്നാണ് ഇപ്പോൾ യു.ഡി.എഫ്. മെമ്പർമാർ പറയുന്നത്. വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ആരാണ് വരിക എന്നത് ജനം തീരുമാനിക്കും. ഇത് കൊടുക്കാൻ ഞങ്ങൾതന്നെ മുന്നോട്ട് വരും എന്നതിന് യാതൊരു സംശയവുമുണ്ടാകേണ്ടതില്ല എന്നാണ് അതിനെ സംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ജനക്ഷേമകരമായ ഭരണ നടപടികൾക്ക് വലിയ ജനപിന്തുണയാണ് ഇന്ന് ലഭിക്കുന്നത്. ഇതിനെതിരെ സാമ്രാജ്യത്വ ശക്തികളും അവരുടെ താൽപര്യം സംരക്ഷിക്കുന്ന വലതുപക്ഷ ശക്തികളും യോജിച്ച് അണിനിരക്കുന്ന കാഴ്ച ഇന്ന് കേരളത്തിൽ കണ്ടുകൊണ്ടിരിക്കുകയാണ്. കേരളീയ സമൂഹത്തിൽ വർഗ്ഗീയമായ ചേരിതിരിവുണ്ടാക്കി മുതലെടുക്കാനാണ് അവർ ശ്രമിക്കുന്നത്. ആസന്നമായ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ വിശ്വാസികളല്ലാത്തവർക്കും അവരുടെ സ്വതന്ത്രർക്കും വോട്ട് ചെയ്യുന്നതിന് മതപുരോഹിതന്മാരടങ്ങുന്ന സമിതിയുടെ വിലക്ക്, ഇന്ത്യയുടെ മതേതരത്വത്തിന് കടുത്ത ഭീഷണിയാണ്; അതിന് തർക്കമില്ല. ഇന്ന് കേരളത്തിലാകെ അതാണല്ലോ ചർച്ച? ഇപ്പോൾ പോപ്പുലർ ഫ്രണ്ടുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചകൾ നടക്കുകയാണ്. സംസ്ഥാനത്ത് നിലനിൽക്കുന്ന മതേതര അന്തരീക്ഷം തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾക്കെതിരെ നിതാന്ത ജാഗ്രത കേരളീയ സമൂഹം പുലർത്തേണ്ടതുണ്ട്. നമ്മുടെ രാജ്യത്തെ മതേതരത്വത്തെ കാത്തുസൂക്ഷിക്കുന്നതിനും വിശ്വാസത്തിന്റെ പേരിൽ നടത്തുന്ന നിഷ്ഠൂരമായ കടന്നാക്രമണങ്ങളെ ചെറുത്തു പരാജയപ്പെടുത്തുന്നതിനും മുഴുവൻ ജനങ്ങളും യോജിച്ച് അണിനിരക്കേണ്ട സന്ദർഭമാണിത്. ആരാധ്യനായ ഇ.എം.എസ്.ന്റെ മഹത് വചനം ഉദ്ദരിച്ചുകൊണ്ട് ഞാൻ ഈ പ്രസംഗം അവസാനിപ്പിക്കാം. 'ആധുനിക രാഷ്ട്രവും തൊഴിലാളി വർഗ്ഗമെന്ന ആശയവും നിഷേധിക്കുന്നതാണ് ജാതീയതയും മതപരമായ വർഗ്ഗീയതയും. എല്ലാ ജാതി-മത വിഭാഗങ്ങളിലുംപെട്ട അദ്ധ്വാനിക്കുന്ന ജനങ്ങളെ തൊഴിലാളി വർഗ്ഗത്തിന്റെ ആവശ്യങ്ങളെ ആസ്പദമാക്കി ഏകോപിപ്പിക്കുക മാത്രമാണ് ജാതീയതയേയും വർഗ്ഗീയതയേയും എതിർത്തുതോൽപ്പിക്കുവാനുള്ള ഒരേയൊരു മാർഗ്ഗം. ഈ ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ആത്മാർത്ഥതയോടുകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. കെ. പ്രേംനാഥ്</u>: സർ, ഞാൻ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. 52448,79,34,000 രൂപ സഞ്ചിത നിധിയിൽ നിന്നും നൽകുകയും, അതിന്റെ വിനിയോഗത്തിനുവേണ്ടിയുള്ള പ്രമേയവുമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ധനകാര്യ വകുപ്പുമന്ത്രി നമ്മുടെ നാട്ടിൽ നടത്തിയിട്ടുള്ള പ്രവർത്തനത്തെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പൊതു കടം വർദ്ധിച്ചിരിക്കുന്നുവെന്ന് നേരത്തെ ബഹുമാനപ്പെട്ട ആളുകൾ ഇവിടെ പരാമർശിക്കുകയുണ്ടായി ഏത് സാഹചര്യത്തിലാണ്, കഴിഞ്ഞ നാല് വർഷക്കാലംകൊണ്ട് ഇവിടത്തെ പൊതുകടം വർദ്ധിച്ചത് എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി വിശദീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പൊതുഭരണം എങ്ങനെയാണെന്നതിനെ സംബന്ധിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം, ആ സർക്കാരിന്റെ പ്രവർത്തന ത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം എന്നു പറയുന്നത് കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റാണ്. ബഡ്ജറ്റിലെ പണം ഉപയോഗിച്ച് ഒട്ടനവധി കാര്യങ്ങൾ ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. പക്ഷേ, കൂടുതൽ പണം സ്വരൂപിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളോ, ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളോ ഇവിടെ നടക്കുന്നില്ല. ഇന്ത്യയെ സംബന്ധിച്ചിടത്തോളം പൊതുവേ, 'India is poor but Indians are not poor' എന്നാണ് പറയാറുള്ളത്. ഇന്ത്യാ ക്കാർക്ക് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ട് എന്ന് നമുക്കറിയാം. പക്ഷേ ആ രീതിയിലുള്ള ഒരു ധനമാനേജ്മെന്റ് ഉണ്ടെങ്കിൽ തീർച്ചയായും ഇന്ത്യ രാജ്യ ത്തിന് പുരോഗമിക്കാൻ കഴിയുമെന്നുള്ളതാണ് സാമ്പത്തിക ശാസ്ത്രജ്ഞന്മാർ പറയുന്നത്. സർക്കാരിനെ സംബന്ധിച്ചിടത്തോളം സർക്കാർ നടത്തിയിട്ടുള്ള വിക സനത്തെ സംബന്ധിച്ചും അതുപോലെ തന്നെ അതിന്റെ സാമ്പത്തിക സ്രോത സ്സുകളെ സംബന്ധിച്ചും നമുക്കറിയാം. ഒട്ടനവധി നികുതി തട്ടിപ്പുകൾ നമ്മുടെ രാജ്യത്ത് നടക്കുന്നുണ്ട്. അത് വളരെ ഗൗരവത്തോടുകൂടി സർക്കാർ നോക്കിക്കാണണമെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. പുതിയ സാമ്പ ത്തിക സ്രോതസ്സുകൾ ഉണ്ടാക്കണം. നമ്മുടെ നാട്ടിൽ കുടിവെള്ളം, വീടു നിർമ്മാണം മാലിന്യ സംസ്കരണം, അതുപോലെ തന്നെ കാർഷിക മേഖല തുടങ്ങിയ രംഗങ്ങളിലൊക്കെ തന്നെ കൂടുതൽ പണം ഉപയോഗിച്ചുകൊണ്ടുള്ള വികസനത്തിനുവേണ്ടി ശ്രമിക്കണം. പെട്രോൾ വില വർദ്ധനവ് വളരെ ഗൗരവമായിട്ടുള്ള ഒരു പ്രശ്നമാണ്. അക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നികുതി ഒഴിവാക്കികൊടുത്തുക്കൊണ്ട് ആളുകൾക്ക് കഴിയുന്നത്ര സഹായം ചെയ്യാൻ ശ്രമിക്കണം. അതുപോലെ തന്നെ പഞ്ചായത്തുകൾക്ക് കൂടുതൽ വികസനത്തിനുവേണ്ടിയുള്ള പണം കൊടുക്കുകയാണ്. ബി.ഒ.ടി.യുടെ പേരി ലുള്ള വലിയൊരു തട്ടിപ്പ് സ്വകാര്യമേഖലയിൽ നടക്കാൻ പോവുകയാണ്. അത് വളരെ ഗൗരവത്തോടുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് ഞാൻ വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുക യാണ്. അതുപോലെ തന്നെ കേരളത്തിലെ എൻ.എച്ച് വികസനവുമായി ബന്ധ പ്പെട്ടുകൊണ്ട് പതിനഞ്ച് ലക്ഷത്തോളം ജനങ്ങളെ ഭിന്നിപ്പിക്കുന്ന വളരെ ഗൗരവതരമായിട്ടുള്ള സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. ഇവിടെ എല്ലാ രാഷ്ട്രീയ പാർട്ടികളും ചേർന്നുകൊണ്ട് 30 മീറ്റർ എൻ.എച്ച്.ന്റെ വീതി മതിയെന്ന് തീരുമാനിച്ചു. അതൊരു നല്ലകാര്യമാണെന്നതിൽ യോജിക്കുന്നു. അവരെ സഹായിക്കണം. പ്രയാസമനുഭവിക്കുന്ന ആളുകളെ മനസ്സിലാക്കണം. പുതിയ റോഡുകൾ വികസിപ്പിക്കണം. ആ വികസനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ കേരളത്തിന്റെ എല്ലാ രംഗത്തുമുള്ള വികസനമുണ്ടാകും. റോഡുകളെ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളുണ്ടാക്കണം. എൻ.എച്ച്. മാത്രമല്ല, എല്ലാ റോഡുകളും വികസിപ്പിക്കണം. ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ അതിതീവ്രമായ വികാരത്തോടുകൂടി സംസ്ഥാനത്തെ നിയമസഭാംഗങ്ങളെല്ലാവരും ഒറ്റക്കെട്ടായി സംസാരിക്കുന്നത് മത തീവ്രവാദത്തെ സംബന്ധിച്ചാണ്. മതത്തിന്റെ കാര്യത്തിൽ ഇന്ത്യ ഒരു പ്രത്യേക സാഹചര്യമുള്ള രാജ്യമാണ്. ഇന്ത്യയിലെ ബുദ്ധമതവും ജൈനമതവുമെല്ലാം തന്നെ സമാധാനത്തിനുവേണ്ടിയുള്ള മതങ്ങളാണ്. Love is God and God is Love എന്നുപറഞ്ഞ് ക്രിസ്തുമതം ഇവിടെ പ്രചരിപ്പിച്ചിട്ടുണ്ട്. അതുപോലെ തന്നെ മറ്റു മതങ്ങളുമുണ്ട്. നമ്മുടെ നാട്ടിൽ യഥാർത്ഥത്തിൽ ഇതിനെ നിയന്ത്രിക്കുന്ന വകുപ്പ് ഇന്ത്യൻ പീനൽ കോഡാണ്. ഇന്ത്യൻ പീനൽകോഡിലെ അടിസ്ഥാനപരമായിട്ടുള്ള ചില വകുപ്പുകൾ മാറ്റിക്കൊണ്ട് മതതീവ്രവാദത്തെ ശക്തമായി നിയന്ത്രിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഇവിടെ ഉണ്ടാകണം ഗാന്ധിജിയെ വധിച്ചു, ഇന്ദിരാഗാന്ധിയെ വധിച്ചു. അങ്ങനെയുള്ള നേതാക്കന്മാരെയൊക്കെ മതതീവ്ര വാദികൾ ഇവിടെ വധിക്കുന്ന സാഹചര്യമാണ്, ജനങ്ങളെ ഇല്ലാതാക്കുകയാണ്. ഈ തീവ്രവാദത്തിനെതിരായിട്ടുള്ള പോരാട്ടത്തിൽ രാജ്യത്തിലെ ജനതാദൾ അടക്കമുള്ള എല്ലാ ദേശീയ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒറ്റക്കെട്ടായി നിൽക്കു ന്നുവെന്നുള്ളത് വളരെ സന്തോഷകരമായിട്ടുള്ള കാര്യമാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് യഥാർത്ഥത്തിൽ ഈ സംസ്ഥാനത്തിന്റെ മുസ്ലീം തീവ്രവാദത്തെ ഇല്ലാതാക്കുന്നതിനുവേണ്ടി ശ്രമിച്ചിട്ടുള്ള ഒരുപാർട്ടിയാണെന്ന് ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് മത തീവ്രവാദം എന്നുള്ള വളരെ ഭീകരമായിട്ടുള്ള അവസ്ഥയെ നേരിടുന്നതിന് ഈ സംസ്ഥാനത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് പോപ്പുലർ ഫ്രണ്ട് അടക്കമുള്ള പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തെ ശക്തമായി എതിർക്കു ന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. മത കോടതികൾ എന്നാണ് നമ്മുടെ പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. അങ്ങനെയൊരു ഭീകരാന്തരീക്ഷമാണ് ഇപ്പോൾ സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത്. ഈ വസ്തുതകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി പിന്തുണയ്ക്കുകയാണ്. ദരിദ്രരുടെയും സാധാരണക്കാ രുടെയും ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയ ഒരു ചെലവാക്കൽ നയമാണ് എൽ.ഡി.എഫ്. സർക്കാരിന്റേത്. പിശുക്കനായ ഒരു കാരണവരല്ല, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി. എല്ലുമുറിയെപ്പണിയെടുത്തും കുടുംബത്തെ ആഹ്ലാദഭരിതമാക്കുന്ന പ്രതിഭാശാലിയാണ് ധനകാര്യ വകുപ്പുമന്ത്രി. എൽ.ഡി.എഫ്. സർക്കാരിന്റെ ചെലവിന്റെ മുൻഗണനകൾ പരിശോധിച്ചാൽ ഇക്കാര്യങ്ങൾ വ്യക്തമാകുന്നതാണ്. ഇവിടെ എൽ.ഡി.എഫ്.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ വരുന്ന സമയത്ത് എല്ലാ ക്ഷേമപെൻഷനുകൾക്കും 23 മാസത്തെ കുടിശ്ശികയായിരുന്നു. ഇപ്പോൾ ആ പെൻഷനുകളെല്ലാം അഡ്വാൻസായി നൽകുകയാണ്. 100-ഉം 110-ഉം രൂപയായിരുന്ന എല്ലാ പെൻഷനുകളും 300 രൂപയാക്കി വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. വിവിധ കടാശ്വാസ പദ്ധതികൾക്കായി 500 കോടി രൂപ ഇതിനകം ചെലവഴിച്ചുകഴിഞ്ഞു. 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് റേഷൻ അരി നൽകുന്ന പദ്ധതിക്കായി ഈ വർഷം 500 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. കയർ, കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി കുടിശ്ശികകളെല്ലാം കൊടുത്തു തീർത്തു. കുടിയേറ്റത്തൊഴിലാളികൾക്കും ലോട്ടറി വിൽപ്പനക്കാർക്കും കക്കത്തൊഴിലാളികൾക്കും ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾക്കുമൊക്കെ പുതിയ ക്ഷേമനിധി ഈ ഗവൺമെന്റ് കൊണ്ടുവരികയുണ്ടായി. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരുടേയും പണക്കാരുടേയുമൊക്കെ കാര്യങ്ങൾ ചെയ്തിട്ട് ബാക്കി തുക പാവങ്ങൾക്ക് എന്ന ഒരു സങ്കൽപ്പത്തിൽ നിന്ന് വ്യത്യസ്തമായി സാധാരണക്കാരായിട്ടുള്ള മനുഷ്യർക്ക് ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സവിശേഷതയായി എടുത്തുപറയാൻ കഴിയുന്നത്. അതുപോലെ തന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാ വ്യവസായങ്ങൾ വിറ്റുതുലയ്ക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ഒരുപാട് പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ വിൽപ്പനയ്ക്ക് വച്ചിരുന്നു. പക്ഷേ, ഈ ഗവൺമെന്റ് വന്നപ്പോൾ ആ നയം മാറ്റിയെന്നുമാത്രമല്ല, നാല് സ്ഥാപനങ്ങൾ ഒഴികെ മറ്റെല്ലാ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും ഇന്ന് വലിയ ലാഭത്തിലേക്ക് കടന്നിരിക്കുകയാണ്. ഒരു ഗവൺമെന്റിന് ജനങ്ങളുടെ മുമ്പാകെ പറയാൻ കഴിയുന്ന ഏറ്റവും അഭിമാനകരമായിട്ടുള്ള ഒരു കാര്യമായി ഞാൻ ഇതിനെ കണക്കാക്കുകയാണ്. പൊതു വിദ്യാഭ്യാസത്തിനുള്ള സർക്കാർ വിഹിതം ഈ ഗവൺമെന്റ് ഗണ്യമായി ഉയർത്തി. അതുപോലെ തന്നെ മലബാർ ഉൾപ്പെടെയുള്ള പിന്നോക്ക മേഖലകളിൽ പുതിയ പ്ലസ് 2 കോഴ്സ് അനുവദിച്ചതും ഗവൺമെന്റിന്റെ ഈ നയത്തിന്റെ ഭാഗമായിട്ടാണ്. സർവ്വകലാശാലകൾക്ക് പദ്ധതി ഇനത്തിൽ ഈ സാമ്പത്തിക വർഷം 50 ശതമാനം അധികവിഹിതം ഗവൺമെന്റ് നൽകി. കഴിഞ്ഞ നാല് വർഷമായി ശരാശരി 20 ശതമാനമാണ് പദ്ധതിയേതര ഗ്രാന്റിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്. അതുപോലെതന്നെ 2009-2010-സാമ്പത്തിക വർഷത്തിൽ മാത്രം റോഡുകൾക്കും പാലങ്ങൾക്കും 500 കോടി രൂപയുടെ അനുമതി നൽകുകയുണ്ടായി. ഈ ഗവൺമെന്റ് ക്ഷേമപ്രവർത്തനങ്ങൾ നടത്തുമ്പോൾ സ്വാഭാവികമായിട്ടും പാവപ്പെട്ടവർക്ക് മുൻഗണന നൽകുന്ന ഒരു സമീപനം സ്വീകരിക്കുന്നു. അതോടൊപ്പംതന്നെ നമ്മുടെ സാമ്പത്തിക ഘടനയിലെ നികുതി വരുമാനം വർദ്ധിപ്പിക്കുകയും സാമ്പത്തിക ഘടന ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

ധന മാനേജ്മെന്റ് ഗവൺമെന്റ് പ്രാവർത്തികമാക്കി. ആഗോള സാമ്പത്തിക മാന്ദ്യമുണ്ടായിട്ടുള്ള കാലഘട്ടമായിരുന്നുവെങ്കിൽപ്പോലും സംസ്ഥാനത്തിന്റെ വാണിജ്യ വിൽപ്പന നികുതിയുടെ വർദ്ധനവ് 14 ശതമാനമാണ്. കഴിഞ്ഞ നാല് കൊല്ലത്തെ ശരാശരി നികുതി വളർച്ച 20 ശതമാനം വർദ്ധിക്കുകയുണ്ടായി. 2010 ജൂൺ വരെ നികുതി വരുമാനം 25 ശതമാനം വർദ്ധിച്ചു. 2005-2006 വർഷം വാണിജ്യ നികുതി വരുമാനം 6,983 കോടി രൂപയായിരുന്നു എങ്കിൽ 2009-2010 സാമ്പത്തിക വർഷം 13,194 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. ഇങ്ങനെ നമ്മുടെ നികുതിവരുമാനം വൻതോതിൽ വർദ്ധിപ്പിക്കുകയും ചെലവുകളുടെ കാര്യത്തിൽ പാവങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്ന ശ്രദ്ധേയമായിട്ടുള്ള ഒരു നടപടിയാണ് നമ്മുടെ ധനകാര്യ വകുപ്പു മന്ത്രി ഇവിടെ പ്രാവർത്തികമാക്കുന്നത്. അതുകൊണ്ടുതന്നെ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കാതിരിക്കാൻ യാതൊരു കാരണവും രാഷ്ട്രീയമായിട്ടല്ലാതെ കാണുന്നില്ല. ചില രാഷ്ട്രീയ കാര്യങ്ങളിലേക്ക് കടക്കുമ്പോൾ ഇവിടെ ഇപ്പോൾ വലിയ കോലാഹലം തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ചാണ്. മുഖ്യമന്ത്രി പോപ്പുലർ ഫ്രണ്ടിന്റെ തീവ്രവാദ പ്രവർത്തനങ്ങളെ എതിർത്തുകൊണ്ട് സ്റ്റേറ്റ്മെന്റ് നടത്തിയപ്പോൾ അത് ഒരു സമുദായത്തിനെതിരായിട്ടുള്ള അക്രമമാണെന്ന് പ്രചരിപ്പിക്കാനാണ് പലരും ശ്രമിക്കുന്നത്. യഥാർത്ഥത്തിൽ നമ്മുടെ നാടിന്റെ മതനിരപേക്ഷ അടിത്തറ തകർക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന തീവ്രവാദ വർഗ്ഗീയ ഗ്രൂപ്പുകൾക്കെതിരായി എല്ലാവരും ഒരേ സ്വരത്തിൽ സംസാരിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നാടിന്റെ സാമൂഹ്യ ജീവിതത്തിൽ കഴിഞ്ഞ ഏഴ് പതിറ്റാണ്ടിലേറെയായി നിറഞ്ഞു നിൽക്കുന്ന ഒരു വ്യക്തിത്വമാണ്. അദ്ദേഹം ഏതെങ്കിലുമൊരു സമുദായത്തെ ആക്ഷേപിക്കുന്നു എന്നൊക്കെപ്പറയുന്നത് പ്രത്യേകമായിട്ടുള്ള ചില താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ്. ഇവിടെ നമ്മുടെ നാട്ടിലെ മതനിരപേക്ഷ സമൂഹം ആഗ്രഹിക്കുന്ന തരത്തിൽ മതനിരപേക്ഷ പ്രസ്ഥാനങ്ങൾ വർഗ്ഗീയ തീവ്രവാദ ഗ്രൂപ്പുകൾക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കണം. പലപ്പോഴും കോൺഗ്രസ്സ് അങ്ങനെ നിലപാട് സ്വീകരിക്കുന്നില്ല. കോൺഗ്രസ്സും യു.ഡി.എഫ്-ഉം ഇപ്പോൾ അവരെ പിന്താങ്ങുന്ന ശക്തികളുമൊക്കെ വർഗ്ഗീയതക്കെതിരായി നിലപാട് സ്വീകരിക്കുന്നു എന്ന ധ്വനിയിലാണ് കാര്യങ്ങൾ പ്രചരിപ്പിക്കുന്നത്. എന്നാൽ നമ്മുടെ നാടിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകും, നിർണ്ണായകമായിട്ടുള്ള എല്ലാ സന്ദർഭങ്ങളിലും കോൺഗ്രസ്സ് പലപ്പോഴും വർഗ്ഗീയ ശക്തികൾക്ക് കൂട്ടുനിന്നിട്ടുണ്ട്. ഭൂരിപക്ഷ വർഗ്ഗീയതയേയും ന്യൂനപക്ഷ വർഗ്ഗീയതയേയും തരാതരംപോലെ പ്രോത്സാഹിപ്പിച്ചുകൊണ്ടാണ് കോൺഗ്രസ്സ് കടന്നുവന്നിട്ടുള്ളത്. ബാബ്റി മസ്ജിദ് ഇഷ്യൂവിന്റെ തുടക്കത്തിലുള്ള കാര്യങ്ങൾ മുഴുവൻ നോക്കുക. ശിലാന്യാസത്തിന് അനുമതി നൽകിയപ്പോഴായാലും ബാബ്റി മസ്ജിദ് തുറന്നുകൊടുത്തപ്പോഴായാലും പിന്നീട് ബാബ്റി മസ്ജിദ് തകർത്തപ്പോഴായാലും കോൺഗ്രസ്സ് എവിടെയാണ്

LIBRARY ARCHIVES Kerala Legislative Assembly

നിന്നതെന്നത് ചരിത്രത്തിന്റെ ഭാഗമായി നമുക്ക് കാണാവുന്നതാണ്. ഒരു മതനിരപേക്ഷ പാർട്ടി എന്നുള്ള നിലയിൽ കോൺഗ്രസ്സ് അതിന്റെ ക്രഡിബിലിറ്റി തകർത്തുകളഞ്ഞ സന്ദർഭങ്ങളായിരുന്നു അതെല്ലാം. പക്ഷേ ഇവിടെ പ്രതിപക്ഷത്തുനിന്ന് സംസാരിക്കുന്നവർ സി.പി.ഐ. (എം.) ഈ തീവ്രവാദ ഗ്രൂപ്പുകൾക്കെതിരായിട്ടുള്ള നിലപാട് സ്വീകരിക്കുന്നില്ല എന്ന മട്ടിൽ പറയുന്നതിന് എന്ത് ന്യായീകരണമാണുള്ളത്? വർഗ്ഗീയ തീവ്രവാദ ഗ്രൂപ്പുകൾക്കെതിരായി എല്ലാ കാലത്തും സന്ധിയില്ലാതെ സമരം ചെയ്തുകൊണ്ടാണ് സി.പി.ഐ.(എം.)-. ഉം ഇടതുപക്ഷവും മുന്നോട്ടുവന്നിട്ടുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. റ്റി. എ. റഹീം : സർ, കോൺഗ്രസ്സിന്റെ പങ്കിനെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. 1992-ൽ ബാബ്റി മസ്ജിദ് തകർത്തപ്പോൾ പള്ളി തകർത്തത് റാവുവാണെന്ന് ടൈംസ് ഓഫ് ഇൻഡ്യയിൽ പേരുവച്ച്, നമ്മുടെ ബഹുമാന്യനായ സുഹൃത്ത് അൽഫോൺസ് കണ്ണന്താനം ഒരു ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന് അദ്ദേഹത്തെ ഐ.എ.എസ്.-ൽ നിന്നും സസ്പെൻഡ് ചെയ്തുവെന്നുള്ള കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : ഉണ്ട്. കോൺഗ്രസ്സിന്റെ നിലപാടുകളോട് ഇൻഡ്യയിലെ മതനിരപേക്ഷ പാർട്ടികൾ ആ ഘട്ടത്തിലെല്ലാം ശക്തിയായി പ്രതികരിച്ചിട്ടുണ്ട്. എന്തിന്, ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് പോലും ഒരു ഘട്ടത്തിൽ മുന്നണി വിട്ടുപോയിട്ടുണ്ട്. നമ്മൾ ഓർക്കണം, പലരും അത് ഓർക്കുന്നില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് കേരളത്തിലെ ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് ഐക്യജനാധിപത്യ മുന്നണി വിട്ടുപോയിട്ടുണ്ടെന്ന കാര്യം ഇപ്പോൾ പലരും മറക്കുകയാണ്.

ശ്രീ. കെ. ബാബു : സർ, കോൺഗ്രസ്സിന്റെ നിലപാടിനെക്കുറിച്ച് പറഞ്ഞല്ലോ? കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങളോട് വിയോജിപ്പുണ്ടെങ്കിലും കോൺഗ്രസ്സ് ഒരു മതേതര പാർട്ടിയായതുകൊണ്ട് ബി.ജെ.പി. യെ ഒഴിവാക്കാൻ കോൺഗ്രസ്സിനെ പിന്താങ്ങുന്നു എന്നുള്ളതായിരുന്നില്ലേ നിങ്ങളുടെ പാർട്ടിയുടെ നിലപാട് ? അതിനുശേഷം ഇപ്പോഴല്ലേ നിങ്ങൾ കോൺഗ്രസ്സും ബി.ജെ.പി. യും ഒരുപോലെയാണെന്ന് കണ്ടെത്തിയത് ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സി. പി. ഐ.(എം.)-ന്റെ ആ നിലപാടിനെ നന്ദിപൂർവ്വം സ്മരിക്കേണ്ടതിനുപകരം നിങ്ങൾ പലപ്പോഴും നിന്ദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇൻഡ്യൻ രാഷ്ട്രീയത്തിൽ വർഗ്ഗീയതയ്ക്കെതിരായി വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ചതുകൊണ്ടാണ് എൻ.ഡി.എ. ഭരണത്തിനെതിരായി യു.പി.എ. ഗവൺമെന്റിനെ പിന്താങ്ങാൻ സി. പി. ഐ.(എം.)-ഉം ഇടതുപക്ഷവും തീരുമാനിച്ചത്. ഒരു നയത്തിന്റെ എന്തുമാത്രം തിളക്കമാർന്ന വർഗ്ഗീയവിരുദ്ധ നിലപാടാണ് സി.പി.ഐ. (എം.)-ന്റേത് എന്ന് തെളിയിക്കുന്നതാണ് ആ സംഭവങ്ങൾ. ഞാൻ അതിലേക്ക് കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ : സർ, ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവമായ ഒരു വിഷയമാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളീയ സമൂഹം തന്നെ വർഗ്ഗീയതയുടെ ഭാഗമായി ഉഴുതുമറിക്കാനുള്ള വലിയ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ആര് എന്നുള്ള ചോദ്യത്തിന്റെ മേലെ തെറിച്ചു പോകണ്ട എന്നാണ് എന്റെ അഭിപ്രായം. ഞാൻ ഇവിടെ ചോദിക്കാൻ തുടങ്ങുന്നത് അത്തരമൊരു കേരളീയ സമൂഹത്തിൽ ഉത്കണ്ഠപ്പെടുത്തുന്ന പ്രശ്നം 1948-കളിൽ യു. എ. ഖാദർ എഴുതിയിട്ടുള്ള 'വിശുദ്ധ പൂജ' എന്നുപറയുന്ന പുസ്തകമാണ്. ഇന്നാണ് അദ്ദേഹം ആ ചെറുകഥ എഴുതിയതെങ്കിൽ എന്തായിരിക്കുമായിരുന്നു കേരളത്തിന്റെ സ്ഥിതി എന്നുള്ള ഉത്ക്കണ്ഠ പോലും കേരളീയ സമൂഹത്തിനുണ്ട്. യഥാർത്ഥത്തിൽ തസ്ലീമയെപ്പോലെ ഖാദറിനെപ്പോലും ഇന്ന് നാടുകടത്തപ്പെടുന്ന രൂപത്തിലുള്ള വലിയ വർഗ്ഗീയ വികാര പ്രകടനങ്ങൾ ഇവിടെ ഉണ്ടാകുമായിരുന്നു എന്ന കാര്യം അങ്ങ് ഓർക്കുന്നുണ്ടോ ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : ഉണ്ട്. ഇവിടെ നമ്മൾ കേവലമായിട്ടുള്ള രാഷ്ട്രീയ അഭിപ്രായ ഭിന്നതകൾക്കപ്പുറം ഒരേ മനസ്സോടെ നമ്മുടെ മതനിരപേക്ഷ സമൂഹം ശക്തമായി പ്രതിഷേധിക്കേണ്ടതാണെന്നതാണ് എന്റെ നിരീക്ഷണം. ഇവിടെ പലപ്പോഴും കോൺഗ്രസ്സുകാരിൽ പലരും ഐക്യജനാധിപത്യ മുന്നണി നടത്തിയിട്ടുള്ള വർഗ്ഗീയ പ്രീണനത്തെ മറച്ചുവയ്ക്കാനാണ് ശ്രമിക്കുന്നത്. ശ്രീ. ഒ. രാജഗോപാലും ശ്രീ. കെ. ജി. മാരാരുമൊക്കെ ഐക്യ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ച ഒരു ചരിത്രം ഈ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. പക്ഷേ പലപ്പോഴും പലരും അത് സ്മരിക്കാൻ മടിക്കുകയാണ്. വർഗ്ഗീയവാദികൾക്കെതിരായി ഏറ്റവും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്ന സി. പി. ഐ.(എം.) നെതിരായി നടക്കുന്ന ഈ പ്രചാരവേലയൊന്നും നമ്മുടെ നാട്ടിൽ വിലപ്പോകാൻ പോകുന്നില്ല. ഞാൻ പറഞ്ഞുവന്നത്, പോപ്പുലർ ഫ്രണ്ടിനെ ആക്രമിക്കുമ്പോൾ, അവരുടെ നിലപാടുകളെ എതിർക്കുമ്പോൾ ഒരു സമുദായത്തെ ആക്രമിക്കുന്നു എന്നു പറയേണ്ട യാതൊരു കാര്യവുമില്ല. കാരണം, നമുക്കറിയാം കേരളത്തിലെ മത ന്യൂനപക്ഷങ്ങൾക്ക് അവരുടെ യഥാർത്ഥ സംരക്ഷകർ ആരാണെന്ന് തിരിച്ചറിയാനുള്ള വകതിരിവൊക്കെയുണ്ട്. ഏതെങ്കിലും ഒരു സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ വഴിതെറ്റിപ്പോകുന്നതല്ല അത്. രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി, രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി പലപ്പോഴും വർഗ്ഗീയതയോട് സന്ധി ചെയ്തിട്ടുള്ളത് കോൺഗ്രസ്സും അതുപോലെയുള്ള ശക്തികളുമാണ് എന്നുപറയുന്നതിനുവേണ്ടിയാണ് ഞാൻ ഇത്രയും കാര്യങ്ങൾ പറഞ്ഞത്. ഞാൻ മറ്റു ചില കാര്യങ്ങളിലേക്ക് കടക്കുകയാണ്.

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, അങ്ങ് പറഞ്ഞത് വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. പ്രത്യേകിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെ ഇവിടെ ഇരിക്കുന്ന സന്ദർഭത്തിലാണ് ഈ ഗൗരവമുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

ആരോപണം ഉന്നയിച്ചിട്ടുള്ളത്; കോൺഗ്രസ്സാണ് മതത്തെ രാഷ്ട്രീയമായി ദുരുപയോഗപ്പെടുത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത് എന്നുള്ളത്. ഞാൻ ചോദിക്കട്ടെ, ഇവിടെ കുറെ സോഫ്റ്റായിട്ട് പറഞ്ഞാൽ ഉദാഹരണത്തിന് ഇപ്പോൾ റിഫൈൻഡ് വെളിച്ചെണ്ണ എന്നൊക്കെ പറഞ്ഞതുപോലെ റിഫൈൻഡ് കമ്മ്യൂണലിസം എന്ന് പറയാവുന്ന ഒന്നാണ് ക്രിസ്ത്യൻ നേതൃത്വത്തിൽ ഇന്ന് രൂപപ്പെട്ടുവരുന്നത്. ഇപ്പോൾ വന്ന ഒരു ഇടയലേഖനത്തിൽ പറയുകയാണ്, വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വോട്ട് ചെയ്യണം. വിശ്വാസികൾക്ക് മാത്രമേ ചെയ്യാൻ പാടുള്ളൂ. ഒരു മതേതര രാജ്യത്ത് അങ്ങനെ ഒരു ഇടയലേഖനം ഇവിടെയൊക്കെ വായിച്ചു. ഇപ്പോൾ തെരഞ്ഞെടുപ്പ് കമ്മീഷൻ തന്നെ അതുസംബന്ധിച്ച് വിശദീകരണം ചോദിക്കുമെന്ന് പറയുന്നു. ഞാൻ ചോദിക്കട്ടെ, എന്താണ് കോൺഗ്രസ്സ് അതിനെ സംബന്ധിച്ച് ഒരു നിലപാട് എടുക്കാത്തത്? പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ളവർ അതിൽ അഭിപ്രായം പറയണ്ടേ? എന്താണ് അത് സംബന്ധിച്ച് ഇതുവരെ ഒരു മറുപടിയും പറയാത്തത്? അത് സംബന്ധിച്ച് ഒന്ന് ചോദിക്കണ്ടേ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : ഒരു ജനാധിപത്യ സമൂഹത്തിൽ ഇത്തരത്തിൽ പ്രഖ്യാപനങ്ങൾ മതമേലധ്യക്ഷന്മാരുടെ ഭാഗത്തുനിന്നും വരുന്നത് തികച്ചും എതിർക്കപ്പെടേണ്ടതാണ്. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഇന്ന ആൾക്ക് വോട്ട് ചെയ്യണം, ഇന്ന ആൾക്ക് വോട്ട് ചെയ്യേണ്ട എന്നുപറഞ്ഞാൽ നാളെ ശ്രീ. ആര്യാടനുവേണ്ടി വോട്ടുചെയ്യാൻ പറ്റുമോ ഒരു വിശ്വാസിക്ക്? അങ്ങനെയുള്ള തെറ്റായ നിലപാടുകളിലേക്ക് പോകുന്നത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയുന്നതല്ല.

<u>ശ്രീ. പി. സി. ജോർജ്</u> : ശ്രീ. അബ്ദുൾ ഖാദർ, അങ്ങ് വഖഫ് ബോർഡിന്റെ ചെയർമാനാണ്. ഞാൻ വളരെ നിഷ്പക്ഷതയോടെ അങ്ങയുടെ മനഃസാക്ഷി ശരിയാണെന്ന് വിശ്വസിക്കുന്ന ആളാണ്. പക്ഷേ ഞാൻ ചോദിക്കട്ടേ, വഖഫ് ബോർഡ് ചെയർമാൻ എന്ന നിലയിൽ നീതിപൂർവ്വമായി നിഷ്പക്ഷമായി പെരുമാറാൻ അങ്ങേയ്ക്ക് അനുവാദം കിട്ടിയിട്ടുണ്ടോ? ഉദാഹരണമായി വഖഫ് സംബന്ധിച്ച ഒരു കമ്മീഷൻ റിപ്പോർട്ട് സഭയിൽ വച്ചിട്ടുണ്ട്. ആ കമ്മീഷൻ റിപ്പോർട്ടിൽ ചെയർമാൻ ഒരു അഭിപ്രായം പറഞ്ഞിരിക്കുന്നു, മെമ്പർ സെക്രട്ടറി വേറൊരു അഭിപ്രായം പറഞ്ഞിരിക്കുന്നു. റിപ്പോർട്ടിൽ ചെയർമാൻ പറഞ്ഞിരിക്കുന്നത് -കമ്മീഷൻ സെക്രട്ടറിയുടെ അഭിപ്രായം ഞാൻ കണ്ടിട്ടില്ലെന്നാണ്. ആ കമ്മീഷൻ സെക്രട്ടറിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ആക്ഷൻ ടേക്കൺ റിപ്പോർട്ട് നിയമസഭയിൽ വച്ചിരിക്കുകയാണ്. ഇൻഡ്യാരാജ്യത്ത് ഒരു സംസ്ഥാനത്തും നടക്കാത്ത കാര്യമല്ലേ? അങ്ങ് വഖഫ് ബോർഡിന്റെ ചെയർമാനല്ലേ? അങ്ങയുടെ അഭിപ്രായം എന്താണ്; അതു പറയാൻ തന്റേടമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഞാൻ ഒരു പ്രത്യേക വിഷയത്തെ കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. വഖഫ് സ്ഥാപനങ്ങൾ സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ യാതൊരു തർക്കവും ആർക്കും ഉണ്ടാകേണ്ട കാര്യമില്ല. വഖഫുകൾ എന്നുപറയുന്നത് ഒരു പൊതുമുതലാണ്. ആ മുതൽ സംരക്ഷിക്കുന്ന പ്രക്രിയ ത്വരിതപ്പെടുത്തുക എന്നതാണ് ഗവൺമെന്റിന്റെ ഉദ്ദേശമെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിൽക്കൂടുതൽ ഇക്കാര്യത്തിൽ ഞാൻ പ്രതികരിക്കുന്നില്ല. ഇവിടെ ഞാൻ മറ്റുചില വിഷയങ്ങളിലേക്ക് കടക്കുകയാണ്. നമ്മൾ ഈ കാര്യങ്ങൾ ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ജനാധിപത്യത്തെക്കുറിച്ചൊക്കെ പറയുമ്പോൾ കോൺഗ്രസ്സിന്റെ ജനാധിപത്യ പ്രക്രിയ, ഇലക്ഷൻവരെ കോൺഗ്രസ്സിൽ തെരഞ്ഞെടുപ്പുവേണ്ട തില്ല എന്ന് പറഞ്ഞിരിക്കുകയാണ്. നന്നായി. ഒരുതരത്തിൽ നല്ലതാണ്. ഇന്ന് ഞങ്ങളുടെ പാർട്ടിയിലെല്ലാം ജനാധിപത്യ പ്രക്രിയ നന്നായി നടക്കുന്ന കാലഘട്ടമാണ്. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ നിർത്തുകയാണ്. ശ്രീ. കൊടിക്കുന്നിൽ സുരേഷ് ഇന്ന് നടത്തിയിട്ടുള്ള ഒരു പ്രസ്താവനയുണ്ട്. അദ്ദേഹത്തെ ഇലക്ഷൻ കേസ്സിൽ തോൽപ്പിക്കുന്നതിന് കോൺഗ്രസ്സിലെ ഒരു വിഭാഗം നേതാക്കളാണ് ചരട് വലിച്ചത് എന്നാണ്. ഒരു പാർട്ടി ആഭ്യന്തര പ്രശ്നം കൊണ്ട് എന്തുമാത്രം ഉഴലുന്നു എന്ന് തെളിയിക്കുന്നതാണ് അദ്ദേഹ ത്തിന്റെ പ്രസ്താവന. ശ്രീ. പി. സി. ചാക്കോ പറഞ്ഞു, കെ.പി.സി.സി.യുടെ പ്രസിഡന്റ്, കെ.പി.സി.സി. പ്രസിഡന്റായി പ്രവർത്തിക്കാൻ പോലും യോഗ്യനല്ല എന്ന്. ശ്രീ. കരുണാകരൻ എന്താണ് പറഞ്ഞത് ? ശ്രീ. ഉമ്മൻ ചാണ്ടിയും രമേശ് ചെന്നിത്തലയും എന്നെ കാണാൻ വരും, അത് ജനങ്ങളെ പറ്റിക്കാനാണെന്നാണ്. ഒരു രാഷ്ട്രീയ പാർട്ടി എന്തുമാത്രം ആഭ്യന്തര കുഴപ്പങ്ങളിൽപെട്ട് ഉഴലുന്നു എന്നതിന്റെ തെളിവുകളാണിത്. ജനാധിപത്യം എന്നെ കുഴിച്ചുമൂടിയ ഒരു പ്രസ്ഥാനമായിട്ട് മാറിക്കഴിഞ്ഞിരിക്കുകയാണ്. സ്വന്തം പാർട്ടിക്കകത്ത് അഭിപ്രായം പറഞ്ഞതിന് ഒരു പ്രവർത്തകനെ ചവിട്ടി കൊല്ലുകയുണ്ടായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് മാർക്സിസ്റ്റ് പാർട്ടിയുടെ കൂടെയാണ് നിൽക്കുന്നത്, മാർക്സിസ്റ്റ് പാർട്ടിയുടെ എം.എൽ.എ. ആണ്, മാർക്സിസ്റ്റ് പാർട്ടി ബെഞ്ചിലാണ്; അങ്ങ് കോൺഗ്രസ്സിനകത്തെ അഭിപ്രായ വ്യത്യാസത്തെയാണ് പറയുന്നത്. അങ്ങ് ഇരിക്കുന്ന സ്ഥലത്ത് ഒരു മുഖക്കണ്ണാടി വച്ച് നോക്കിയാൽ മാത്രം അറിയാമല്ലോ അങ്ങ് ഇരിക്കുന്ന പാർട്ടിക്കകത്തെ അഭിപ്രായവ്യത്യാസമെന്താണെന്ന്? ഈനാൻ ചാത്തിയെ മരപ്പട്ടി കൂട്ട് പിടിക്കുന്നതുപോലെ കോൺഗ്രസ്സിനെ കൂട്ട് പിടിക്കാൻ അങ്ങ് ശ്രമിക്കരുത്; അത് ശരിയല്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : ഒരു കുഴപ്പവുമില്ല, അഭിപ്രായഭിന്നത എന്തെങ്കിലും ഉണ്ടെങ്കിൽ തന്നെ പാർട്ടി ചട്ടക്കൂടിനകത്ത് അതെല്ലാം പരിഹരിക്കുന്നതാണ്.

മി. സ്പീക്കർ : ശ്രീ. കെ. വി. അബ്ദുൾ ഖാദർ, അങ്ങ് ചുരുക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : ഞാൻ ഇവിടെ പറഞ്ഞ് വന്നത്, ജനാധിപത്യ സമൂഹത്തിൽ അപഹാസ്യമായ കീഴ്വഴക്കങ്ങളും മാതൃകകളും കോൺഗ്രസ്സ് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. മേഘാലയയിൽ കോൺഗ്രസ്സിന്.........

ശ്രീ. രാജു എബ്രഹാം : ഇന്നലെ കോൺഗ്രസ്സ് പാർട്ടിയുടെ എ.ഐ.സി.സി. സെക്രട്ടറി ശ്രീ. കൊടിക്കുന്നിൽ സുരേഷിനെതിരെ കോടതി വിധി വന്നപ്പോൾ അദ്ദേഹം ആദ്യം പ്രതികരിച്ചത്, എന്റെ കാല് വാരി നിലത്തടിച്ചത് കോൺഗ്രസ്സ് പാർട്ടിയുടെ കേരളത്തിലെ നേതാക്കൻമാരാണെന്നാണ്. അതിനെ പറ്റി അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : അതാണ് ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. കോൺഗ്രസ്സ് പാർട്ടിക്കകത്ത് അതിന്റെ ആഭ്യന്തര ജനാധിപത്യം ഏത് അവസ്ഥയിലാണ് എന്ന് തെളിയിക്കുന്നതാണ് ശ്രീ. കൊടിക്കുന്നിൽ സുരേഷിന്റെ പ്രസ്താവന.

മി. സ്പീക്കർ : അങ്ങ് ചുരുക്കണം.........................

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : ഞാൻ എന്റെ പ്രസംഗം ചുരുക്കുകയാണ്. ധനവിനിയോഗ ബില്ലിനെ ശക്തമായിട്ട് പിന്താങ്ങുന്നു.

ശ്രീ. പി. റ്റി. എ. റഹീം : സർ, ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഒന്നിനൊന്ന് മെച്ചമായ വകുപ്പുകളാണെല്ലാം, അതുകൊണ്ട് ഏതാണ് പരാമർശിക്കേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് ഞാൻ വലിയൊരു കൺഫ്യൂഷനിലാണ്. ഇവിടെ ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ എൻ. ശക്തൻ സൂചിപ്പിക്കുകയുണ്ടായി. രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ചെലവിലാണ് എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഭക്ഷ്യ സുരക്ഷാ പദ്ധതി അനുസരിച്ച് കേന്ദ്ര ഗവൺമെന്റ് ഈ നടപടിക്രമങ്ങൾ ആരംഭിക്കാൻ പോകുന്നതേയുള്ളൂ, അതിനെ സംബന്ധിച്ച് അവർ ആലോചിക്കുന്നതേയുള്ളൂ. മാത്രമല്ല, അത് നടപ്പാക്കിയാൽതന്നെ 200 ബ്ലോക്കുകളിലാണ് ഇത് നടപ്പാക്കാൻ പോകുന്നത്, ഇതിൽ കേരളത്തിലെ ഏതെങ്കിലും ഒരു ബ്ലോക്ക് ഉണ്ട് എന്നുള്ള കാര്യം പോലും ഇപ്പോൾ പറയാൻ സാധിക്കില്ല. അപ്പോൾ അവർ ആലോചിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യം കണ്ടുകൊണ്ടാണ് കേരളത്തിൽ ഇത് നടപ്പാക്കിയത് എന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് യഥാർത്ഥത്തിൽ ഒരു നന്ദികേടാണ് എന്നാണെനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ ദിവസം പത്രങ്ങളിൽ ഫുൾ പേജ് പരസ്യം കാണുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങൾ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് പദ്ധതിയെ സംബന്ധിച്ച് ഒരു വലിയ പരസ്യം കുറെ ദിവസങ്ങളായി, എല്ലാ കേന്ദ്ര മന്ത്രിമാരുടേയും ചിത്രം വച്ചുകൊണ്ട് വരുന്നുണ്ട്. ഞാൻ അത് വായിച്ച് നോക്കിയപ്പോൾ ദക്ഷിണേന്ത്യയിലെ ഒരു പട്ടികജാതി സങ്കേതങ്ങളും അതിലില്ല. ആസ്സാമിലേയോ, മേഘാലയയിലേയോ ചില പട്ടികജാതി സങ്കേതങ്ങൾ നന്നാക്കുന്നത് സംബന്ധിച്ചാണ് ഫുൾ പേജ് പരസ്യം കേരളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. കേരളാ ഗവൺമെന്റ് പ്രസിദ്ധീകരിക്കുന്ന പരസ്യം ഇവിടെ നടപ്പാക്കുന്ന കാര്യങ്ങളെ സംബന്ധിച്ചാണ്. അതുസംബന്ധിച്ച് പരസ്യം കൊടുക്കുന്നതിൽ നിങ്ങൾക്കാർക്കും ഒരു പ്രയാസവും തോന്നേണ്ടകാര്യമില്ല. അത് നിങ്ങൾക്കൊക്കെ പ്രയാസമുണ്ടാക്കുന്ന കാര്യങ്ങളാണ് എന്നുള്ളതുകൊണ്ട് തന്നെയാണ് ഗവൺമെന്റ് വളരെ ശക്തമായൊരു രൂപത്തിൽ ജനങ്ങളെ ഇക്കാര്യങ്ങൾ അറിയിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. സാജു പോൾ</u>: കെ.എസ്.ആർ.ടി.സി. ബസ്സിന് സ്റ്റോപ്പ് അനുവദിച്ചതിനുവരെ ഫ്ളക്സ് ബോർഡ് വച്ച ആളുകളാണ് ഒരു സംസ്ഥാന ഗവൺമെന്റ് പരസ്യം കൊടുത്തതിനെ ആക്ഷേപിക്കുന്നത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീ. പി. റ്റി. എ. റഹീം</u>: എല്ലാ എം.എൽ.എ. മാർക്കും ഫ്ളക്സ് ബോർഡ് വയ്ക്കാൻ അവസരം കൊടുത്തിട്ടുള്ള ഒരു സർക്കാരാണിത്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയെ സംബന്ധിച്ചാണ് മറ്റൊരു വിമർശനം ഇവിടെ ഉണ്ടായത്. ഇത് പഞ്ചായത്തിന്റെ പണമാണോ ഗവൺമെന്റിന്റെ പണമാണോ ബാങ്കിന്റെ പണമാണോ എന്നുള്ളതല്ല പ്രശ്നം. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ആ പ്രദേശത്തെ മുഴുവൻ ആളുകൾക്കും വീടുണ്ടാക്കിക്കൊടുക്കുക എന്നുള്ളത് ആ പഞ്ചായത്തിന്റെ ദൗത്യമാണ്. അവർ അഞ്ച് വർഷം കൊണ്ട് നിർവ്വഹിക്കാൻ കഴിയുന്ന ഒരു കാര്യം ഈ വർഷം തന്നെ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങളാണ് ഗവൺമെന്റ് ഏർപ്പെടുത്തിക്കൊടുത്തത്. അതിന്റെ പണം ബാങ്കിൽ നിന്ന് വാങ്ങാൻ പറഞ്ഞ് ഗവൺമെന്റ് ഗ്യാരന്റി കൊടുത്തു. പലിശ ആര് കൊടുക്കുമെന്ന് ചോദിച്ചപ്പോൾ ഗവൺമെന്റ് കൊടുക്കുമെന്ന് പറഞ്ഞു. അഞ്ചോ-ആറോ-പത്തോ വർഷം കൊണ്ട് ഒരു ഗ്രാമപഞ്ചായത്തിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ രൂപത്തിൽ സമയബന്ധിതമായി വീടുകൾ നിർമ്മിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള ഒരു പദ്ധതിയായ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയെ വിമർശിക്കുന്നത് ശരിയല്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഏത് വകുപ്പിനെ സംബന്ധിച്ചാണ് ഇപ്പോൾ കുറ്റം പറയാൻ കഴിയുന്നത്. കെ.എസ്.ആർ.ടി.സി.യുടെ വെറുതെ കിടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

എത്ര സ്ഥലമാണ് ടൗണുകളുടെ ഹൃദയഭാഗങ്ങളിലുള്ളത്. അതൊക്കെ ഏറ്റെടുത്ത് ബി.ഒ.ടി. അടിസ്ഥാനത്തിൽ നല്ല കെട്ടിടങ്ങളും വരുമാന മാർഗ്ഗങ്ങളും ഉണ്ടാക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ നടപടിയെ നമ്മൾ ശ്ലാഘിക്കേണ്ടതല്ലേ ? നികുതി വകുപ്പിനെ സംബന്ധിച്ച് പറയുമ്പോൾ, എത്രയോ വർഷമായി കച്ചവടക്കാരും ഗവൺമെന്റുമായി കോടതിയിൽ കെട്ടിക്കിടക്കുന്ന നിരവധി കേസ്സുകൾ വെടിപ്പാക്കൽ നടപടിമൂലം അതിന്റെ 75-80 ശതമാനം പ്രശ്നങ്ങൾ പരിഹരിച്ചിരിക്കുകയാണ്. ഗവൺമെന്റിന് വരുമാനമായി എന്നുമാത്രമല്ല കാലാകാലങ്ങളിലായി കേസ്സുമായി നടന്നിരുന്ന ആളുകൾക്കൊക്കെ ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് സമയബന്ധിതമായി ഈ പ്രശ്നങ്ങളൊക്കെ അവസാനിപ്പിക്കാൻ നികുതി വകുപ്പിന് സാധിച്ചു എന്നുള്ളത് വലിയൊരു കാര്യമാണ്. കൃഷി വകുപ്പിന്റെ കാര്യമെടുത്താൽ ഈ ഗവൺമെന്റ് വന്നതിനുശേഷം നെൽ കൃഷി വർദ്ധിച്ചു എന്നുള്ള കാര്യത്തിൽ ആർക്കും ഒരു സംശയവുമൊന്നുമില്ലല്ലോ? നെല്ലിന്റെ സംഭരണ വില 12 രൂപയാക്കി കൂട്ടി. ഇന്ത്യാ രാജ്യത്ത് എവിടെയാണ് അങ്ങനെയുള്ളത്. വിദ്യാഭ്യാസത്തെ സംബന്ധിച്ച് പറയുമ്പോൾ, മലബാറിൽ മാത്രം 47,000 സീറ്റുകളാണ് +1-ന് മാത്രം വർദ്ധിപ്പിച്ചിട്ടുള്ളത്, ഇത് ചെറിയൊരു കാര്യമായിട്ടൊന്നും ആരും കാണേണ്ട. കാരണം മലബാറിലെ ഒരുപാടുപേർ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാരായിരുന്നിട്ടുപോലും നടക്കാതിരുന്ന ഒരു കാര്യമാണിത്. 47,000 സീറ്റുകളാണ് ഈ ഗവൺമെന്റ് മലബാർ ഭാഗത്ത് കൊടുത്തിട്ടുള്ളത് എന്നത് നമ്മൾ അംഗീകരിക്കേണ്ട ഒരു കാര്യമാണ്. ശുദ്ധജല വിതരണത്തെ സംബന്ധിച്ച് പറയുമ്പോൾ വർഷങ്ങളായി മുടങ്ങികിടന്നിരുന്ന പദ്ധതികളൊക്കെ ഏറ്റെടുത്തുകൊണ്ട് അതിനെ നല്ല രൂപത്തിലുള്ള ഒരു പ്രതിഫലനം ഉണ്ടാക്കുകയും ആ പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കുകയും ചെയ്തു. വ്യവസായരംഗത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, വിൽക്കാൻവച്ചിരുന്നതാണ് ഈ രാജ്യത്തെ ഒരുപാട് ഫാക്ടറികളും അതിന്റെ സ്ഥലങ്ങളുമൊക്കെ. അതൊന്നും വിൽക്കാതെ അതൊക്കെ പുനരുദ്ധരിച്ചുകൊണ്ട് നല്ല ഒരു സമീപനം നല്ലൊരു വിജയം തന്നെ ഈ സർക്കാർ കൊണ്ടുവന്നു. നഗര വികസനത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, സമതുലിതമായ ഒരു നഗര വികസന സംവിധാനം, ഒരു പരിപാടി കേരളത്തിലുണ്ടായി. കോഴിക്കോട്ടൊക്കെ ഓവർ ബ്രിഡ്ജിന് മുകളിൽ കയറി നോക്കിയാൽ ദുബായിലൊക്കെ പോയതുപോലെയാണ് ഞങ്ങൾക്ക് അനുഭവപ്പെടുന്നത്. ഇതൊക്കെ മലബാറിലും സാധിക്കും എന്നുള്ളത് കാണിച്ചു കൊടുത്തിട്ടുള്ള ഒരു ഗവൺമെന്റാണിത്. പൊതുമരാമത്തിനെപ്പറ്റി പറയുകയാണെങ്കിൽ, ഞാൻ ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്ന് കണക്കെടുത്തപ്പോൾ 32 കോടി രൂപയാണ് എനിക്ക് കിട്ടിയിരിക്കുന്നത്, ഞാൻ തന്നെ അത്ഭുതപ്പെട്ടുപോയി.

2214/12

LIBRARY ARCHIVES Kerala Legislative Assembly

മാന്ദ്യവിരുദ്ധ പാക്കേജിൽ മാത്രം മൊത്തം 50 കോടി രൂപയുടെ വർക്കുകളാണ് കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം കിട്ടിയിട്ടുള്ളത് എന്ന് മാത്രമല്ല എന്റെ നിയോജകമണ്ഡലത്തിൽ എന്ത് പ്രവൃത്തിയാണ് നടക്കുന്നതെന്ന് ജനപ്രതിനിധി എന്നുള്ള നിലയ്ക്ക് എനിക്ക് അറിയാൻ സാധിക്കുന്നു എന്നുള്ളതാണ് ഏറ്റവും വലിയ കാര്യം. 50 കോടി രൂപയുടെ വർക്കുകൾ മാന്ദ്യവിരുദ്ധ പാക്കേജിൽ മാത്രം അല്ലാത്തത് ഇപ്പോൾ ഞാൻ പറയുന്നില്ല, പറഞ്ഞാൽ നിങ്ങൾക്ക് ബുദ്ധിമുട്ടാകും. ശ്രീ. കൊടിക്കുന്നിൽ സുരേഷിന്റെ വിധി വന്നല്ലോ; അദ്ദേഹം കള്ള സർട്ടിഫിക്കറ്റ് ഉണ്ടാക്കിയിട്ടാണ് രണ്ട്-മൂന്ന് പ്രാവശ്യം പട്ടികജാതി/പട്ടികവർഗ്ഗക്കാരെ പ്രതിനിധീകരിച്ചുകൊണ്ട് പാർലമെന്റിൽ പോയത്. എന്നിട്ട് ആ കള്ള സർട്ടിഫിക്കറ്റ് കൊടുത്തതിനെക്കുറിച്ച് കോടതി പറഞ്ഞു, അദ്ദേഹത്തിന്റെ നോമിനേഷൻ തന്നെ അസാധുവാണ്. പാർലമെന്ററി പാർട്ടി സെക്രട്ടറിയാണ് അദ്ദേഹം. പ്രശ്നം അതല്ല. പ്രശ്നം അവിടെയല്ല ഞാൻ സൂചിപ്പിക്കുന്നത്. ഹൈക്കോടതി വിധി പറഞ്ഞപ്പോൾ എ.ഐ.സി.സി. ഏറ്റെടുത്തിരിക്കുകയാണ് ആ കേസ്. ഞങ്ങൾ സഹായിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. എന്തിനാണ് സഹായിക്കുന്നത്? ഇനിയും ആ പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗക്കാരെ വഞ്ചിച്ചുകൊണ്ട് പാർലമെന്റിൽ പോകാൻ സഹായം നൽകുമെന്നതാണോ എ.ഐ.സി.സി. പറയുന്നത്. എ.ഐ.സി.സി. വക്കീലിനെ ഏർപ്പെടുത്തികൊടുക്കുന്നു. ഒരു തെറ്റ് ഹൈക്കോടതി ചൂണ്ടിക്കാണിച്ചാൽ ശരി ഞങ്ങൾ അന്വേഷിക്കുമെന്ന് പറയുന്നതിനുപകരം എ.ഐ.സി.സി. വക്കീലിനെവച്ച് ഇനിയും ഈ രാജ്യത്ത് പട്ടികജാതി/പട്ടികവർഗ്ഗക്കാരെ പറ്റിക്കുവാനുള്ള തെറ്റായ അവരുടെ റെപ്രസന്റേഷൻ നേടിയെടുക്കുവാനുള്ള ശ്രമമാണ് എ.ഐ.സി.സി.യും അതുപോലെ യു.ഡി.എഫ്.ന്റെ ആളുകളും നടത്തിക്കൊണ്ടിരിക്കുന്നത് എന്നുള്ളത് ഒരു വസ്തുതയാണ്. വൈദ്യുതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, സമ്പൂർണ്ണ വൈദ്യുതീകരണം. പവർ ഓൺ ഡിമാന്റ് അവിടേക്കാണ് നമ്മൾ പോകുന്നത്. രാവിലെ അപേക്ഷിച്ചാൽ വൈകുന്നേരം വൈദ്യുതി കിട്ടുന്ന സംവിധാനം. ഇത് ഇപ്പോൾ ദുബായിൽ മാത്രമേയുള്ളൂ. അത് കേരളത്തിൽ നടപ്പാക്കാൻ പോകുകയാണ്. അതുപോലെ എത്ര കാര്യങ്ങളാണ്. ഇവിടെ ബഹുമാനപ്പെട്ട കെ. എം. മാണി നേരത്തെ ഒരു കാര്യം സൂചിപ്പിച്ചു. അദ്ദേഹത്തിന് വലിയ ഒരു പ്രയാസം മുസ്ലീം സമുദായത്തെ മുഴുവൻ മുഖ്യമന്ത്രി ആക്ഷേപിച്ചു എന്ന്. ആ ആക്ഷേപിച്ചതിനെ സംബന്ധിച്ച് മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ആരെ സംബന്ധിച്ചാണ് പറഞ്ഞത്. എന്തിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത് എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ എനിക്ക് വേദന തോന്നിയ ഒരു കാര്യമുണ്ട്. ബഹുമാനപ്പെട്ട കെ. എം. മാണി കഴിഞ്ഞ ദിവസം, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എം. എ. ബേബി, ന്യൂമാൻ കോളേജിലെ തെറ്റായ ചോദ്യം ചോദിച്ചിട്ടുള്ള അദ്ധ്യാപകൻ വിഡ്ഢിയാണെന്നും വിഡ്ഢി ചോദ്യമാണ് അദ്ദേഹം ചോദിച്ചതെന്നും കോഴിക്കോട്ടുനിന്ന് പ്രസ്താവിച്ചത്

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിക്കണമെന്നും അത് വിഡ്ഢി ചോദ്യമല്ലായെന്നും പറയുകയുണ്ടായി. പ്രവാചകനെ ദൈവം നായിന്റെ മോനെയെന്ന് വിളിച്ചു. ആ വിളിച്ചത് വിഡ്ഢി ചോദ്യമാണെന്ന് ബഹുമാനപ്പെട്ട എം. എ. ബേബി പറഞ്ഞാൽ അതല്ല അതൊരു ക്ലവർ ആയ ചോദ്യമാണ്, അതുകൊണ്ട് പിൻവലിക്കണമെന്ന് പറയുന്ന ശ്രീ. കെ. എം. മാണിയുടെ പ്രസ്താവനയാണ് യഥാർത്ഥത്തിൽ മുസ്ലീം സമുദായത്തെ വേദനിപ്പിച്ചിട്ടുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സിൻഡിക്കേറ്റിന്റെ കാര്യമല്ല പറയുന്നത്. ബഹുമാനപ്പെട്ട കെ. എം. മാണി നിയമസഭയിൽ ബഹുമാനപ്പെട്ട എം. എ. ബേബി പറഞ്ഞ പ്രസ്താവന പിൻവലിക്കണം, അദ്ധ്യാപകൻ വിഡ്ഢിയല്ലായെന്ന് പറഞ്ഞു. അദ്ദേഹം വിഡ്ഢിയാണെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഇതൊന്നും ഒറ്റപ്പെട്ട സംഭവമായി കണക്കാക്കാൻ സാധിക്കില്ല. ഞാൻ ഇവിടെ ഒരു കാര്യം സൂചിപ്പിക്കുകയാണ്. പത്രമാദ്ധ്യമങ്ങൾ എന്തുചെയ്യുന്നു എന്നുള്ളതിനെ സംബന്ധിച്ച് ഇവിടെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇവിടെ അഡീഷണൽ ചീഫ് സെക്രട്ടറി ശിഖണ്ഡിയാണെന്ന് കോടതി പറഞ്ഞു എന്നാണ് പറഞ്ഞത്. രാഷ്ട്രീയക്കാർ പറയുന്നത് സഹിക്കാം. പത്രക്കാർ തെറ്റായ രൂപത്തിൽ, മാതൃഭൂമിയേയും മനോരമ വിഷനേയും പേരെടുത്ത് പറഞ്ഞുകൊണ്ടാണ് ബഹുമാനപ്പെട്ട കോടതി പറഞ്ഞത്. തോന്നിയവാസമാണ് ഇത്, ഇതിനെയൊക്കെ നിയന്ത്രിക്കാൻ എങ്ങനെ സാധിക്കും. ഇതൊക്കെ കോടതി പറയുമ്പോൾ എന്താണ് നിങ്ങൾക്ക് പറയാൻ സാധിക്കാത്തത്?

ശ്രീ. ടി. എൻ. പ്രതാപൻ : സർ, പ്രവാചകനെ സൃഷ്ടിച്ച പടച്ചതമ്പുരാൻ ഇല്ലായെന്ന് പറയുന്ന കമ്മ്യൂണിസ്റ്റുകാരുടെ നിലപാടിനെ അങ്ങ് അംഗീകരിക്കുന്നുണ്ടോ ?.........(ബഹളം)..........

ശ്രീ. പി. റ്റി. എ. റഹീം : ശരി, ചോദിച്ചതിന് വളരെയധികം നന്ദി. ഇസ്ലാമിനെ സംബന്ധിച്ചിടത്തോളം നിരീശ്വരവാദവും ബഹുദൈവ വിശ്വാസവുമൊക്കെ ഒന്നാണ്. ക്രിസ്ത്യാനികളുടെ ദൈവം മൂന്ന്. നിങ്ങൾക്ക് എത്ര ദൈവമുണ്ടെന്ന് എനിക്ക് അറിയില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം നിരീശ്വരവാദവും ബഹുദൈവ വിശ്വാസവും തമ്മിൽ ഒരു വ്യത്യാസവുമില്ല. എല്ലാം കണക്കാണ്. അതുകൊണ്ട് അതിനേക്കാൾ പാപമാണ് ഇത് എന്നൊന്നും പറഞ്ഞ് ഞങ്ങളെ ഭയപ്പെടുത്താൻ ശ്രമിക്കണ്ട. ഞങ്ങൾക്ക് രണ്ടും കണക്കാണ്. ദൈവം പൊറുക്കാത്ത ഒരൊറ്റ പാപം എന്താണെന്ന് അറിയാമോ ? ദൈവത്തിൽ പങ്ക് ചേർക്കുക എന്നുള്ളതാണ്.

ശ്രീ. സാജു പോൾ : സർ, വിശ്വാസികൾ അല്ലാത്തവർക്ക് വോട്ട് ചെയ്യരുതെന്നാണ് ഇടയലേഖനം ഇറക്കിയ അഭിവന്ദ്യ മതമേലധ്യക്ഷൻമാർ പറഞ്ഞിട്ടുള്ളത്. ക്രിസ്ത്യൻ മതവിശ്വാസത്തിൽത്തന്നെ മധ്യസ്ഥ പ്രാർത്ഥനയില്ലാത്തവരുണ്ട്. കുരിശ്ശിനെ ആരാധിക്കാത്തവരുണ്ട്. യഹോവയായ ദൈവത്തെ മാത്രം ആരാധിക്കുന്ന യഹോവ സാക്ഷികളുണ്ട്. മരണാനന്തര ചടങ്ങുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസമില്ലാത്തവരുണ്ട്. ഇതൊക്കെ വളരെ വ്യത്യസ്തമായ സംഗതികളാണ്. അതുകൊണ്ട് വിശ്വാസമെന്ന് പറയുന്നത് ഏതെങ്കിലും ഒരാളുടെ ഒരു ഉത്ബോധനത്തിൽ മാത്രമായി നിൽക്കുന്ന ഒരു സംഗതിയല്ല. അത് ബഹുമാനപ്പെട്ട പി. റ്റി. എ. റഹീമിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീ. പി. റ്റി. എ. റഹീം</u> : വിഭാഗീയമായ കാര്യം ക്രിസ്ത്യൻ, മുസ്ലീം, ഹൈന്ദവ മതത്തിലുമൊക്കെയുണ്ട്. ഇതെല്ലാം മതത്തിന്റെ മറപിടിച്ചുകൊണ്ട് രക്ഷപ്പെടാൻവേണ്ടി ആരും ശ്രമിക്കണ്ട. എന്തുപറഞ്ഞാലും, ബഹുമാനപ്പെട്ട ഒരു മുസ്ലീംലീഗാകുന്നതിനെപ്പറ്റി വലിയൊരു പരാമർശമുണ്ടായിരുന്നു. വലിയൊരു കോളിളക്കം സൃഷ്ടിച്ചതായിരുന്നു. അങ്ങും പറഞ്ഞത് ഇസ്ലാമിനെ തിരായിട്ടാണ് ഈ സമരം എന്നാണ്. എല്ലാ കാര്യത്തിലും ഇസ്ലാമിന്റെ മറപിടിച്ചുകൊണ്ട് രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. ഇവിടെ എൻ.ഡി.എഫ്.-നെ സംബന്ധിച്ച് പറഞ്ഞു. എൻ.ഡി.എഫ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ആരുടെ കൂടെയാണ് ഉണ്ടായിരുന്നത് ? തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിൽ ശ്രീ. ശശി തരൂരിനും എറണാകുളത്ത് പ്രൊഫ. കെ. വി. തോമസിനും മാത്രം അവർ പിന്തുണ കൊടുത്തില്ല. ബാക്കിയുള്ള പിന്തുണ ആർക്കാണ് കൊടുത്തത് ? എന്താണ് അംഗീകരിക്കാൻ പ്രയാസം ? ബഹുമാനപ്പെട്ട എം. എ. വാഹീദ് ഇതിനു മുമ്പുള്ള തെരഞ്ഞെടുപ്പിൽ മൽസരിച്ചപ്പോൾ അദ്ദേഹത്തിന്റെ എതിർസ്ഥാനാർത്ഥി ആരായിരുന്നു ? ....(ബഹളം)........ മുസ്ലീംലീഗായിരുന്നു. ശരിയല്ലേ ? മുസ്ലീംലീഗാണെന്ന് ഉറപ്പല്ലേ ? അത് ശ്രീ. എം. എ. വാഹീദിനോട് ചോദിച്ചാൽ മതി. അദ്ദേഹം പറഞ്ഞുതരും. അദ്ദേഹം പിന്നീട് ശ്രീ. പി. സി. തോമസിന്റെ പാർട്ടിയിലായിരുന്നു. ഇപ്പോൾ എന്തായിയെന്ന് എനിക്ക് അറിയില്ല; മൽസരിച്ച സ്ഥാനാർത്ഥി. ശ്രീ. എം. എ. വാഹീദിനോട് ചോദിച്ചാൽ മതി. അദ്ദേഹം പറഞ്ഞുതരും. കുന്നമംഗലത്തും ശ്രീ. എം. എ. വാഹീദിന്റെ മണ്ഡലത്തിലും ആരായിരുന്നു മൽസരിച്ചത് ? ജമാഅത്ത് ഇസ്ലാമി എന്താണ് ചെയ്തത് ? ജമാഅത്ത് ഇസ്ലാമി തിരുവനന്തപുരത്ത് ശ്രീ. ശശി തരൂർ, എറണാകുളത്ത് പ്രൊഫ. കെ. വി. തോമസ്, മഞ്ചേരിയിൽ ശ്രീ. ഇ. അഹമ്മദ് ഈ മൂന്നു പേർക്കും പിന്തുണ കൊടുക്കുകയില്ലായെന്ന് പറഞ്ഞു. അപ്പോൾ അതൊന്നുമല്ല പ്രശ്നം. വോട്ടിനെ സംബന്ധിച്ചല്ല പറയുന്നത്. നിങ്ങളുടെ ഈവകകാര്യങ്ങളിൻമേലുള്ള സമീപനം. എന്തായിരുന്നു എന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ശ്രീ. പി. സി. വിഷ്ണുനാഥ് 'മതമില്ലാത്ത ജീവൻ' എന്നുപറയുന്ന ഒരു പ്രശ്നം ഇവിടെയുണ്ടായപ്പോൾ അങ്ങ് വ്യത്യസ്തമായി പ്രസംഗിച്ചു എന്നുള്ളത് ഞാൻ സമ്മതിക്കുന്നു. അങ്ങ് ഒരുപക്ഷേ പാർട്ടിയിൽ നല്ല സ്വാധീനം ചെലുത്തിയിട്ടായിരിക്കും ആ പ്രശ്നം അങ്ങനെ അവസാനിച്ചത്. ഒരു അദ്ധ്യാപകന്റെ വധത്തോടുകൂടി അവസാനിച്ചത് ഞാൻ നിങ്ങളെ കുറച്ച് കാണുന്നില്ല. നിങ്ങളെപ്പോലെയുള്ള കുറേ നല്ല ആളുകളുണ്ട്. ആ കാര്യത്തിൽ സംശയമൊന്നുമില്ല. അതുകൊണ്ട് ഞാൻ അതൊക്കെ കാണുന്നയാളാണ്. പക്ഷേ ഇങ്ങനെ എല്ലാ കാര്യങ്ങളും.........

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ : തിരുവനന്തപുരത്തും എറണാകുളത്തും പിന്തുണ കൊടുത്തില്ല. ബാക്കി 18 സീറ്റിൽ അവർ ആർക്കാണ് പിന്തുണ കൊടുത്തത് ?

മി. സ്പീക്കർ : ശ്രീ. പി. റ്റി. എ. റഹീം, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. റ്റി. എ. റഹീം : പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞ് മഞ്ചേരിയിലും മലപ്പുറത്തുമൊക്കെ വിജയിച്ചപ്പോൾ ലീഗിന്റെ കൊടിയേക്കാൾ കൂടുതൽ എൻ.ഡി.എഫി-ന്റെ. കൊടികളായിരുന്നു ഉയർന്നു കണ്ടിരുന്നതെന്ന് എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തതാണ്. ഇതൊക്കെ വസ്തുതകളാണ്. അതുകൊണ്ട് ഈ കാര്യങ്ങൾ..........

മി. സ്പീക്കർ : ശ്രീ. പി. റ്റി. എ. റഹീം അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സി. പി. മുഹമ്മദ്: ഇന്ത്യയിലെ ആയിരക്കണക്കിന് സംവത്സരം പാരമ്പര്യമുള്ള ഒരു ജീവിതരീതിയും സംസ്ക്കാരവുമാണ് ഹിന്ദുമതത്തിനുള്ളത്. 800 വർഷക്കാലം ഇവിടെ മുഗളൻമാരടക്കമുള്ള മുസ്ലീങ്ങളും 200 വർഷക്കാലം ബ്രിട്ടീഷുകാരായ ക്രിസ്ത്യാനികളും ഭരിച്ചിട്ടും ഹിന്ദുമതം ഇന്നും മഹാഭൂരിപക്ഷമായി നിൽക്കുന്നത് ആ മതത്തിന്റെ അന്തസ്സാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എൻ.ഡി.എഫ്.-നെതിരായിട്ടുള്ള ഒരു പ്രസ്താവന നടത്തുകയാണെങ്കിൽ അത് ശരിയാണ്. മുഖ്യമന്ത്രിയടക്കം ജീവിച്ചിരിക്കുന്നു ണ്ടെന്ന് ബോധ്യപ്പെടുത്താൻവേണ്ടി ഇങ്ങനെ ഓരോ ഗുണ്ട് പൊട്ടിക്കണമോ എന്നാണ് ഞങ്ങൾ ചോദിക്കുന്നത്.

ശ്രീ. പി. റ്റി. എ. റഹീം : സർ, മുഖ്യമന്ത്രി വളരെ വ്യക്തമായി പറഞ്ഞു ആർ.എസ്.എസ്.-നേയും സംഘപരിവാറിനേയും വിമർശിക്കുമ്പോൾ ഇവിടുത്തെ ഹൈന്ദവ സഹോദരൻമാർക്ക് ഒരു പ്രയാസവുമില്ല. അവർ ആ വിമർശനത്തിന്റെകൂടെ നിൽക്കുന്നുണ്ട്. പക്ഷേ എൻ.ഡി.എഫ്.-നെ വിമർശിക്കുമ്പോൾ നിങ്ങൾ എന്തിനാണ് ബേജാറാകുന്നത് എന്നാണ് ചോദിച്ചത്? എന്തിനാണ് നിങ്ങൾക്ക് ബേജാറ്. ....(ബഹളം).......... എന്നെ സംബന്ധിച്ചിടത്തോളം ആരുടെ കൂടെയാണ് എൻ.ഡി.എഫ്. എന്നുള്ളത് കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ ഞാൻ മൽസരിച്ചപ്പോൾ വീടുവീടാന്തരം കയറി ഇറങ്ങിയ പ്പോൾ മനസ്സിലാക്കാൻ സാധിച്ചു. എന്റെ നാട്ടിൽ പി.ഡി.പി.ക്കാർ എത്രയു ണ്ടെന്ന് ഞാൻ പറയേണ്ട. പക്ഷേ പി.ഡി.പി.യുടെ നേതാക്കന്മാർ എന്റെകൂടെ സ്റ്റേജിലൊന്നും കയറിയിട്ടില്ല. സ്റ്റേജിൽ കയറിയത് ശരിയല്ലെ ന്നുള്ളത് പാർട്ടി വിലയിരുത്തിയിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ള ത്. തെറ്റ് തെറ്റാണെന്ന് സമ്മതിക്കുന്നു. നിങ്ങൾ അത് സമ്മതിക്കുന്നില്ല. നിങ്ങൾക്ക് അത് സമ്മതിക്കാൻ സാധിക്കുകയില്ല. തെറ്റ് തെറ്റാണെന്നുകണ്ടാൽ അത് സമ്മതിക്കുകയാണ് മാന്യത. നിങ്ങളുടെ എല്ലാ നേതാക്കൻമാരും മഅ്ദനിയുടെ ഫോട്ടോ അപ്പുറത്തും ഇപ്പുറത്തും വച്ച് ....(ബഹളം)..........

LIBRARY ARCHIVES Kerala Legislative Assembly

<u>മി. സ്പീക്കർ</u>: ശ്രീ പി. റ്റി. എ. റഹീം, അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. പി. റ്റി. എ. റഹീം</u>: ധനവിനിയോഗബില്ലിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

Mr. Speaker : Order.......Order...... I would like to announce that Shri. Udaya Narayanan Chowdhari, Honourable Speaker of Bihar Legislative Assembly is now seated in the DV Gallery. On behalf of the Kerala Legislative Assembly, I welcome him.

ശ്രീ. വി. ഡി. സതീശൻ ....

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. അഴിമതിയും കെടുകാര്യസ്ഥതയും കൈമുതലാക്കിയ ഈ സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കാൻ കഴിയുകയില്ല. ഇത് പാവങ്ങളുടെ സർക്കാരാണെന്ന് അഭിനയം തുടങ്ങിയിട്ട് കുറച്ചുനാളായി. പക്ഷേ ഞാൻ ഒരു കാര്യം എടുത്തുപറയുന്നു, കേരളത്തിലെ കൂലിപ്പണിക്കാർ, ഓട്ടോ/കാർ ഡ്രൈവർമാർ, ഇടത്തരക്കാർ, പാവങ്ങൾ, സാധാരണക്കാരിൽ സാധാരണക്കാരായ ആളുകൾ എന്നിവരുടെ പോക്കറ്റിൽനിന്ന് കൊള്ളയടിക്കുന്ന ലോട്ടറി മാഫിയയ്ക്ക് ഈ സർക്കാർ കുടപിടിച്ച് കൊടുക്കുകയാണ്......... (തടസ്സം).......ഞാൻ വളരെ ഉത്തരവാദിത്വത്തോടുകൂടി എഴുതിക്കൊടുത്തിട്ടാണ് ഇത് ഇവിടെ ഉന്നയിക്കുന്നത്. ഞാൻ അന്യ സംസ്ഥാന ലോട്ടറിയെക്കുറിച്ചാണ് പറയുന്നത്. ഞാൻ 4-10-2006-ൽ ഇവിടെയൊരു അടിയന്തര പ്രമേയം അവതരിപ്പിച്ചു. അന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകിയത് ഇങ്ങനെയാണ് ; സംസ്ഥാന ലോട്ടറി കോമ്പറ്റേറ്റീവ് ആണ്. ഏതെങ്കിലും ലോട്ടറികൾ നിയമവിരുദ്ധമായ നടപടികൾ എടുക്കുന്നുണ്ടെങ്കിൽ സർക്കാർ അവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. വിജിലൻസ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കർശന നടപടി സ്വീകരിക്കും. മുഖ്യമന്ത്രി അതിൽ ഇടപെട്ട് സംസാരിച്ചു, പ്രതിപക്ഷ നേതാവ് സംസാരിച്ചു. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന അന്യ സംസ്ഥാന ലോട്ടറികൾ നിരോധിക്കുന്നത് സംബന്ധിച്ച് പ്രതിപക്ഷം പ്രകടിപ്പിച്ച വികാരത്തോട് ഈ ഗവൺമെന്റ് പൂർണ്ണമായും യോജിക്കുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഈ കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഉറപ്പിന്മേൽ താമസംവിനാ കാര്യങ്ങൾ ചെയ്യുമെന്ന് ഉറപ്പ് നൽകുന്നു. അടുത്ത ദിവസം 16-10-2006-ൽ അഡീഷണൽ ഡി.ജി.പി. ആയിരുന്ന സിബി മാത്യുവിന്റെ വിജിലൻസ് റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെ പേജ് 13 ഞാൻ ഇവിടെ വായിക്കുകയാണ് ; Thus a total number of 22.6 crores of rupees per day is being siphoning out of the weaker sections of the people in the. State on account of the sale of this lottery tickets, which is found to be conducted in gross violation of the provisions of section (4) of the Lotteries Regulation Act, 1998.

LIBRARY ARCHIVES Kerala Legislative Assembly

സർ, അന്ന് പറഞ്ഞതാണ്, 2006-ൽ പറഞ്ഞതാണ്. ഒരു ദിവസം 22.5 കോടി രൂപ നമ്മുടെ സംസ്ഥാനത്തുനിന്നും അന്യസംസ്ഥാന ലോട്ടറികൾ കടത്തിക്കൊണ്ടുപോകുന്നു. ശ്രീ. സിബി മാത്യൂവിന്റെ വിജിലൻസ് റിപ്പോർട്ടിന്റെ ഫൈൻഡിംഗ് എന്താണ്? അദ്ദേഹത്തിന്റെ റെക്കമെൻഡേഷൻ എന്താണ് ? (1) The Government may take immediate steps to prohibit the sale of Bhutan lottery as well as Sikkim lottery within the State, since it is being conducted in gross violation of the provisions of section 4 of the Lotteries Regulation Act, 1998. സർ, അടുത്ത റെക്കമെൻഡേഷൻ എന്താണ്? രണ്ട് റെക്കമെന്റേഷനാണ് ഉള്ളത്. Direction may be given to the officials concerned not to accept the advance tax from the promoters, ... എന്നാണ് ശ്രീ. സിബി മാത്യൂവിന്റെ രണ്ടാമത്തെ റെക്കമെൻഡേഷൻ. ഈ ഗവൺമെന്റ് എന്ത് നടപടിയാണ് ഈ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത് ? ഇവിടെ ഇത് സംബന്ധിച്ച് പ്രധാനപ്പെട്ട കേസുകൾ നടക്കുമ്പോൾ സിബി മാത്യൂവിന്റെ റിപ്പോർട്ട്, സെക്ഷൻ (4) -ന്റെ വയലേഷൻ നടന്നിരിക്കുന്നു. എല്ലാ നിബന്ധനകളേയും കേന്ദ്ര നിയമത്തേയും ലംഘിച്ചുകൊണ്ടാണ് ലോട്ടറി വിൽപ്പന നടത്തുന്നത് എന്നത് മറച്ചുവയ്ക്കാൻ വേണ്ടി ഈ റിപ്പോർട്ട് അവിടെ ഹാജരാക്കുന്നില്ല. സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറാണ് ഹാജരാകുന്നത്. അന്യ സംസ്ഥാന ലോട്ടറികൾക്കുവേണ്ടി ഡൽഹിയിൽ നിന്നും വലിയ അഭിഭാഷകർ, ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ ശ്രീ. പി. ചിദംബരത്തിന്റെ ഭാര്യ ശ്രീമതി നളിനി ചിദംബരം അടക്കമുള്ള ആളുകൾ ഹാജരാകുമ്പോൾ, ശ്രീ. സോളി സൊറാബ്ജി അടക്കം ഹാജരാകുമ്പോൾ ഇവിടെ സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡർ ശ്രീ. വി. വി. അശോകൻ ഹാജരായി ആരായിരുന്നു ശ്രീ. വി. വി. അശോകൻ ? യു.ഡി.എഫ്.ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ അന്യസംസ്ഥാന ലോട്ടറി മാഫിയയ്ക്കെതിരായി കേരള ഗവൺമെന്റ് കേസ് കൊടുത്തപ്പോൾ അന്ന് അന്യ സംസ്ഥാന ലോട്ടറിക്കാർക്കുവേണ്ടി ഹൈക്കോടതിയിൽ ഹാജരായിരുന്ന വക്കീലായിരുന്നു ശ്രീ. വി. വി. അശോകൻ. വാദി ഭാഗം വക്കീൽ ഇരുണ്ടുവെളുത്തപ്പോൾ പ്രതിഭാഗം വക്കീലായി മാറിയ കാഴ്ച്ചയും പ്രതിഭാഗം വക്കീൽ മാറി വീണ്ടും വാദിഭാഗം വക്കീലായി മാറുകയും ചെയ്യുന്ന അത്ഭുത കാഴ്ച്ചയും ഈ സർക്കാരിന്റെ കാലത്താണ് ഉണ്ടായത്. ഇവിടെ മുഖ്യമന്ത്രി തന്നെ ഉറപ്പിനനുസരിച്ച് ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി. ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ട് മുഖ്യമന്ത്രിയുടെ മീറ്റിംഗ് ക്യാൻസൽ ചെയ്തു. ധനകാര്യ വകുപ്പുമന്ത്രി പാർട്ടിയെക്കൊണ്ട് ഇടപെടുവിച്ച് മുഖ്യമന്ത്രിയുടെ മീറ്റിംഗ് ക്യാൻസൽ ചെയ്ത് ധനകാര്യ വകുപ്പുമന്ത്രി രണ്ടാമതൊരു മീറ്റിംഗ് വിളിച്ചുകൂട്ടി. എന്തെങ്കിലും തീരുമാനം ആ മീറ്റിംഗിൽ എടുത്തോ ? ആ മീറ്റിംഗിൽ എടുത്ത തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞോ? സെക്ഷൻ (4)-ന്റെ വയലേഷൻ നിലനിൽക്കുമ്പോൾ തന്നെ രണ്ട് പുതിയ ലോട്ടറികൾക്ക് അന്നുതന്നെ അനുമതി കൊടുത്തു. പുതിയ ടാക്സ് സ്വീകരിച്ചു. സുപ്രീം കോടതിയിലെ കേസിന് early പോസ്റ്റിംഗിന് പെറ്റീഷൻ കൊടുക്കാൻ വേണ്ടി മുഖ്യമന്ത്രി ഇടപെട്ട് ഒരു സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡറെ ഡൽഹിക്ക് അയച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അയാളെ തിരിച്ചുവിളിച്ച് അയാളുടെ സ്ഥാനം തെറുപ്പിച്ചു. സ്പെഷ്യൽ ഗവൺമെന്റ് പ്ളീഡറുടെ സ്ഥാനം തെറുപ്പിച്ചുകളഞ്ഞു, early പോസ്റ്റിംഗിന് പോയ ഗവൺമെന്റ് പ്ളീഡറുടെ സ്ഥാനം. ഇവിടെ ഇപ്പോൾ എന്താണ് ? അന്യ സംസ്ഥാന ലോട്ടറികൾ ഇവിടെ തഴച്ചുവളരുകയാണ്. പെട്ടിക്കടകൾ പോലെയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ആലുവ റെയിൽവേ സ്റ്റേഷനിൽ ഞാൻ എല്ലാ ദിവസവും പോകുന്ന സ്ഥലമല്ലേ ; കാണണം എത്ര കടകളാണ്? പത്തിരുപത് കടകളാണ്. 5,000 രൂപ ഡെയ്‌ലി വാടകയ്ക്ക് അവിടെ കടകൾ നടത്തുന്നുണ്ട്. എത്ര പാവങ്ങൾ, സാധാരണക്കാരായ ആളുകൾ, ഒരെണ്ണമൊന്നുമല്ല വാങ്ങുന്നത്. നമ്മൾ സ്റ്റേറ്റ് ലോട്ടറി ഒരെണ്ണമല്ലേ വാങ്ങുന്നത്. ഇത് ഇരുന്നൂറ്, മുന്നൂറ് എണ്ണമാണ് വാങ്ങുന്നത്. 400 രൂപ, 500 രൂപ, 600 രൂപ വരെ, കിട്ടുന്ന പൈസ പണയം വരെ വച്ചിട്ട് ലോട്ടറി വാങ്ങിക്കുകയാണ്. ആർക്കാണ് പ്രൈസ് അടിക്കുന്നത്? കമ്പനിക്കാണ് മിക്കവാറും പ്രൈസ് അടിക്കുന്നത് എന്ന് നമുക്ക് അറിയാം. ഇവിടെ 9-5-2010-ലെ ടിക്കറ്റുകൾ പരിശോധിച്ചാൽ നമുക്ക് വളരെ വ്യക്തമായി അറിയാൻ കഴിയും. ഇതെല്ലാം തെളിവുകൾ ഉള്ളതാണ്. ഇവിടെ നിന്ന് അന്യ സംസ്ഥാന ലോട്ടറികളിൽ നിന്ന് 40 കോടി രൂപയാണ് ഒരു ദിവസം ഇപ്പോൾ കൊണ്ടുപോയ്ക്കൊണ്ടിരിക്കുന്നത്. ഞാനിത് വെറുതെ ഒരു പൊട്ട കണക്ക് പറയുന്നതല്ല. ഇവിടെ അവരുടെ തന്നെ അടിച്ച ലോട്ടറി ടിക്കറ്റിന്റെ മറുവശം രേഖയായി എന്റെ കയ്യിലുണ്ട്. എത്ര ടിക്കറ്റ് അടിക്കുന്നുവെന്നുള്ളതും ഉണ്ട്. സിക്കിം സൂപ്പർ ലോട്ടറിയുടെ മാത്രം 9-5-2010-ലെ ടിക്കറ്റ് പരിശോധിച്ചാൽ അറിയാം. 280 സീരിസുകളിലായി ഒരു ലക്ഷം ടിക്കറ്റ് വീതം അടിക്കുന്നു. അതായത് രണ്ടര കോടി ടിക്കറ്റാണ്. ഒരു ദിവസം അവർ കളക്ട് ചെയ്യുന്നത് 25 കോടി രൂപയാണ്. രണ്ട് സിക്കിം ലോട്ടറികളും കൂടി കൂടുമ്പോൾ 35 കോടി രൂപ. പിന്നെ അത് കൂടാതെ ഭൂട്ടാൻ ലോട്ടറി. എല്ലാ ദിവസവും നറുക്കെടുപ്പാണ്. ഏഴ് ദിവസവും നറുക്കെടുപ്പാണ്. ഞായറാഴ്ച പോലും വിശ്രമമില്ല. 365 ദിവസവും കൂടി ഇവർ കേരളത്തിൽ നിന്നും കളക്ട് ചെയ്യുന്നത് 14,600 കോടി രൂപയാണ്. വെറുതെ ഒരു സ്റ്റേറ്റ്മെന്റല്ല ഇത്. ഈ സ്റ്റേറ്റ്മെന്റിനെ സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാൻ പറ്റുന്ന എല്ലാ ഡോക്യുമെന്റ്സ്, രേഖകൾ ഇതിനകത്തുണ്ട്. ഇത്രമാത്രം ടിക്കറ്റുകൾ കേരളത്തിൽ വിറ്റുപോകുന്നുയെന്ന്. കേരളത്തിന്റെ റവന്യൂ റെസീറ്റ് എത്രയാണ് ? സെൻട്രൽ റെസീറ്റ് കഴിഞ്ഞാൽ 14,000, 15,000 കോടി രൂപയാണ്. കേരള സ്റ്റേറ്റ് ഗവൺമെന്റിന് കിട്ടുന്ന റവന്യൂ റെസീറ്റിനെക്കാൾ കൂടുതൽ പണം ഈ സംസ്ഥാനത്തുനിന്നും ശ്രീ. സിബി മാത്യുവിന്റെ ഭാഷയിൽ പറഞ്ഞാൽ സൈഫൺ ചെയ്ത് അന്യ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നു. ശ്രീ. സിബി മാത്യു റിപ്പോർട്ട് കൊടുത്തപ്പോൾ 22.5 കോടി രൂപയായിരുന്നു ഒരു ദിവസം കൊണ്ടുപോയിരുന്നതെങ്കിൽ അതിപ്പോൾ ഏകദേശം ഇരട്ടിയായി 40 കോടി രൂപയോളം കൊണ്ടുപോകുന്നു. നമുക്കെന്താണ് വരുമാനം? നമുക്ക് ഒരു ഡ്രായ്ക്ക് ഏഴ് ലക്ഷം രൂപ കിട്ടും. മൂന്ന് ലോട്ടറി നടത്തുമ്പോൾ 21 ലക്ഷം രൂപ കിട്ടും. 2010 മെയ് മാസം ഞാൻ ഒരു ടെസ്റ്റ് കേസായി എടുത്തു. ആ മേയ് മാസത്തിൽ സംസ്ഥാന സർക്കാരിന് ടാക്സിൽ നിന്നും കിട്ടിയ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം 6.51 കോടി രൂപ. അവർ കൊണ്ടുപോയത് എത്രയെന്ന് അറിയാമോ ? സിക്കിം സൂപ്പർ ലോട്ടറി 25 കോടി രൂപ, സിക്കിം ഡിയർ ലോട്ടറി 10 കോടി രൂപ, ശ്രീദീപം 8 കോടി രൂപ. അങ്ങനെ 43 കോടി രൂപ. 31 ദിവസം അവർ കൊണ്ടുപോയത് 1,339 കോടി രൂപ. നമുക്ക് കിട്ടിയത് 6.51 കോടി രൂപ. ഇപ്പോൾ പറയുന്നത് എന്താണെന്ന് അറിയാമോ ? ഇതിപ്പോൾ സിക്കിം ഗവൺമെന്റ് നടത്തുന്നതാണ് എന്നാണ് പറയുന്നത്. സിക്കിമിലെ സ്ഥിതിയെന്താണെന്ന് അറിയാമോ ? 2009-ലെ അവരുടെ ബഡ്ജറ്റ് പ്രെസന്റ് ചെയ്തപ്പോൾ അവരുടെ ഗ്രോസ് റെസീറ്റ് അവർ എക്സ്പെക്ട് ചെയ്തിരുന്നത് 5,655 കോടി രൂപ മാത്രമാണ്. ഇവിടുന്ന് കൊണ്ടുപോകുന്നത് 14,600 കോടി രൂപ. ആ സിക്കിം ഗവൺമെന്റിന്റെ വരുമാനം ആകെ അവർ ഒരു വർഷം പ്രതീക്ഷിക്കുന്നത് എത്രയാണ് ? ഇവിടെ ഹിന്ദുവിൽ ഒരു വാർത്തയുണ്ട്, ഒരു വർഷം അവർക്ക് ആകെ കിട്ടുന്നത് 8 കോടി രൂപ. ഈ ലോട്ടറിക്ക് സിക്കിം ഗവൺമെന്റുമായി യാതൊരു ബന്ധവുമില്ല. ഇത് സാന്റിയാഗോ മാർട്ടിന്റെ നേതൃത്വത്തിൽ നടക്കുന്ന ഒരു പാരലൽ ലോട്ടറി തട്ടിപ്പാണ്. സിക്കിം ഗവൺമെന്റുമായി യാതൊരു ബന്ധവുമില്ല. സെക്ഷൻ (4) -ന്റെ വയലേഷനും റൂൾ വയലേഷനും നടക്കുന്നു. ഞാൻ സമയക്കുറവ് കൊണ്ട് പറയുന്നില്ല. മൂന്ന് ഡിജിറ്റ് പാടില്ല, സിംഗിൾ ഡിജിറ്റ് പാടില്ല, ഡബിൾ ഡിജിറ്റ് പാടില്ല. പ്രിന്റ് ഔട്ടാണ്, സെയിൽസ് ഔട്ട്ലെറ്റിൽ നിന്ന്. അതെല്ലാം മൂന്ന് ഡിജിറ്റാണ്. പിറ്റേ ദിവസം പത്രത്തിൽ വരുമ്പോൾ അതിന്റെ പിറകെ ഒരു പൂജ്യവും ഒരു ഒന്നുമൊക്കെ കൂടി ചേർത്ത് നാല് ഡിജിറ്റായി അവര് കാണിച്ചിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പി. ടി. തോമസ് എം.പി. സിക്കിമിലെ എം.പി. ശ്രീ. പി. ഡി. റോയിക്ക് കത്തയച്ചപ്പോൾ അദ്ദേഹം അയച്ച മറുപടിയുണ്ട്. വായിച്ചാൽ വളരെ ക്ലിയറാണ്. അദ്ദേഹം ഇതുപോലുള്ള ചില കാര്യങ്ങൾ അന്വേഷിച്ച ശേഷം അയച്ച മറുപടിയാണ്. അദ്ദേഹം പറഞ്ഞിരിക്കുന്നു, With specific regard...., അവർക്കുവേണ്ടി പറഞ്ഞിരിക്കുന്നതാണ്. സിക്കിം ഗവൺമെന്റിനുവേണ്ടി, ...to the allegation that in the State of Kerala around 32 crores of fake lotteries per day and 14,000 crores of rupees lotteries annually are selling in the name of Sikkim and Bhutan Governments. This office refuses this and states that the above statement is baseless and unsubstantiated. The State of Sikkim has no official record of this and the menace of fake lotteries. If it exists must be tackled by the State in which the fake tickets are purportedly being sold as alleged. അവിടെ ഇങ്ങനെ ഒരു സംഭവവും നടക്കുന്നില്ല, അവിടെ പണവും കിട്ടുന്നില്ല, ആ ഗവൺമെന്റുമായി യാതൊരു ബന്ധവുമില്ലായെന്ന് ഉത്തരവാദിത്വപ്പെട്ട ഒരു ലോക്സഭാ അംഗം സിക്കിം ഗവൺമെന്റുമായി സംസാരിച്ചതിനുശേഷം കേരളത്തിലെ ഒരു എം.പി.ക്ക് അയച്ച കത്താണ് എന്റെ കയ്യിലിരിക്കുന്നത്. വളരെ വ്യക്തമായി കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാൻ പറ്റും. അതുപോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സുപ്രീം കോടതി വിധി നിയമസഭയിൽ തെറ്റായി കോട്ട് ചെയ്തു. സുപ്രീം കോർട്ടിന്റേത് ഇന്ററിം ഓർഡറാണ്, അറസ്റ്റ് ചെയ്യാൻ പാടില്ല, പക്ഷേ റെയ്ഡ് നടത്താം.

LIBRARY ARCHIVES Kerala Legislative Assembly

അവർക്കെതിരായി കേസ് എടുക്കാം. കോടതിയുടെ വാറന്റ് വേണമെന്ന് മാത്രം പറഞ്ഞിരിക്കുന്നു. ഇവിടെ എന്താണ് നടക്കുന്നത്? ഇവിടെ ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് മന്ത്രി മറുപടി പറഞ്ഞിരിക്കുന്നു. അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, ഡയറക്ടർ ജനറൽ ഓഫ് പോലീസ് തുടങ്ങിയവരെ വിളിച്ച് മീറ്റിംഗ് നടത്തി പരിശോധന നടത്താൻവേണ്ടി തീരുമാനിച്ചു ; പരിശോധനാ നാടകം. എവിടെയാണ് പരിശോധന നടത്തുന്നത് ? സെയിൽസ് ഔട്ട്ലെറ്റിൽ പരിശോധന നടത്തും. സെയിൽസ് ഔട്ട്ലെറ്റിൽ പരിശോധന നടത്താൻ പോലീസ് ചെല്ലുമ്പോൾ സർക്കാരിൽ ടാക്സ് അടച്ച റെസീറ്റ് കാണിച്ചുകൊടുക്കും. സെയിൽസ് ടാക്സ് കൊടുത്തിരിക്കുന്ന, പൈസ അടച്ച റെസീറ്റ് കാണിക്കും. ടിക്കറ്റ് പ്രിന്റ് ചെയ്തിരിക്കുന്നത് കാണിച്ചുകൊടുക്കും. പോലീസുകാർ അവിടെ നിന്ന് തിരിച്ചുപോരും. അവിടെ കേസ് എടുത്തിട്ടെന്താ കാര്യം? ആ കേസ് നിൽക്കുമോ ? എവിടെയാണ് കേസ് എടുക്കേണ്ടത് ? എവിടെയാണ് റെയ്ഡ് നടത്തേണ്ടത് ? ഇവിടെ പറഞ്ഞിരിക്കുന്നത് ആകെ ഏതാണ്ട് പത്ത് പതിനഞ്ച് മാസം കൊണ്ട് നാൽപ്പത്തിയൊന്ന് കേസ് എടുത്തെന്നാണ്. കഴിഞ്ഞ ആറ് മാസം കൊണ്ട് ആകെ എടുത്തത് എട്ടോ ഒമ്പതോ കേസാണ്. എവിടെയാണ് റെയ്ഡ് നടത്തേണ്ടത് ? പ്രൊമോട്ടറുടെ കേന്ദ്രത്തിൽ റെയ്ഡ് നടത്താൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? ഒറ്റ റെയ്ഡ് നടത്തിയാൽ, ഒറ്റ കേസ് എടുത്താൽ മതി. കാരണം സെക്ഷൻ (4)-ന്റെ വയലേഷനാണ്, റൂൾ 3-യുടെ വയലേഷനാണ്. വളരെ ക്ലിയറായിട്ട് ഇതെല്ലാം പറഞ്ഞിരിക്കുന്നു. അവസാനം റെയ്ഡ് നടത്തിക്കഴിയുമ്പോൾ നന്നായി നടക്കുന്ന ലോട്ടറി എന്ന് പറഞ്ഞിട്ട് അവർക്ക് ഒരു സർട്ടിഫിക്കറ്റ് കൂടി കൊടുത്തിട്ടാണ് റെയ്ഡ് നടത്തുന്നവർ പോകുന്നത്. ഇത് ഒരു പരിശോധനാ നാടകമാണ്. പ്രഹസനമാണ് ഇവിടെ നടക്കുന്നത്. ഇവിടെ റൂൾ 3(2), റൂൾ 3(3) ഇതെല്ലാം വളരെ കൃത്യമായി പറയുന്നുണ്ട്. നോട്ടിഫിക്കേഷൻ വേണം, ഡീറ്റെയിൽസ് വേണം, ഒന്നും കൊടുക്കാറില്ല. ഒരു നോട്ടിഫിക്കേഷനും കൊടുക്കാറില്ല. ഇവരുടെ പ്രിന്റ് ഔട്ടും ന്യൂസ് പേപ്പറുകളിൽ വന്ന വാർത്തകളും പരിശോധിച്ചു കഴിഞ്ഞാൽ ഇതെല്ലാം വളരെ കൃത്യമായി മനസ്സിലാകും. ഞാൻ വളരെ ചുരുക്കുകയാണ്. ഇവിടെ ഒരു ലെറ്റർ അയച്ചിട്ടുണ്ടെന്ന് പറഞ്ഞു. എത്ര അവ്യക്തമായ ലെറ്ററാണ് സിക്കിം ഗവൺമെന്റിന് അയച്ചിരിക്കുന്നത്. രണ്ട് റൂൾസ് വയലേറ്റ് ചെയ്തിരിക്കുന്നുവെന്നാണ് ആ ലെറ്ററിൽ പറഞ്ഞിരിക്കുന്നത്. അത് സബ്സ്റ്റാൻഷ്യേറ്റ് ചെയ്യാനുള്ള എന്ത് റിക്കാർഡ് നിങ്ങൾ വച്ചിട്ടുണ്ട്? ശ്രീ. സിബി മാത്യുവിന്റെ അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ട് എന്തുകൊണ്ട് നിങ്ങൾ സിക്കിം ഗവൺമെന്റിന് അയച്ചുകൊടുത്തില്ല. അവ്യക്തമായ കാര്യങ്ങൾ മാത്രം ഒരു ഡോക്യുമെന്റിന്റെ പിന്തുണ പോലും ഇല്ലാതെ കൊടുക്കുന്നു. ഈ സാഹചര്യങ്ങൾ നിലവിലിരിക്കെ

1.00 PM] യാണ് എന്റെ ആരോപണം, 3-7-2010-ൽ ഈ സർക്കാർ പുതിയ രണ്ട് ലോട്ടറികൾക്കുകൂടി അനുമതി കൊടുക്കുകയാണ്, 26 ഡ്രോ നടത്താൻ വേണ്ടി. ഒരു ദിവസം 40 കോടി രൂപ കളക്ട് ചെയ്യുന്ന സമയത്താണ് 22.5 കോടി രൂപ കൂടി കളക്ട് ചെയ്യാൻ കഴിയാവുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഡ്രോയും കൂടി കൊടുക്കുന്നത്. രണ്ടു ഡ്രോ കൊടുത്തു. ഒരെണ്ണമുള്ളത് പുതുക്കിയതാണ്. ഒരു പുതിയ ഡ്രോയും കൂടി കൊടുക്കുന്നു. കേരളത്തിൽ നടക്കുന്ന ലോട്ടറികളെല്ലാം സെക്ഷൻ 4-ന്റെയും റൂൾ 3-ന്റെയും വയലേഷനാണെന്ന് മന്ത്രി തന്നെ പറയുന്നു. അത്തരം ലോട്ടറികൾക്ക് ഇതെല്ലാം കൊടുത്തിരിക്കുകയാണ്. ടാക്സസ് ഓൺ ലോട്ടറീസ് ആക്റ്റ് ഉണ്ട്, അതിന്റെയകത്ത് വളരെ കൃത്യമായി പറയുന്നുണ്ട്. എന്താണ് പറയുന്നത്, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി ഓരോ പ്രൊമോട്ടറും ഓരോ മാസത്തിന്റെയും ഒന്നാം തീയതി അവധി ദിവസമാണെങ്കിൽ തൊട്ടടുത്തുള്ള പ്രവർത്തിദിവസം അസിസ്റ്റന്റ് കമ്മീഷണർക്ക് അടുത്തു വരുന്ന മാസം മുതൽ ആരംഭിക്കുന്ന മാസത്തിൽ നടത്തേണ്ട നറുക്കെടുപ്പിനെ സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് കൊടുക്കേണ്ടതും സ്റ്റേറ്റ്മെന്റിൽ കാണിക്കുന്ന പ്രകാരമുള്ള തുക മുൻകൂറായി കൊടുക്കുകയും വേണം. ഇവിടെ എത്രയാണ് കൊടുത്തിരിക്കുന്നത്? ഇവിടെ 3-7-2010-ൽ സർട്ടിഫിക്കറ്റ് കൊടുത്തിരിക്കുന്നു. പേ ഓർഡർ അടച്ചിരിക്കുന്നത് 1-7-2010-ൽ ആ മാസം തന്നെയാണ്. സെക്ഷൻ 10-ൽ പറയുന്നത് എന്താണ്? തലേമാസം ഒന്നാം തീയതി പിറ്റേ മാസത്തേക്കുള്ള പണമടയ്ക്കണം, ടാക്സടയ്ക്കണം എന്നാണ്. ഇത് അതേ മാസം സ്വീകരിച്ചിട്ട് അവർ തന്നെ എഴുതി തയ്യാറാക്കി കൊടുത്തിട്ടുള്ള സാധനത്തിൽ കയ്യൊപ്പ് ചാർത്തി വിടുകയാണ്. ഇത് യഥാർത്ഥത്തിൽ നമ്മൾ പാസ്സാക്കിയ ടാക്സ് ഓൺ ലോട്ടറീസ് ആക്റ്റിന്റെ ലംഘനമാണ്, കേന്ദ്ര നിയമത്തിന്റെ ലംഘനമാണ്. കേന്ദ്ര നിയമം പറഞ്ഞ് രക്ഷപ്പെടാൻ വേണ്ടിയാണ് പലപ്പോഴും മന്ത്രി ഇവിടെ ശ്രമിക്കുന്നത്. ഞാൻ ആ കാര്യം മാത്രം ഒന്ന് സൂചിപ്പിക്കുകയാണ്. റൂൾ 322-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്, സ്റ്റേറ്റ് ഗവൺമെന്റിന് അധികാരമില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പലപ്രാവശ്യം പറഞ്ഞത്. റൂൾ 322 ഒന്ന് കേൾക്കണം, Every State Government shall ensure that no lottery in any form is organised by any authority other than the organised State or its appointed distributors or selling agents within its jurisdiction. സ്റ്റേറ്റ് അല്ലാതെ ആരു ലോട്ടറി നടത്തിയാലും അത് ഇവിടെ നടത്തുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ട ചുമതല ഈ കേന്ദ്ര റൂൾസ് പ്രകാരം സംസ്ഥാന ഗവൺമെന്റിനാണ് കൊടുത്തിരിക്കുന്നത്. ആ ചുമതല നിങ്ങൾ ഏറ്റെടുത്തോ? എന്റെ ചോദ്യമിതാണ്. നിങ്ങൾക്ക് ടാക്സ് സ്വീകരിക്കാതിരിക്കാൻ കഴിയും. കാരണം ടാക്സിന്റെ കാര്യത്തിൽത്തന്നെ ലോട്ടറിയെ കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. പേപ്പർ ലോട്ടറി എന്നാൽ ഓൺലൈൻ ലോട്ടറി ഒഴികെയുള്ളതും 1998-ലെ ലോട്ടറീസ് റെഗുലേഷൻ ആക്റ്റിലെ നാലാം വകുപ്പിലെ നിബന്ധന പ്രകാരം നടത്തുന്നതുമായ ഏതൊരു ലോട്ടറിയും എന്നാകുന്നു. എന്നിട്ട് നികുതി മേടിക്കുന്നതെങ്ങനെയാണ്? താഴെപ്പറയുന്ന നിരക്കുകളിൽ പേപ്പർ ലോട്ടറികൾക്ക് നികുതി ചുമത്തേണ്ടതും ഈടാക്കേണ്ടതുമാണ് എന്ന് പറയുന്നു. ആ നിയമത്തിന് എതിരായിട്ടാണ് ഇവർ ടാക്സ് മേടിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ നിയമത്തിനെതിരായിട്ടാണ്, സെക്ഷൻ 4-ന് എതിരായിട്ടാണ്, സെൻട്രൽ ആക്റ്റിനെതിരായിട്ടാണ്, സെൻട്രൽ റൂൾസിനെതിരായിട്ടാണ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് മേടിക്കുന്നത്. ആ ടാക്സ് വാങ്ങിച്ചതുകൊണ്ട് അവർക്ക് ഒരു ദിവസം 22.5 കോടി.... എന്റെ കൈയിൽ ടിക്കറ്റുണ്ട്. അതിലെഴുതിയിരിക്കുന്നുണ്ട്, ഒരു ദിവസം 22.5 കോടി ടിക്കറ്റ് വിൽക്കുന്നുണ്ട്. 26 ദിവസത്തേക്ക് കൊടുത്തതുവഴി 25 കോടി രൂപയുടെ അഴിമതി ഈ കാര്യത്തിൽ നടന്നിരിക്കുന്നു എന്ന് ഞാൻ ആക്ഷേപിക്കുകയാണ്. കേരളത്തിലെ ഏറ്റവുംവലിയ വരുമാനസ്രോതസ്സ് സാന്റിയാഗോ മാർട്ടിൻ നടത്തുന്ന ഈ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നതിന്റെ കമ്മീഷനാണ്.*****

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ....

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ അവസാനിപ്പിക്കുന്നു. ഒറ്റ കാര്യം മാത്രമേ പറയുന്നുള്ളൂ. ഇത് ടെലികാസ്റ്റ് ചെയ്യുന്നത് മൂന്നു ചാനലുകളാണ്. ഒന്നാമത്തേത് എസ്.എസ്. എന്നു പറയുന്ന ചാനലാണ്. രണ്ടാമത് ഇത് ലൈവ് ടെലികാസ്റ്റ് ചെയ്യുന്നത് കൈരളി ചാനലും മൂന്നാമത് ലൈവ് ടെലികാസ്റ്റ് ചെയ്യുന്നത് പീപ്പിൾസ് ചാനലുമാണ്. ഇവിടെ ഞാൻ പറഞ്ഞ പ്രധാനപ്പെട്ട കാര്യം, മുഖ്യമന്ത്രി പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ ഇക്കാര്യത്തെക്കുറിച്ച് പത്രസമ്മേളനം നടത്തിയതാണ്. ഒരു കൂലിപ്പണിക്കാരന് കട്ടിലിന്റെ അടിയിൽ നിന്നും.......(ബഹളം)...........

മി. സ്പീക്കർ : യെസ് ...... അതുകൂടി പറഞ്ഞ് അവസാനിപ്പിക്കുക.

ശ്രീ. വി. ഡി. സതീശൻ : പാവപ്പെട്ട കുടുംബങ്ങളുടെ കണ്ണീരിൽ ചവിട്ടി അവരുടെ വിയർപ്പിന്റെ പണം കവർച്ച ചെയ്യുന്ന സാന്റിയാഗോ മാർട്ടിൻമാർക്ക് കുടപിടിച്ചുകൊടുക്കുന്ന സർക്കാരിന്റെ ഈ ബില്ലിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ശ്രീ. വി. ഡി. സതീശൻ ലോട്ടറി കച്ചവടത്തിലൂടെ 150 കോടിയോളം രൂപ സി.പി.ഐ(എം)-ന്റെ ഓഫീസിലേക്കും കൈരളി ചാനലിലേക്കും ദേശാഭിമാനിക്കും കൊണ്ടുവന്നു എന്നാണ് ആരോപണമുന്നയിച്ചിരിക്കുന്നത്. കോൺഗ്രസ് ഇതുപോലെയുള്ള കച്ചവടത്തിൽ കാശ് പിരിക്കുന്നുണ്ടാവാം. പക്ഷെ സി.പി.ഐ(എം)-നെ സംബന്ധിച്ചിടത്തോളം അഞ്ച് നയാപൈസ ഇതുപോലെ അവിഹിതമായ മാർഗ്ഗത്തിലൂടെ സ്വീകരിച്ച നടപടിയില്ല. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം. ഉത്തരവാദിത്തമുള്ള രാഷ്ട്രീയ പാർട്ടിയെകുറിച്ച് .... (ബഹളം)....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: .... (ബഹളം)...........സർ, റൂളിംഗ് വേണം...........ഈ വിഷയത്തിൽ റൂളിംഗ് വേണം...........വ്യക്തികൾക്കെതിരെയുള്ള അഴിമതി ആരോപണം പോലെയല്ല സർ, ഇത്. റൂളിംഗ് വേണം......... സർ...........

***ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നം.377/4/ഇ.ബി.10/ ലെജി.ഡേറ്റഡ് 6-8-2010) നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : .... ശ്രീ. എ. പ്രദീപ്കുമാർ..... ....

ശ്രീ. സാജു പോൾ : സർ, എനിക്ക് പറയാനുള്ളത് ഇവിടെ ഇങ്ങനെ ഒരു ആക്ഷേപമുന്നയിച്ചു. ഇപ്പോൾ ദൃശ്യമാധ്യമങ്ങളിലൊക്കെ ഇവിടെ പറയുമ്പോൾ തന്നെ അത് കൊടുക്കുന്ന സ്ഥിതിയാണുള്ളത്. ഇങ്ങനെയൊരു അടിസ്ഥാനരഹിതമായ കാര്യം പ്രസിദ്ധീകരിക്കരുതെന്ന് പ്രത്യേകമായ നിർദ്ദേശം ബഹുമാനപ്പെട്ട ചെയർ നൽകണം. ....(ബഹളം)...

മി. സ്പീക്കർ : യെസ്.... ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. എ. പ്രദീപ്കുമാർ : സർ, ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ ഉന്നയിച്ച കാര്യങ്ങളെക്കുറിച്ച് വലിയൊരു ഡിസ്ക്കഷന് സാധ്യതയില്ല. കാരണം ഇൻഡ്യ കണ്ട ഏറ്റവും വലിയ ലോട്ടറി മാഫിയത്തലവൻ കോൺഗ്രസ്സിന്റെ നേതാവായിട്ടുള്ള പഴയ കോൺഗ്രസ് എം.പി.കൂടിയായിട്ടുള്ള ശ്രീ. മണികുമാർ സുബ്ബയാണ്. അദ്ദേഹത്തിന്റെ വിഹിത മെത്രയാണ് ഇന്ദിരാഭവനിൽ കിട്ടുന്നുണ്ടെന്നുള്ള കണക്കുംകൂടി ഒന്നിച്ച് ടെലികാസ്റ്റ് ചെയ്യാൻ കൊടുക്കുന്നതാണ് ഉത്തമമായിട്ടുള്ള കാര്യം. അപ്പോൾ അതുകൊണ്ട് അതിനെക്കുറിച്ച് വലിയ ധാർമ്മികമായിട്ടുള്ള രോഷം ഇവർ കൊള്ളേണ്ടതില്ല. മറ്റുകാര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ ഇവിടെ പറയുന്നതാണ്. ഈ ഫിനാൻസ് ബില്ലിന്റെ ഡിസ്ക്കഷനിൽ പ്രധാനമായിട്ടും നമ്മുടെ ധനകാര്യമേഖല കൈവരിച്ച സുസ്ഥിരതയെ സംബന്ധിച്ച് കഴിഞ്ഞ ദിവസങ്ങളിലും ഇന്നുമായൊക്കെത്തന്നെ അംഗങ്ങൾ അതിന്റെ വസ്തുതകളും, സ്ഥിതിവിവരക്കണക്കുകളുമെല്ലാം പറയുകയുണ്ടായി. എനിക്ക് വലിയ അദ്ഭുതം തോന്നിയത് ധനകാര്യ വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ അതിൽ അതിനൈപുണ്യം കാണിക്കുന്ന മാണിസാർ ഇന്നിവിടെ നടത്തിയത് വളരെ ദയനീയമായ പ്രകടനമാണ്. സാധാരണഗതിയിൽ മാണിസാറിനെ കാണുമ്പോൾ ഷേക്സ്പിയർ നാടകങ്ങളിലെ ചില കഥാപാത്രങ്ങളുടെ ചില ഭാവങ്ങളൊക്കെയാണ് എനിക്ക് ഓർമ്മ വരുന്നത്. പക്ഷെ ഇന്ന് അദ്ദേഹത്തിന്റെ ആകെയുള്ള ഇളകിയാട്ടം കണ്ട സമയത്ത് വടക്കേ മലബാറിലെ തീചാമുണ്ഡി തെയ്യമുണ്ട്, ആ തെയ്യത്തിന്റെ ഒരു ആട്ടം, അതാണ് ഇവിടെ നടന്നത്. അദ്ദേഹത്തിന്റെ ആർഗ്യുമെന്റ് അതീവ ദുർബ്ബലമായിട്ടുള്ള ഒന്നായിരുന്നു. ഈ ഗവൺമെന്റിന് ധനസുസ്ഥിരത കൈവരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളതിന്റെ ഉദാഹരണമായി അദ്ദേഹം ഏറെ സമയമെടുത്ത് പാടുപെട്ട് അവതരിപ്പിച്ചത്, പദ്ധതിയേതര റവന്യൂച്ചെലവ് കൂടുന്നു എന്നുള്ളതാണ്. അതിന് സി.എ.ജി. റിപ്പോർട്ട് മറ്റും പറഞ്ഞു. റവന്യൂച്ചെലവ് കൂടാൻ പാടില്ലായെന്നുള്ളത് ആരുടെ യുക്തിയാണ് ? ലോകബാങ്കിന്റെ യുക്തിയാണ്. അതാണ് അദ്ദേഹത്തിന്റെ മസ്തിഷ്കത്തിലുള്ളത്. ലോകബാങ്കിന്റെ യുക്തി അദ്ദേഹം അവതരിപ്പിക്കുകയാണ് ചെയ്തത്. ഈ ഗവൺമെന്റിന്റെ നിലപാട് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പലവട്ടം ആവർത്തിച്ചുപറഞ്ഞതാണ്. നിങ്ങളുടെ കാലത്ത് ചെയ്തതുപോലെ ചെരുപ്പിനൊപ്പിച്ച് കാല് മുറിക്കുകയല്ല ഈ ഗവൺമെന്റിന്റെ സമീപനം. ലോകബാങ്ക് പറഞ്ഞു എന്നുള്ളത് കൊണ്ട് റവന്യൂച്ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സേവന മേഖലയിൽ നിന്ന് പിൻവാങ്ങുകയോ അതുപോലെ ക്ഷേമപദ്ധതികൾ വെട്ടിക്കുറയ്ക്കുകയോ ചെയ്യുന്നത് ഞങ്ങളുടെ സമീപനമല്ല. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കും അതിനുവേണ്ടി ചെലവ് ചെയ്യും. ആ ചെലവ് ചെയ്യുന്നതിനാവശ്യമായിട്ടുള്ള വരുമാനം ജനങ്ങളുടെ തലയിൽ അധിക നികുതി ഭാരമടിച്ചേൽപ്പിക്കാതെ നികുതിപ്പിരിവ് ഊർജ്ജിതപ്പെടുത്തി ഞങ്ങളുണ്ടാക്കും. അപ്പോൾ ടാക്സ് റവന്യൂ ആയാലും നോൺ ടാക്സ് റവന്യൂ ആയാലും നമ്മുടെ നാടിന്റെ സമ്പദ്ഘടനയുടെ ചരിത്രത്തിൽ ഒരു കാലത്തുമില്ലാത്ത നിലയിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. വരുമാനം വർദ്ധിച്ചതിനെ സംബന്ധിച്ച് അങ്ങേയ്ക്കെന്താണ് പറയാനുള്ളതെന്ന് ഒരു ചോദ്യം പ്രൊഫ. എൻ. രവീന്ദ്രനാഥ് ഇടപെട്ടു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞത് ഞാൻ ചെലവിന്റെ കാര്യം മാത്രമാണ് പറയുന്നത് എന്നാണ്. ഇവിടെ അദ്ദേഹം 10%, 17% എന്നൊക്കെ പ്രതിവർഷം റവന്യൂച്ചെലവ് വർദ്ധിച്ചതിനെക്കുറിച്ച് പറയുമ്പോൾ ആവറേജ് 20 ശതമാനത്തിന്റെ മുകളിലായി റവന്യൂ വരുമാനം പ്രതിവർഷം വർദ്ധിപ്പിച്ചിട്ടുണ്ട്. അങ്ങനെ റവന്യൂ വരുമാനം വർദ്ധിപ്പിച്ച് ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് ചെലവ് ചെയ്യുന്ന രീതി സ്വീകരിച്ചതിന്റെ ഭാഗമായി റവന്യൂ കമ്മി വർദ്ധിക്കുക എന്നുപറയുന്ന പ്രതിസന്ധി, ആ പ്രശ്നം നമുക്ക് മറികടക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി യു.ഡി.എഫ്. അധികാരത്തിൽ വരുന്ന സമയത്തുണ്ടായിരുന്ന റവന്യൂ കമ്മി നല്ല നിലയിൽ ഇപ്പോൾ കുറയ്ക്കാൻ പറ്റിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തേക്ക് ഇനിയും അത് കുറയ്ക്കാനാകുമെന്ന സാഹചര്യമാണുള്ളത്. യു. ഡി.എഫ്.-ന്റെ കാലത്ത് 2004- 05-ൽ 3.3 ശതമാനമായിരുന്ന റവന്യൂകമ്മി

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

1.09 ശതമാനമായി നടപ്പു സാമ്പത്തിക വർഷത്തിൽ കുറഞ്ഞിട്ടുണ്ട്. ധനസുസ്ഥിരതയുടെ പ്രശ്നങ്ങൾ നമ്മൾ പലപ്രാവശ്യം ഇവിടെ പറഞ്ഞതാണ്. മൂലധന ചെലവ് വർദ്ധിച്ചു. വികസന ചെലവ് വർദ്ധിക്കുകയുണ്ടായി. മൂലധന ചെലവ് വർദ്ധിക്കുന്ന സമയത്തുതന്നെ ധനകമ്മിയിൽ കുറവുവരുത്താൻ കഴിഞ്ഞു. അത് ഞാനിവിടെ പലപ്രാവശ്യം പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. ഇതാണ് ധനസുസ്ഥിരതയുടെ മെച്ചമെന്ന് ഞങ്ങൾ അഭിമാനത്തോടെ പറയുന്നത്. ഒരിക്കൽപോലും ട്രഷറി പൂട്ടുന്ന പ്രശ്നമുണ്ടായിട്ടില്ല ഓവർഡ്രാഫ്റ്റിന്റെ ആവശ്യം വന്നില്ല. ഇങ്ങനെയൊരു അവസ്ഥ കേരളത്തിലെ ചരിത്രത്തിൽ എപ്പോഴാണ് ഉണ്ടായത് ? ഇതിനെക്കുറിച്ച് നല്ല വാക്ക് പറയുക മര്യാദയുടെ ഒരു ഭാഗമല്ലേ? അതില്ലാതെ എല്ലാകാര്യങ്ങളിലും രാഷ്ട്രീയ ദുഷ്ടതയോടെ സമീപിക്കുന്ന നിലപാട് ശരിയല്ല. അത് ആരേയും സഹായിക്കില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞത് നിങ്ങൾ ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ഇഷ്ടംപോലെ പ്രസംഗിച്ച് പദ്ധതി പ്രഖ്യാപിച്ച് പോയാൽ മതി ഇതെല്ലാം കൊടുക്കേണ്ടത് ഞങ്ങളല്ലേയെന്നാണ്. പക്ഷെ നിങ്ങൾ സ്വപ്നം കാണുന്നത് സംഭവിക്കാൻ പോകുന്ന കാര്യമല്ല. ഇതൊക്കെ ഞങ്ങൾ തന്നെ കൊടുത്തു തീർക്കും. മാത്രവുമല്ല നിങ്ങൾക്കുവേണ്ടി വച്ചിട്ടൊന്നുമില്ല. സ്റ്റിമുലസ് പാക്കേജിന്റെ ഉൾപ്പെടെ, എം.എൽ.എ.മാർ ഫോളോ അപ് ചെയ്ത പ്രവൃത്തികളെല്ലാം ടെന്റർ ചെയ്യിപ്പിച്ചു. ആ വർക്കുകൾ പൂർത്തിയാക്കിയ ശേഷം പണം കൊടുത്ത് തുടങ്ങിയിട്ടുണ്ട്. ഓരോരുത്തരുടേയും മണ്ഡലം നോക്കിയാൽ മതി. വിഷൻ 2010 പ്രോജക്ട് അന്ന് പ്രഖ്യാപിച്ചപ്പോൾ ഇതേ പോലെ പറഞ്ഞതാണ്. പദ്ധതി പ്രവൃത്തി പൂർത്തിയാക്കിയിടത്തെല്ലാം അതിന്റെ പണം കൊടുത്തുകഴിഞ്ഞു. നിങ്ങൾ കുടിശ്ശികയാക്കിവച്ചിരുന്ന കരാറുകാർക്ക് കൊടുക്കാനുള്ള പണവും ക്ഷേമപദ്ധതികളുടെ കുടിശ്ശികയും തൊഴിലില്ലായ്മ വേതനവും എല്ലാം കൊടുത്തു തീർത്തിട്ടാണ് ചരിത്രത്തിൽ സമാനതകളില്ലാത്ത വികസന പദ്ധതികൾ ഓരോവർഷവും പ്രഖ്യാപിക്കുകയും അത് പൂർത്തിയായതിന്റെ പണം കൊടുക്കുകയും ചെയ്തത്. ഇത് വസ്തുതകൾ വച്ച് നിങ്ങൾക്ക് നിഷേധിക്കാനാവില്ല. പിന്നെ ഉത്തരംമുട്ടുമ്പോൾ കൊഞ്ഞനം കുത്തുക എന്ന് പറഞ്ഞതുപോലെ എന്തൊക്കെയോ വിമർശനമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇന്ന് മാണിസാറിന്റെ ദിവസമായിരുന്നു. മാണിസാറൊക്കെ പ്രസംഗിക്കുമ്പോൾ പരിചയ സമ്പന്നനായ അംഗം എന്നുള്ള നിലയിൽ ഞങ്ങളൊക്കെ എപ്പോഴും നന്നായി ശ്രദ്ധിക്കുന്നയാളുകളാണ്. അദ്ദേഹത്തിന് ഫിനാൻസ് ബില്ലിനെക്കുറിച്ച് അധികം പറയാനുണ്ടായില്ല. എതിർത്തു എന്ന് വരുത്തി തീർത്തിട്ട് അദ്ദേഹം അസാധാരണമായ നിലയിൽ രാഷ്ട്രീയ വിഷയത്തിലേക്ക് കടന്നു. അദ്ദേഹം ക്ലൈമാക്സിൽ വന്നത് ഞാൻ ശ്രദ്ധിച്ചു. അദ്ദേഹം പറഞ്ഞത് ഞാൻ മുഖ്യമന്ത്രിയായിരുന്നെങ്കിൽ ഇപ്പോൾ രാജിവച്ച് ഒഴിഞ്ഞേനെ എന്ന് പറഞ്ഞിട്ട് സീറ്റിലേക്ക് ഒറ്റ വീഴ്ചയാണ്. നിധി കിട്ടിയെന്ന് സ്വപ്നം കണ്ടിട്ട് കട്ടിലിൽനിന്ന് ഉരുണ്ട് താഴെവീണ അവസ്ഥയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോപ്പുലർ ഫ്രണ്ടിനെ സംബന്ധിച്ചും അവരുടെ ലഘുലേഖകളൊക്കെ പ്രചരിപ്പിച്ചുകൊണ്ട് നടക്കുന്ന വിഷലിപ്തമായ പ്രചരണത്തെ സംബന്ധിച്ചും നമ്മുടെ സമൂഹത്തെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി നടത്തിയിട്ടുള്ള ഒരു അഭിപ്രായപ്രകടനം അല്ലെങ്കിൽ നിരീക്ഷണം ഇവിടെ സാമുദായികമായ വിഭജനം ഉണ്ടാക്കാനാണ്, വർഗ്ഗീയധ്രുവീകരണം ഉണ്ടാക്കാനാണ് എന്ന് ലജ്ജയില്ലാതെ ഒരു സീനിയർ നേതാവ് എന്ന നിലയിൽ അദ്ദേഹം ആരോപണം ഉന്നയിച്ചു. എന്താണ് മുഖ്യമന്ത്രി പറഞ്ഞിരുന്നത് ? പോപ്പുലർ ഫ്രണ്ടിന്റെ ലഘുലേഖകളിലെല്ലാം മുസ്ലിം രാഷ്ട്രം എന്നുള്ള സങ്കൽപ്പം അവതരിപ്പിക്കുന്നു, അത് ജമാ-അത്ത്-ഇസ്ലാമിയുടേതാണ്. അവർ അത് പ്രചരിപ്പിക്കുന്നുണ്ട്. അത്തരം ഒരു അവസ്ഥയുണ്ടാക്കുന്നതരത്തിൽ ആളുകളെ വർഗ്ഗീയതയിലേക്ക് എത്തിക്കാൻ ഉതകുന്ന വിഷലിപ്തമായിട്ടുള്ള പ്രചരണം അവർ നടത്തുന്ന കാര്യമാണ് പറഞ്ഞത്. അത് ഒരു രാഷ്ട്രം സ്ഥാപിക്കുന്നതിനെകുറിച്ചുള്ള അവരുടെ സങ്കൽപ്പമാണ്. അത് എത്ര ചെറിയ ഗ്രൂപ്പാണെങ്കിലും ദുർബ്ബലരാണെങ്കിലും അവർ അത് പ്രചരിപ്പിച്ചുകൊണ്ടിരിക്കും. ഇന്നിവിടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതെന്താണ് ? രാഷ്ട്രം സ്ഥാപിച്ചതിനു ശേഷമാണല്ലോ കോടതി സ്ഥാപിക്കുക. ഇവിടെ കോടതി സ്ഥാപിച്ചു കഴിഞ്ഞെന്നല്ലേ ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞത് ? അതപ്പോൾ സമുദായത്തെ ധ്രുവീകരിക്കാനാണോ ? ആ വിഷയം ഗൗരവമായി ഉന്നയിച്ചതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് ഗവൺമെന്റിന് എന്റെ എല്ലാ പിന്തുണയും എന്ന് ആദ്യം പറഞ്ഞു. പിന്നെ ഒന്ന് ആലോചിച്ചശേഷമാണ് അദ്ദേഹം എന്റേയും എന്റെ പാർട്ടിയുടേയും പിന്തുണ എന്ന് പറഞ്ഞത്. ആര്യാടന്റെ പിന്തുണ നമുക്ക് ബോദ്ധ്യപ്പെടും. പക്ഷേ ആര്യാടന്റെ പാർട്ടിയുടെ പിന്തുണ ഇപ്പോഴും പൂർണ്ണമായും കേരളീയ സമൂഹത്തിന് ബോദ്ധ്യപ്പെട്ടിട്ടില്ല. അതിന് ചില കാര്യങ്ങൾകൂടി നിങ്ങൾ ഒന്ന് ഉറപ്പിച്ച് പറഞ്ഞേ മതിയാകൂ. പലപ്പോഴും ഇവിടെ നടക്കുന്ന ചർച്ചകളിൽ സാഹിത്യ സമാജത്തിലെ പ്രസംഗം പോലെ തർക്കിച്ചിട്ട് കാര്യമില്ല. രാഷ്ട്രീയത്തിനതീതമായി തീവ്രവാദപ്രശ്നം പരിഹരിക്കാൻ കഴിയില്ല. ഇന്ന് നമ്മളൊക്കെ കൈകാര്യം ചെയ്യുന്ന രാഷ്ട്രീയത്തെക്കുറിച്ച് നമുക്ക് മതിപ്പുണ്ടാകണം. ഇതിന് രാഷ്ട്രീയമായ പരിഹാരമേയുള്ളൂ. എല്ലാ പ്രസ്ഥാനങ്ങളും, ഭരണകക്ഷിയായാലും പ്രതിപക്ഷമായാലും എല്ലാവരും തന്നെ തീവ്രവാദത്തിനെതിരായി ശക്തിയായ രാഷ്ട്രീയ നിലപാട് എടുത്തുകൊണ്ടുമാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. കേവലം ഭരണ നടപടികളിലൂടെ മാത്രം പറ്റില്ല. രാഷ്ട്രീയമായ നിലപാട് എടുത്ത് ഇവരെ ഒറ്റപ്പെടുത്തുന്ന സമീപനം ഉണ്ടാകണം. ആ കാര്യത്തിനകത്ത് ശ്രീ. ആര്യാടൻ പറഞ്ഞത് കോൺഗ്രസ്സിൽ നിലനിൽക്കുന്നുണ്ടോ എന്ന് ഒരു ആത്മപരിശോധന ഉണ്ടാകണം. ഇന്ന് ഞങ്ങളാരെങ്കിലും പറയുമ്പോൾ തർക്കിക്കേണ്ട ഒരു വിഷയമല്ല. ഒരു ആത്മപരിശോധന നടത്തേണ്ടതാണ്.

ശ്രീ. പി. വിശ്വൻ : നിങ്ങൾ ഈ പറഞ്ഞ വിഷയത്തിൽ കിനാലൂരിലെ നാലുവരി പാതയുമായി ബന്ധപ്പെട്ട് ഭൂമി സർവ്വേ നടത്താൻ തീരുമാനമെടുത്തപ്പോൾ അതിനെ തടയാനും പോലീസുകാരെ ആക്രമിക്കാനുമൊക്കെ തന്നെ മുന്നിൽ നിന്നിട്ടുണ്ടായിരുന്നത് പീപ്പിൾസ് ഫ്രണ്ടും അതുപോലെ എൻ.ഡി.എഫ്.പോലുള്ള സംഘടനകളായിരുന്നു. എന്നാൽ അവരുടെ കൂടെ അതിന് അംഗീകാരം കൊടുക്കാനും അതിന്റെ ഭാഗമായി നടക്കുന്ന പൊതുയോഗങ്ങളിൽ വരാനും ശ്രീ. ഉമ്മൻചാണ്ടിയടക്കമുള്ള പ്രതിപക്ഷ നേതാക്കന്മാർ അവിടെ വന്നത് അങ്ങ് കണ്ടിട്ടില്ലായിരുന്നോ ? ഇതിൽനിന്നും അവരുടെ ബന്ധമെന്താണ് എന്നുള്ളത് വ്യക്തമല്ലേ ?

ശ്രീ. എ. പ്രദീപ് കുമാർ : തീർച്ചയായും അത് കഴിഞ്ഞദിവസം തന്നെ ഈ സഭയിൽ കോഴിക്കോടുകാരൻ എന്ന നിലയിൽ ഞാൻ ഉന്നയിച്ചതാണ്. ജമാ-അത്ത്-ഇസ്ലാമിയുടെ തീവ്രവാദ നിലപാടിന്, വികസന വിരുദ്ധമായിട്ടുള്ള സമീപനത്തിന് ഊർജ്ജം പകർന്നത്, പിന്തുണ നൽകിയത് യു.ഡി.എഫ്. ആണ്. അതുപോലെ തന്നെ എൻ.ഡി.എഫ്.-ന്റെ കാര്യത്തിലും ഇതേ സമീപനം ഉണ്ടായിട്ടുണ്ട്. അതിവിടെ പലവട്ടം ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. യഥാർത്ഥത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇപ്പോൾ പോപ്പുലർ

LIBRARY ARCHIVES Kerala Legislative Assembly

ഫ്രണ്ട് ആയി പേരുമാറ്റിയ എൻ.ഡി.എഫ്.-ന്റെ പ്രവർത്തനത്തെ മുളയിലേ തടയാൻ ആത്മാർത്ഥവും ശക്തവുമായിട്ടുള്ള നിലപാട് ഉണ്ടായിരുന്നെങ്കിൽ ഇന്നത്തെ ഈ അവസ്ഥ ഉണ്ടാകുമായിരുന്നില്ല. ഗ്രീൻവാലി എന്നു പറയുന്ന ഇവരുടെ പ്രധാന കേന്ദ്രത്തിൽ സ്ഫോടനം നടന്നത് യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോഴാണ്. അതിനെക്കുറിച്ച് എന്തെങ്കിലും അന്വേഷണം ഉണ്ടായോ ? ഈ ഗവൺമെന്റ് വന്ന് ഇപ്പോഴല്ലേ അവിടെ റെയ്ഡ് നടത്തിയത് ? അതുപോലെ എത്രയോ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ബേപ്പൂരിൽ ഒരു സ്ഫോടനം ഉണ്ടായി. ഒരു ബോട്ട് തകർന്ന പ്രശ്നം ഉണ്ടായിട്ട് ഒരു അന്വേഷണവും ഉണ്ടായില്ല. കോഴിക്കോട് തന്നെ കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റിൽ ആ സ്ഫോടനവുമായി ബന്ധപ്പെട്ട് പരിശോധനയുണ്ടായില്ല. അങ്ങനെ എത്രയോ സംഭവങ്ങൾ പറയാൻ പറ്റും. ഇവിടെ ഉന്നയിക്കപ്പെട്ട ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നിവിടെ സംസാരിക്കുന്നതുകേട്ടു. അദ്ദേഹത്തിൽനിന്നും ഒരു വ്യക്തത ഉണ്ടാകണമെന്ന് നമ്മൾ എല്ലാവരും ആഗ്രഹിക്കുന്നു. ആരെയും കുറ്റപ്പെടുത്താനോ വിമർശിക്കാനോ ആഗ്രഹിക്കുന്നില്ല. ഒരു ഉദാഹരണം, ഇവിടെ ഒരു അദ്ധ്യാപകന്റെ കൈവെട്ടിയ സംഭവം ഉണ്ടായല്ലോ. തീവ്രവാദ നിലപാടാണ് അതിലേയ്ക്ക് നയിച്ചത്. ആ വിഷയവുമായി ബന്ധപ്പെട്ട ഒരു ചാനൽ ഡിസ്ക്കഷനിലാണ് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പ്രകോപിതനായത്. ഡി.വൈ.എഫ്.ഐ.യുടെ അഖിലേന്ത്യാ പ്രസിഡന്റ് ആ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. ഞാൻ ആ ചർച്ച കണ്ടതാണ്. എൻ.ഡി.എഫ്. ആണ് അദ്ധ്യാപകന്റെ കൈവെട്ടിയത് എന്ന നിഗമനത്തിൽ നിങ്ങൾ എങ്ങനെയാണ് എത്തുക? നിങ്ങൾ എങ്ങനെയാണ് എൻ.ഡി.എഫ്.-നെ പ്രതിക്കൂട്ടിലാക്കുക എന്ന് പ്രകോപനപരമായി ശ്രീ. ഇ. ടി മുഹമ്മദ് ബഷീർ ചോദിക്കുകയും എൻ.ഡി.എഫ്.നെ ന്യായീകരിക്കുകയും ചെയ്തതിനെത്തുടർന്നാണ് യൂത്ത് ലീഗിന് അദ്ദേഹത്തിനെതിരായി പ്രമേയം പാസ്സാക്കേണ്ടി വന്നത്. അങ്ങനെയുള്ള ഒരുപാട് സന്ദർഭങ്ങൾ ഉണ്ടായി. മാറാട് സംഭവമുണ്ടായപ്പോൾ നിയമസഭയിലെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. ജയരാജൻ ഇവിടെ ഒരു ആക്ഷേപം ഉന്നയിച്ചു. അദ്ദേഹം പറഞ്ഞത്, ബഹുമാനപ്പെട്ട ഇന്നത്തെ പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലിരുന്ന് മാറാട് സംഭവവുമായി ബന്ധപ്പെട്ട് പലയിടങ്ങളിലും സംഘർഷം ഉണ്ടാക്കിയതും മാറാട് സംഭവത്തിന്റെ അനുരണനങ്ങളെ മറ്റെല്ലായിടങ്ങളിലും എത്തിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായുണ്ടായതുമായ കേസ്സുകൾ ഉൾപ്പെടെ മഹാഭൂരിപക്ഷം കേസ്സുകളും കൂട്ടമായി പിൻവലിച്ചു എന്നാണ്. അദ്ദേഹം മുഖ്യമന്ത്രി എന്നുള്ള നിലയിൽ ഉത്തരവിറക്കിയതിന്റെ രേഖയും ഇവിടെ സമർപ്പിച്ചു. അപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വളരെ രോഷാകുലനായി തന്നെ അത് മേശപ്പുറത്തു വയ്ക്കണമെന്നു പറഞ്ഞു. അത് ഇവിടെ അവയിലബിളായിട്ടുള്ള ഡോക്യുമെന്റാണ്. എങ്ങനെയാണ് ഒരു മുഖ്യമന്ത്രിക്ക്, കേരളത്തിൽ ഒരു വർഗ്ഗീയ സംഘർഷത്തിന്റെ ഭാഗമായി രണ്ട് ഭാഗത്തും പ്രതികൾ ഉള്ള ഒരു കേസിൽ അവരെയെല്ലാം വിളിച്ചിരുത്തി ആ കേസിലെ പ്രതികളെയെല്ലാം ഒഴിവാക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഉത്തരവ് ഇറക്കാൻ സാധിക്കുക ? ഭരണഘടനാ ബാഹ്യമായ ഒരു ഇടപെടലിലൂടെ ഇത് എങ്ങനെയാണ് നടത്തുക ? അതിന് ഒരു മുഖ്യമന്ത്രിക്ക് എന്തവകാശമാണുള്ളത് ? അപ്പോൾ ഭരണഘടനാ ബാഹ്യമായ ഇടപെടലിലൂടെ തീവ്രവാദികളുടേയും വർഗ്ഗീയവാദികളുടേയും പേരിലുള്ള കേസ്സുകൾ ഒഴിവാക്കിക്കൊടുത്തു എന്ന കുറ്റം നിങ്ങളുടെ പേരിലുള്ളതാണ്. ഇപ്പോൾ ആ കുറ്റങ്ങളെല്ലാം എടുത്ത് ഓർമ്മിപ്പിക്കുന്നത് അതിനെക്കുറിച്ച് ഒരു ആത്മ വിമർശനം നടത്താൻ വേണ്ടിയാണ്. അതെല്ലാം പിശകായിപ്പോയി, തിരുത്തുന്നു, ഇതിനെതിരായുള്ള പുതിയ നിലപാടിന് നമുക്ക് ഒരുമിച്ച് പോകുകയും ചെയ്യാം. പക്ഷെ ഇത് ഒരു ആത്മപരിശോധന നടത്തി തിരുത്തേണ്ട വിഷയമാണ്. ഇതൊക്കെയാണ് ഈ നിലയ്ക്ക് കാര്യങ്ങൾ രൂക്ഷമായി വരുന്നതിന് കാരണം. മാറാട് സംഭവത്തെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് ജോസഫ് തോമസ് കമ്മീഷന്റെ നിരീക്ഷണത്തിൽ ഈ സംഭവത്തിന്റെ പിറകിലുള്ള larger conspiracy സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ആ conspiracy അന്വേഷിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു നിലപാടും സ്വീകരിച്ചിട്ടില്ല. ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നം തന്നെയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ക്യാബിനറ്റ് മൂന്നു തവണ നമ്മുടെ സംസ്ഥാനത്തിനു പുറത്തുള്ള ഗൂഢാലോചനയുടെ ഇഷ്യൂവെല്ലാമുള്ളതുകൊണ്ട് അത് സിബിഐ. എൻക്വയറി നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാത്തിനും ചാടിവീഴുന്ന സി.ബി.ഐ. ഇത് ഏറ്റെടുക്കുന്നില്ല. സി.ബി.ഐ. കേന്ദ്ര ഭരണാധികാരികളുടെ കടിഞ്ഞാൻ പിടിക്കുന്നതാണ്. അപ്പോൾ സി.ബി.ഐ. അത് ഏറ്റെടുക്കാത്തതിന് എന്താണ് കാരണം ? അല്ലെങ്കിൽ എന്താണ് ഏറ്റെടുപ്പിക്കാൻ കഴിയാത്തത് ; ആരാണ് പ്രതിബന്ധം ; ആ കാര്യങ്ങൾ ഒന്ന് പരിശോധനാ വിധേയമാക്കേണ്ടതല്ലേ ? നിങ്ങളുടെ കാലത്ത് മാറാട് സംഭവമുണ്ടായി. ഒമ്പതു പേർ കൊല്ലപ്പെട്ടു, കശാപ്പ് ചെയ്യപ്പെട്ടു രണ്ടാം ഘട്ടത്തിൽ. ലീഗിന്റെ ചിറകിനടിയിൽ ഉണ്ടായിട്ടുള്ള എൻ.ഡിഎഫ്. ആയിരുന്നു അതിലെ കക്ഷികളെന്ന് എല്ലാവർക്കുമറിയാം. ഇന്നിപ്പോൾ അധ്യാപകന്റെ കൈവെട്ടിയ സംഭവമുണ്ടായപ്പോൾ തന്നെ കേരളത്തിലെ എല്ലാ എൻ.ഡി.എഫ്. ഓഫീസുകളും ഗ്രീൻ വാല്യൂ ആസ്ഥാനം ഉൾപ്പെടെ റെയ്ഡ് ചെയ്യുകയും ലഘുലേഖകൾ പിടിക്കുകയും ആയുധങ്ങൾ പിടിക്കുകയും പലരേയും അറസ്റ്റ് ചെയ്യുകയും കർശനമായ നടപടികൾ സ്വീകരിക്കുകയും ഉണ്ടായിട്ടുണ്ട്. ആ നടപടികൾക്ക് നിങ്ങൾ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ മാറാട് സംഭവം ഉണ്ടായപ്പോൾ, ഒൻപതുപേരെ കശാപ്പു ചെയ്തപ്പോൾ കോഴിക്കോട് നഗരത്തിലെ എൻ.ഡി.എഫ്.-ന്റെ ആസ്ഥാനമെങ്കിലും റെയ്ഡ് ചെയ്തിട്ടുണ്ടോ ? അന്ന് അവിടത്തെ പോലീസ് കമ്മീഷണർ ഓടിയെത്തി, അവിടെ പള്ളിയിൽ ഉണ്ടായിരുന്ന കുറച്ചുപേരെ പിടികൂടി. അതല്ലാതെ അതിന്റെ പ്രധാനപ്പെട്ട ബുദ്ധികേന്ദ്രങ്ങൾ, ആസൂത്രകർ പുറത്തായിരുന്നല്ലോ? അപ്പോൾ അവിടെയൊന്നും തന്നെ ഇടപെടാൻ അങ്ങനെയൊരു റെയ്ഡേ ഉണ്ടായിരുന്നില്ല. ഞാൻ ആലോചിക്കുന്നത് ഇന്ന് യു.ഡി.എഫ്.-ന്റെ ഗവൺമെന്റായിരുന്നെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്താകുമായിരുന്നു സ്ഥിതി ? അധ്യാപകന്റെ കൈവെട്ടിയ സംഭവത്തിൽ ഒരു ചെറുവിരൽ അനക്കുമായിരുന്നോ ? മാറാടിന്റെ അനുഭവത്തിൽ നിന്നു കൊണ്ട് കോഴിക്കോട്ടുകാരനായ ഞാൻ ആലോചിക്കുന്നത് അങ്ങനെയാണ്. ഇന്ന് യു.ഡി.എഫ്. ഗവൺമെന്റായിരുന്നെങ്കിലുള്ള അവസ്ഥയെകുറിച്ചാണ്. ഒരു കാര്യം, ...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് ഞങ്ങളോട് ചോദിച്ചിരുന്നു, ഈ ഗവൺമെന്റിലെ ഒരു മന്ത്രിക്കെതിരായിട്ടെങ്കിലും ഒരു അഴിമതി ആക്ഷേപം ഉണ്ടോ എന്ന്. അങ്ങ് വളരെ സ്പെസിഫിക്കായിട്ട് ചോദിച്ചതാണ്. അപ്പോൾ ഞങ്ങൾ പറഞ്ഞു അങ്ങേക്ക് അങ്ങനെയൊരു ദുഃഖമുണ്ടെങ്കിൽ ആ ദുഃഖം തീർത്തുതരാം. ആ ദുഃഖം ഇവിടെ തീർത്തിരിക്കുകയാണ്. അതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്ത് മറുപടിയാണുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പ്രദീപ് കുമാർ, അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. എ. പ്രദീപ് കുമാർ : ആ ആരോപണത്തിനുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ വിശദീകരിക്കും. ഇപ്പോൾ ഉന്നയിച്ച താണല്ലോ, അദ്ദേഹം തന്നെ വിശദീകരിക്കുമല്ലോ. അപ്പോൾ ആ അഴിമതിയുടെ കുന്തമുന നിങ്ങളുടെ കേന്ദ്ര മന്ത്രിയുടെ ചങ്കിലേയ്ക്കാണ് കയറുന്നത് എന്ന് അങ്ങേക്ക് ബോദ്ധ്യപ്പെടും. അപ്പോൾ മനസ്സിലാക്കാം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : മന്ത്രിമാർക്ക് ആർക്കെങ്കിലും എതിരായി അഴിമതി ആരോപണം ഇതുവരെ ഉന്നയിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് ഇങ്ങോട്ട് ചോദിച്ച് നാലുവർഷക്കാലമായി പ്രസംഗിച്ചു നിന്നതിന് മറുപടിയായി ഒരു ചടങ്ങിന്, എന്നാൽ ഒരു ആരോപണം ഇതാ ഉന്നയിച്ചിരിക്കുന്നു എന്ന നിലയിലാണ് ഇന്ന് ശ്രീ. തിരുവഞ്ചൂരിന്റെ ആക്ഷേപം എന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പ്രദീപ്കുമാർ, അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എ. പ്രദീപ് കുമാർ : കഴിഞ്ഞു, ഒരു കാര്യം കൂടി. കഴിഞ്ഞ ദിവസം എനിക്ക് ഇവിടെ സംസാരിക്കാൻ ഒരവസരമുണ്ടായിരുന്നു, അന്ന് എനിക്ക് പറഞ്ഞ് പൂർത്തിയാക്കാൻ കഴിയാത്തത് ഒറ്റ കാര്യമാണ്. എനിക്ക് അന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും, ശ്രീ. സി. പി. മുഹമ്മദും സംസാരിച്ച ഒരു കാര്യം കേട്ടപ്പോൾ വല്ലാത്ത പ്രയാസം തോന്നി. ഞാൻ അത് രാഷ്ട്രീയമായിട്ടുള്ള തർക്കമൊന്നുമായിട്ടല്ല പറയുന്നത്. എനിക്ക് അന്ന് വല്ലാത്ത അസ്വസ്ഥത തോന്നി. എന്റെ ചില സഹപ്രവർത്തകരായ അംഗങ്ങളോട് ഞാൻ അത് ഷെയർ ചെയ്തു. എന്തുകൊണ്ടാണെന്നു വച്ചാൽ അത് മനസ്സിൽ തട്ടി ഒന്ന് പരിശോധിക്കുവാൻ വേണ്ടിയാണ് പറയുന്നത്. വേറെ ആരേയും പരാജയപ്പെടുത്താനോ തർക്കിച്ചു തോൽപ്പിക്കാനോ ഒന്നുമല്ല. വിഷയം ഇതാണ് ; നമ്മുടെ ചില പുരോഹിതന്മാർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസികൾക്കു മാത്രമേ വോട്ട് ചെയ്യാവൂ, നിരീശ്വര വാദികൾക്ക് വോട്ട് ചെയ്യരുത് എന്നുപറഞ്ഞ പ്രസ്താവനയെ ന്യായീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട തിരുവഞ്ചൂരും, ബഹുമാനപ്പെട്ട സി. പി. മുഹമ്മദും പറഞ്ഞു. ഇതാണ് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, അങ്ങ് അവസാനിപ്പിക്കൂ, പ്ലീസ്,

ശ്രീ. എ. പ്രദീപ് കുമാർ : അവസാനിപ്പിക്കുകയാണ്. വിശ്വാസികളുടെ താൽപ്പര്യം സംരക്ഷിക്കുന്ന ഒരു സർക്കാരുണ്ടാകാൻ അവിശ്വാസികളായ മാർക്സിസ്റ്റുകാർക്ക് വോട്ട് ചെയ്യരുത് എന്നുപറഞ്ഞാൽ അതിലെന്താണൊരു തെറ്റ് എന്നാണ്. ഇത് നമ്മുടെ മതേതര ഉള്ളടക്കത്തിന് വിരുദ്ധമാണ്, അതുപോലെത്തന്നെ ഭരണഘടനയ്ക്ക് വിരുദ്ധമാണ്, ഇത് രാജ്യദ്രോഹമാണ്. ഇത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ ഒരാളിൽ നിന്ന് പ്രതീക്ഷിച്ചില്ല, സർ, ...(തടസ്സം).........

മി. ഡെപ്യൂട്ടി സ്പീക്കർ : നോ, ഇനി പറ്റില്ല. . . .നോ,

ശ്രീ. എ. പ്രദീപ് കുമാർ : കോൺഗ്രസ്സിന്റെ സാമ്പത്തിക കാര്യങ്ങളിലും നിങ്ങളുടെ മറ്റെല്ലാ കാര്യങ്ങളിലും ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും ഒരു മതേതര കക്ഷിയാണ് കോൺഗ്രസ് എന്ന് പരിഗണിക്കുന്നവരാണ് ഞങ്ങൾ. മാത്രവുമല്ല കോൺഗ്രസ്സിനെപ്പോലെയുള്ള......... (തടസ്സം).......

മി. ഡെപ്യൂട്ടി സ്പീക്കർ : നോ, അത് അവസാനിപ്പിക്കുക. ശ്രീ. തിരുവഞ്ചൂർ അത് നമുക്ക് ഇത് കഴിഞ്ഞ് പറയാം, ഇടയ്ക്ക് ഇടപെട്ട് പറയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ പറയുന്നു ഞങ്ങൾക്ക് ഇതിനകത്ത് ഒരു പ്രധാനപ്പെട്ട കാര്യമേയുള്ളൂ. 1950-കളിൽ നിങ്ങൾ ചെയ്ത ഒരു നടപടിയുണ്ട്. എന്താണ് ? ക്രിസ്തുമതത്തേയും ക്രിസ്ത്യാനിയേയും ഒഴിവാക്കുന്നതിന് ക്രിസ്തുവിൽ നിന്ന് ക്രിസ്ത്യാനിയെ അടിച്ചുകൊണ്ട് പോകാൻ നോക്കി. ആ പരിശ്രമത്തിൽ നിങ്ങൾ പരാജയപ്പെട്ടു. ഇനിയിപ്പോൾ . . . .

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, എനിക്ക് മനസ്സിലായില്ല, ഇങ്ങനെയൊക്കെയാണോ സംസാരിക്കുന്നത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ആ ശ്രമത്തെയാണ് ഞങ്ങൾ എതിർത്തിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. രാജാജി മാത്യു തോമസ്..............

ശ്രീ. രാജാജി മാത്യു തോമസ് : സർ, ഞാൻ ധനവിനിയോഗ ബില്ലിനെ സ്വാഗതം ചെയ്യുന്നു, പിന്തുണയ്ക്കുന്നു. നമ്മുടെ ജനാധിപത്യത്തെ സംബന്ധിച്ച ഏറ്റവും ലളിതമായിട്ടുള്ളതും എക്കാലത്തും നിലനിൽക്കുന്നതുമായ നിർവ്വചനമാണ് ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഗവൺമെന്റ് എന്ന നിർവ്വചനം. ആ നിർവ്വചനം പൂർണ്ണമായി പാലിക്കുന്നതിന് കേരളത്തിലെ ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ നാട്ടിലെ സാധാരണക്കാരായ ജനങ്ങളോടും രാജ്യത്തിന്റെ ഭരണഘടനയോടുമുള്ള ഉത്തരവാദിത്തം ഏറ്റവും സ്തുത്യർഹമായ തരത്തിലാണ് ഈ ഗവൺമെന്റ് നിർവ്വഹിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ ധനവിനിയോഗ ബില്ല് സഭയുടെ ഏകകണ്ഠമായ പിന്തുണ അർഹിക്കുന്നുണ്ട്. പക്ഷെ പ്രതിപക്ഷത്തിന് സ്വാഭാവികമായും അവരുടെ റോൾ നിർവ്വഹിക്കേണ്ടതുണ്ട് അതുകൊണ്ട് അവർ ഇതിനെ എതിർത്താൽപ്പോലും അവരുടെ ധാർമ്മികമായ പിന്തുണ ഈ ധനവിനിയോഗ ബില്ലിനുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കേരളത്തിലെ സാമാന്യ ജനങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റ് നടപ്പാക്കിയ ക്ഷേമ പദ്ധതികൾ മാത്രം പരിശോധിച്ചാൽ ഈ ഗവൺമെന്റിന് ജനങ്ങളോടും നമ്മുടെ ഭരണഘടനയോടുമുള്ള പ്രതിബദ്ധത എന്തെന്ന് വ്യക്തമാക്കുന്നുണ്ട്. 35 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനെക്കുറിച്ച് പലരും സൂചിപ്പിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗം എൻ. ശക്തൻ ഏതാണ്ട് 20 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് മൂന്നു രൂപയ്ക്ക് അരി നൽകുന്നു എന്നും അതാണ് 35 ലക്ഷം കുടുംബങ്ങൾക്ക് നൽകുന്നതെന്നും ആവർത്തിച്ചുപറയുകയുണ്ടായി. അത് വസ്തുതകൾ മറച്ചുവച്ചുകൊണ്ട് പറയുന്ന കാര്യമാണ്. ഈ ദിവസങ്ങളിലെ പത്രങ്ങൾ എടുത്തുപരിശോധിച്ചാൽ അത് നമുക്ക് കാണാൻ കഴിയും. 2009 ജൂൺ 4-നാണ് ലോക്സഭയിൽ പ്രസിഡന്റ് ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും കിലോക്ക് മൂന്നു രൂപാ നിരക്കിൽ 35 കിലോഗ്രാം ഭക്ഷ്യധാന്യം വിതരണം നടത്തുമെന്നായിരുന്നു പറഞ്ഞത്. പക്ഷെ ഈ ലോക്സഭാ സമ്മേളനത്തിൽ പോലും അത്തരം ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ല എന്ന് കേന്ദ്ര ഭക്ഷ്യമന്ത്രി ഇതിനോടകം തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇല്ലാത്ത ഒരു നിയമത്തിന്റെ പേരിൽ കേരളത്തിൽ മൂന്നു രൂപയ്ക്ക് അരി നൽകുന്നു എന്നു പറഞ്ഞത് തികച്ചും സത്യവിരുദ്ധമായ പ്രസ്താവനയാണ്. അത് പരിണിതപ്രജ്ഞനായിട്ടുള്ള അദ്ദേഹത്തെപ്പോലുള്ള മെമ്പർമാരിൽ നിന്ന് തീരെ പ്രതീക്ഷിക്കാത്തതാണ്. ഈ ഗവൺമെന്റ് 35 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നു, ഭവന രഹിതർക്ക് വീടും ഭൂമിയും നൽകുന്നു, അതുപോലെ തന്നെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നു. ന്യായവിലയ്ക്ക് ഔഷധങ്ങൾ നൽകുന്നു, വിലക്കയറ്റം നിയന്ത്രിക്കാനുള്ള ഫലപ്രദമായ വിപണി ഇടപെടലുകൾ നടത്തുന്നു, സാർവ്വത്രികവും സൗജന്യവുമായിട്ടുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ വിപുലീകരിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ തന്നെ കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലും കണ്ടിട്ടില്ലാത്ത തരത്തിൽ അഭൂതപൂർവ്വമായിട്ടുള്ള അടിസ്ഥാന സൗകര്യ വികസനമാണ് നടന്നു വരുന്നത്. നിരത്തുകൾ, പാലങ്ങൾ, വൈദ്യുതി, കുടിവെള്ള പദ്ധതികൾ എന്നിവയൊക്കെ സമയബന്ധിതമായി പുരോഗമിക്കുന്നു. ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ജനദ്രോഹ നയ പരിപാടികളുടെ പശ്ചാത്തലത്തിൽ വേണം

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കാൻ. കേന്ദ്ര ഭരണം നടത്തുന്ന കോൺഗ്രസ്സും യുപി.എ. യും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നടത്തിയ വാഗ്ദാനങ്ങൾ നിറവേറ്റാത്തതുവഴി തികച്ചും ജനവഞ്ചനയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യന്റെ ഏറ്റവും അടിസ്ഥാന ആവശ്യമാണ് ഭക്ഷണം. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കും 3 രൂപയ്ക്ക് അരി അല്ലെങ്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകുമെന്ന് പറഞ്ഞു. എന്നാൽ ഒരു വർഷം പിന്നിട്ടിട്ടും ആ വാഗ്ദാനം പൂർത്തിയാക്കാൻ കേന്ദ്രഗവൺമെന്റിന് കഴിഞ്ഞി ട്ടില്ല. എന്നുമാത്രമല്ല ദാരിദ്ര്യരേഖയ്ക്ക് താഴെ എത്ര ജനങ്ങളുണ്ടെന്ന്, എത്ര കുടുംബങ്ങളുണ്ടെന്ന് തിട്ടപ്പെടുത്താൻപോലും കേന്ദ്ര ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച വിവിധ കമ്മിറ്റികൾ അതു സംബന്ധിച്ച കണക്കുകൾ നൽകിയിട്ടുണ്ട്. അതിലൊന്നാണ് ടെൻഡുൽക്കർ കമ്മിറ്റി. ടെൻഡുൽക്കർ കമ്മിറ്റി, യു.പി.എ. ഗവൺമെന്റിന്റേയും കോൺഗ്രസിന്റേയും അതുപോലെതന്നെ പ്ലാനിംഗ് കമ്മീഷന്റേയും ലോകവീക്ഷണം അംഗീകരിക്കുന്ന ഒരു കമ്മിറ്റിയാണ്. അവർ തന്നെ പറയുന്നു 42 ശതമാനം ഗ്രാമീണ ദരിദ്രർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന്. അതുപോലെതന്നെ ബി.പി.എൽ.-നെ സംബന്ധിച്ച വിദഗ്ദ്ധ സമിതി 50 ശതമാനമാണ് ഇൻഡ്യയിലെ ഗ്രാമീണ ദരിദ്രരെന്ന് പറയുന്നു. അതിനുമുമ്പ് നാഷണൽ കമ്മീഷൻ ഫോർ എന്റർപ്രൈസസ്സിന്റെ (അൺഓർഗനൈസ്ഡ് സെക്ടർ) കണക്കുകൾ അനുസരിച്ച് 77 ശതമാനം ജനങ്ങൾ, അതായത് 83.6 കോടി ജനങ്ങൾ കേവലം 20 രൂപ മാത്രം പ്രതിദിനം ക്രയശേഷിയുള്ളവരാണെന്ന് ചൂണ്ടിക്കാട്ടുന്നു. എന്നിട്ടും ഗവൺമെന്റിന് ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ കഴിയുന്നില്ല. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത് അവർക്ക് ചെലവഴിക്കാൻ കഴിയുന്ന തുക എത്രയാണെന്ന് നിശ്ചയിച്ചിട്ട് അതിന്റെ അടിസ്ഥാനത്തിൽ ദരിദ്രരെ നിശ്ചയിക്കാനാണ്. സാമ്പത്തിക ബുദ്ധിമുട്ടുകളെക്കുറിച്ചാണ് അവർ പറയുന്നത്. ഭക്ഷ്യ സുരക്ഷയ്ക്ക് പണമില്ലെന്ന് പറയുന്നു. ഭക്ഷ്യ സുരക്ഷയ്ക്ക് പണമില്ലാത്ത ഒരു ഗവൺമെന്റാണ് പതിനായിരം കോടി രൂപ ചെലവഴിച്ച് ഡൽഹിയിൽ ലോകത്തിലെതന്നെ ഏറ്റവും ആധുനിക വിമാന ടെർമിനൽ ബിൽഡിംഗുകളിൽ ഒന്ന് നിർമ്മിച്ചിട്ടുള്ളത്. നല്ല വിമാന ടെർമിനൽ ഉണ്ടാകുന്നതിനെ ഞങ്ങൾ അപലപിക്കുന്നില്ല. കോമൺവെൽത്ത് ഗെയിംസിനുവേണ്ടി 40,000 കോടി ഉറുപ്പികയാണ് ചെലവഴിക്കുന്നത്. അതും തീർച്ചയായിട്ടും സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. സ്പെക്ട്രം കുംഭകോണത്തിൽക്കൂടി മാത്രം ഈ ഗവൺമെന്റ് നഷ്ടപ്പെടുത്തിയത് 60,000 കോടി രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിനൊക്കെയപ്പുറത്ത് ഏതാണ്ട് 5,02,299 കോടി രൂപയുടെ നികുതിയിളവുകളാണ് ഈ സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റിൽ അംഗീകരിച്ച് നൽകിയിട്ടുള്ളത്. കോർപ്പറേറ്റ് ഇൻകംടാക്സിൽ 79,554 കോടി രൂപയുടെ കിഴിവുകളാണ് നൽകിയിട്ടുള്ളത്. വ്യക്തിഗത ഇൻകം ടാക്സിൽ 40,919 കോടി രൂപയുടെ ഇളവുകൾ നൽകിയിട്ടുണ്ട്. സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ 1,70,965 കോടി രൂപയുടെ ഇളവുകൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സെൻട്രൽ കസ്റ്റംസ് ഡ്യൂട്ടിയിൽ 2,49,520 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്. ഈ കണക്കുകളൊക്കെ കേന്ദ്രസർക്കാരിന്റെ കണക്കുകളാണ്. കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റിൽനിന്നുതന്നെ നിങ്ങൾക്ക് ഇത് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. സമ്പന്നർക്കുവേണ്ടി ഇത്രയധികം ആനുകൂല്യങ്ങൾ നൽകുന്ന കേന്ദ്രഗവൺമെന്റിന് ഇൻഡ്യയിലെ മുഴുവൻ ആൾക്കാർക്കും പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിൽ കൂടി മൂന്ന് രൂപ നിരക്കിൽ 35 കിലോഗ്രാം ഭക്ഷ്യധാന്യം നൽകുന്നതിന് ഒരു ലക്ഷത്തി അമ്പതിനായിരം കോടി രൂപ മാത്രമേ വേണ്ടിവരികയുള്ളൂ. ഇൻഡ്യയുടെ ജി.ഡി.പി.യുടെ കേവലം ഒന്നര ശതമാനം മാത്രമാണ് ഈ ഒരു ലക്ഷത്തി അമ്പതിനായിരം കോടി രൂപ. പാവപ്പെട്ട ജനങ്ങൾക്ക് ഈ ആനുകൂല്യങ്ങൾ നൽകാതിരിക്കുകയും അതേസമയം നിങ്ങൾക്ക് സംഭാവന നൽകുന്ന, നിങ്ങളുടെ തെരഞ്ഞെടുപ്പുകളെ പൂർണ്ണമായി പിന്തുണയ്ക്കുന്ന വൻകിട മുതലാളിമാർക്ക്, കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് നിങ്ങൾ ധാരാളമായി ഇളവുകൾ നൽകുകയും ചെയ്യുന്നു. ഒരു രാജ്യത്ത് പട്ടിണിക്കാരായ മനുഷ്യരുടെ ഭക്ഷ്യസുരക്ഷിതത്വത്തെ ആകെ അപകടപ്പെടുത്തിക്കൊണ്ടാണ് ഇത്തരം ഒരു കടന്നുകയറ്റം നിങ്ങൾ നടത്തുന്നത്. ഇൻഡ്യ ഇന്ന് ലോകത്തിലെ 88 ദരിദ്ര രാജ്യങ്ങളിൽ 66-ാം സ്ഥാനത്തുനിൽക്കുന്ന രാജ്യമാണ്. ഗ്ലോബൽ ഹംഗർ ഇൻഡക്സിൽ 88-ൽ അറുപത്തിയാറാമത്തെ സ്ഥാനമാണ് ഇന്ത്യക്കുള്ളത്. നമ്മുടെ രാജ്യത്തെ ദരിദ്രൻമാരുടെ എണ്ണമെടുത്തു പരിശോധിച്ചാൽ പാകിസ്ഥാനേക്കാൾ കൂടുതൽ ദരിദ്രൻമാരുള്ള ഒരു രാജ്യമാണ് ഇൻഡ്യ. നമ്മളെല്ലാം വായിച്ച കണക്കുകളല്ലേ. സബ്സഹാറൻ ആഫ്രിക്കയിലേക്കാൾ പോഷകാഹാര കുറവ് അനുഭവപ്പെടുന്ന രാജ്യമാണ് ഇൻഡ്യ. എട്ട് സംസ്ഥാനങ്ങളിലായി 42 കോടി പട്ടിണിപ്പാവങ്ങളുള്ള ഒരു രാജ്യമാണിത്. യു.എൻ. ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സ് അനുസരിച്ച് ഇൻഡ്യ ലോകരാഷ്ട്രങ്ങളുടെ പട്ടികയിൽ 134-ാമത്തെ സ്ഥാനത്താണ് നിൽക്കുന്നത്. അത്തരം ഒരു രാജ്യത്ത് സമ്പന്നരുടെ വലിയ ഒരു പട്ടികയുണ്ട്. ഫോർബ്സ് മാഗസീൻ പ്രസിദ്ധീകരിച്ചിട്ടുള്ള 49 ഡോളർ ബില്ല്യേനിയർമാർ ഇൻഡ്യാക്കാരാണ്. അങ്ങനെയുള്ള ഒരു രാജ്യത്ത് ആ ബില്ല്യേനിയർമാരുടെ നികുതി പിരിച്ചെടുത്ത് ഈ നാട്ടിലെ ദരിദ്ര ജനവിഭാഗങ്ങളെ സഹായിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരുന്നില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, 182 രാജ്യങ്ങളിൽ 134-ാമത്തെ സ്ഥാനത്താണ് നമ്മുടെ മഹത്തായ ഇൻഡ്യ എന്ന് അങ്ങ് പറഞ്ഞല്ലോ. മൂന്നു വർഷത്തിനുമുമ്പ് ഇത് നൂറ്റിയെഴുപത്തിയാറാം സ്ഥാനത്തായിരുന്നു എന്ന വിവരവും ഇപ്പോൾ സോളമൻ ദ്വീപിനും ലാവോസിനും ഇടയിലാണ് നമ്മുടെ സ്ഥാനവുമെന്നുള്ള വിവരവും അങ്ങേയ്ക്കറിയാമോ ?

ശ്രീ. രാജാജി മാത്യു തോമസ്: അതെ, ലാവോസിനും ഭൂട്ടാനും താഴെയാണ് ഇൻഡ്യ ഇന്നു നിൽക്കുന്നത്. ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സിൽ ഭൂട്ടാനും ലാവോസിനും താഴെയാണ് ഇൻഡ്യ.

ശ്രീ. പി. സി. വിഷ്ണുനാഥ്: ശ്രീ. രാജാജി മാത്യു തോമസ്, നിങ്ങളുടെ ഈ പ്രവണത ശരിയല്ല. നിങ്ങൾ ഇങ്ങനെ പറയുന്നതിൽ വേദനയുണ്ട്.

ഒന്ന്, ഭൂട്ടാനിലെ ജനസംഖ്യയും ഇൻഡ്യയുടെ ജനസംഖ്യയും തമ്മിൽ താരതമ്യപ്പെടുത്തണം. രണ്ട്, ശ്രീ. ആനത്തലവട്ടം ആനന്ദനും നിങ്ങൾക്കും ഇൻഡ്യയുടെ മോശപ്പെട്ട കാര്യങ്ങൾ പറഞ്ഞ് ഇത്ര വലിയ സന്തോഷവും ആനന്ദവും എന്തിനാണെന്നാണ് ഞാൻ ചോദിക്കുന്നത്. ഇൻഡ്യയുടെ നേട്ടം പറയാൻ അഞ്ചു മിനിട്ടു സമയം തന്നാൽ ഞാൻ പറയാം. ഇൻഡ്യയുടെ വലിയ നേട്ടങ്ങളുണ്ട്. അഞ്ചു മിനിട്ടു സമയം തന്നാൽ മതി അതുപറയാം. അതൊന്നും കാണുന്നില്ല. മോശമല്ലേ ഇത്.

ശ്രീ. രാജാജി മാത്യു തോമസ്: സർ, കോടാനുകോടി ഇൻഡ്യാക്കാർ പട്ടിണിമരണത്തെ നേരിടുന്ന ഈ രാജ്യത്ത്, ലോകത്തിലെ ഏറ്റവുമധികം കുട്ടികൾ പോഷകാഹാരക്കുറവുമൂലം മരിക്കുന്ന ഈ രാജ്യത്ത് ഇൻഡ്യയുടെ നന്മയെക്കുറിച്ച് പറയാൻ എന്താണുള്ളത് ? ആരുടെ നന്മയെ കുറിച്ചാണ് നിങ്ങൾക്ക് പറയാനുള്ളത് ; റിലയൻസിന്റെ നന്മയെക്കുറിച്ചോ, ടാറ്റയുടെ നന്മയെക്കുറിച്ചോ, അതല്ലെങ്കിൽ ഇവിടത്തെ സമ്പന്നരുടെ നന്മയെ കുറിച്ചോ ? ഇവിടെ നാം സംസാരിക്കേണ്ടത് ഈ നാട്ടിലെ മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരായ ജനങ്ങളെക്കുറിച്ചാണ്. നിങ്ങളെല്ലാപേരും വായിച്ചില്ലേ, മൾട്ടി ഡൈമൻഷൻ പോവർട്ടി ഇൻഡക്സ് എന്നുപറയുന്ന ഏറ്റവും നൂതനമായ സംവിധാനമുപയോഗിച്ച് തയ്യാറാക്കിയ ഹ്യൂമൻ റൈറ്റ് ഇൻഡക്സ് അനുസരിച്ച് ലോകത്തിലെ ഏറ്റവുമധികം ദരിദ്രൻമാരുള്ള സബ്സഹാറൻ ആഫ്രിക്കയിലെ എട്ടു രാജ്യങ്ങളേക്കാൾ കൂടുതൽ ദരിദ്രരുള്ള രാജ്യമാണ് ഇൻഡ്യയെന്ന് പറഞ്ഞില്ലേ. അത് തെറ്റാണെന്ന് പറയാൻ പറ്റുമോ ? ഇതിൽ അഭിമാനം തോന്നുണ്ടോ ? ശ്രീ. പി. സി. വിഷ്ണുനാഥിന് ഇതിനെക്കുറിച്ച് അഭിമാനം തോന്നുന്നുണ്ടോ ? ഇത് വളരെ ഗൗരവമായി കാണേണ്ട വിഷയമാണ്.

ശ്രീ. വി. ശശികുമാർ: ഒരു പുതിയ ടൂറിസം വന്നിരിക്കുന്നു ; പോവർട്ടി ടൂറിസം. അത് കാണാൻവേണ്ടി ശ്രീ. രാഹുൽ ഗാന്ധി തീവണ്ടി യിൽ സഞ്ചരിക്കുകയാണെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ ?

ശ്രീ. രാജാജി മാത്യു തോമസ്: ശ്രീ. ശശികുമാർ, അത് മാത്രമല്ല, ഇൻഡ്യയുടെ തലസ്ഥാന നഗരം 40,000 കോടി ഉറുപ്പിക ചെലവുചെയ്താണ് കോമൺവെൽത്ത് ഗെയിംസിനുവേണ്ടിയുള്ള സന്നാഹങ്ങൾ ഒരുക്കുന്നത്. അവിടത്തെ ചേരി പ്രദേശങ്ങൾ, അവിടത്തെ പട്ടിണിപ്പാവങ്ങൾ ജീവിക്കുന്ന പ്രദേശങ്ങൾ വിദേശ ടൂറിസ്റ്റുകളും വിദേശത്തുനിന്നു വരുന്നവരും കാണാതിരിക്കുന്നതിനുവേണ്ടി പടുകൂറ്റൻ മതിലുകൾ ഉയർത്തികൊണ്ടിരിക്കുകയാണ്. ദാരിദ്ര്യത്തെ മറച്ചുവയ്ക്കാൻ...........(തടസ്സം)........

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് അവാസ്തവമായ കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജാജി മാത്യു തോമസ് : ശ്രീ. പി. സി. വിഷ്ണുനാഥ്, ഞാൻ അത് കാണിച്ചുതരാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ അവാസ്തവ കാര്യം പറഞ്ഞ് അദ്ദേഹത്തിൽനിന്ന് ഒരു പരാമർശമുണ്ടായി. ഞാൻ ഒരു മാസം മുമ്പും ഡൽഹിയിൽ പോയതാണ്. അവിടെ ഞങ്ങളൊക്കെ പോയതാണ്, ഞങ്ങളാരും കണ്ടിട്ടില്ല. ഡൽഹിയിലെ ചേരി പ്രദേശങ്ങൾ പുറത്തുനിന്നു വരുന്നവർ കാണാതിരിക്കാൻവേണ്ടി കൂറ്റൻ മതിൽ കെട്ടിയെന്നാണ് പറയുന്നത്. ആരും കാണാത്ത, മാധ്യമങ്ങൾ കാണാത്ത, ഒരു കൂറ്റൻ മതിൽ ശ്രീ. രാജാജി മാത്യു തോമസ് ഇവിടെയിരുന്ന് സ്വപ്നത്തിൽ കണ്ടിട്ട്, നിയമസഭയിൽ ഉത്തരവാദിത്വത്തോടുകൂടി പറയുന്നത് ശരിയല്ല, ആ പരാമർശം രേഖയിൽ നിന്ന് നീക്കണം.

ശ്രീ. രാജാജി മാത്യു തോമസ് : ശ്രീ. പി. സി. വിഷ്ണുനാഥ് നഴ്സറി സ്കൂളിൽ പോകുന്ന സമയത്ത് ഞാൻ ഡൽഹിയിലായിരുന്നു. എനിക്ക് ഡൽഹിയെക്കുറിച്ച് നന്നായി അറിയാം. ഡൽഹിയിൽ ഏതൊക്കെ ചേരിപ്രദേശങ്ങൾ ഉണ്ടെന്നും എവിടെയൊക്കെ മതിൽക്കെട്ടി തിരിച്ചിട്ടുണ്ടെന്നും ഞാൻ വിഷ്ണുനാഥിന് കാണിച്ചു തരാം. ഞാൻ വിഷ്ണുനാഥിനെ വെല്ലുവിളിക്കുന്നു ; എന്നോടൊപ്പം വരൂ, ഞാൻ കാണിച്ചുതരാം, കാണിച്ചുതരാം....

ശ്രീ. രാജു എബ്രഹാം : ഇന്നലെ കോമൺവെൽത്ത് ഗെയിംസ് നടക്കുന്ന സ്ഥലത്ത് മതിൽ കെട്ടിക്കൊണ്ടിരിക്കുന്നിടത്ത് മൂന്നുനാലാളുകൾ മരണമടയുകയുണ്ടായി. അത് എൻ.ഡി. ടി.വി. ഏതാണ്ട് മുക്കാൽ മണിക്കൂർ ഏതാണ്ട് ഒരു അഞ്ച് തവണ, അവിടെ പടുത്തുയർത്തിയിരിക്കുന്ന കൂറ്റൻ മതിൽക്കെട്ടിന്റെ ചിത്രം മാത്രമായിരുന്നു ഇന്നലെ കാണിച്ചു കൊണ്ടിരുന്നത് എന്ന കാര്യം അങ്ങേയ്ക്കറിയാമോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. രാജാജി, പ്ലീസ്, അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. രാജാജി മാത്യു തോമസ്: ഞാൻ അവസാനിപ്പിക്കുകയാണ്. നമ്മുടെ രാജ്യത്തിന് കണ്ണഞ്ചിപ്പിക്കുന്ന ഒരുപാട് നേട്ടങ്ങളുണ്ടായിട്ടുണ്ട്. .... (തടസ്സം) ......ഞാൻ ശ്രീ. പി. സി. വിഷ്ണുനാഥിന്റെ വെല്ലുവിളി സ്വീകരിച്ചിരിക്കുന്നു ; ഒ.കെ. നമുക്ക് പോകാം. നമുക്ക് രണ്ടുപേർക്കും കൺവീനിയന്റായിട്ടുള്ള സമയത്തുപോയി കാണാം, ചേരിപ്രദേശങ്ങൾ നമുക്ക് കാണാം.

മി. ഡെപ്യൂട്ടി സ്പീക്കർ : നിങ്ങൾ രണ്ടാളും ഡൽഹിയിൽ പോയിട്ടുവരൂ. എന്നിട്ട് ആ വിവരം ഒന്നു അറിയിക്കൂ.

ശ്രീ. രാജാജി മാത്യു തോമസ് : ഇൻഡ്യ ലോക രാഷ്ട്രങ്ങളുടെ മുമ്പിൽ കണ്ണഞ്ചിപ്പിക്കുന്ന ഒരുപാട് നേട്ടങ്ങളുണ്ടാക്കിയിട്ടുണ്ട്. ഇന്ദിരാഗാന്ധി ഇന്റർനാഷണൽ എയർപോർട്ടിന് പതിനായിരം കോടി രൂപയുടെ ടെർമിനൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് ; ഇൻഡ്യാക്കാർക്ക് അഭിമാനിക്കാം. ഇൻഡ്യയിൽ

പുതിയ മെട്രോ സർവ്വീസുകൾ ഉണ്ടായിട്ടുണ്ട്. ഇൻഡ്യയിൽ സുവർണ്ണ ചതുഷ്ക്കോണം എന്ന പേരിൽ വലിയ ദേശീയ പാതകൾ ഉണ്ടായിട്ടുണ്ട്. പക്ഷേ നമ്മുടെ ദരിദ്രൻമാർ കൂടുതൽ കൂടുതൽ ദരിദ്രൻമാരാകുന്നു എന്നുള്ള വസ്തുത വിസ്മരിക്കരുത്. ഈ ദരിദ്രൻമാരെ തിരിച്ചറിയാനുള്ള മനഃസാക്ഷിയില്ലാത്ത നമ്മുടെ ഭരണഘടനയോടും ജനാധിപത്യത്തോടും കടപ്പാടും പ്രതിബദ്ധതയുമില്ലാത്ത ഒരു കേന്ദ്ര ഗവൺമെന്റും ആ ഗവൺമെന്റിനെ നയിക്കുന്ന രാഷ്ട്രീയപ്പാർട്ടികളും ഇവിടെ നിലവിലുണ്ട് എന്നുള്ളതാണ് വസ്തുത. ഞാൻ ധനവിനിയോഗ ബില്ലിനെ ഒരിക്കൽ കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ധനക്കമ്മി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1983-84-ൽ 58.2 കോടി രൂപയായിരുന്ന ധനക്കമ്മി 2010 മാർച്ച് 31 ആയപ്പോഴേക്കും 6790.15 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. നമ്മുടെ നികുതിനികുതിയേതര വരുമാനം കുറയുകയും ശമ്പളവും പെൻഷനും പലിശയും കൂടുകയുമാണ്. ഇനിയും അത് വർദ്ധിക്കുമെന്നതാണ് ലക്ഷണങ്ങൾ കാണിക്കുന്നത്. ഈ അടുത്ത ദിവസമായി 16736,49,80,000 രൂപ വിവിധ ഏജൻസികളിൽ നിന്ന് ഈ സർക്കാർ കടമെടുത്തുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പറഞ്ഞത്. നമ്മുടെ പൊതുക്കടം ഏകദേശം 70,235.54 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. മാവേലി മന്നന്റെ ഭാവത്തോടെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വാളയാർ മുതൽ കുളമായി കിടക്കുന്ന റോഡിന്റെ കുഴികൾ വരെ എത്തിക്കൊണ്ടിരിക്കുന്നത്. ഇതുകൊണ്ടൊന്നും നമ്മുടെ സംസ്ഥാനത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകില്ല. 45 ശതമാനം ശമ്പളവും പെൻഷനുമായി നീക്കിവയ്ക്കപ്പെടുകയാണ്. 18 ശതമാനം പലിശയും കൂടി കഴിഞ്ഞാൽ 37 ശതമാനമാണ് വികസനത്തിനുവേണ്ടി ലഭിക്കുന്നത്. ആ തുക പോലും കാര്യക്ഷമമായി വിനിയോഗിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്ന് സി.ആന്റ്.എ.ജി കണ്ടെത്തിയിരിക്കുകയാണ്. ധനക്കമ്മി കുറയ്ക്കാൻ കഴിയാത്തതിനെ സി.ആന്റ്.എ.ജി വിമർശിച്ചിരിക്കുകയാണ്. ലഭ്യമാകേണ്ട റവന്യൂ കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല. 2009 മാർച്ച് 31 വരെ 9465.95 കോടി രൂപ നികുതി കുടിശ്ശികയുണ്ട്. ഇതിൽ 3777 കോടി രൂപ വാണിജ്യ നികുതിയാണെന്ന് സി.ആന്റ്.എ.ജി കണ്ടെത്തുന്നു. അടച്ചത് രേഖപ്പെടുത്താതെ പോയതാണ് ഇങ്ങനെയാകാൻ കാരണമെന്നും 1500 കോടി രൂപ മാത്രമേപിരിച്ചെടുക്കാൻ ഉള്ളു എന്നുമാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. എന്നാൽ സെയിൽസ് ടാക്സ് ഓഫീസർമാരുടെ സമ്മേളനത്തിൽ 4064 കോടി രൂപ പിരിച്ചെടുക്കാനുണ്ടെന്ന് പറയുന്നു. ഈ അവ്യക്തത നിലനിൽക്കുമ്പോൾ ജനങ്ങൾ സംശയത്തിലാണ്. നമ്മുടെ സംസ്ഥാനത്ത് അർബുദം പോലെ വളർന്നുകൊണ്ടിരിക്കുന്ന അന്യസംസ്ഥാന ലോട്ടറിയെക്കുറിച്ച് ഇവിടെ പറഞ്ഞു. സംസ്ഥാന ലോട്ടറി വിറ്റുവരവിൽ 500 കോടി രൂപ കിട്ടുമ്പോൾ അന്യസംസ്ഥാന ലോട്ടറിയിലൂടെ 1500 കോടി രൂപ അവർ സമാഹരിക്കുന്നുവെന്നാണ് പറയുന്നത്. ഏതായാലും

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം വളരെ വ്യക്തമാണ്. സുപ്രീം കോടതി വിധി ഇവിടെ ഈ കാര്യത്തിൽ തടസ്സമായി നിൽക്കുന്നുവെന്ന് പറയുമ്പോഴും പാർട്ടി കമ്മിറ്റിയുടെ വിധിയാണ് അതിൽ ഏറ്റവും ശ്രദ്ധേയമാകുന്നതെന്ന് ശ്രീ. വി. ഡി. സതീശന്റെ പ്രസംഗത്തിലൂടെ വ്യക്തമായി. എന്നുമാത്രമല്ല സംസ്ഥാന സർക്കാരിന്റെ നികുതി ഭാരം സാധാരണക്കാരനെ ഏറ്റവും കൂടുതൽ പ്രയാസപ്പെടുത്തുന്നു, അവരുടെ കെട്ടിട നികുതി ദയാദാക്ഷിണ്യമില്ലാതെ വർദ്ധിപ്പിക്കുന്നു, കുടിവെള്ളത്തിന്റെയും വൈദ്യുതിയുടേയും ചാർജ് ക്രമാതീതമായി വർദ്ധിപ്പിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 8920 കോടി രൂപ നമ്മുടെ സംസ്ഥാനം യഥാസമയം വിനിയോഗിച്ചില്ല. 44,596.19 കോടി രൂപ വകയിരുത്തിയതിൽ 36,877.37 കോടി രൂപ മാത്രമാണ് വിനിയോഗിച്ചത്. 7718.82 കോടി രൂപ വിനിയോഗിച്ചില്ല. എന്നുമാത്രമല്ല ബഡ്ജറ്റിലോ ഉപധനാഭ്യർത്ഥനയിലോ ഇല്ലാത്ത 2386 കോടി രൂപ വിവിധ ഇനങ്ങളിലായി ചെലവഴിക്കപ്പെട്ടു എന്നും പറയുന്നു. ഏതായാലും ഒരു കാര്യം ഉറപ്പാണ്. പ്രതിശീർഷ കടത്തിലും തൊഴിലില്ലായ് മയിലും ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഈ സംസ്ഥാനത്ത് ഇപ്പോൾ പൊതുക്കടം കൂടി വർദ്ധിച്ചതോടെ വളരെയേറെ ക്ഷീണമുണ്ടാക്കിയിരിക്കുകയാണ്. ആളോഹരി വരുമാനം വർദ്ധിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇടയ്ക്കിടയ്ക്ക് പറയുന്നത്. ദേശീയ ആളോഹരി വരുമാനം ശരാശരി 25494 രൂപയായി നിൽക്കുമ്പോൾ നമ്മുടെ ആളോഹരി വരുമാനം 39,815 രൂപയാണ്. ഇത് കാർഷിക രംഗത്ത് പത്ത് ശതമാനത്തിൽ താഴെയാണ്, വ്യവസായ മേഖലയിൽ 7.5 ആണ്. ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത് സ്ഥായിയായ ഒരു വളർച്ച നമുക്ക് ഉണ്ടായിട്ടില്ലെന്നാണ്. എന്താണ് ഇതിന് കാരണം? സർക്കാർ ഇവിടെ സ്പോൺസേർഡ് ഹർത്താലും പണിമുടക്കുമായി മുന്നോട്ട് പോവുകയാണ്. ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമെന്ന് പറയുന്നത്, നമ്മുടെ പ്രഥമ പൗരൻ മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രി പോലും ഈ സംസ്ഥാനത്ത് എന്തൊക്കെയോ സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന് പ്രചരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ എങ്ങനെയാണ് നമ്മുടെ സംസ്ഥാനത്തേക്ക് നിക്ഷേപങ്ങൾ വരിക? നമ്മുടെ മുഖ്യമന്ത്രി വോട്ട് ബാങ്ക് സൃഷ്ടിക്കാൻ വേണ്ടി നടത്തിയ പ്രസ്താവനകൾ എന്തൊക്കെയാണ്? തീവ്രവാദ പ്രസ്ഥാനങ്ങളോടുള്ള സർക്കാരിന്റെ അഴുകൊഴമ്പൻ സമീപനം തീവ്രവാദത്തെ ഇവിടെ പരിപോഷിപ്പിക്കാനേ സഹായകമാകൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അടുത്ത ദിവസം പറഞ്ഞത് 20 കൊല്ലം കൊണ്ട് കേരളം മുഴുവൻ ഇസ്ലാമിക രാജ്യമാക്കാൻ ശ്രമിക്കുന്നുവെന്നാണ്. ഞങ്ങൾക്ക് അറിയേണ്ടത്, ഇപ്പോൾ മാവോയിസ്റ്റുകളുണ്ട്. മാവോയിസ്റ്റുകൾ 20 കൊല്ലം കൊണ്ട് ഇൻഡ്യ മുഴുവൻ കമ്മ്യൂണിസ്റ്റ് രാജ്യമാക്കും എന്നുപറയുന്നതുപോലെയാണ് എൻ.ഡി.എഫ്. 20 കൊല്ലം കൊണ്ട് ഇവിടെയാകെ ഇസ്ലാമിക രാജ്യമാക്കുമെന്ന് പറയുന്നത്.

ശ്രീ. സി. പി. മുഹമ്മദ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുസ്ലീം സമുദായത്തിന്റെ ഒരു ശതമാനത്തിന്റെ പോലും പിന്തുണയില്ലാത്ത എൻ.ഡി.എഫി.-നെക്കൊണ്ട് 20 കൊല്ലം കൊണ്ട് ഇവിടെ മുസ്ലീം ഭൂരിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

മാക്കുമെന്നാണ് പറയുന്നത്. എൻ.ഡി.എഫ്.-ന് ഇതിലും നല്ല ഒരു പ്രശംസ എന്താണുള്ളത്? സർഫസ് നവാസിനും തടിയന്റവിട നസീറിനും ആദർശപരമായി അടിത്തറ നൽകിയത് അബ്ദുൾ നാസർ മഅ്ദനിയാണെന്ന് പറയുന്നു. നമ്മൾ എൻ.ഡി.എഫ്.-നെയും മഅ്ദനിയെയും ഒരുപോലെ എതിർക്കുമ്പോൾ മഅ്ദനിയെ പ്രശംസിച്ചുകൊണ്ട് രഹസ്യമായി ബന്ധം വച്ചുകൊണ്ട് ഇവിടെ എൻ.ഡി.എഫ്-നെ എതിർക്കുന്ന ഇരട്ടത്താപ്പല്ലേ നടത്തുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവരുടെ ധനസ്രോതസ്സ് അന്വേഷിക്കാനും അവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരാനുമുള്ള നട്ടെല്ലുണ്ടോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഞാൻ അങ്ങോട്ടാണ് വരുന്നത്. ഒരു കക്ഷത്തിൽ പി.ഡി.പിയെയും ഒരു കക്ഷത്തിൽ ജമാ അത്ത് ഇസ്ലാമിയെയും വച്ചുകൊണ്ടാണ് ഇവിടെ പലരും എതിർക്കുന്നത്. നിങ്ങൾ അറിയേണ്ട ഒരു കാര്യം, വളരെയേറെ പ്രധാനപ്പെട്ട ഒരു വിഷയമാണ്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ; അതായത് കേരളത്തിലോ ഇൻഡ്യയിലോ-കമ്മ്യൂണിസം സ്ഥാപിക്കുമെന്ന് സി.പി.ഐ.-യോ സി.പി.ഐ(എം)-മോ പോലും പറഞ്ഞിട്ടില്ല. അത് ഒരു പോയിന്റ്. ഞങ്ങൾ പറയുന്നില്ല. മാവോയിസ്റ്റുകൾ അവരുടെ രേഖയിലൊരിടത്തും കമ്മ്യൂണിസം സ്ഥാപിക്കാനാണെന്ന് പറയാത്ത ഒരു പ്രസ്ഥാനമാണ്. അവർ അങ്ങനെ സ്ഥാപിക്കുമെന്ന് പറഞ്ഞതായി അങ്ങ് പറഞ്ഞത് തെറ്റിദ്ധരിച്ച് പറഞ്ഞതാണോ? അങ്ങനെ പറഞ്ഞിട്ടില്ലെന്ന് assert ചെയ്യുന്നു. ഇല്ലാത്ത കാര്യം ഉണ്ടെന്ന് അറിഞ്ഞുകൊണ്ടാണ് പറഞ്ഞതെങ്കിൽ അത് ഓർഡറിലാണോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഞാൻ പറഞ്ഞത് മാവോയിസ്റ്റുകൾ പറയുന്നതിന് തുല്യമാണിതെന്നാണ്. എൻ.ഡി.എഫ്.-നെ ചൂണ്ടിക്കാണിച്ചുകൊണ്ട് പോപ്പുലർ ഫ്രണ്ടിനോട് ഇസ്ലാമിക രാജ്യമുണ്ടാക്കാൻ ശ്രമിക്കുന്നു എന്ന് പറഞ്ഞതിനെയാണ് ഞാൻ ചോദ്യം ചെയ്തത്. എന്നുമാത്രമല്ല ഇവിടെ വളരെ പ്രധാനപ്പെട്ട ചില വിഷയങ്ങളുണ്ട്. പി.ഡി.പി.യെയും ജമാഅത്ത് ഇസ്ലാമിയെയും രണ്ട് കക്ഷത്തിൽ വച്ചുകൊണ്ട് എതിർക്കുകയാണ്. ഇവിടെ ജമാ അത്ത് ഇസ്ലാമിക്കെതിരെ പ്രസംഗിക്കുമ്പോൾ മിനിഞ്ഞാന്ന് സഭയുടെ പുറത്ത് എന്താണ് സംഭവിച്ചത്? പി.ഡി.പി.യുടെ നേതാക്കൻമാരും ജമാ അത്ത് ഇസ്ലാമിയുടെ നേതാക്കൻമാരും സഭയിലെ ഒരു അംഗമായ സി.പി.ഐ(എം)-ന്റെ പക്ഷത്തിരിക്കുന്ന ശ്രീ. കെ. ടി. ജലീലിനെയും കൂട്ടിയാണ് മുഖ്യമന്ത്രിയെ കാണാൻ പോയത്. എന്താണ് ഇതിന്റെ അർത്ഥം? ഇവിടെ ഈ നാടകം ഇപ്പോഴും തുടരുന്നു എന്നാണ്. ആർക്കും നിഷേധിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരം പ്രസ്താവനകൾ മുൻപും നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചപ്പോൾ മുസ്ലീം സമുദായത്തിന് വാരിക്കോരി കൊടുക്കുന്നുവെന്ന്.......

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഇപ്പോൾ സഭയിൽ ഇല്ലാത്ത ശ്രീ. കെ. ടി. ജലീൽ ഏതോ വലിയ അപരാധം ചെയ്തതുപോലെ ഇവിടെ ഒരു പ്രസ്താവന ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി നടത്തുകയുണ്ടായി. മുഖ്യമന്ത്രിയെ കാണാൻ പോയ അതേ ആളുകൾ തന്നെയാണ് പ്രതിപക്ഷ നേതാവിനെയും പോയി കണ്ടിട്ടുള്ളത്. രണ്ടുപേരെയും കാണാൻ നിവേദനവുമായി നാട്ടിൽ നിന്ന് വന്നവരുടെ കൂടെ അവിടത്തെ ജനപ്രതിനിധിയെന്ന നിലയിൽ എം.എൽ.എ. പോയിട്ടുണ്ട്. അവർ ശ്രീ. ഉമ്മൻ ചാണ്ടിയെയും മുഖ്യമന്ത്രിയെയും കണ്ടിട്ടുണ്ട്. രണ്ടുപേരെയും കണ്ടിട്ടുണ്ട്. ഏതോ വലിയ അപരാധം ചെയ്തതുപോലെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച രീതി ശരിയല്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ഞാനൊരിക്കലും അതൊരു അപരാധമായി കാണുന്നില്ല. ഇവിടെ ഒരു വികസന കാര്യത്തിന് വേണ്ടിയല്ല പി.ഡി.പി.യുടെയും ജമാ അത്ത് ഇസ്ലാമിയുടെയും ആളുകളെക്കൂട്ടി അദ്ദേഹം പോയത്. എന്നുമാത്രമാണോ ? ചരിത്രപരമായ കാരണങ്ങളാൽ മുസ്ലീങ്ങൾ പിന്നോക്കം പോയ മലപ്പുറം ജില്ലയിൽ 'വിജയഭേരി' പദ്ധതിയിലൂടെ ഞങ്ങൾ വിജയം കൊയ്തപ്പോൾ ഇന്നത്തെ മുഖ്യമന്ത്രി അന്ന് പ്രതിപക്ഷനേതാവാണ്, അദ്ദേഹം പറഞ്ഞത് കോപ്പി അടിച്ചിട്ടുണ്ടാകുമെന്നാണ്. കോഴിക്കോട് വിമാനത്താവളത്തിന് അന്താരാഷ്ട്ര പദവി ലഭിച്ചപ്പോൾ ഇന്നത്തെ മുഖ്യമന്ത്രി അന്ന് പറഞ്ഞത് ഇത് ഭീകരൻമാർക്ക് പറക്കാനുള്ളതെന്നാണ്. എന്നാണ് ഇങ്ങനെ അവഹേളിക്കാതെ അദ്ദേഹം പോയിട്ടുള്ളത് ? ഞങ്ങൾക്ക് സി.പി.ഐ.(എം)-കാരോട് ഒന്നേ പറയാനുള്ളു. ഈ അവഹേളനത്തെ പിന്തുണയ്ക്കുന്നതിന് നിങ്ങൾക്കാകമാനം പ്രയാസം അനുഭവിക്കേണ്ടി വരും. ഒരു കാര്യം വളരെ വ്യക്തമാണ്. മുഖ്യമന്ത്രി ഇപ്പോൾ സ്വീകരിച്ചു കൊണ്ടിരിക്കുന്ന നയം മുൻപ് പട്ടണവാസികളെ ഭിന്നിപ്പിക്കാൻ വേണ്ടി ഭരണിയിൽ തേൻപുരട്ടിയ ഇബിലീസിന്റെ വിദ്യയാണ്. കാരണം തേൻ നുകരാൻ ഈച്ചയും ഈച്ചയെ പിടിക്കാൻ പല്ലിയും പല്ലിയെ പിടിക്കാൻ അയൽക്കാരന്റെ പൂച്ച ഭരണിയിലേക്ക് വീഴുന്നതോടെ ചേരിതിരിഞ്ഞ് കലാപം തുടങ്ങിയെന്നാണ് പറയുന്നത്. മുഖ്യമന്ത്രി തേൻ പുരട്ടിയ ഈ ഭരണിയിലേക്ക് കേരളത്തിലെ ഭൂരിപക്ഷ മതവിശ്വാസികൾ വീഴാത്തത് അവർ വിവേകശാലികളും മതേതരവാദികളുമായതുകൊണ്ടാണ്. കേരളത്തിൽ ഈ രീതിയിലുള്ള കുപ്രചരണം നടത്തി ഒരു സമൂഹത്തെ ഭിന്നിപ്പിക്കാൻ ശ്രമിക്കരുത്. എന്നുമാത്രമല്ല ഞാൻ ചോദിക്കട്ടെ, ആരാണ് ജമാ അത്ത്ഇസ്ലാമിക്ക് ഇവിടെ പ്രാതിനിധ്യം കൊടുത്തത് ? കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 18 ലോക്സഭാ മണ്ഡലങ്ങളിൽ ജമാ അത്ത് ഇസ്ലാമിയെ നിങ്ങൾ പിന്തുണച്ചു. ഞങ്ങളുടെ നേതാവ് ഇ. അഹമ്മദ്സാഹിബിനെ അടക്കം ജമാ അത്ത് ഇസ്ലാമി എതിർത്തു. ഞങ്ങൾ മറന്നിട്ടില്ല. അന്ന് അവർ നിങ്ങളെ പിന്തുണച്ചതിന് കൊടുത്ത ആനുകൂല്യം എന്താണെന്നറിയാമോ ? അവർക്ക് ആനുകൂല്യം നിങ്ങൾ കൊടുത്തു. ഇവിടത്തെ മുസ്ലീങ്ങളെകുറിച്ച് പഠിക്കാനും ക്ഷേമപദ്ധതി നടപ്പാക്കാനും വേണ്ടി പാലോളി കമ്മിറ്റിയുണ്ടാക്കി. ആരാണ് അംഗം? ഇൻഡ്യൻ ജമാ അത്ത് ഇസ്ലാമിയുടെ

രാഷ്ട്രീയകാര്യ കമ്മിറ്റിയിലെ അംഗമായ ഒ. അബ്ദുറഹ്മാൻ. ആരും മറന്നിട്ടില്ല. വേറൊരു കമ്മിറ്റിയിൽ ജമാ അത്ത് ഇസ്ലാമിയുടെ വാണിയമ്പലം. ഇങ്ങനെ ജമാ അത്ത് ഇസ്ലാമിയുടെയും പി.ഡി.പി.യുടെയുമൊക്കെ നേതാക്കൻമാരെ ഉത്തരവാദിത്തപ്പെട്ട കമ്മിറ്റിയിൽ കൊടുത്ത് നിങ്ങൾ ആദരിച്ചിട്ടുണ്ട്. ഒരു കാര്യം വളരെ വ്യക്തമാണ്. കേരളത്തിൽ തീവ്രവാദം വളർന്നത് സി.പി.ഐ(എം).-ന്റെ ഗർഭാശയത്തിലാണ് എന്ന് ചരിത്രം അറിയുന്ന ഏതൊരാൾക്കും ബോദ്ധ്യമാകും. കേരളത്തിന്റെ ചരിത്രം അതാണ്. ബാബ്റി മസ്ജിദിന്റെ തകർച്ചയ്ക്കുശേഷം പരിശോധിക്കപ്പെടുന്ന ഏതൊരാൾക്കും ബോദ്ധ്യമാകുന്ന ഒരു കാര്യമാണത്. ഇവിടെ പറഞ്ഞു, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും യൂത്ത് ലീഗും രണ്ട് ചേരിയിലാണെന്ന്. എന്താണ് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞത് ? രേഖാചിത്രം വരച്ച് ഒരു പ്രതിയെ പോലീസ് അന്വേഷിക്കുന്ന ഘട്ടത്തിൽ മുസ്ലീം ലീഗിന്റെ സംസ്ഥാന സെക്രട്ടറി ആ പ്രതിയെ പറയണമെന്ന് പറഞ്ഞാൽ ഞാൻ ഇൻവെസ്റ്റിഗേഷൻ ഓഫീസറല്ല, അവർ ആദ്യം പറയട്ടെ എന്നുപറഞ്ഞാൽ എന്താണ് അതിൽ തെറ്റ്. അതിന് ലീഗിൽ രണ്ട് ചേരിയുണ്ടെന്നാണ് പറയുന്നത്. ഞങ്ങൾക്ക് ഒരു ചേരിയേയുള്ളു. മഹാനായ സെയ്ദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ ജീവിച്ചിരിക്കുന്ന കാലത്ത് 20 വർഷം മുൻപ് എൻ.ഡി.എഫ്.-ന് എതിരെ ശക്തമായ പോരാട്ടം ഞങ്ങൾ നടത്തി. തീവ്രവാദത്തിനെതിരെ പോരാട്ടം തുടങ്ങി. ഇവിടെ ഇരിക്കുന്നു ശ്രീ. എ. എ. അസീസ്. അദ്ദേഹം ഇരവിപുരത്ത് എങ്ങനെയാണ് ജയിച്ചത് ? ഇരവിപുരത്ത് ഞങ്ങളുടെ യൂത്ത് ലീഗിന്റെ പ്രസിഡന്റ് എൻ.ഡി.എഫ്.ന്റെ വോട്ട് വേണ്ട എന്ന് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടാണ് ഞങ്ങൾ അഭിമാനപൂർവ്വം തോൽവി ഏറ്റുവാങ്ങിയത്. ഞങ്ങൾക്ക് ഒരു മടിയുമില്ല. ഞങ്ങൾ അഭിമാനപൂർവ്വം തന്നെ മതേതരത്വം ഉയർത്തിപ്പിടിച്ച് ജനാധിപത്യം ഉയർത്തി പിടിച്ച് തീവ്രവാദത്തിനെതിരെ, വർഗ്ഗീയതയ്ക്ക് എതിരെ ശക്തമായ പോരാട്ടം നടത്തിയ പാരമ്പര്യമാണ് മുസ്ലീംലീഗിനുള്ളത്. അത് ഇനിയും തുടരും. പക്ഷേ നിങ്ങളുടെ ഇരട്ടത്താപ്പുണ്ടല്ലോ ആ ഇരട്ടത്താപ്പ് ഇനി വിലപ്പോകില്ല. നിങ്ങൾ അതിന് ശ്രമിക്കണ്ട. ഞങ്ങൾ കാണുന്നു, നിങ്ങളുടെ ലക്ഷ്യമെന്താണ് ? നിങ്ങൾ ചില താല്പര്യങ്ങൾ ഒക്കെ വച്ചു പുലർത്തുന്നുണ്ട്. നിങ്ങൾക്കറിയാം തീവ്രവാദികളെ കൂട്ട് പിടിച്ച് അവരെ കക്ഷത്തിലൊതുക്കി മുന്നോട്ട് പോയിട്ട് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ മതേതര ജനാധിപത്യ കേരളം നിങ്ങൾക്ക് ഏൽപ്പിച്ച കനത്ത പ്രഹരം മറക്കാറായിട്ടില്ല. ഇവിടെ മാറാട് കലാപത്തെക്കുറിച്ച് ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞു. മാറാട് കലാപത്തെക്കുറിച്ച് അന്വേഷിച്ച കമ്മീഷൻ റിപ്പോർട്ട് ഇവിടെ വച്ചല്ലോ. ആ റിപ്പോർട്ട് നമ്മളൊക്കെ കണ്ടല്ലോ. മാറാട് കലാപത്തിന് തുടക്കമിട്ടത് സി.പി.ഐ.(എം) കാരായിരുന്നുവെന്നാണ് അതിൽ പറയുന്നത്. സി.പി.ഐ.(എം).-ന് അവിടെ അവരുടെ കേന്ദ്രങ്ങളിൽ തകർച്ച ഉണ്ടായപ്പോൾ ആളുകളെ പിടിച്ചു നിർത്താൻവേണ്ടി നിങ്ങളാണ് മാറാട് കലാപമുണ്ടാക്കിയതെന്ന് കമ്മീഷൻ റിപ്പോർട്ട് രേഖപ്പെടുത്തുന്നു. സി.പി.ഐ.(എം)-ന് ഇതിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ഇവിടെ വച്ച റിപ്പോർട്ടിൽ....... (തടസ്സം).......

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ : സർ, പോയിന്റ് ഓഫ് ഓർഡർ, മാറാട് കലാപത്തെ കുറിച്ച് ഒരു കമ്മീഷൻ റിപ്പോർട്ട് നിയമസഭ അംഗീകരിക്കുകകൂടി ചെയ്തിട്ടുള്ളതാണ്. ആ കമ്മീഷൻ റിപ്പോർട്ടിൽ കൃത്യമായി പറയുന്നു ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ ജില്ലാ പ്രസിഡന്റ് തന്നെയായിരുന്നു ഈ വർഗ്ഗീയ കലാപത്തിനും കൊലപാതകത്തിനും നേതൃത്വം കൊടുത്തത് എന്ന്. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായി ഇവിടെ പ്രസംഗിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വളരെ വ്യക്തമാണ്. അദ്ദേഹം പറഞ്ഞാൽ അഞ്ജനം എന്നാൽ എനിക്കറിയാം മഞ്ഞളുപോലെ വെളുത്തിരിക്കും എന്നു പറഞ്ഞതു പോലെയാണ്. അദ്ദേഹം അത് വായിച്ചിട്ടില്ല. അത് വായിച്ചിരുന്നെങ്കിൽ സി.പി.ഐ.(എം) ആണ് ഒന്നാം മാറാട് കലാപത്തിന് ഉത്തരവാദിയെന്ന് ആ രേഖയിൽ വ്യക്തമായി പറയുന്നുണ്ട്. ആ പങ്കിൽ നിന്ന് നിങ്ങൾക്ക് ഒഴിഞ്ഞു നിൽക്കാനാവില്ല. അതുകൊണ്ട് നിങ്ങൾ ഇവിടെ ഉപയോഗിക്കേണ്ട എല്ലാ കാർഡും കളിച്ചു. തീവ്രവാദ കാർഡ് കളിച്ചു, വർഗ്ഗീയ കാർഡ് കളിച്ചു. എല്ലാം കഴിഞ്ഞ് ഇനി കേരളത്തിൽ ഒരു കാവി കാർഡ് കളിക്കാൻ കഴിയുമോ എന്നാണ് ചിന്തിക്കുന്നത്.

ശ്രീ. പി. വിശ്വൻ : ഒരു ലീഗുകാരനെക്കുറിച്ച് ആ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ട്. പേര് ഞാൻ പറയുന്നില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : മതനിരപേക്ഷ കേരളം ഇതിനെ ഒക്കെ ചെറുത്ത് തോല്പിച്ച പാരമ്പര്യമാണ്. ഞങ്ങൾ അതിനെ ചെറുത്ത് തോല്പിക്കുക തന്നെ ചെയ്യും. ഒരു കാര്യം വളരെ വ്യക്തമാണ് തീവ്രവാദത്തിനും വർഗ്ഗീയതയ്ക്കുമെതിരെ പോരാടാൻ ഞങ്ങൾ ഒരു കാര്യം തുറന്നു പറയുന്നു, നിങ്ങൾക്ക് അതിന് കഴിയുമോയെന്ന് ഞങ്ങൾ വെല്ലുവിളിക്കുകയാണ്. നിങ്ങൾ ചെയ്യേണ്ട ചുമതല അതാണ്. അത് നിർവ്വഹിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

ശ്രീ. വി. ശശികുമാർ : സർ, ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. മതേതരത്വത്തിനുവേണ്ടിയുള്ള ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ വാദം കേട്ടപ്പോൾ ഞങ്ങളുടെ നാട്ടിൽ ഒരു മൈക്ക് അനൗൺസറുണ്ട്; വെല്ലുവിളിച്ചിട്ടേ അനൗൺസ് ചെയ്യാൻ കഴിയുള്ളു. അയാളോട് ഒന്നു ശാന്തമായിട്ട് പറയണമെന്ന് പറഞ്ഞു. അപ്പോൾ അയാൾ ഞാൻ വിനീതമായി താക്കീത് ചെയ്യുന്നുവെന്നു പറഞ്ഞു. അതുപോലെയാണ് ഈ പ്രസംഗം കേട്ടപ്പോൾ തോന്നിയത്. ഈ രീതിയിലുള്ള പ്രസംഗം നടത്തിയാൽ നമ്മുടെ നാട്ടിൽ എത്ര സമാധാനം ഉണ്ടാകുമെന്ന് എനിക്ക് സംശയമുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ ചെയ്ത ധനവിനിയോഗം

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക മാന്ദ്യത്തിന്റെ പടുകുഴിയിലേക്ക് വീണുപോകാതെ നമ്മുടെ സംസ്ഥാനത്തെ ഒരു വീണ്ടെടുക്കലിലേക്ക് എത്തിച്ചിരിക്കുകയാണ്. ട്രഷറി പൂട്ടാത്ത അവസ്ഥ കഴിഞ്ഞ നാല് വർഷക്കാലം നമുക്ക് സമ്മാനിച്ച ധനമന്ത്രി ഡോ. തോമസ് ഐസക്കിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഞാൻ അതിന്റെ വളരെ വിശദമായ കാര്യങ്ങളിലേക്ക് ഒന്നും കടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് പ്രധാനമായും മൂലധന നിക്ഷേപം നല്ല തോതിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇത് കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും ഉള്ള എം.എൽ.എമാർക്ക് നല്ല തോതിൽ സ്വയം പറയാൻ കഴിയുന്ന കാര്യങ്ങളാണ്. 5000 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഈ ഗവൺമെന്റ് കഴിഞ്ഞ നാല് വർഷത്തിനിടയിൽ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തു കഴിഞ്ഞു. ഇതിന് മുമ്പ് ഉണ്ടായിരുന്ന എല്ലാ കുടിശ്ശികകളും കൊടുത്ത് തീർത്തു. അതുപോലെ കേരളത്തിലെ മൂലധന നിക്ഷേപം 652 കോടി രൂപയിൽ നിന്ന് 4145 കോടി രൂപയായി ഈ കാലയളവിൽ വർദ്ധിച്ചു. ഒരു പുതിയ നികുതി ഭാരവും പുതുതായി അടിച്ചേൽപ്പിക്കാതെ, നികുതി വർദ്ധിപ്പിക്കാതെ നികുതി പിരിവ് കാര്യക്ഷമമാക്കി നികുതിയേതര മാർഗ്ഗങ്ങളും ചേർത്ത് വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് കേരളത്തിൽ ചെലവ് ചെയ്യുന്ന രീതി കൊണ്ടുവന്നു. പണ്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചെരുപ്പിന് അനുസരിച്ച് പാദം മുറിക്കുകയാണ് ചെയ്തിരുന്നത്. ഇവിടെ ഇത്രയേ വരുമാനമുള്ളു, അതിനനുസരിച്ച് എല്ലാവരും മുണ്ട് മുറുക്കി ഉടുക്കണമെന്നാണ് അന്നത്തെ മുഖ്യമന്ത്രി പറഞ്ഞതെങ്കിൽ ആവശ്യത്തിന് അനുസരിച്ച് വരുമാനം വർദ്ധിപ്പിച്ച് കേരളത്തിലെ ചെലവുകൾ ചെയ്യുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ഇന്നത്തെ പത്രത്തിൽ ഒരു വാർത്തയുണ്ട്. പുനലൂർ പേപ്പർമിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചുവെന്ന വാർത്ത. കേരളത്തിലല്ലാതെ ഇന്ത്യയിലെ വേറെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് അടച്ചുപൂട്ടിയ പൊതുമേഖലാസ്ഥാപനങ്ങളോ വലിയ വലിയ ഫാക്ടറികളോ തുറക്കുന്ന വാർത്ത നമുക്ക് കേൾക്കാൻ കഴിയുമോ? ഇങ്ങനെ നമുക്കറിയാം വികസന രംഗത്ത്, മൂലധനനിക്ഷേപ രംഗത്ത് വലിയ തോതിലുള്ള നിക്ഷേപമാണ് കേരളത്തിൽ നടന്നിട്ടുള്ളത്. ക്ഷേമ പദ്ധതികളുടെ കാര്യത്തിൽ ഗവൺമെന്റ് എടുത്തിട്ടുള്ള ഒരു പോളിസി ബഡ്ജറ്റിലൂടെ തന്നെ ധനമന്ത്രി പറഞ്ഞിരുന്നു. എല്ലാ ചെലവും കഴിഞ്ഞ് ബാക്കി കൊണ്ട് പാവങ്ങൾക്ക് എന്നുള്ളത് തിരുത്തി ആദ്യം പാവങ്ങൾക്ക് പിന്നീട് മറ്റ് ചെലവുകൾ എന്ന നിലയിൽ കേരളത്തിലെ ചെലവിന്റെ പ്രിഫറൻസ് തന്നെ ഈ ഗവൺമെന്റ് തിരുത്തിക്കുറിച്ചു. അങ്ങനെ കേരളത്തിൽ ക്ഷേമ പദ്ധതികളുടെ കാര്യത്തിൽ, മൂലധന നിക്ഷേപത്തിന്റെ കാര്യത്തിൽ, വികസന രംഗത്ത്, പുരോഗതിയുടെ രംഗത്ത് ഈ ഗവൺമെന്റിന്റെ ഒന്നാമത്തെ ബഡ്ജറ്റിൽ പരാമർശിച്ചതുപോലെ കേരളം ഒരു പുതിയ പാലം പണിതിരിക്കുകയാണ്. ക്ഷേമ പദ്ധതികളുടെ ബലപ്പെടുത്തിയ അടിത്തറയിൽ നിന്ന് വർത്തമാനകാല പ്രശ്നങ്ങൾ കൈകാര്യം ചെയ്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഭാവിയിലേക്ക് കേരളത്തിന് ഒരു ഫ്ളൈഓവർ പണിയുക എന്ന ഒരു പ്രധാന പാലത്തിന്റെ പണിയാണ് ഈ ഗവൺമെന്റ് നാല് വർഷം കൊണ്ട് ചെയ്ത് തീർത്തത് എന്ന് ഞാൻ കണക്കാക്കുകയാണ്. എന്റെ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ മുഖ്യമന്ത്രിയെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു പരിപാടി വച്ചു. അതിൽ വച്ച് അവർ പ്രഖ്യാപിച്ചത് ആ പഞ്ചായത്തിലെ എല്ലാവർക്കും ഭൂമി, വീട്, വെള്ളം, വെളിച്ചം എന്നിവ ലഭ്യമാക്കും എന്നായിരുന്നു. ഇങ്ങനെ ഭൂമി, വീട്, വെള്ളം, വെളിച്ചം തുടങ്ങിയ എല്ലാ പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുമെന്ന് പറയാൻ കഴിയുന്ന ഒരു പ്രദേശം കേരളത്തിലല്ലാതെ ഇന്ത്യയിൽ വേറെ എവിടെയെങ്കിലും ഉണ്ടോ ? ഇന്ത്യാ രാജ്യം ഭരിക്കുന്ന ഡോ. മൻമോഹൻസിംഗിന് അദ്ദേഹം ജനിച്ച മണ്ഡലത്തിലെ അദ്ദേഹം ജയിച്ച് വന്ന മണ്ഡലത്തിലെ മുഴുവൻ ആളുകൾക്കും ഭൂമിയും വീടും വെള്ളവും വെളിച്ചവും കൊടുക്കാൻ കഴിയുമെന്ന് പറയാൻ കഴിയുമോ ? അദ്ദേഹത്തിന് ഇന്ത്യയാകെ മണ്ഡലമാണെന്ന് വേണമെങ്കിൽ പറയാം. നമ്മുടെ രാജ്യം ഭരിക്കുന്ന പ്രധാനമന്ത്രിക്ക് ഇങ്ങനെ പറയാൻ കഴിയുമോ ; അല്ലെങ്കിൽ ഏറ്റവും വലിയ സമ്പന്ന രാജ്യമായ അമേരിക്കയുടെ പ്രസിഡന്റ് ഒബാമയ്ക്ക് തന്റെ നാട്ടിൽ ഇങ്ങനെ ഒരു അവകാശ വാദം ഉന്നയിക്കാൻ കഴിയുമോ? ഇത് കേരളത്തിലെ ഗവൺമെന്റ് ചെയ്ത് തീർത്തത് കേന്ദ്ര ഗവൺമെന്റിന്റെ ഏറ്റവും ജനവിരുദ്ധമായ നടപടികൾ നടക്കുന്ന കാലത്താണ്. ഒന്നാം യു.പി.എ. ഗവൺമെന്റ് കഴിഞ്ഞ് രണ്ടാം യു.പി.എ. ഗവൺമെന്റ് വന്നശേഷം ഇപ്പോൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഇടതുപക്ഷത്തിന്റെ തടസ്സങ്ങളാൽ നടപ്പിലാക്കാൻ കഴിയാത്ത എല്ലാ ജനവിരുദ്ധ നടപടികളും ധൃതിപിടിച്ച് നടപ്പിലാക്കുകയാണ്. ഇന്നലെ ടെലിവിഷനിൽ ഒരു വാർത്തയുണ്ടായിരുന്നു. പെട്രോളിയം കമ്പനികളുടെ ഉടമകളെ വിളിച്ചപ്പോൾ അവർ യോഗത്തിന് വരുന്നില്ല. അവർ വഴുതി മാറുകയാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം സമ്പൂർണ്ണമായി ഉടമകൾക്ക് വിട്ടുകൊടുക്കുക എന്നു പറഞ്ഞാൽ എത്ര വലിയ ദ്രോഹമാണ് നമ്മുടെ രാജ്യം ഭരിക്കുന്ന ഗവൺമെന്റ് ചെയ്തത്. ഇനി എന്താണ് വിലക്കയറ്റം തടയുന്നതിനുവേണ്ടി ചെയ്യാൻ കഴിയുക. നമ്മുടെ രാജ്യത്തെ പൊതുവിതരണ സമ്പ്രദായം പാടെ തകർത്തിരിക്കുകയല്ലേ. നിങ്ങൾക്കറിയാം നമ്മുടെ നാട്ടിൽ രണ്ട് ലക്ഷം കോടി രൂപയുടെ വരുമാനം ഗവൺമെന്റ് പ്രതീക്ഷിക്കുന്നത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷെയറുകൾ വിറ്റഴിച്ചുകൊണ്ടാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷെയറുകൾ വിൽക്കുക, വിലക്കയറ്റം രൂക്ഷമാക്കുക, ഭക്ഷ്യ പ്രതിസന്ധി രൂക്ഷമാക്കുക എന്നീ നടപടികളിലൂടെ കേന്ദ്ര ഗവൺമെന്റ് ജനങ്ങളിൽ നിന്ന് അനുദിനം ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന് എതിരെ ഇന്ത്യയിലെ തൊഴിലാളി വർഗ്ഗം, എല്ലാ ട്രേയ്ഡ് യൂണിയനുകളും ചേർന്നുകൊണ്ട് സെപ്റ്റംബർ മാസം ഏഴാം തീയതി ഒരു ദേശീയ പണിമുടക്കിലേക്ക് നീങ്ങിയിരിക്കുകയാണ്. സഞ്ജീവറെഡ്ഡി എന്നു പറയുന്ന ഐ.എൻ.റ്റി.യു.സി.യുടെ നേതാവ് ഇന്ത്യൻ പ്രധാനമന്ത്രിക്ക് ഒരു നിവേദനം കൊടുത്തു നോക്കിയിട്ട് ഒരു ഫലവും ഉണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഒടുവിൽ അദ്ദേഹ കൂടി ഉൾപ്പെട്ട ഐ.എൻ.ടി.യു.സി.യും എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും ചേർന്നുകൊണ്ട് ഈ നയങ്ങൾക്കെതിരായി ഒരു

2.00 PM.] പോരാട്ടത്തിന് നിൽക്കുന്ന സന്ദർഭത്തിൽ കേരള ജനതക്ക് ആശ്വാസം നൽകുന്ന നടപടികളിലൂടെ ഇന്ത്യയിലെ രണ്ടാം യു. പി. എ. ഗവൺമെന്റിന്റെ ദിശ തെറ്റിയ, വഴി മാറിയ നയങ്ങൾക്കെതിരായി പൊരുതുന്ന ജനങ്ങൾക്ക്, ഇന്ത്യയിലെ ജനങ്ങൾക്ക് കരുത്ത് പകരുന്ന ഒരു ഊർജ്ജ സ്രോതസ്സായി കേരളത്തിലെ ഗവൺമെന്റിന്റെ ഭരണ നടപടികൾ മാറിയിട്ടുണ്ട് എന്ന് ഞാൻ വിശേഷിപ്പിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇൻഡ്യാ ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ പോരാടാൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്ന ജനകോടികളുടെ പേരിൽ തൊഴിലാളി വർഗ്ഗത്തിന്റെ പേരിൽ ഞാൻ കേരളത്തിന്റെ ബഹുമാനൃനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിനെ അഭിവാദ്യം ചെയ്യുകയാണ്, അഭിനന്ദനങ്ങൾ അറിയിക്കുകയാണ്. കേരളത്തിലെ ഗവൺമെന്റ് ധനവിനിയോഗം കാര്യക്ഷമമായി നടത്തിയതിന്റെ ഫലമായി മുൻകുടിശ്ശികകൾ കൊടുത്തുതീർക്കാൻ സാധിച്ചു. പുതിയ എ.എസ്. നൽകി. ഞങ്ങളെ പോലെയുള്ള എം.എൽ.എ. മാർ ബഡ്ജറ്റിൽ ഉൾപ്പെടുത്താത്ത ചില പദ്ധതികൾക്കു വേണ്ടി ആവശ്യം ഉന്നയിച്ചപ്പോൾ ട്രഷറി ഡിപ്പോസിറ്റ് വർദ്ധിപ്പിച്ചാൽ അതിന് ആനുപാതികമായി ആ മണ്ഡലങ്ങളിൽ ഫണ്ട് അനുവദിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പത്തു കോടിയോളം രൂപയുടെ ട്രഷറി ഡിപ്പോസിറ്റ് ഞാൻ സംഘടിപ്പിച്ചിട്ടുണ്ട്. അങ്ങാടിപ്പുറത്തെ മേൽപ്പാലത്തിന് എന്ന് എ.എസ്. നൽകുമെന്നും ഏത് ഏജൻസിയെവച്ച് നടപ്പിലാക്കുവാൻ കഴിയുമെന്നും ഇതിന്റെ ഭാഗമായി വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടത്തിൽപ്പെട്ട പെരിന്തൽമണ്ണ, ഷൊർണ്ണൂർ ഭാഗത്തേക്ക് പോകുന്ന പെരുമ്പിലാവ് റോഡ് എത്രയും പെട്ടെന്ന് നേരെയാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റ് വിശദമായ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ധനവിനിയോഗ ബില്ലിന്റെ ഭാഗമായി രണ്ട് മൂന്ന് വിമർശനങ്ങൾ ഇവിടെ വന്നിരുന്നു. ഒന്ന് പറഞ്ഞത്, ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപനങ്ങളേ നടത്തുകയുള്ളൂ, പണം കൊടുക്കുകയില്ല എന്ന്. പണം കൊടുക്കുകയില്ലല്ലോ എന്നാണ് പ്രതിപക്ഷ അംഗങ്ങൾ എല്ലാവരും പറഞ്ഞത്. എന്റെ ബഹുമാന്യനായ മെമ്പർ ശ്രീ. ആര്യാടൻ മുഹമ്മദും ആ വാദം ഉന്നയിക്കുകയുണ്ടായി. ഞാൻ അത് പരിശോധിച്ചു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽത്തന്നെ ഈ നാല് കൊല്ലംകൊണ്ട് രണ്ട് പാലങ്ങളുടെ പണി പൂർത്തിയായി. രണ്ട് പാലങ്ങൾ അവിടെ പണി പൂർത്തീകരിക്കുന്നു. പത്തര കോടി രൂപ അതിനുവേണ്ടി ചെലവഴിച്ചു കഴിഞ്ഞിരിക്കുന്നു. മലപ്പുറം ജില്ലയിൽ നാനാഭാഗത്തായി നിരവധി പദ്ധതികളുടെ പണി പൂർത്തിയായി. കഴിഞ്ഞ രണ്ടു വർഷം മുമ്പ് അരീക്കോട് കുട്ടികൾ പുഴയിൽ വീണു മരിക്കാൻ ഇടയായി. അവിടെ ഒരു പാലം പണിയണമെന്നുള്ള ആവശ്യം ഉന്നയിച്ചു. കെൽ-ന്റെ നേതൃത്വത്തിൽ ആ പാലം പണി നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ സമയം ദീർഘിച്ചു പോകുമെന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ പറയുന്നില്ല. എന്റെ മണ്ഡലത്തിലെ അനുഭവം എനിക്ക് പറയാൻ കഴിയും. എന്റെ മണ്ഡലത്തിലെ ആദ്യത്തെ ആവശ്യമായി ഉന്നയിച്ചത് മാനത്ത്മംഗലത്ത് ഒരു ബൈപ്പാസ് പണിയണമെന്നാണ്. 115 സ്ഥലം ഉടമകൾ അഡ്വാൻസായി ഇവിടെ സ്ഥലത്തിന്റെ അനുമതി ഒപ്പിട്ടു കൊടുത്തു. അഭിമാനത്തോടുകൂടി ഞാൻ പറയട്ടെ, ആ ബൈപ്പാസിന്റെ പണി പൂർത്തിയാകുവാൻ ഏതാനും മാസങ്ങളേ വേണ്ടൂ. അതിന് സ്ഥലം വിട്ടു തന്ന മുഴുവൻ ഉടമകൾക്കും കൊടുക്കുന്നതിന് ആറ് കോടി മുപ്പത് ലക്ഷം രൂപ ഗവൺമെന്റ് പാസ്സാക്കി കഴിഞ്ഞിരിക്കുന്നു. അലിഗഢ് സർവ്വകലാശാലയ്ക്ക് സ്ഥലം എടുക്കുന്നതിനു വേണ്ടി ഒന്നാം ഘട്ടത്തിൽ പതിനഞ്ചര കോടി രൂപ അനുവദിച്ചു. രണ്ടാംഘട്ട ഭൂമി ഏറ്റെടുക്കുവാൻ ഏതാണ്ട് 27 കോടി രൂപയുടെ ഗവൺമെന്റിന്റെ അനുമതി ഏതാനും ദിവസത്തിനകം കിട്ടുകയായി. എം.എൽ.എ.മാർ മുൻകയ്യെടുക്കുന്നുണ്ടെങ്കിൽ ഗവൺമെന്റിൽനിന്ന് അനുമതി കിട്ടാനും ഫണ്ട് ചെലവഴിക്കാനും ഒരു തടസ്സവും ഇല്ലെന്നുള്ള നിരവധി തെളിവുകൾ ഇവിടെ ചൂണ്ടിക്കാണിക്കുവാൻ കഴിയും. ഞാൻ പ്രസംഗം ദീർഘിപ്പിക്കുകയല്ല. മറ്റൊരു വിമർശനം ഇവിടെ ഉയർന്നുവന്നത്, ...

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ശ്രീ. ശശികുമാറിന് തെറ്റി. എന്റെ നിയോജക മണ്ഡലത്തിൽ രണ്ട് പാലമല്ല, മൂന്നു പാലവും ഞങ്ങളുടെ കാലത്ത് തുടങ്ങിയതാണ്. ഇപ്പോഴും ഒന്ന് ഫോറസ്റ്റിന്റെ തടസ്സപ്രകാരം അവിടെ നിന്നു. ഒന്ന് തീർന്നു. മറ്റൊന്ന് തീരാൻ പോകുന്നു. ഞങ്ങളുടെ കാലത്ത് ഞങ്ങൾ തുടങ്ങിയ പാലമാണ്. അത് നിറുത്തിവച്ചില്ല എന്നുള്ള ഗുണം മാത്രമേയുള്ളൂ. അതുംകൂടി എന്റെ ചെലവിൽ കൂട്ടിയിട്ടാണ് അദ്ദേഹം പതിനഞ്ചുകോടി കണക്കാക്കുന്നത്.

<u>ശ്രീ. വി. ശശികുമാർ</u> : എനിക്ക് അറിയുകയില്ല. പണം ചെലവാക്കുന്നില്ല എന്ന ഗവൺമെന്റിനെക്കുറിച്ചുള്ള ആക്ഷേപത്തെക്കുറിച്ചുള്ള വിശദീകരണമാണ് പറഞ്ഞത്. രണ്ടാമത് പരസ്യത്തെക്കുറിച്ചുള്ള ആക്ഷേപമാണ് ഇവിടെ വന്നത്. പരസ്യം നൽകുന്നതിനുവേണ്ടി കോടിക്കണക്കിനു രൂപ ധൂർത്തടിക്കുന്നു. അത് വലിയ ആക്ഷേപമായി ഉന്നയിച്ചു. കേരളത്തിൽ പത്രങ്ങളുടെ നാൽപ്പത് ലക്ഷം കോപ്പി ഇറങ്ങുന്നുണ്ട്. അമ്പത് ലക്ഷം വീടുകളിൽ ടി.വി. ഉണ്ട്. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സത്യസന്ധമായി അവർ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. ഇവിടെ ഗവൺമെന്റിന്റെ നേട്ടങ്ങളെ തമസ്കരിക്കുകയാണ് അവർ ചെയ്യുന്നത്. ഗവൺമെന്റ് നാലാം വാർഷികത്തിന്റെ ഭാഗമായി പരസ്യം കൊടുത്തു. അത് വലിയ ധൂർത്താണ് എന്നാണ് പറയുന്നത്. എന്നാൽ ഇന്ത്യയിൽ ഒരു പൊതു പണിമുടക്ക് പൊളിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്ന പരസ്യമോ ? അത് ധൂർത്തല്ല, ദുർവ്യയം അല്ല, ഗവൺമെന്റിന്റെ മാതൃകാപരമായ പ്രവർത്തനമാണ്. ഈ ഇരട്ടത്താപ്പ് കേരളത്തിൽ ആർക്കാണ് തിരിച്ചറിയാൻ കഴിയാതിരിക്കുക ? ഞാൻ മറ്റ് വളരെ വിശദമായ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. തീവ്രവാദത്തെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ച് വലിയ ചർച്ച നടന്നു. മുഖ്യമന്ത്രിയെ ചാരി പോപ്പുലർ ഫ്രണ്ടിനെ ന്യായീകരിക്കുവാനാണ് പ്രതിപക്ഷ നേതാവ് ശ്രമിച്ചത്. പ്രതിപക്ഷ നേതാവ് ഏതോ ഒരു ദിവസം പ്രസംഗിക്കുമ്പോൾ പറയുന്നതു കേട്ടു, ഞങ്ങളെ ചാരി അത് വേണ്ട. എന്നാൽ ഇന്നലെ നിങ്ങൾ ചെയ്തത് മുഖ്യമന്ത്രിയെ ചാരി പോപ്പുലർ ഫ്രണ്ടിനെ ന്യായീകരിക്കുവാനുള്ള പരിശ്രമമാണ്. ഞാൻ ഒരു കാര്യം സൂചിപ്പിക്കുകയാണ്. 1992-ലെ ബാബറി മസ്ജിദിന്റെ തകർച്ചയെ തുടർന്നാണ് മുസ്ലീം വിഭാഗത്തിനകത്ത് വലിയ തോതിൽ തീവ്രവാദ പ്രവണതകൾ പ്രത്യക്ഷപ്പെട്ടത്. ഇവിടെ രണ്ട് സംഘടനകൾ ഉണ്ടായി. ഐ.എൻ.എൽ.-ഉം പി.ഡി.പി.യും. ഐ.എൻ.എൽ-ന് തീവ്രത കുറവായിരുന്നു. അപ്പോൾ യു.ഡി.എഫിനും മുസ്ലീം ലീഗിനും പി.ഡി.പി. മതി. പി.ഡി.പി.ക്ക് കുറച്ചു കഴിഞ്ഞപ്പോൾ അൽപ്പം വോൾട്ടേജ് കുറഞ്ഞു. ഇതിൽ തീവ്രവാദപരമായി ചിന്തിക്കുന്ന ആളുകൾ എൻ.ഡി.എഫ്.-ലേക്ക് ചേക്കേറി. അപ്പോൾ യു.ഡി.എഫിനും ലീഗിനും പി.ഡി.പി. വേണ്ട. എൻ.ഡി.എഫ്. മതി. ഇപ്പോൾ എൻ.ഡി.എഫ്. പോപ്പുലർ ഫ്രണ്ടായി വയസ്സ് അറിയിച്ചിരിക്കുകയാണ്. അങ്ങനെ കേരളത്തിൽ എടുത്തു നോക്കിയാൽ മുസ്ലീം തീവ്രവാദത്തിലെ ഏറ്റവും ഭീകരവാദപരമായ മുഖങ്ങളോട് എന്നും ഐക്യപ്പെട്ടു നിൽക്കുകയാണ് ഇവിടെ മുസ്ലീംലീഗും യു.ഡി.എഫും ചെയ്തിട്ടുള്ളതെന്ന് നമുക്ക് കാണാൻ കഴിയും. ഞാൻ അതിന്റെ വിശദമായ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. വർഗ്ഗീയ തീവ്രവാദം വളർന്നു പന്തലിച്ച് ഒരു വൻ മരമായിരിക്കുകയാണ്. അതിന്റെ തായ്‌വേര് യു.ഡി.എഫിന്റെ തിരുമുറ്റത്താണ്. അതിന് വെള്ളവും നനയും ചെല്ലുന്നത് സാമ്രാജ്യത്വത്തിന്റെ അടുക്കളയിൽ നിന്നാണ്. അതിന്റെ കൊമ്പും ശിഖരങ്ങളും വെട്ടി മാറ്റണം. നാം ഈ അനുഭവത്തിൽനിന്ന് ചില പാഠങ്ങൾ പഠിക്കണം. സമുദായത്തെ, മതത്തെ രാഷ്ട്രീയത്തിൽ കൂട്ടിക്കലർത്തുന്ന വർഗ്ഗീയമായ ഒരു പ്രസ്ഥാനവും കേരളത്തിൽ ആവശ്യമില്ല. ഞങ്ങൾ പറയുന്നു, എൽ.ഡി.എഫ്.-ൽ മതത്തെ ആസ്പദമാക്കി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളില്ല. യു.ഡി.എഫി.-ൽ മുസ്ലീംലീഗ് മതത്തെ ആസ്പദമാക്കിയാണ് പ്രവർത്തിക്കുന്നത്. മതത്തെ ആസ്പദമാക്കി പ്രവർത്തിക്കുന്ന മുസ്ലീംലീഗിന്റെ തണലിലാണ് തീവ്രവാദ സംഘടനകൾ തള്ളക്കോഴി കുഞ്ഞുങ്ങളെ കൊണ്ട് നടക്കുന്നതുപോലെ കൊണ്ടു നടക്കുന്നത്. ആ മുസ്ലീംലീഗുമായിട്ടുള്ള കൂട്ടുകെട്ട് ഒഴിവാക്കുവാൻ യു.ഡി.എഫ്. തയ്യാറുണ്ടോ എന്ന് ഈ സന്ദർഭത്തിൽ വ്യക്തമാക്കേണ്ടതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: മുസ്ലീംലീഗിന്റെ ഇതുവരെയുള്ള ചരിത്രത്തിൽ ഏതെങ്കിലും ഒരു മത വിഭാഗത്തിൽ വാക്കാലോ പ്രവൃത്തിയാലോ വർഗ്ഗീയത ഉണ്ടാക്കിയ എന്തെങ്കിലും ഒരു സംഭവം ബഹുമാനപ്പെട്ട അംഗത്തിന് ചൂണ്ടിക്കാണിക്കുവാൻ കഴിയുമോ ?

ശ്രീ. വി. ശശികുമാർ: മതത്തെ ആസ്പദമാക്കിയുള്ള പ്രവർത്തനമാണ് വർഗ്ഗീയതയും പിന്നീട് തീവ്രവാദവുമൊക്കെയായി വളരുന്നത്. മതത്തെ മതമായി മാത്രം കാണുകയും രാഷ്ട്രീയവുമായി കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുന്ന ഒരു മതേതര രാഷ്ട്രീയമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നിൽക്കേണ്ടത്. ആ രാഷ്ട്രീയത്തിന് എതിരാണ് മുസ്ലീം ലീഗിന്റെ നിലപാട്. അവരുമായുള്ള ബന്ധം വിച്ഛേദിക്കുവാൻ കോൺഗ്രസ് തയ്യാറുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്?

ശ്രീ. പി. വിശ്വൻ : ഇവിടെ ബഹുമാനപ്പെട്ട രണ്ടത്താണിയുടെ പ്രസംഗത്തിൽ പറഞ്ഞത് മാറാട് കലാപത്തിന് നേതൃത്വം കൊടുത്തത് സി.പി.ഐ (എം) ആയിരുന്നു എന്നായിരുന്നു. എന്നാൽ മാറാട് രണ്ട് കലാപത്തിന്റേയും ഭാഗമായിട്ടുള്ള കലാപകാരികൾ ജയിലിൽ അടയ്ക്കപ്പെട്ടപ്പോൾ അതിൽ വന്ന എല്ലാ നമ്പറുകളും യഥാർത്ഥത്തിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നേതാക്കന്മാരായിരുന്നു എന്നുള്ളത് അങ്ങ് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. വി. ശശികുമാർ : സർ, ദാർ ഉൽ ഖദ എന്ന മത കോടതിയെക്കുറിച്ച് ഈ സഭയുടെ മുമ്പാകെ ആദ്യമായി കൊണ്ടുവന്നത് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി ജയരാജൻ ആണ്. അന്നേരം ജയരാജന്റെ ആ വാദത്തെ കുറിച്ച് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത് ദാർ ഉൽ ഖദ എന്നു പറയുന്നത് ഒരു യൂണിവേഴ്സിറ്റിയാണെന്നാണ്. അത് മത കോടതിയൊന്നും അല്ല, അത് ഒരു യൂണിവേഴ്സിറ്റിയാണെന്നാണ് പറഞ്ഞത്. ഇന്ന് ആ കാര്യമാണ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് എം.എൽ.എ. ഇവിടെ ഉന്നയിച്ചത്. ഞാൻ ചോദിക്കുന്നു, അതിന്റെ പിന്നിൽ പോപ്പുലർ ഫ്രണ്ട് ആണെന്ന് പറഞ്ഞു. ദാർ ഉൽ ഖദ എന്നുപറയുന്ന മതകോടതിയെ പരസ്യമായി എതിർക്കുവാൻ ......(തടസ്സം).......

ശ്രീ. എം. ഉമ്മർ : സർ, പോയിന്റ് ഓഫ് ഓർഡർ........ ബഹുമാനപ്പെട്ട ശശികുമാർ വളരെ തെറ്റിദ്ധാരണ പരത്തുന്ന രീതിയിൽ സംസാരിച്ചു. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത് അതല്ല. ചെമ്മാടുള്ള ദാർ ഉൽ ഖുദ ഇസ്ലാം യൂണിവേഴ്സിറ്റി എന്നു പറയുന്നത് ഇന്റർനാഷണലായി അറിയപ്പെടുന്ന ഒരു സ്ഥാപനമാണ്. ആ ദാർ ഉൽ ഖുദ എന്ന് അറിയപ്പെടുന്ന ആ യൂണിവേഴ്സിറ്റിയെ ഇതേ രീതിയിൽ തെറ്റിദ്ധരിപ്പിക്കരുതെന്നാണ് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത്.

ശ്രീ. വി. ശശികുമാർ : യൂണിവേഴ്സിറ്റിയെ കുറിച്ച് ആരും ഒന്നും പറഞ്ഞിട്ടില്ല. ദാർ ഉൽ ഖദ എന്ന മത കോടതിയെക്കുറിച്ചാണ് പറഞ്ഞത്. അപ്പോൾ അത് യൂണിവേഴ്സിറ്റിയാണെന്നു പറഞ്ഞ് തെറ്റിദ്ധരിപ്പിക്കുകയാണ് നിങ്ങൾ ചെയ്തത്. ഇപ്പോഴും അതിനോടുള്ള നിലപാട് എന്താണെന്ന് ശ്രീ. ഉമ്മർ വ്യക്തമാക്കിയില്ല.

ശ്രീ. പി. റ്റി. എ. റഹീം : ശ്രീ. പി. ജയരാജൻ സംസാരിച്ചപ്പോൾ ദാർഉൽ ഖദ എന്ന് പറഞ്ഞു. അപ്പോൾ നിങ്ങൾ ദാർ ഉൽ ഖദാ ഇസ്ലാം യൂണിവേഴ്സിറ്റിയാണ്, തെറ്റിദ്ധരിപ്പിക്കുകയാണ് എന്ന് പറഞ്ഞാണ് അവിടെ നിന്ന് ബഹളമുണ്ടാക്കിയത്. ഇവിടെ യൂണിവേഴ്സിറ്റി എന്നൊന്നും ഒരക്ഷരവും പറഞ്ഞിട്ടില്ല. ദാർ ഉൽ ഖദാ എന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. അതൊരു കടലാസ് നോക്കിയാണ് വായിച്ചത്. അപ്പോൾ ഇത് ഒരു യൂണിവേഴ്സിറ്റിയാണെന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട എം. ഉമ്മറും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും അവിടെ നിന്ന് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. വർക്കല കഹാർ</u> : ശ്രീ. പി. റ്റി. എ. റഹീമാണ് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നത്. ദാർഉൽ ഖദായും ദാർഉൽ ഖുദായും രണ്ടാണ്. ഖുദാ എന്ന് പറയുന്നത് യൂണിവേഴ്സിറ്റിയുടെ ഭാഗമാണ്. അതാണ് ശ്രീ. പി. ജയരാജൻ തെറ്റിപ്പറഞ്ഞത്. അതാണ് ഇപ്പോൾ ന്യായീകരിക്കുന്നത്.

<u>ശ്രീ. വി. ശശികുമാർ</u> : ഇതിൽ ഏതാണ് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് ? നമ്മുടെ നാട്ടിൽ മതതീവ്രവാദം ഉയർത്തുന്ന വെല്ലുവിളിക്കെതിരെ ശക്തമായ നടപടി ഉണ്ടാകണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: ശ്രീ. വി. ശശികുമാറിന് ദാർഉൽ ഖദാ എന്ന് പറയാൻ കഴിയുകയില്ലെങ്കിൽ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് എന്ന് പറഞ്ഞാൽ മതി.

<u>ശ്രീ. വി. ശശികുമാർ</u> : അങ്ങയുടെ അത്ര എനിക്ക് പറയാൻ കഴിയുകയില്ലെങ്കിലും അത്യാവശ്യം ഞാനും മനസ്സിലാക്കി വന്നിട്ടുണ്ട്. ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്, കേരളത്തിൽ വളർന്നു വരുന്ന തീവ്രവാദ വെല്ലുവിളിയെ നേരിടുന്നതിന് ഈ ഗവൺമെന്റല്ല ഇപ്പോൾ കേരളത്തിൽ അധികാരത്തിൽ ഇരുന്നിരുന്നതെങ്കിൽ എന്താകുമായിരുന്നു അവസ്ഥ എന്ന് നമ്മൾ ആലോചിക്കണം. മാറാട് കലാപം വന്ന ഘട്ടത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അതിന്റെ മുൻപിൽ നിന്ന് ഞെളിപിരികൊണ്ടത് നമ്മൾ കണ്ടതല്ലേ ? കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് യാതൊരുവിധ പാളിച്ചയും ഇല്ലാതെ ശക്തമായി നേരിട്ടുകൊണ്ട് രാഷ്ട്രീയമായും ഭരണപരമായും തീവ്രവാദത്തെ ഒറ്റപ്പെടുത്താൻ നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാ വിഭാഗം ജനങ്ങളുടേയും അകമഴിഞ്ഞ പിൻതുണ ഉണ്ടാകണം. കേരളത്തിൽ മത തീവ്രവാദത്തിന് കടന്നുവരാൻ കഴിയാത്ത വിധം പാവപ്പെട്ടവർക്ക് സാമ്പത്തിക സുരക്ഷിതത്വം നൽകുന്ന ഒരു പ്രതിരോധമാണ് ഈ ധന വിനിയോഗംവഴി നിർവ്വഹിക്കുന്നത് എന്നതുകൊണ്ട് അതിനെ പിൻതുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : സർ, ഞാൻ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. ഇവിടെ നടന്ന ചർച്ചകളിൽ ഭരണ കക്ഷിയിൽനിന്നുള്ള അഭിപ്രായങ്ങൾ കേട്ടപ്പോൾ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണോ നിങ്ങൾ സംസാരിക്കുന്നത് എന്ന് സംശയം തോന്നി. ഭരണ കക്ഷി അനുകൂലിക്കുകയും പ്രതിപക്ഷം എതിർക്കുകയും വേണം. പക്ഷെ വോട്ടിംഗിന്റെ കാര്യത്തിൽ അത് എടുക്കുമ്പോൾ ഒരു അൻപത് ശതമാനമെങ്കിലും യാഥാർത്ഥ്യ ബോധം വേണ്ടേ. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയിൽ നിന്നാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. അദ്ദേഹം പറയുന്നതിന് കടകവിരുദ്ധമായിട്ട് പ്രവർത്തിക്കുകയാണ്. പദ്ധതി ചെലവുകൾ വെട്ടിക്കുറയ്ക്കുകയാണ്. നമ്മൾ ഇവിടെ പാസ്സാക്കി ക്കൊടുക്കുന്ന തുക പോലും ചെലവാക്കാതിരിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ കന്നി ബഡ്ജറ്റിൽ അദ്ദേഹം പറഞ്ഞിരിക്കുകയാണ്, 'ട്രഷറി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബാലൻസ് മിച്ചമാകുന്നതാണ് മികച്ച ധനകാര്യ മാനേജ്മെന്റ് എന്നത് പൊള്ളയായ ഒരു വാദമാണ്. ഭീമമായ തോതിൽ കടം വാങ്ങിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനം ഉയർന്ന പലിശയ്ക്ക് വാങ്ങുന്ന വായ്പയിൽ ഒരു ഭാഗം ചെലവാക്കാതെ സ്ഥിരമായി ട്രഷറിയിൽ സൂക്ഷിച്ചാണ് മിച്ചമുണ്ടാക്കുന്നത്. ഇതിൽപ്പരം അബദ്ധം വേറെയുണ്ടോ ? അതിനുപരി പദ്ധതിയടങ്കൽ വെട്ടിക്കുറച്ചും ക്ഷേമച്ചിലവുകൾ കുടിശ്ശിക വരുത്തിയും മറ്റുമാണ് ട്രഷറിയിൽ പണം മിച്ചം വരുത്തുന്നത്. ഇത്തരം ഒരു ജനവിരുദ്ധ നയമാണ് യു.ഡി.എഫ്. പിൻതുടർന്നത്. ഈ സമീപനം സംസ്ഥാനങ്ങളെക്കൊണ്ട് സ്വീകരിപ്പിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്' എന്ന്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങയുടെ നാല് വർഷത്തെ ട്രഷറി മിച്ചമെത്രയാണ്? 31-3-2007-ൽ അവസാനിച്ച സാമ്പത്തിക വർഷം 858.64 കോടി രൂപ ട്രഷറി മിച്ചം; 2008-ൽ 840.41 കോടി രൂപ മിച്ചം; 2009-ൽ 989 കോടി രൂപ മിച്ചം; 2010 മാർച്ച് 31-ന് ഏകദേശം 2500 കോടി രൂപയോളം മിച്ചം. അങ്ങ് യു.ഡി.എഫ്.-നെ രൂക്ഷമായി വിമർശിക്കാൻ ഒരു പാരഗ്രാഫ് മുഴുവൻ അങ്ങയുടെ ബഡ്ജറ്റിലെടുത്ത രഹസ്യത്തിന് ഇത് എങ്ങനെ യോജിക്കും. പദ്ധതി ചെലവ് 80 ശതമാനത്തിൽ താഴെയാണ്. അതുപോലെ തന്നെ സഭ പാസാക്കിയ ബഡ്ജറ്റിൽ അപ്രോപ്രിയേഷൻ അക്കൗണ്ട്സ് മൂന്ന് കൊല്ലത്തേത് വന്നിട്ടുണ്ട്. ഈ മൂന്ന് കൊല്ലമായി 11,915 കോടി രൂപ നിങ്ങൾ ചെലവാക്കിയിട്ടില്ല. ഇത് ഞങ്ങൾ എതിർക്കണ്ടേ ? ഇത് എതിർക്കുന്നത് രാഷ്ട്രീയമാണോ ? ധനകാര്യ മന്ത്രി പറഞ്ഞ അതേ ന്യായമാണ് ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നത്. വലിയ പലിശയ്ക്ക് പണം കടമെടുത്തിട്ട് അത് ട്രഷറിയിൽ മിച്ചമുണ്ടാക്കുന്നത് ധനകാര്യ മാനേജ്മെന്റിന് നല്ലതല്ലെന്ന് അങ്ങ് പറഞ്ഞു. കഴിഞ്ഞ നാല് കൊല്ലവും അതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് ഏറ്റവും മുഖ്യമായിട്ട് പറഞ്ഞ രണ്ട് നേട്ടങ്ങളിൽ ഒന്ന് കർഷകരുടെ കടാശ്വാസമാണ്. കർഷകരുടെ കടാശ്വാസത്തിന് കേന്ദ്ര ഗവൺമെന്റ് 73,000 കോടി രൂപ ചെലവഴിച്ചു. നിങ്ങൾ ചെലവഴിച്ചതോ? നാല് കൊല്ലമായിട്ട് 38 കോടി രൂപ. അങ്ങ് അറിയണം കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു. 4,10,549 അപേക്ഷകൾ കിട്ടി. 1,11,758 അപേക്ഷകളിൽ നിങ്ങൾ തീരുമാനമെടുത്തു. ഇനി തീർപ്പ് കൽപ്പിക്കാൻ 2,98,000 അപേക്ഷകൾ പെന്റിംഗായി കിടക്കുകയാണ്. തീരുമാനം എടുത്തതിന് എല്ലാം കൂടി അനുവദിച്ച തുക 49,59,00,000 രൂപയാണ്. ഗവൺമെന്റ് ഇതുവരെ കൊടുത്തത് 38,00,00,000 രൂപ. ഇനി തീരുമാനിച്ചതിൽ കഴിഞ്ഞ വർഷം കൊടുക്കാനുള്ളത് 11,00,00,000 രൂപ. അതിനു മുൻപിലത്തെ വർഷം 10.14 കോടി രൂപ കൊടുക്കാനുണ്ട്. കടാശ്വാസ കമ്മീഷൻ തീരുമാനിച്ചതിൽ കൊടുത്തു തീർക്കാനുള്ളത് 21.14 കോടി രൂപ. കമ്മീഷൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടു, ഞങ്ങൾക്ക് അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ 25 കോടി രൂപ വയ്ക്കണമെന്ന്. ഡോ. തോമസ് ഐസക്,

നിങ്ങൾ അനുവദിച്ചത് വെറും പത്ത് കോടി രൂപയാണ്. ഇത് ഞങ്ങൾ കണ്ടില്ലെന്ന് നടിക്കണോ ? ഞങ്ങൾ ചൂണ്ടിക്കാണിക്കേണ്ടെ ? നിങ്ങൾ കടാശ്വാസ കമ്മീഷൻ രൂപീകരിക്കുന്നതിന് നിയമം കൊണ്ടുവന്നു. ഇവിടെ വലിയ ചെലവ് ചെയ്ത് അതിന്റെ ഉദ്ഘാടനം നടത്തി. നാട് മുഴുവൻ കൊട്ടിഘോഷിച്ചു. പക്ഷെ ഇതുവരെ നടന്നിട്ടുള്ള കാര്യമിതാണ്. മൂന്ന് ലക്ഷം അപേക്ഷകൾ ചാക്കിൽ കെട്ടിവച്ചിരിക്കുന്നു. 38 കോടി രൂപ മാത്രം നിങ്ങൾ കൊടുത്തിരിക്കുന്നു. ഈ വർഷത്തേക്ക് 25 കോടി രൂപ ചോദിച്ചിട്ട് നിങ്ങൾ അനുവദിച്ചത് വെറും പത്ത് കോടി രൂപ. മറ്റൊന്ന്, രണ്ട് രൂപയ്ക്കുള്ള അരിയുടെ കാര്യമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് മൂന്ന് രൂപയ്ക്ക് അരി കൊടുത്തു. രണ്ട് രൂപയ്ക്ക് പാവപ്പെട്ടവർക്ക് അരി കൊടുക്കുന്നത് വലിയ കാര്യം തന്നെയാണ് ; യാതൊരു സംശയവുമില്ല. പക്ഷെ യു.ഡി.എഫ്.-ന്റെ കാലത്ത് മൂന്ന് രൂപയ്ക്ക് 25 കിലോ അരിയും ഗോതമ്പും എന്ന് പറഞ്ഞിരുന്നു. നിങ്ങൾ രണ്ട് രൂപയ്ക്ക് അരി എന്ന് മാത്രമേ പറയുന്നുള്ളു. രണ്ട് രൂപയ്ക്ക് കൊടുക്കുന്നത് എത്രയെന്ന് പറയുന്നില്ല. അത് മാറിയും മറിഞ്ഞും വന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. രാജാജി മാത്യു തോമസ് ഇന്ത്യയിലെ ദാരിദ്ര്യത്തെക്കുറിച്ചും പട്ടിണി മാറ്റാൻ കേന്ദ്ര ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലായെന്നും പറഞ്ഞു. അറുപത്തയ്യായിരം കോടി രൂപയാണ് ഭക്ഷ്യ സബ്സിഡിക്കുവേണ്ടി ഈ വർഷം കേന്ദ്ര ഗവൺമെന്റ് മാറ്റി വച്ചിരിക്കുന്നത്. അത് പോരെ. നമുക്ക് കൂടുതൽ കൊടുക്കണമെങ്കിൽ കൊടുക്കാം. ....(ബഹളം).......അറുപത്തയ്യായിരം കോടി രൂപ പോര എന്ന് പറയുന്നെങ്കിൽ ഞാനും കൂടാം. പക്ഷെ ഒന്നും ചെയ്തില്ലെന്ന് പറയരുത്. എ.എ.വൈ അരിക്ക് 15.93 രൂപ സബ്സിഡി തന്നാണ് നമുക്ക് തരുന്നത്. ബി.പി. എൽ. അരിക്ക് 13.28 രൂപ സബ്സിഡി തന്നാണ് നമുക്ക് തരുന്നത്. എ.പി.എൽ. അരിക്ക് 10.63 രൂപ സബ്സിഡിയോടുകൂടിയാണ് തരുന്നത്. കേന്ദ്ര ഗവൺമെന്റ് എ.പി.എൽ. കാർഡ് ഉടമകൾക്കുള്ള അരി വെട്ടിക്കുറച്ചു. ഞങ്ങളും അത് ശരിയായില്ലെന്ന് പരസ്യമായി പറഞ്ഞതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രി ഓൾ പാർട്ടി ഡെലിഗേഷൻ വിളിച്ചപ്പോൾ അതിനുവേണ്ടി ഒന്നിലധികം പ്രാവശ്യം നിവേദനം കൊടുത്തതാണ്. ഇപ്പോൾ എന്ന് ഞങ്ങൾ ഡൽഹിയിൽ പോയാലും ഈ കാര്യം വീണ്ടും വീണ്ടും ഉന്നയിക്കുകയാണ്. കേരളത്തിന് അത് ആവശ്യമാണ്. ഞങ്ങൾ ഈ കാര്യത്തിലൊന്നും മുഖം മറച്ച് നിന്നിട്ടില്ല. കേരളത്തിന് ഏറ്റവും സന്തോഷകരമായ വാർത്ത, എ.പി.എൽ. കാർഡുകൾക്കെല്ലാം 25 കിലോ അരി കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു. അതും എട്ടു രൂപ തൊണ്ണൂറ് പൈസയ്ക്കുതന്നെ. കേന്ദ്രം വെട്ടിക്കുറച്ച ഒരു സാഹചര്യമുണ്ട്. കേന്ദ്രത്തിന്റെ അരിസ്റ്റോക്ക് തീർന്നു. 155 ലക്ഷം ടൺ അരി ഉല്പാദിപ്പിക്കുന്ന പശ്ചിമ ബംഗാൾ പറഞ്ഞു നിങ്ങൾക്ക് ഒരുകിലോ അരിപോലും ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

തരില്ല ലെവി എടുക്കില്ല എന്ന്. അങ്ങനെ വന്നയൊരു സാഹചര്യത്തിൽ, സ്റ്റോക്ക് ഇല്ലാതെവന്ന അവസരത്തിൽ വെട്ടിക്കുറയ്ക്കേണ്ടതായി വന്നു. പക്ഷേ ഏത് സാഹചര്യത്തിലായാലും കേരളത്തിന് ബുദ്ധിമുട്ടുള്ള കാര്യമാണ്, അത് മാറ്റണമെന്ന് നമ്മൾ ഒന്നിച്ച് ആവശ്യപ്പെട്ടു. അത് മാറ്റാനുള്ള തീരുമാനമെടുത്തിരിക്കുന്നു എന്ന് അറിയുന്നതിൽ വളരെയധികം സന്തോഷമുണ്ട്. ഇവിടെ കേന്ദ്രത്തെ നിങ്ങൾ എപ്പോഴും കുറ്റം പറയും. കേന്ദ്രമാണ് എല്ലാ കുഴപ്പങ്ങൾക്കും കാരണമെന്നാണ് പറയുന്നത്. കഴിഞ്ഞ ദിവസം 50,000-ൽ പ്പരം കോടി രൂപയുടെ കേന്ദ്ര പദ്ധതികളുണ്ടെന്ന് പറഞ്ഞപ്പോൾ ധനകാര്യ വകുപ്പുമന്ത്രി അതിന്റെ ലിസ്റ്റ് വേണമെന്നു പറഞ്ഞു. ഞാൻ അത് കൊടുത്തു. അദ്ദേഹം അത് പരിശോധിച്ചുകാണുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. കേന്ദ്രത്തിന്റെ ഈ വർഷത്തെ ബഡ്ജറ്റിൽ 2166.44 കോടി രൂപ വച്ചിരിക്കുന്നു. കേന്ദ്ര പദ്ധതികൾക്കെല്ലാംകൂടി 49,831.98 കോടി രൂപ വച്ചിരിക്കുന്നു. ഇതൊന്നും ഒരു ഔദാര്യമാണെന്നോ സൗജന്യമാണെന്നോ ഞങ്ങളാരും പറയില്ല. കേന്ദ്രം സംസ്ഥാനത്തിന് ചോദിക്കുന്നതൊക്കെ തരുന്നു. അതൊന്ന് കിട്ടുന്നുണ്ടെന്നുള്ള കാര്യം പറയുക. ഇങ്ങനെയൊന്ന് കിട്ടുന്നുണ്ടെന്ന് പറയുക. അല്ലാതെ കേന്ദ്രം തരുന്നത് മുഴുവൻ നിങ്ങളുടെ തറവാട്ട് സ്വത്താണോയെന്ന് ചോദിച്ചാൽ നമ്മുടെ എല്ലാവരുടേതുംകൂടിയാണ്, നമുക്കെല്ലാംകൂടി അവകാശപ്പെട്ടതാണ്; സന്തോഷമേയുള്ളു. പക്ഷേ ഇങ്ങനെ കിട്ടുന്ന കാര്യമൊന്ന് പറയേണ്ടേ ? ഇങ്ങനെ കിട്ടുന്ന തുക ചെലവഴിക്കേണ്ടേ ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, കേന്ദ്ര ഗവൺമെന്റ് 2009-2010-ൽ 22 കേന്ദ്ര പദ്ധതികൾ അനുവദിച്ചു. അതിൽ 934 കോടി രൂപ ചെലവഴിച്ചിട്ടില്ല. എന്റെ കയ്യിൽ ലിസ്റ്റുണ്ട്, ഓരോ പ്രോജക്ടിനും കിട്ടിയ തുക. പക്ഷേ 934 കോടി രൂപ ചെലവഴിച്ചിട്ടില്ല. ലോകബാങ്കിൽ നിന്നും നമ്മൾ എടുത്ത തുകയിൽ 2009-10-ൽ 137.49 കോടി രൂപ ചെലവാക്കിയിട്ടില്ല. എ.ഡി.ബി. വായ്പയിൽ 193.92 കോടി രൂപ ചെലവഴിച്ചിട്ടില്ല. കേന്ദ്രത്തിനെതിരെ സമരം ചെയ്യുന്നവർ, കേന്ദ്രം തരുന്ന സഹായം പുറത്ത് പറയാൻ മടിക്കുന്നവർ ഈ തുക സംസ്ഥാനത്തിനുവേണ്ടി വിനിയോഗിക്കേണ്ടേ ? വിനിയോഗിക്കുന്നില്ല. അതിനു പുറമേ ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയിൽ കേരളത്തിന്റെ സ്ഥാനം പറയാൻ പോയാൽ നാണക്കേടാണ്. കൊടുക്കുന്ന തൊഴിലുകളുടെ എണ്ണംവച്ച് നോക്കുമ്പോൾ കേരളത്തിന്റെ സ്ഥാനം 23-ാമതാണ്. അസറ്റ് ക്രിയേഷന്റെ കാര്യം നോക്കുമ്പോൾ 30-ാമത്തെ സ്ഥാനം. ഞാൻ ആദ്യം സ്തംഭിച്ചുപോയി. കാരണം, ഇത്രയും സംസ്ഥാനങ്ങളില്ലല്ലോ? അപ്പോൾ ചണ്ഡിഗഢും ലക്ഷദ്വീപും ഡാമൻ-ഡ്യുവും എല്ലാംകൂടി ചേർത്ത് 34 സ്ഥലങ്ങളുണ്ട്. അതിൽ 30-ാമത്തെ സ്ഥാനമാണ് നമുക്ക് വന്നിരിക്കുന്നത്. കഴിഞ്ഞ ദിവസം ഞാൻ ഈ കാര്യം ധനകാര്യ വകുപ്പുമന്ത്രിയോട് പറഞ്ഞിരുന്നു, കേരളത്തിൽ എന്താണ് അസറ്റ് ക്രിയേഷൻ ? ബാക്കിയുള്ള സംസ്ഥാനങ്ങൾ എങ്ങനെയാണ് സ്വരൂപിക്കുന്നത് ? തൊഴിലുറപ്പ് പദ്ധതി കേവലം കുറേപ്പേർക്ക് തൊഴിൽ കൊടുക്കുക മാത്രമല്ല, തൊഴിൽ കൊടുക്കണം. ....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് കേന്ദ്രത്തിന്റെ അവലോകന റിപ്പോർട്ട് വന്നിട്ടുണ്ട്. സൈറ്റിൽ കിട്ടും. അതിനകത്ത് പറയുന്നത് മറ്റ് സംസ്ഥാനങ്ങളിൽ വ്യാജ മസ്റ്റർ റോൾ, കരാറുകാരെ പ്രവൃത്തി ഏൽപ്പിക്കൽ തുടങ്ങിയ നടപടികളിലൂടെ കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് ഈ പണം ചെലവഴിക്കുന്നതിൽ എന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിസ്മരിക്കുകയാണോ ?

ശ്രീ. ഉമ്മൻ ചാണ്ടി : ശ്രീ. പി. ജയരാജൻ, അതേ വെബ്സൈറ്റിൽ നിന്നെടുത്ത വിവരങ്ങളാണ് എന്റേയും കയ്യിലുള്ളത്. ഞാൻ ഒന്നും തെറ്റായി പറയുന്നില്ല. എംപ്ലോയ്മെന്റിന്റെ കാര്യത്തിൽ 23-ാമത്തെ സ്ഥാനം. അസെറ്റ് ക്രിയേഷനിൽ 30-ാമത്തെ സ്ഥാനം. ശ്രീ. പി. ജയരാജൻ പറഞ്ഞത് വാദത്തിനുവേണ്ടി അംഗീകരിച്ചാൽപ്പോലും, തൊഴിൽ കൊടുക്കുന്നതിൽ കൃത്രിമം കാട്ടാം. പക്ഷേ അസറ്റ് ക്രിയേഷനിൽ കൃത്രിമം കാണിക്കാൻ പറ്റുമോ? അവിടെ വേണ്ടേ? അത് ഇൻസ്പെക്ഷൻ വിംഗ് പോയി നോക്കില്ലേ ? നമ്മൾ എവിടേക്ക് പോകുന്നു ? കേന്ദ്രത്തെ കുറ്റം പറഞ്ഞതുകൊണ്ടുമാത്രം നാട് നന്നാകുമോ ? കേന്ദ്രത്തിനെതിരെ സമരം ചെയ്തതുകൊണ്ട് മാത്രം നാട് പുരോഗമിക്കുമെന്ന് നിങ്ങളാരും ധരിക്കരുത്. കേന്ദ്രത്തിൽനിന്ന് കിട്ടേണ്ടത് കിട്ടണം. അതിനുവേണ്ടി നമുക്ക് കൂട്ടായി ശ്രമിക്കാം. ഇപ്പോൾ അരിവിഹിതം കിട്ടിയല്ലോ ? കേന്ദ്രത്തിന്റെ നില മെച്ചപ്പെട്ടപ്പോൾ അവർ ഏറ്റവും ഔദാര്യപരമായ നിലപാട് സ്വീകരിച്ചല്ലോ ? അതിനുവേണ്ടി ശ്രമിക്കുന്നതിനുപകരം കേന്ദ്ര ഫണ്ട് വിനിയോഗിക്കാതെ കേന്ദ്രത്തെ കുറ്റപ്പെടുത്തി കണ്ണിൽ പൊടിയിട്ട് രക്ഷപ്പെടാൻ ശ്രമിക്കുന്നത് ഏറ്റവും ബുദ്ധിമുട്ടേറിയ കാര്യമാണ്. എനിക്ക് രണ്ടുമൂന്നു കാര്യങ്ങൾക്കൂടി പറയാനുണ്ട്. കെ.എസ്.ടി.പി. യുടെ പ്രശ്നം കഴിഞ്ഞ ദിവസം വന്നപ്പോൾ ഒരു അന്വേഷണം നടത്തിക്കൂടേ എന്ന് ഞാൻ ചോദിച്ചപ്പോൾ ഡോ. തോമസ് ഐസക് അന്വേഷണം വേണ്ട എന്നു പറഞ്ഞു. അങ്ങുതന്നെ സമ്മതിച്ചിരിക്കുന്നു, Finance Minister Thomas Issac has blamed his former colleague P.J. Joseph for the K.S.T.P. bungle, which caused the State Exchequer Rs.120 Crs. Issac said that it was Joseph's unilateral move to grant extension to Pati-Bel, which puts the State Government at a disadvantage. അങ്ങ് സമ്മതിച്ചു, കെ.എസ്.ടി.പി.-യുടെ പദ്ധതിയിൽ 120 കോടി രൂപയുടെ നഷ്ടം വന്നിരിക്കുന്നു. അതിന് ഉത്തരവാദി ശ്രീ. പി. ജെ. ജോസഫാണെന്നു പറഞ്ഞ് അങ്ങ് ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. പക്ഷേ ഞാൻ പറഞ്ഞു, ശ്രീ. പി.ജെ. ജോസഫ് അല്ല, ആ എക്സ്റ്റൻഷൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊടുത്തതാണ്. ഞാൻ അത് own ചെയ്യുന്നു. ആ പദ്ധതി ഒരു രൂപപോലും അധികച്ചെലവ് വരാതെ പണി തീർക്കാൻ സാധിക്കുമെന്ന ഉത്തമ വിശ്വാസത്തോടെ യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്ത എക്സ്റ്റെൻഷനാണ്. ശ്രീ. പി. ജെ. ജോസഫിന്റെ കാലത്ത് കൊടുത്തതൊന്നുമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : കെ.എസ്.ടി.പി. പദ്ധതി സംബന്ധിച്ച് എസ്റ്റിമേറ്റ് കമ്മിറ്റി വിശദമായി പരിശോധിച്ചിട്ട് അതിന്റെ റിപ്പോർട്ട് ഇന്ന് സഭയിൽ വച്ചു. പത്രസമ്മേളനവും നടത്തി. 1600 കോടി രൂപയുടെ ചെലവ് പ്രതീക്ഷിച്ചിട്ടുള്ള കെ.എസ്.ടി.പി. പദ്ധതിക്ക് 2300 കോടി രൂപ വേണ്ടിവരുന്ന തരത്തിൽ സംസ്ഥാനത്തിന് അധിക ബാധ്യത വരുത്തുന്ന നിലയിൽ എത്തി. ലോകബാങ്കിന്റെ സഹായം കൂടാതെ സംസ്ഥാനത്തിന്റെ വിഹിതം 358 കോടി രൂപയാണ്. അതിന്റെ മേൽ 700-ഓളം കോടി രൂപയുടെ അധിക ബാധ്യതയുണ്ടാക്കിയത് യു.ഡി.എഫി-ന്റെ ഭരണകാലത്തല്ലേ ?

ശ്രീ. ഉമ്മൻ ചാണ്ടി : അതുകൊണ്ടാണ് ഞാൻ പറയുന്നത്, നമുക്കൊരു അന്വേഷണം നടത്താം. ഡോ. തോമസ് ഐസക് 120 കോടി രൂപയുടെ കാര്യമേ പറഞ്ഞുള്ളൂ. അങ്ങ് ഇപ്പോൾ അതിനേക്കാൾ കൂടിയ തുകയാണ് പറഞ്ഞത്. ഇന്നത്തെ റിപ്പോർട്ട് ഞാൻ കണ്ടില്ല. അങ്ങനെയാണെങ്കിൽ ഒന്ന് അന്വേഷിക്കട്ടെ. സംസ്ഥാനത്തിന് ഇത്രയും വലിയ നഷ്ടം വരുത്തിയത് ആരെന്ന് പറയട്ടെ. അത് അറിയണ്ടേ ? കാരണം, ഒരു രൂപപോലും അധിക ചെലവ് വരാത്ത വിധത്തിൽ എക്സ്റ്റെൻഷൻ കൊടുത്ത് 18 കോടി രൂപ അവരുടെ അരിയേഴ്സ് കൊടുത്താൽ മതിയായിരുന്നു. അതുപോലെതന്നെ യല്ലേ തലസ്ഥാന നഗരവികസന പദ്ധതിയുടെ കാര്യത്തിലും വന്നത്? അതും ക്യാൻസൽ ചെയ്തു. റീ-ടെണ്ടർ ചെയ്തു. പക്ഷേ ഉദ്ദേശിക്കുന്നിടത്തൊന്നും നിൽക്കു ന്നില്ലെന്ന് കണ്ടപ്പോൾ രണ്ടാമത് അതേ കമ്പനിക്കുതന്നെ കൊടുത്ത് 80 കോടി രൂപയുടെ അധിക ബാധ്യത വരുത്തി. ഇതുരണ്ടുംകൂടി 205 കോടി രൂപയുടെ അധിക ബാധ്യതയാണ്. അതുകൊണ്ട് തലസ്ഥാന നഗര വികസന പദ്ധതിയുടെയും കെ.എസ്.ടി.പി.യുടെയും കാര്യത്തിൽ ഒരന്വേഷണം നടക്കട്ടെ. അതിനെന്താണ് തർക്കം? അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഡോ.തോമസ് ഐസക് ആ തീരുമാനത്തിൽനിന്നും മാറണം. ജനങ്ങൾ അറിയട്ടെ എന്താണ് നടന്നതെന്ന്, എവിടെയാണ് നഷ്ടം വന്നിരിക്കുന്നതെന്ന്. നാളെ വരാതെയെങ്കിലും ഇരിക്കുമല്ലോ? അതുകൊണ്ട് അതിന് തയ്യാറാകണ മെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നലെ പി.എസ്.സി.-യുടെ പ്രശ്നം വന്നപ്പോൾ എല്ലാം ഭദ്രമാണെന്ന നിലയിലാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. 6035 സൂപ്പർന്യൂമററി പോസ്റ്റുകൾ ക്രിയേറ്റുചെയ്തുവെന്നാണ് ഞങ്ങൾക്ക് അസംബ്ലിയിൽ തന്ന മറുപടി. പക്ഷേ അന്വേഷിക്കുമ്പോൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് 3321 വേക്കൻസി. പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചത് 2468 പേർക്കാണ്. ഈ 2468 പേരിൽ 2010 മാർച്ച് 31-ന് മുമ്പ് എത്ര പേർക്ക് അപ്പോയിന്റ്മെന്റ് ഓർഡർ കിട്ടിയെന്നു ള്ളത് ആർക്കും അറിയില്ല. ധനകാര്യ വകുപ്പുമന്ത്രി അത് പരിശോധിച്ച് പറ യാമെന്ന് പറഞ്ഞു. എന്തിനാണ് തൊഴിൽ കിട്ടാതെ അലഞ്ഞുതിരിയുന്ന ചെറുപ്പക്കാരെ ഇത്രയധികം ദ്രോഹിക്കുന്നത് ? 25,000 പേരിൽ 8,000 പേർ അദ്ധ്യാപകരാണെന്നു വച്ചാൽതന്നെ 17,000 പേർക്ക് ജോലി കിട്ടേണ്ട സ്ഥാനത്ത് ....

ശ്രീ. സി. കെ. പി. പത്മനാഭൻ : നിയമന നിരോധനം നടപ്പാക്കിയ വരല്ലേ നിങ്ങൾ ? ഇപ്പോൾ നിങ്ങളുടെ താൽപ്പര്യം നല്ലത്. പക്ഷേ നിയമന നിരോധനം നടപ്പാക്കിയത് നിങ്ങളാണെന്ന കാര്യം കൂടി നിങ്ങൾ പറയണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ട്രഷറി പൂട്ടുന്ന വിധത്തിൽ ധനകാര്യ സ്ഥിതി മോശമാക്കിയിട്ട് നിങ്ങൾ ഇറങ്ങിപ്പോകുമ്പോൾ അത് ഓർക്കണമായിരുന്നു. അപ്പോൾ ജോലി ചെയ്യുന്നവർക്ക് ശമ്പളം കൊടുക്കാൻവേണ്ടി 6 മാസക്കാലം ഞങ്ങൾ നോക്കി. അതുകഴിഞ്ഞ് അതെല്ലാം മാറ്റി. ഒരു പോസ്റ്റും വേക്കന്റായി ഇട്ടില്ല. അതൊക്കെ ചെയ്തു. ഇന്നിപ്പോൾ ഇതൊന്നുമില്ലാതെതന്നെ സാമ്പത്തികസ്ഥിതി മെച്ചമാണല്ലോ. ഒരു പ്രശ്നവുമില്ലല്ലോ. എന്നിട്ട് എന്തിനാണ് തൊഴിലില്ലാത്ത ചെറുപ്പക്കാരെ വട്ടംകറക്കുന്ന വിധത്തിലുള്ള തീരുമാനം ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയ്ക്ക് ഉറപ്പ് നൽകിയതാണ് ഇതുകൊണ്ട് ഒരു ബുദ്ധിമുട്ടും വരില്ല, ഒരൊറ്റ പോസ്റ്റുപോലും ഒഴിഞ്ഞുകിടക്കില്ല, ഞങ്ങൾ അതിനൊക്കെ സൂപ്പർന്യൂമററി പോസ്റ്റുകൾ സൃഷ്ടിക്കും എന്ന്. ഇപ്പോൾ ഗവൺമെന്റ് തന്ന കണക്കുതന്നെ 6035. പി.എസ്.സി.ക്ക് സൂപ്പർന്യൂമററി തസ്തിക സംബന്ധിച്ച് കൊടുത്തിരിക്കുന്ന വിവരങ്ങൾ 3321. അവർ അതിൽ അഡ്വൈസ് മെമ്മോ അയച്ചത് 2468. ഇനി എത്ര പേർക്ക് മാർച്ച് 31-ന് മുമ്പ് പോസ്റ്റിംഗ് കിട്ടിയെന്നുനോക്കുമ്പോഴായിരിക്കും ഇതിന്റെ ശരിയായ വിവരം അറിയാൻ പോകുന്നത്. ഇവിടെ ശ്രീ. വി. ഡി. സതീശൻ ലോട്ടറിയുടെ കാര്യം സംബന്ധിച്ച് ആരോപണമുന്നയിക്കുകയുണ്ടായി. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കാനുള്ളത് നിങ്ങൾ സഭയിൽ പ്രഖ്യാപിച്ചതിനുശേഷമാണ് ഇതുസംബന്ധിച്ച് വിശദമായ അന്വേഷണത്തിനുവേണ്ടി സിബി മാത്യുവിനെ നിയോഗിച്ചത്. സിബി മാത്യുവിന്റെ റിപ്പോർട്ട് 2006 ഒക്ടോബർ മാസം 16-ാം തീയതി കിട്ടി. ഇപ്പോൾ മൂന്നരക്കൊല്ലമായി. ആ റിപ്പോർട്ടിലെ ശുപാർശയിന്മേൽ, നിങ്ങളെന്ത് ചെയ്തു ? നിങ്ങൾക്ക് അതുസംബന്ധിച്ച് കേരളത്തിലെ ജനങ്ങളോട് പറയാൻ ബാദ്ധ്യതയുണ്ട്. സഭയിൽ പ്രഖ്യാപിച്ചതനുസരിച്ച് ഒരു എൻക്വയറിക്ക് ആളെവച്ച് സിബി മാത്യു അന്വേഷിച്ച റിപ്പോർട്ടാണിത്. ആ റിപ്പോർട്ടിനകത്ത് രണ്ട് ശുപാർശകളാണ് ഉണ്ടായിരുന്നത്. ഒന്ന്, ഈ ലോട്ടറി നിരോധിക്കണം. രണ്ട്, ഒരു കാരണവശാലും ഇവരുടെ ടാക്സ് സ്വീകരിക്കാൻ പാടില്ല. ഈ രണ്ട് ശുപാർശകൾ നിങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ; അതോ നിങ്ങൾ തള്ളിയിട്ടുണ്ടോ ? നിങ്ങൾ സ്വീകരിച്ചിട്ടുമില്ല, തള്ളിയിട്ടുമില്ല. അപ്പോൾ ഇങ്ങനെയൊരു റിപ്പോർട്ട് വച്ചുകൊണ്ട് നിയമവിരുദ്ധമായ പ്രവർത്തനത്തിന് നിന്നുവെന്നാണ് ഇവിടെ വന്നിരിക്കുന്നത്. നമ്മളൊക്കെ ഇതുവരെ ധരിച്ചിരുന്നത് മദ്യമാഫിയയാണ് നമ്മുടെ നാട്ടിൽ ഏറ്റവുമധികം സാധാരണക്കാരെ ദ്രോഹിക്കുന്നതെന്നുള്ളതാണ്. ഇന്നിപ്പോൾ സിബി മാത്യുവിന്റെ റിപ്പോർട്ടുതന്നെ, ഇവിടെ ഒരു ദിവസം 22.5 കോടി രൂപയുടെ ടിക്കറ്റ് വിൽക്കുന്നുവെന്നാണ്. 2006-ലെ സ്ഥിതിയാണ്. ഇന്നിപ്പോൾ അത് 40 കോടി രൂപയായതിന്റെ കണക്കാണ് ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞത്. ഒരു വർഷം 14,000 കോടി രൂപ ഈ നാട്ടിലെ പാവപ്പെട്ടവരുടെ കയ്യിൽനിന്ന് അടിച്ചുമാറ്റുന്ന ഒരു മാഫിയയെ നിലയ്ക്കുനിർത്താൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ എന്താണ് നമുക്ക് പറയാൻ സാധിക്കുക? മദ്യമാഫിയക്കാർ ഇവിടെ അതിശക്തമായി പ്രവർത്തിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനമുണ്ട്. ഇതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തണം. നിയമസഭാ സമിതിയാകട്ടെ, അല്ലെങ്കിൽ ജുഡീഷ്യൽ അന്വേഷണം ആകട്ടെ, സത്യം അറിയട്ടെ. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങേക്കറിയാമല്ലോ, അങ്ങ് ഇവിടെ ഉണ്ടായിരുന്നല്ലോ. ലോട്ടറിയുടെ കാര്യത്തിൽ 5000 കോടി രൂപയുടെ നികുതി കിട്ടിയിട്ടില്ലെന്ന് പറഞ്ഞ് എന്തെല്ലാം ബഹളമുണ്ടാക്കി. നാല് കൊല്ലം കഴിഞ്ഞിട്ട് ഒരു രൂപ നിങ്ങൾക്ക് പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് ചോദിക്കുകയാണ്. എന്നിട്ട് പകരം ഇപ്പോൾ അവർക്ക് എല്ലാവിധ ഒത്താശകളും ചെയ്തുകൊടുക്കുന്ന സാഹചര്യമാണ് ഇന്നിവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. തീവ്രവാദത്തെക്കുറിച്ചുള്ള ചർച്ചയാണ് സജീവമായി വന്നത്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ നമുക്കറിയാം. പോലീസ് കൊടുത്ത ഒരു രഹസ്യ റിപ്പോർട്ടിന്റെ ഭാഗങ്ങളാണ് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ വച്ച് പറഞ്ഞത്. അതിൽ പോലീസിന്റെ രഹസ്യവിവരത്തിൽനിന്ന് കിട്ടിയിട്ടുണ്ട് എന്നാണ് പറഞ്ഞത്. അതീവ ഗുരുതരമായൊരു തെറ്റല്ലേ ? പോലീസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിക്കോ ഇടയ്ക്കിടയ്ക്ക് റിപ്പോർട്ട് കൊടുക്കും. ആ റിപ്പോർട്ട് പത്രക്കാരെ വിളിച്ച് അവർക്ക് കൊടുക്കാനുള്ളതാണോ ? അങ്ങനെയുള്ള ഒരു റിപ്പോർട്ട് കൊടുത്തു. എന്താണ് സംഭവം ? ജനാധിപത്യത്തിന് ഭീഷണി വരുത്തുന്ന വിധത്തിലുള്ള അതിരൂക്ഷമായിട്ടുള്ള വിമർശനങ്ങളും അത് പുറത്തറിഞ്ഞാൽ സമൂഹത്തിൽ വളരെയധികം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമാണെന്ന് ഗവൺമെന്റ് ധരിച്ചിട്ട് ആ പുസ്തകങ്ങളെല്ലാം കണ്ടുകെട്ടാൻ തീരുമാനിച്ചു. ആ പുസ്തകങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി അത് എത്തിച്ചേരാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിലെല്ലാം പോലീസ് റെയ്ഡ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് പൊതുജനങ്ങൾ അറിയരുത്, കൂടുതൽ പേരിൽ പ്രചരിപ്പിക്കാൻ ഇടവരരുത്, അതുകൊണ്ട് ഈ പുസ്തകങ്ങളെല്ലാം കണ്ടുകെട്ടണമെന്ന് പോലീസ് തീരുമാനിച്ച സമയത്താണ് ആ പുസ്തകത്തിലെ വാദങ്ങൾ, ഏറ്റവും പ്രതിഷേധാർഹമായിട്ടുള്ള കാര്യങ്ങൾ പത്രസമ്മേളനത്തിൽ പറയുന്നത്. അതുപോരാതെ നിയമസഭയിൽ അതിലെ ഭാഗങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് ഇങ്ങനെയൊരു സമീപനം ഉണ്ടാകുന്നത് ശരിയാണോ ? ഞങ്ങളാരും തീവ്രവാദത്തിന് ഒരുവിധത്തിലും കൂട്ടുനിൽക്കില്ലെന്ന് മാത്രമല്ല അതിനെതിരെയുള്ള ശക്തമായ നടപടികളോടൊപ്പം നിൽക്കും. നിങ്ങൾ ഇപ്പോൾ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിനെ കുറ്റപ്പെടുത്തുന്നു. ബാബറി മസ്ജിദ് തകർന്നു വീണപ്പോൾ ഇവിടെ സമുദായസൗഹാർദ്ദം നിലനിർത്തുന്നതിനുവേണ്ടി ശ്രീ. പാണക്കാട് തങ്ങളും മുസ്ലിംലീഗും വഹിച്ച പങ്ക് ആർക്കെങ്കിലും മറക്കാൻ പറ്റുമോ ? അന്ന് മുസ്ലിംലീഗ് സ്വീകരിച്ച നിലപാട് പോര. അവർ കുറേക്കൂടി ശക്തമായ നിലപാട് എടുക്കണമായിരുന്നു എന്ന് പറഞ്ഞ് ആ പാർട്ടിയെ പിളർത്തി പോയവരെ സ്വീകരിച്ചത് നിങ്ങളാണ് എന്ന കാര്യം മറക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ഇനി വഴങ്ങണ്ട. പ്ലീസ്.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇ.എം.എസ്. നമ്പൂതിരിപ്പാടുതന്നെ സുലൈമാൻ സേഠിനെക്കുറിച്ച് പറഞ്ഞതെന്താണെന്ന് കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ...യെസ്.... യെസ്....പ്ലീസ്..അങ്ങേക്ക് പത്തുമിനിട്ടാണ് സമയമുള്ളത്. 22 മിനിട്ട് കഴിഞ്ഞു.

ശ്രീ. പി. ജയരാജൻ: സർ, താങ്കളുടെ വലതുഭാഗത്ത് ഇരിക്കുന്ന മുസ്ലിംലീഗിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിക്ക് കരിപ്പൂർ വിമാനത്താവളത്തിൽ സ്വീകരണമേർപ്പെടുത്തുന്നതിനിടയിൽ ദേശീയ പതാക വലിച്ചെറിഞ്ഞതല്ലോ. അത് എൻ.ഡി.എഫ്.-ന്റെ പ്രവർത്തകരാണെന്ന് ആ കേസ്സിലെ പ്രതിപ്പട്ടിക നോക്കിയാൽ മനസ്സിലാക്കാൻ പറ്റും. വിമൻസ് ഫ്രണ്ട് എന്നു പറയുന്ന പോപ്പുലർ ഫ്രണ്ടിന്റെ വനിതാസംഘടന മലപ്പുറത്ത് സമ്മേളനം നടത്തിയപ്പോൾ ഖമറുന്നീസ അൻവർ എന്നുപറയുന്ന മുസ്ലിം വനിതാലീഗിന്റെ നേതാവാണ് സ്വീകരിക്കാൻ പോയത്. .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, തെറ്റായൊരു പ്രചരണം നൂറുവട്ടം ആവർത്തിച്ചാൽ ശ്രീ. ജയരാജൻ, കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുകയില്ല. അത് ലോകം മുഴുവൻ കണ്ട കാര്യങ്ങളാണ്. വിഷ്വൽ മീഡിയ അവിടെയുണ്ടായിരുന്നു. എല്ലാം കണ്ടതാണ്. അതൊന്നും പറഞ്ഞ് തെറ്റിദ്ധരിപ്പിക്കണ്ട. ഏതായാലും നിങ്ങളുടെ കയ്യിൽനിന്ന് കോൺഗ്രസ്സിനോ മുസ്ലിംലീഗിനോ യു.ഡി.എഫ്.-നോ തീവ്രവാദത്തിനെതിരായിട്ടുള്ള ഒരു സർട്ടിഫിക്കറ്റ് വേണ്ട. ഞങ്ങൾ ഇക്കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും. തെരഞ്ഞെടുപ്പ് കാലത്ത് വോട്ടിനുവേണ്ടി നയം മാറുന്നതു പോലെ, അടവുനയം ഞങ്ങൾ സ്വീകരിക്കുകയുമില്ലെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഞാൻ അവസാനിപ്പിക്കുന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി ഇവിടെ സംസാരിച്ചപ്പോൾ അവർക്ക് തോൽക്കാൻ മനസ്സില്ല എന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ ആ പറച്ചിൽ കേട്ടപ്പോൾ എനിക്ക് തോന്നി കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവർ സ്വയം തോറ്റു തന്നതാണെന്ന്. യു.ഡി.എഫ്.-ന്, കോൺഗ്രസ്സിന് ഒരു സീറ്റും കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കിട്ടിയിട്ടില്ല. ഈ പ്രാവശ്യവും അവരെ തോൽപ്പിക്കുന്നത് ശരിയല്ല. അതുകൊണ്ട് അങ്ങ് തോറ്റേക്കാം, അതാണ് എനിക്ക് ആ പറച്ചിൽ കേട്ടപ്പോൾ തോന്നിയത്. ജനാധിപത്യത്തിൽ ആരെ ജയിപ്പിക്കണം, ആരെ തോൽപ്പിക്കണമെന്നുള്ളത് ജനങ്ങൾക്ക് അറിയാം. ജനങ്ങളാണ് അതുസംബന്ധിച്ച് തീരുമാനിക്കേണ്ടത്. അതുകൊണ്ട് തോൽക്കാൻ മനസ്സില്ലെന്നുള്ള ആ പ്രസ്താവന കേരളത്തിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്. അവരുടെ അവകാശത്തിൻമേലുള്ള കടന്നുകയറ്റമാണ് എന്നുകൂടി പറയാൻ ആഗ്രഹിക്കുന്നു. ഞാൻ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ശ്രീ വി. ഡി. സതീശൻ ലോട്ടറി സംബന്ധിച്ച് ആരോപണം ഉന്നയിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് ആവർത്തിച്ചിരിക്കുകയാണ്. അതുകൊണ്ട് എന്റെ മറുപടി പ്രസംഗത്തിന്റെ ആദ്യം തന്നെ അത് കൈകാര്യം ചെയ്യാമെന്ന് വിചാരിക്കുകയാണ്. കാരണം ശ്രീ. പ്രതാപൻ പണ്ട് ഏവിയേഷൻ ഫ്യൂവലിനെക്കുറിച്ച് ഇവിടെ പ്രസ്താവിച്ച് തീരുന്നതിനുമുൻപുതന്നെ ടി.വി.യിൽ വാർത്തവന്നുകൊണ്ടിരുന്നു. ഇതിന്റെയും അല്പായുസ്സ് അരമണിക്കൂറെങ്കിൽ അരമണിക്കൂർ കുറഞ്ഞിരിക്കട്ടെ. പക്ഷേ ഒരു അഭ്യർത്ഥനയുണ്ട്. ശ്രീ. സതീശൻ പറഞ്ഞപ്പോൾ എല്ലാം മിണ്ടാതെ ഞാൻ കേട്ടിരുന്നല്ലോ. ഇത് സംബന്ധിച്ച് എന്റെ അവതരണം കഴിഞ്ഞിട്ട് തർക്കമെന്തെങ്കിലും ഉണ്ടെങ്കിൽ ഉന്നയിക്കാം. എന്റെ വാദത്തെ മുടക്കരുത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോട്ടറി മാഫിയയെ നിലയ്ക്ക് നിർത്തുന്നതിനുവേണ്ടി, അവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി തെളിവ് ശേഖരിക്കുന്നതിന് ശ്രീ. സിബി മാത്യുവിനെ നിയോഗിച്ചു. ഇവിടെ നിങ്ങൾ പറഞ്ഞതുപോലെയുള്ള റിപ്പോർട്ട് സിബി മാത്യു സർക്കാരിന് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചു. ഈ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം പുതിയ ലോട്ടറിക്ക് രജിസ്ട്രേഷൻ ടാക്സ് മേടിച്ച പാലക്കാട്ടെ എ.സി.-യെ സസ്പെന്റ് ചെയ്തു. ലോട്ടറി നടത്തിപ്പുകാരുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിന് സിബി മാത്യു റിപ്പോർട്ട് വച്ചുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് കൊടുത്തു. ഈ ലോട്ടറി സംഘം ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി സിംഗിൾ ബഞ്ച് ഇവർക്കെതിരായി വിധിക്കുന്നു, സർക്കാർ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനെടുത്ത തീരുമാനം ശരിവച്ചു. ഈ ജയിച്ച കേസ് നടത്തിയത് നേരത്തെ ശ്രീ. വി.ഡി. സതീശൻ പറഞ്ഞ അശോകൻ എന്നു പറഞ്ഞ വക്കീലാണ്. എങ്കിലും അയാളെക്കുറിച്ച് വിമർശനം അക്കാലത്തുയർന്നുവന്നപ്പോൾ അയാളെ ആ കേസ്സിൽ നിന്നുമാറ്റി. ഏതായാലും അന്ന് ജയിച്ച ആ കേസ്, ഏറ്റവും പ്രധാനപ്പെട്ട വിജയം അതാണ്. ആ കേസ് നടത്തിയത് അദ്ദേഹമാണ്. ആളുകളെക്കുറിച്ച് പറയുമ്പോൾ നമ്മൾ അതിന്റെ മാന്യത പുലർത്തണമല്ലോ. ലോട്ടറി സംഘം ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ അപ്പീൽ പോയി. രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലെന്ന് പറഞ്ഞു. വാദിക്കാൻ വന്നത് നളിനി ചിദംബരമാണ്. നമ്മളും ഡൽഹിയിൽനിന്ന് വക്കീലിനെക്കൊണ്ടുവന്ന് വാദിപ്പിച്ചു. അവിടത്തെ വാദത്തിന്റെ ഗതി തിരിച്ചുവിട്ടതാരാണെന്ന് അറിയാമോ? അപ്പോൾ ആ കേസ്സിന്റെ ഗതി തിരിച്ചത് കേന്ദ്ര സോളിസിറ്റർ ജനറൽ ഗോപാൽ സുബ്രഹ്മണ്യമാണ്. ഗോപാൽ സുബ്രഹ്മണ്യം കേസ്സിൽ ഹാജരായിട്ട് പറഞ്ഞു സംസ്ഥാന സർക്കാരിന് ലോട്ടറി നിരോധിക്കാൻ അധികാരമില്ല. നിങ്ങൾക്ക്, what you cannot do directly, you are trying to do indirectly. നിങ്ങൾ നിങ്ങളുടെ ലോട്ടറീസ് നിയമം പ്രത്യേകമുണ്ടായിട്ട് അതുവഴി നിങ്ങൾക്ക് അധികാരമില്ലാത്ത ഒരു കാര്യം രജിസ്ട്രേഷൻ കൊടുക്കാതിരിക്കുക ; അത് ചെയ്യാൻ ശ്രമിക്കുകയാണ്. അത് തെറ്റ്. ഹൈക്കോടതി ഡിവിഷൻ ബഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ, കേന്ദ്രത്തിന്റെ വാദത്തെ അംഗീകരിച്ചു. ഒരു കാര്യം കൂടി പറയാം. സിക്കിം ഗവൺമെന്റ് ഇതിൽ ഒരു പാർട്ടിയാണ്. ഒരു പ്രശ്നം വന്നത്, ഇവർ ഏജന്റുമാരാണോ? അതിന് തെളിവെന്ത്? തെളിവില്ല എന്നതിന് ഹാജരാക്കുന്ന പ്രമാണമെന്താ? സിക്കിം ഗവൺമെന്റ് പറയുന്നതല്ല. അവിടത്തെ ഒരു എം.പി. ഇവിടത്തെ ഒരു എം.പിക്ക് കൊടുത്ത കത്താണ്. അവിടെ എന്താണ് ഉണ്ടായിരിക്കുന്നത്. സിക്കിം ഗവൺമെന്റ് കക്ഷി ചേരുകയാണ്. സിക്കിം ഗവൺമെന്റ് കക്ഷി ചേർന്നു എന്നുമാത്രമല്ല സിക്കിം ഗവൺമെന്റും ഭൂട്ടാൻ ഗവൺമെന്റും കേരള സർക്കാരിന് കത്ത് തരുന്നുണ്ട്. അത് പോരാഞ്ഞിട്ട് കേരള സർക്കാർ ഇങ്ങനെ ഒരു നിലപാട് സ്വീകരിക്കുന്നു എന്നുള്ളതുകൊണ്ട് സിക്കിമിന്റെ ലോട്ടറി സെക്രട്ടറി വരുന്നു, ഭൂട്ടാന്റെ സ്ഥാനപതി വരുന്നു. അപ്പോൾ നിങ്ങൾക്ക് കിട്ടിയ കത്തുപോലെയല്ല കാര്യങ്ങൾ. കോടതിയിലും അവർ കക്ഷി ചേർന്നു. കോടതിയും അംഗീകരിച്ചു. നമ്മൾ ഇതിനെതിരായിട്ട് രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാൻ ഞങ്ങൾക്കവകാശമുണ്ട് എന്നുപറഞ്ഞു സുപ്രീംകോടതിയിൽ നമ്മുടെ ഫയൽ പോയി. അവിടെ വാദം നടക്കുമ്പോൾ നമ്മൾ മനസ്സിലാക്കുന്നു കേന്ദ്ര സർക്കാർ ഇവിടെ കോടതിയിലെടുത്ത നിലപാട് മാറ്റണം. മാറ്റുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തുന്നു. കേന്ദ്രത്തിന് സിബി മാത്യുവിന്റെ റിപ്പോർട്ട് അയച്ചുകൊടുക്കുന്നു. ഞാൻ തന്നെ പോയി അവിടെ കേന്ദ്ര ആഭ്യന്തരമന്ത്രിയോട് വിശദമായി ഇക്കാര്യങ്ങൾ സംസാരിച്ചു. ഞാൻ ആ സമയത്ത് അദ്ദേഹത്തോട് മാത്രമല്ല ശ്രീ. എ. കെ. ആന്റണി അടക്കമുള്ളവരോട് ചെന്ന് ഇങ്ങനെ ഒരു പ്രശ്നമുണ്ട് കേന്ദ്ര സർക്കാർ ഇങ്ങനെ ഒരു നിലപാട് സ്വീകരിക്കുന്നത് ശരിയാവില്ല എന്ന് സംസാരിച്ചു. എന്നാൽ വാദം മുൻപോട്ടുപോകുമ്പോൾ കേൾക്കുന്നത് പെട്ടെന്ന് ഒരു കമ്മിറ്റി റിപ്പോർട്ട് പ്രത്യക്ഷപ്പെടുകയാണ്. ലോട്ടറി നിയമത്തെ കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ സെക്രട്ടറീസ് റിപ്പോർട്ട് ധൃതി പിടിച്ച് പുറത്തുവരികയാണ്. ആ കമ്മിറ്റി റിപ്പോർട്ടിൽ സംസ്ഥാനങ്ങൾക്ക് അധികാരമില്ല എന്ന നിലപാടാണ് സ്വീകരിച്ചത്. അതിനെ തുടർന്നാണ് നമ്മൾ ഒരുമിച്ച് പോയില്ലെങ്കിലും കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷികളുടെയും അഭിപ്രായം സംസ്ഥാനത്തിന് അധികാരം വേണം, സെക്ഷൻ-4 ന്റെ വയലേഷൻ നടത്തുന്നവരാണ് എന്നുപറഞ്ഞ് മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് കൊടുത്തു. എന്നാൽ അവിടെ കോടതിയിൽ എടുത്ത നിലപാട് ഇതിന് കടകവിരുദ്ധമാണ്. അതിന്റെ ഫലമായി ഞാൻ ആദ്യം ഇവിടത്തെ ഹൈക്കോടതിയിലെ വിധി വായിക്കാം പിന്നീട് സുപ്രീംകോടതിയിലെ വിധി വായിക്കാം. ഹൈക്കോടതിയിലെ വിധി ഇതായിരുന്നു. "In view of the above mentioned circumstances, we find no illegality in the finding of the learned Judge that Assistant Commissioner has no jurisdiction to issue P11 notice on the ground that petitioner has violated the provisions of Section 4 of Lotteries Act. എന്നുമാത്രമല്ല സിംഗിൾ ബെഞ്ച് ജഡ്ജ് പറഞ്ഞിട്ടുള്ള ഓരോ റിമാർക്കും അസ്ഥിരപ്പെടുത്തുകയും ചെയ്തു. സുപ്രീം കോടതി ഈ വാദങ്ങളെല്ലാം കേട്ട് അവർ പ്രസ്താവിച്ച വിധി ഇതാണ്. "Union of India is the authority to take

appropriate action regarding these type of draw of lotteries in violation of Section 4 of Lotteries Regulation Act, 1988." എന്നിട്ട് കോടതി കേന്ദ്ര സർക്കാരിനോട് പറഞ്ഞു, "The Union of India may examine the grievance raised in this respect." നമ്മൾ വീണ്ടും കേന്ദ്ര സർക്കാരിന്റെയടുത്ത് ചെല്ലുന്നു. കേന്ദ്ര സർക്കാരിന്റെ മറുപടി എന്താണ്? കേന്ദ്ര സർക്കാരിന്റെ മറുപടി ലോട്ടറീസ് റെഗുലേഷനുള്ള പുതിയ റൂൾസാണ്. ആ പുതിയ റൂളിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ആ പുതിയ റൂളിൽ, ശ്രീ. സതീശൻ ഇവിടെ അത് ഉദ്ധരിക്കുകയുണ്ടായി. കേരള സർക്കാർ കേന്ദ്രത്തിൽ ഈ ചട്ടം വന്നതിന്റെ ഒരുമാസം തികയുന്നതിന് മുൻപ് അയച്ച കത്ത് തുടങ്ങുന്നത് ഈ ഉദ്ധരണി വച്ചിട്ടാണ്. അറിയാത്ത ഉദ്ധരണിയല്ല. 'In the case of other State lotteries, the State Government shall ensure the lotteries conducted by other Organising States are not violating the Acts and Rules'. അതുകൊണ്ട് ഞങ്ങൾ ഈ പ്രയർ വയ്ക്കുന്നു. എന്തു പ്രയർ? ഇവർ ഈ പറഞ്ഞ പ്രശ്നം തന്നെയാണ്. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നിങ്ങളെന്തേ മുന്നക്കത്തിൽ സമ്മാനം കൊടുത്തുകൂടെന്ന് പറഞ്ഞല്ലോ? അത് ലോട്ടറി ചട്ടത്തിന് വിരുദ്ധമായതുകൊണ്ടാണ് ചെയ്യാത്തത്. അതുകൊണ്ട് വേറെ കാര്യങ്ങൾ ഒന്നും നോക്കേണ്ട. ഇവരുടെ പരസ്യങ്ങളുടേയും, ടിക്കറ്റുകകളുടേയും കോപ്പികളും വച്ച് കേന്ദ്ര സർക്കാരിന് കത്തുകൊടുത്തു. ഇവ ചട്ടത്തെ ലംഘിക്കുന്നതാണ്, അതുകൊണ്ട് നടപടി സ്വീകരിക്കണം. സിക്കിം സർക്കാരിനും കത്തയച്ചു. നിങ്ങൾ ചട്ടം ലംഘിച്ചാണ് ലോട്ടറി നടത്തിക്കൊണ്ടിരിക്കുന്നത്. കാരണം പുതിയ ലോട്ടറി ചട്ടം അനുശാസിക്കുന്നത് വയലേഷൻ കണ്ടാൽ കേന്ദ്രത്തെ അറിയിക്കണം, ബന്ധപ്പെട്ട ഓർഗനൈസിംഗ് സ്റ്റേറ്റിനെ അറിയിക്കണം. ഓർഗനൈസിംഗ് സ്റ്റേറ്റ് തെറ്റ് തിരുത്തുന്നില്ലെങ്കിൽ കേന്ദ്രം അത് പരിശോധിക്കും. പരിശോധിച്ചിട്ട്, 'The Central Government shall after giving reasonable opportunity to the Organising State of being heard, either in writing or in person, take the final decision whether action is required to be taken against the lottery scheme of the Organising State under Section 6 of the Act.' കേന്ദ്ര സർക്കാരാണ് ചെയ്യേണ്ടത്. സംസ്ഥാന സർക്കാരിന് അധികാരമില്ല എന്ന് പച്ചയായിട്ട് എഴുതിയിരിക്കുകയാണ്. അപ്പോൾ ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നമെന്താണ്? ഇവിടെ അന്യസംസ്ഥാനത്തിന് പുതിയ ഒരു ഡ്രോയ്ക്കുവേണ്ടിയുള്ള അനുവാദം നൽകിയിരിക്കുന്നു എന്നുള്ളതാണ്. എന്താണ് ഈ പുതിയ ചട്ടത്തിൽ പറയുന്നതെന്നറിയാമോ?. അത് സഭ കേൾക്കണം. നമുക്ക് ആഴ്ചയിൽ ഒരു ഡ്രോ എന്നാണ് നിയമം. അത് നാലോ അഞ്ചോ സ്കീമുകളുണ്ടാക്കിയിട്ട് ഓരോ സ്കീമിനും ഓരോ ദിവസം വച്ച് ഡ്രോ നടത്തിക്കൊണ്ടിരിക്കുന്നു. കേരള സർക്കാരും മറ്റുള്ളവരും അങ്ങനെതന്നെയാണ്. പുതിയ നിയമത്തിൽ പറയുന്നത് എന്താണെന്ന് അറിയാമോ? ഇവിടെ ഡ്രോയ്ക്ക് അനുവാദം

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തതിനെക്കുറിച്ചാണല്ലോ പറയുന്നത്. The number of lottery draws except bumper draw by Organising State, from all the lottery schemes put together, shall not be more than 24 per day. 24 ഡ്രോ നടത്താൻവേണ്ടി ലോട്ടറി മാഫിയയ്ക്ക് അധികാരം കൊടുത്തുകഴിഞ്ഞ സംസ്ഥാന സർക്കാരിന് പണം നീട്ടി കഴിഞ്ഞാൽ വാങ്ങിക്കാൻ അവകാശമി ല്ലെന്ന് കോടതിയിൽപോയി അവർ വാദിച്ച് ഉറപ്പിക്കുന്നപക്ഷം കോടതി സംസ്ഥാനത്തിന് അനുകൂലമായി വിധിക്കുമോ എന്ന് ഭയന്ന് ഈ ചട്ടവും കൂടി ഇറക്കികഴിഞ്ഞ് ഇവിടെ വന്ന് പറയുന്നു, 25 കോടി രൂപ കൈക്കൂലി വാങ്ങിയെന്ന്. ഈ ചട്ടം ഉണ്ടാക്കാൻവേണ്ടി എത്ര കോടി രൂപ കിട്ടിയെന്ന് അവിടെ ചോദിച്ചാൽ മതി. ഇതാണ് അതിനുള്ള മറുപടി. ഇത് അവിടെ ചോദിച്ചാൽ മതി. ഇന്നിപ്പോൾ ഈ ചട്ടത്തിന് ഇത്ര സ്പീഡ് കൂടിയത് പുതിയ ആഭ്യന്തരവകുപ്പുമന്ത്രി കേന്ദ്രത്തിൽ അധികാരം ഏറ്റെടുത്തതിനു ശേഷമാണ്. നേരത്തെയിരുന്ന ആഭ്യന്തരമന്ത്രിയെ ഞാൻ നേരിട്ട് കണ്ടു, സംസാരിച്ചു. അദ്ദേഹം പറഞ്ഞു, ഇതിൽ നിങ്ങൾക്ക് പ്രശ്നമുണ്ട്. ഇതിൽ എന്താണ് ചെയ്യാൻ സാധിക്കുക എന്നുള്ളതിനെ സംബന്ധിച്ച് സെക്രട്ടറിമാരെ വിളിച്ച് സംസാരിച്ചു. അതിന്റെ അടിസ്ഥാനത്തിലായിരുന്നു അനുകൂലമായ ഒരു നിലപാടുണ്ടായത്. അദ്ദേഹത്തിന്റെ ഭാര്യ ലോട്ടറി മാഫിയയ്ക്കുവേണ്ടിയുള്ള കേസിൽ ഡൽഹിയിലും ഇവിടെയും ഹാജരാകുന്നു എന്നുള്ളതിന്റെ അടിസ്ഥാ നത്തിൽ ആഭ്യന്തരമന്ത്രി ശ്രീ. ചിദംബരം മിനിമം ചെയ്യേണ്ടിയിരുന്നത് എന്റെ ഭാര്യയ്ക്ക് ഇങ്ങനെ വക്കാലത്തുള്ളതുകൊണ്ട് ഇങ്ങനെ ഒരു ചട്ടം ഞാൻ ഉണ്ടാക്കുന്നു എന്ന് പറയുകയാണ് വേണ്ടത്. ഈ ലജ്ജാകരമായിട്ടുള്ള നടപടി സ്വീകരിച്ചതിനുശേഷം സംസ്ഥാന സർക്കാരിന്റെ കയ്യും കാലും കെട്ടിയിട്ട് ലോട്ടറി മാഫിയായ്ക്ക് എന്ത് വേണമെങ്കിലും ചെയ്യാനുള്ള അനുവാദം നൽകുന്ന നിയമമുണ്ടാക്കിവച്ചിട്ട് അഴിമതിയാരോപണവുമായി ഇറങ്ങിയിരിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, നാല് കാര്യങ്ങൾക്ക് അങ്ങ് മറുപടി പറയണം. ഒന്ന്, വക്കീലായിരുന്ന അശോകനെക്കുറിച്ച് മാന്യത വിട്ട ഒരു വർത്തമാനവും ഞാൻ പറഞ്ഞിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റിനെതിരായി അന്യസംസ്ഥാന ലോട്ടറികൾക്കുവേണ്ടി നിരന്തരമായി ഹാജരായിരുന്ന വക്കീലായിരുന്നു അശോകൻ. ഞാൻ ആ സ്റ്റേറ്റ്മെന്റിൽ ഉറച്ചു നിൽക്കുന്നു. രണ്ടാമത്, അങ്ങ് വളരെ കൗശലത്തോടു കൂടി ഈ കേസ് ട്വിസ്റ്റ് ചെയ്തു. ഇത് എന്തിനെതിരായിട്ടാണ്? ഞാൻ ഇവിടെ പറഞ്ഞ കേസ് എന്താണ്? നിങ്ങൾ ടാക്സ് സ്വീകരിച്ചു. ടാക്സ് സ്വീകരിച്ചതി നെതിരായിട്ടാണോ നിങ്ങൾ കോടതിയിൽ പോയത്? ലോട്ടറി നിരോധിക്കണമെന്ന് പറഞ്ഞുകൊണ്ടാണ് നിങ്ങൾ കോടതിയിൽ പോയത്. നിങ്ങൾക്കറിയാം, കേന്ദ്ര ലോട്ടറി നിയമത്തിലും റൂൾസിലുമൊന്നും ലോട്ടറിയെ നിരോധിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനില്ല. ഞാൻ ഇവിടെ പറഞ്ഞത്, നിങ്ങൾക്ക് ടാക്സ് വാങ്ങിക്കാതിരിക്കാം. ....(ബഹളം)............ എന്താണ് നിങ്ങൾ ഒച്ചയുണ്ടാക്കുന്നത്? ടാക്സ്

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിക്കാതിരിക്കാം. കാരണം കേരളത്തിൽ 2005-ൽ പാസ്സാക്കിയ നിയമം, കേരള ലോട്ടറിയിന്മേലുളള ....(ബഹളം)............. നിങ്ങൾ എന്തിനാണ് ഒച്ചയുണ്ടാക്കുന്നത്? എനിക്ക് ബഹുമാനപ്പെട്ട മന്ത്രി അനുവദിച്ചു തന്നതാണ്. ഞാൻ പറയട്ടെ, ഞാൻ പറഞ്ഞതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞി ല്ലല്ലോ. ആ ലോട്ടറി നിയമത്തിൽ കൃത്യമായി പറയുന്നുണ്ട്, പേപ്പർ ലോട്ടറി എന്താണെന്ന് ഡിഫൈൻ ചെയ്യുന്നുണ്ട്. പേപ്പർ ലോട്ടറി എന്നുപറ ഞ്ഞാൽ കേന്ദ്ര നിയമത്തിന്റെ നാലാം വകുപ്പിന്റെ നിബന്ധനകൾക്കനുസരിച്ച് നടത്തുന്നതാണ് ലോട്ടറി. ആ പേപ്പർ ലോട്ടറിക്കാണ് ടാക്സ് വാങ്ങിക്കേണ്ട ത്. ഇവിടെ സർക്കാർ തന്നെ പറയുന്നു, ഈ പറയുന്ന ലോട്ടറികൾ കേന്ദ്ര നിയമത്തിന്റെ നാലാം വകുപ്പ് ലംഘിച്ച് നടത്തുന്നതാണെന്ന്. അപ്പോൾ അത് പേപ്പർ ലോട്ടറിയല്ല. കേരളത്തിലെ ടാക്സ് നിയമമനുസരിച്ച് അത് പേപ്പർ ലോട്ടറിയല്ല. പേപ്പർ ലോട്ടറിയല്ലാത്തതിന് നികുതി വാങ്ങിക്കാൻ പാടില്ല. പിന്നെ, സിക്കിം സർക്കാർ എല്ലാത്തിനും മറുപടി പറഞ്ഞു. സിക്കിം സർക്കാർ എന്നുപറയുന്നത് ആരാണെന്നറിയാമോ ? കോയമ്പത്തൂരിൽ സിക്കിം സർക്കാരിന്റെ പ്രതിനിധിയായി ദക്ഷിണേന്ത്യയിലെ കാര്യങ്ങൾ നോക്കാൻവേണ്ടി സാന്റിയാഗോ മാർട്ടിന്റെ ചെലവിൽ ഒരു ജോയിന്റ് ഡയറക്ട റുണ്ട്. അയാളിൽ നിന്ന് മറുപടി എഴുതിവാങ്ങിച്ചിട്ടാണ് സിക്കിം സർക്കാരിന്റെ കാര്യം ഇവിടെ പറയുന്നത്. അവസാനം പറഞ്ഞ കാര്യം, ശ്രീ. ചിദംബരത്തിന്റെ ഭാര്യ വക്കീലായി വന്നതുകൊണ്ട് ചിദംബരം ഉണ്ടാ ക്കിയ നിയമം എന്ന് പറഞ്ഞല്ലോ. ഞാൻ പറയുന്നതിന് മറുപടി പറയൂ. മാക്സിമം 24 ഡ്രോ പെടുത്താം എന്ന് പറയാൻ കാര്യമെന്താണെന്നറിയാമോ? ഇന്ത്യയിൽ സാന്റിയാഗോ മാർട്ടിൻ ഏറ്റവും കൂടുതൽ ലോട്ടറി നടത്തുന്ന സംസ്ഥാനം പശ്ചിമബംഗാളാണ്. ഒരു ദിവസം 400 ഡ്രോയാണ് പശ്ചിമ ബംഗാളിൽ നടത്തുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ ചട്ടത്തെ കുറ്റപ്പെടുത്തിക്കൊണ്ട് പറഞ്ഞത് എന്താണെന്ന് അറിയാമോ ? The State Government under whose jurisdiction the lottery tickets are being sold, shall be entitled to a charge, a minimum amount of Rs.2000 per draw from the Organising State. But the maximum amount chargeable shall not be more than what is being charged by the State Government from its own lotteries. അതായത് സ്റ്റേറ്റ് ഗവൺമെന്റ് ലോട്ടറിക്ക് വാങ്ങിക്കുന്ന കാശിനെക്കാൾ കൂടുതൽ കാശ് വാങ്ങിക്കാൻ പാടില്ല. കേരളത്തിൽ ഒരു ഡ്രോയ്ക്ക് 7 ലക്ഷം രൂപയാണ് വാങ്ങിക്കുന്നത്. ഇവിടെ 7 ലക്ഷം രൂപ വാങ്ങിക്കുന്നതിന് യാതൊരു തടസ്സവും ഈ ചട്ടത്തിലില്ല. ലോട്ടറിക്കാരെ സഹായിക്കാൻ 2000 രൂപ ഒരു ഡ്രോയ്ക്ക് ചാർജ്ജ് ചെയ്യാൻവേണ്ടി കേന്ദ്ര ഗവൺമെന്റ് വച്ചു. കാരണമെന്താണെന്ന് അറിയാമോ? പശ്ചിമ ബംഗാൾ പോലെയുള്ള സംസ്ഥാനങ്ങളിൽ ഓരോ മിനിട്ടിലും ഡ്രോ നടന്നു കൊണ്ടിരിക്കുകയാണ്. അവിടെ പരമാവധി സമ്മാന തുക 10,000 രൂപയാണ്. ആ 10,000 രൂപ സമ്മാന തുക വരുമ്പോൾ 7 ലക്ഷം രൂപ ലൈസൻസ് ഫീ വാങ്ങിക്കാൻ പറ്റുമോ ?

LIBRARY ARCHIVES Kerala Legislative Assembly

അതിനാണ് 2,000 രൂപ വച്ചത്. അല്ലാതെ ഈ ചട്ടം ആരെയും സഹായിക്കാനല്ല എന്ന് വളരെ വ്യക്തമായി നിൽക്കുന്നു. എന്റെ ഒരു ചോദ്യം വളരെ സ്പെസിഫിക്കായി ഇവിടെ നിൽക്കുന്നു. ഈ ലോട്ടറിയിൽ നിന്ന് ടാക്സ് പിരിക്കാതിരിക്കാൻ ഈ സർക്കാരിന് സാധിക്കുമോ ?

ഡോ. തോമസ് ഐസക്: സർ, നാല് ചോദ്യമാണ് വീണ്ടും ആവർത്തിച്ചിരിക്കുന്നത്. നേരത്തെ പറഞ്ഞ കാര്യംതന്നെ വീണ്ടും ആവർത്തിക്കുകയാണ്. ഒന്നാമത്തേത്, അശോകൻ എന്നുപറയുന്ന ഗവൺമെന്റ് പ്ലീഡർ ഈ കേസിൽ ഹാജരായത് ശരിയോ തെറ്റോ? ജി.പി.-യെ തെരഞ്ഞെടുക്കുന്നത് ഞാനല്ല. അദ്ദേഹം ഗവൺമെന്റ് പ്ലീഡറുടെ ലിസ്റ്റിലുണ്ട്, എ.ജി. അദ്ദേഹത്തിനെ നിയോഗിച്ചു. ആ കേസ് അദ്ദേഹം ജയിക്കുകയും ചെയ്തു. രണ്ടാമത്തേത്, നിങ്ങൾക്ക് നികുതി വാങ്ങിക്കാതിരിക്കാൻ പറ്റുമോ എന്നുള്ളതാണ്. നികുതി വാങ്ങിക്കാതിരിക്കാൻ നിർവ്വാഹമില്ല, അതിനുള്ള സ്വാതന്ത്ര്യമില്ല, നിങ്ങൾക്ക് ഡയറക്ടായിട്ട് ചെയ്യാൻ പറ്റാത്ത കാര്യം നിങ്ങളുടെ ലോട്ടറി നിയമമുപയോഗിച്ച് ചെയ്യാൻ ശ്രമിക്കുകയാണെന്ന് കേന്ദ്രസർക്കാരിന്റെ വക്കീൽ വന്നല്ലേ വാദിച്ചത് ? അതല്ലേ കോടതി അംഗീകരിച്ചത്? അപ്പോൾ അതാണ് അതിനെക്കുറിച്ചുള്ള മറുപടി. പിന്നെ 24 ഡ്രോയുടെ കാര്യം. കേരള സർക്കാർ പറഞ്ഞിരിക്കുന്നത് ഒരു കാരണവശാലും ഒരു ലോട്ടറിയിൽ 4 ഡ്രോയിൽ കൂടുതൽ ഒരു ദിവസം അനുവദിക്കാൻ പാടില്ല എന്നാണ്. ഇത് ഔപചാരികമായി കേരള സർക്കാർ പറഞ്ഞിട്ടുണ്ട്. എന്ന് മാത്രമല്ല, ഇത് ആക്ടിന് വിരുദ്ധമാണ്. ആഴ്ചയിൽ ഇത്ര ഡ്രോ എന്നാണ് ആക്ടിൽ നിർവ്വചിച്ചിരിക്കുന്നത്. അതിനുവിരുദ്ധമായിട്ടാണ് റൂൾ ഉണ്ടാക്കിയിട്ടുള്ളത്,..... ചലഞ്ച് ചെയ്യാം.... അപ്പോൾ ഇത്തരത്തിൽ ചട്ടമുണ്ടാക്കി ഈ ലോട്ടറി മാഫിയയ്ക്ക് ഇഷ്ടംപോലെ ലോട്ടറി നടത്തുന്നതിനുള്ള അനുവാദം കൊടുക്കുകയും നിയമം ലംഘിച്ചാൽ അതിൽ സംസ്ഥാന സർക്കാർ ഇടപെടാൻ പാടില്ല, കേന്ദ്രത്തോട് കത്ത് എഴുതാനേ പാടുള്ളൂ എന്ന് ചട്ടമുണ്ടാക്കിവച്ചിട്ട് സഭയിൽ വന്ന് ഇങ്ങനെയൊക്കെ പറയാൻ നാണമില്ലേ ?

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിനെല്ലാം അടിസ്ഥാനമായി ഇവിടെ ഉന്നയിക്കുന്ന ഒരു കാര്യം സിക്കിമിലെ

3.00 P.M.] ഒരു എം.പി. ഇവിടത്തെ എം.പി.ക്ക് എഴുതിയ കത്താണ്. അതുതന്നെ തെറ്റാണ്. കാരണം എന്റെ കയ്യിലിരിക്കുന്നത് ആ കത്തിന്റെ ഒരു കോപ്പിയാണ്. ഇത് ഒരു എം.പി. മറ്റൊരു എം.പി.ക്ക് അയച്ച കത്തല്ല. ഡയറക്ടർ ഓഫ് സിക്കിം സ്റ്റേറ്റ് ലോട്ടറീസ്, ഫിനാൻസ് റവന്യൂ ആന്റ് എക്സ്പെൻഡിച്ചർ ഡിപ്പാർട്ടുമെന്റ്, ഗവൺമെന്റ് ഓഫ് സിക്കിം, ഗാങ്ടോക് എന്ന അഡ്രസ്സാണ് കത്തിലുള്ളത്. അപ്പോൾ ഇതൊരു എം.പി. എഴുതിയ കത്തല്ല. ഒഫീഷ്യൽ കമ്മ്യൂണിക്കേഷനാണ്. ഈ കത്ത് ശ്രീ. പി. ഡി. രാജൻ എന്ന സിക്കിമിലെ എം.പി.ക്ക് ലോട്ടറീസ് ഡയറക്ടർ കൊടുത്ത കത്താണ്. ആ എം.പി. അത് ശ്രീ. പി. ടി. തോമസിന് കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് പറഞ്ഞതുപോലെ ഒരു എം.പി. മറ്റൊരു എം.പി.ക്ക് എഴുതിയ കത്തല്ല. അതാണ് ഒന്നാമത്തെ പ്രശ്നം. ഇത് സിക്കിം ഗവൺമെന്റിന്റെ ഒഫീഷ്യൽ കത്താണ്. രണ്ടാമതായി ഈ കത്തിലെ മൂന്നാമത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്ന കാര്യം സമയക്കുറവ് ഉള്ളതുകൊണ്ട് ഞാൻ മുഴുവനും വായിക്കുന്നില്ല. M/s Future Gaming Solutions India Private Limited for conventional paper lotteries. ഇതാണ് കേരളത്തിൽ കൺവെൻഷണൽ ലോട്ടറി നടത്തുന്നതിനുള്ള അവരുടെ ആതറൈസ്ഡ് ഏജന്റ്. അവരുടെ കത്ത് പ്രകാരം, ഇത് ഫ്യൂച്ചർ ഗെയിമിംഗാണ്, എന്നാൽ ഇവിടെ നടപടിയെടുക്കുന്നതിനെക്കുറിച്ച് വിശദമായ അങ്ങയുടെ കത്തുണ്ട്. ഇവിടെ ടാക്സ് വാങ്ങുന്നത് ആരുടെ കയ്യിൽ നിന്നാണ്. ഈ ഒഫീഷ്യൽ ഏജന്റിന്റെ കയ്യിൽ നിന്നല്ല. ഇവിടെ ടാക്സ് വാങ്ങുന്നത് മേഘാ ഡിസ്ട്രിബ്യൂട്ടറുടെ കയ്യിൽ നിന്നാണ്. മേഘാ ഡിസ്ട്രിബ്യൂട്ടറുടെ കയ്യിൽ നിന്നാണ് ഇവിടെ ടാക്സ് വാങ്ങുന്നത്. ആരാണ് മേഘാ ഡിസ്ട്രിബ്യൂട്ടർ ? സാന്റിയാഗോ മാർട്ടിന്റെ ബന്ധുവായ ....(തടസ്സം).............

ഡോ. തോമസ് ഐസക് : ശ്രീ. വി. ഡി. സതീശൻ ഇവിടെ വച്ചിരിക്കുന്ന രേഖ പരിശോധിക്കട്ടെ ? ഞാൻ പറഞ്ഞല്ലോ, ആ കേസ്സിൽ ഇവിടത്തെ ലോട്ടറി നടത്തിപ്പുകാർക്കുവേണ്ടി സിക്കിം ഗവൺമെന്റ് impede ചെയ്തു. സിക്കിം ഗവൺമെന്റിൽ നിന്ന് കേരളാ സർക്കാരിന് ഒഫീഷ്യലായിട്ടുള്ള കമ്മ്യൂണിക്കേഷൻ വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ കേരള സർക്കാരിനെ നേരിട്ട് അവിടത്തെ സ്ഥാനപതിയടക്കം വന്നുകണ്ടിരിക്കുന്നു. ഇവർ ഞങ്ങളുടെ ഏജന്റല്ല എന്ന് ഇനിയിപ്പോൾ സിക്കിം സർക്കാർ പറഞ്ഞാൽ സന്തോഷം, അന്നുതന്നെ മാറ്റാം. അതിലെന്ത് പ്രശ്നമാണുള്ളത് ? അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ചെയ്യേണ്ടത് അങ്ങനെയൊരു കത്തുണ്ടെങ്കിൽ ആ കത്ത് സർക്കാരിന് തരാം. അതിൽ എന്താണെന്നുള്ളതിനെക്കുറിച്ച് നമുക്ക് നോക്കാം. പക്ഷേ, ഈ കേസ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഞാൻ പറഞ്ഞത് കേരള സർക്കാർ ഇവരിൽനിന്നും ടാക്സ് വാങ്ങാതെ, ടാക്സ് വാങ്ങിയതിന് ഇവിടത്തെ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തുകൊണ്ട് നടപടി എടുത്തിട്ട് ടാക്സ് മേടിക്കുന്നത് നിർത്തിവച്ചതാണ്. അനധികൃതമായി നിങ്ങൾക്ക് അധികാരമില്ലായെന്ന് കേന്ദ്രസർക്കാരും കോടതിയും സമ്മതിച്ചു. അതല്ലേ സത്യം ?

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : കോടതിക്ക് ഇങ്ങനെയൊരു ഗുണമുണ്ടെന്ന് അറിയണം. എല്ലായിടത്തും മുർദ്ദാബാദ് വിളിച്ചാൽ പോരാ, ഇങ്ങനെയും ചില രക്ഷ കിട്ടും. എനിക്ക് രണ്ട് കാര്യങ്ങളാണ് പറയുവാനുള്ളത്. അങ്ങ് 27-6-2007-ൽ, ഈ ഗവൺമെന്റ് വന്ന് ഒരു കൊല്ലം കഴിഞ്ഞ സമയത്ത് ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് കൊടുത്ത ഒരു മറുപടിയിൽ അന്യ സംസ്ഥാന ലോട്ടറികളുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ഹൈക്കോടതിയിൽ നടന്ന 32 കേസ്സുകളിലാണ്, സർക്കാർ പരാജയപ്പെട്ടത് എന്നാണ് പറഞ്ഞിട്ടുള്ളത്. സർക്കാരിനുവേണ്ടി സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകൻ സി.എസ്. വൈദ്യനാഥനും സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ശ്രീ. വി. വി. അശോകനുമാണ് ഹാജരായത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതുപോലൊരു സാഹചര്യം വന്നു. അന്ന് ഞാനായിരുന്നു മുഖ്യമന്ത്രി. കോടതി പറഞ്ഞു, സംസ്ഥാന ഗവൺമെന്റ് സ്വന്തം ലോട്ടറികൾ നടത്തിക്കൊണ്ട് ഓൺലൈൻ ലോട്ടറിയും മറ്റ് ലോട്ടറികളും നിരോധിക്കാൻ പാടില്ല. ഞങ്ങൾ സുപ്രീം കോടതിയുടെ വിധി കിട്ടാൻ കാത്തിരിക്കുകയല്ലായിരുന്നു. ഹൈക്കോടതി വിധി കിട്ടിയതിന്റെ പിറ്റേ ദിവസം ഞങ്ങളെല്ലാവരും കൂടി എല്ലാ വിധത്തിലും ചർച്ച ചെയ്ത് ഒരു കാരണവശാലും ഇത് കേരളത്തിൽ അനുവദിക്കാൻ പാടില്ല, കാരണം അന്ന് പലരും ആത്മഹത്യ ചെയ്ത വാർത്തയൊക്കെ വന്ന ഒരു കാലഘട്ടമായിരുന്നു. എന്തു വിലകൊടുത്തും നടപ്പിലാക്കില്ല എന്നു പറഞ്ഞു. ഇവർ കോടതിയലക്ഷ്യ കേസിനുപോയി. അതിലും ഗവൺമെന്റ് പിടിച്ചു നിന്നു. അവസാനം, ചീഫ് സെക്രട്ടറിയും ടാക്സസ് സെക്രട്ടറിയും കോർട്ട് അലക്ഷ്യ കേസ്സിന് അകത്തേക്ക് പോകുമെന്ന സ്ഥിതി വന്നപ്പോൾ, മറ്റൊരു പോംവഴിയും ഇല്ലാതെവന്നപ്പോൾ ഒരു കാരണവശാലും ഇത് അനുവദിക്കാൻ പാടില്ല എന്ന നിഗമനത്തിന്റെ പേരിൽ സംസ്ഥാന ലോട്ടറികൂടി റദ്ദ് ചെയ്തുകൊണ്ട്, അതിനുകൂടി അനുമതി നിഷേധിച്ചുകൊണ്ട് തൽക്കാലത്തേക്ക് ആ പ്രതിസന്ധി കടന്ന് നടപടികൾ സ്വീകരിച്ചു. എന്തുകൊണ്ടാണ് കോടതിയുടെ ഉത്തരവിനുവേണ്ടി കാത്തിരുന്ന് പിറ്റേദിവസം ഈ ടാക്സ്..................

ഡോ. തോമസ് ഐസക് : ശരി, അപ്പോൾ ഞാൻ പറഞ്ഞതിന് ഒരു തെറ്റുമില്ല. ഞാൻ പറഞ്ഞത് ഇങ്ങനെ ജയിച്ചൊരു കേസ് അശോകൻ നടത്തി എന്നുള്ളതാണ്. കേസ് തോറ്റിട്ടുണ്ട്. ഈ 32 കേസ്സുകൾ എന്നുപറഞ്ഞാൽ എന്താണ് ? എണ്ണം പറഞ്ഞ് ഭയപ്പെടുത്തരുത്. നേരത്തെ പറഞ്ഞതുപോലെ ടാക്സ് ഈടാക്കലുണ്ടല്ലോ, 5000 കോടി രൂപയുടെ ടാക്സ് അരിയേഴ്സ് ഉണ്ടെന്ന് പറഞ്ഞത്. അതിനുവേണ്ടി ഓരോ കേസ്സുമായി പോകുമ്പോഴും ഓരോ കേസ്സും തള്ളും. എന്തിന്റെ അടിസ്ഥാനത്തിൽ ? സുപ്രീം കോടതിയിൽ ഇങ്ങനെയൊരു വിധിയുണ്ട്. ഇതിന്റെമേൽ നികുതി ചുമത്താൻ പാടില്ല അപ്പോൾ നമ്മൾ വാദിച്ചുനോക്കി, ഇത് പണ്ടുള്ള അരിയേഴ്സാണ്, പുതിയ നികുതിയല്ല. അപ്പോൾ സുപ്രീം കോടതിയുടെ വീണ്ടും ഒരു വിധി വന്നു. അതിൽ എന്താണ് പറഞ്ഞത് ? നിങ്ങൾ പണ്ട് പിരിച്ച നികുതി തിരിച്ചു കൊടുക്കേണ്ട. പക്ഷേ, പണ്ടത്തെ അരിയേഴ്സാണെങ്കിലും പിരിക്കാൻ പാടില്ല. എന്നുള്ളതുകൊണ്ടാണ് ഇങ്ങനെ വിധിയുണ്ടായിട്ടും ഓരോ കേസ്സും കോടതിയിൽപ്പോയി, ഓരോ കേസും തോറ്റിട്ടുണ്ട്. ഞങ്ങൾ വെറുതെ ഇരുന്നില്ല, സുപ്രീം കോടതി ഇങ്ങനെയൊരു വിധി പറഞ്ഞിട്ടുണ്ട് അതുകൊണ്ട് ഇനിയിപ്പോൾ കേസ് ഒന്നും നടത്തേണ്ടതില്ല, അതൊക്കെ തള്ളിക്കളയാം എന്നൊരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിലപാട് ഇവിടെയും സ്വീകരിച്ചിട്ടില്ല. പക്ഷേ, ഉമ്മൻ ചാണ്ടി സർ, അവിടെ നിന്നൊരു വിധി ഇങ്ങോട്ട് വന്നപ്പോൾ ആദ്യം എന്താണ് ചെയ്തത്. കേരളാ ലോട്ടറിയടക്കം നിരോധിച്ചു. രണ്ട്, എടുത്ത പഴയ കേസ്സുകളൊന്നും പിൻവലിക്കണമെന്ന് ആരും അവിടെ പറഞ്ഞില്ല. ഇനി കേസ് എടുക്കരുതെന്നാണ് പറഞ്ഞത്. എന്നാൽ കൊടുത്ത അഫിഡവിറ്റ് എന്താണ് ? ഇനിയും എടുക്കുകയില്ല, എടുത്തതെല്ലാം കളഞ്ഞു. അതാണ് ചെയ്ത രണ്ടാമത്തെ കാര്യം ; ആ കോടതിയിൽ ചെയ്തിട്ടുള്ളത്. 5000 -ന് ഡിമാന്റ് നോട്ടീസ് അയച്ചു. അതിനുശേഷം അത് പ്രീഅസെസ്സ്മെന്റ് നോട്ടീസാണെന്ന് പിന്നീട് ക്ലാരിഫിക്കേഷൻ കൊടുത്തു. ഡിമാന്റുപോലും റെയ്സ് ചെയ്യാൻ തയ്യാറായില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇവിടെ പറഞ്ഞ ഒരു കാര്യം That the Government of Sikim has appointed three marketing agents namely, മൂന്നാമത്തെ ആളിന്റെ പേർ ഞാൻ വായിക്കാം. M/s Future Gaming Solution India Private Limited for conventional paper Lotteries അവരെയാണ്. അപ്പോൾ അവരോടല്ലേ ടാക്സ് വാങ്ങേണ്ടത്. ഇവിടെ ടാക്സ് വാങ്ങുന്നത് ആരോടാണ്. അതാണ് ശ്രീ. ബാബുവിന്റെ ചോദ്യം. അതിന് അങ്ങ് ഉത്തരം പറയുന്നില്ല. ഇവിടെ മേഘാ ഡിസ്ട്രിബ്യൂട്ടർ ആരാണ് ? സാന്റിയാഗോ മാർട്ടിന്റെ അളിയൻ ജോൺ കെന്നഡി. എങ്ങനെ നിങ്ങൾ ടാക്സ് വാങ്ങും ; ആരാണ് ഏജന്റ് ? ഇത് സിക്കിം ഗവൺമെന്റിന്റെ കത്താണ്. ഇവിടെ കെന്നഡി എങ്ങനെ വന്നു ; എന്താണ് ഉത്തരം ? ....(ബഹളം)..........

ഡോ. തോമസ് ഐസക് : അന്വേഷിക്കാം......... (ബഹളം).........നിങ്ങൾ തമ്മിലുള്ള കത്തല്ലേ? സർക്കാരിന് തന്ന കത്തല്ലല്ലോ? ആ കത്ത് കാണാതെ ഞാൻ എന്ത് പറയാനാണ് ? ....(ബഹളം).............അങ്ങനെ ഒന്നുമില്ല. അങ്ങനെയൊന്നും വിരട്ടണ്ട ? നിങ്ങളെയൊക്കെ പ്രസംഗിക്കാൻ അനുവദിച്ചതാണ്. രണ്ടാംപ്രാവശ്യം പ്രസംഗിച്ചതാണ്. ഇപ്പോൾ ഇത്രയും മതി. ....(ബഹളം)...............ഇറങ്ങിപ്പോകാൻ പരിപാടിയുണ്ടെങ്കിൽ അതാവാം കേട്ടോ ? ....(ബഹളം)...............

ശ്രീ. ഉമ്മൻ ചാണ്ടി : ഇപ്പോൾ അങ്ങ് പറയുന്നത്, മറുപടി മുട്ടിയപ്പോൾ പറയുന്ന കാര്യമാണ്. ഇത്രയും സ്ട്രോങ് കേസ്സാണെങ്കിൽ എന്തുകൊണ്ടാണ് ഒരു സമഗ്രമായ അന്വേഷണത്തിന് തയ്യാറാകാത്തത്.

ഡോ. തോമസ് ഐസക്: കാരണം, ഇല്ലാത്തൊരു കാര്യത്തെക്കുറിച്ച് ഇത്രയൊക്കെ ഈ ലോട്ടറി മാഫിയയ്ക്കുവേണ്ടി കേന്ദ്രത്തിൽ നിന്ന് ചെയ്തതിനുശേഷം ഇവിടെ പ്രചരണത്തിനിറങ്ങുമ്പോൾ അതിനൊരായുധം നിങ്ങൾക്ക് വേണം അതിനല്ലേ ചോദിക്കുന്നത് ? ഇപ്പോൾ മനസ്സില്ല. ....(ബഹളം)................

ശ്രീ. ഉമ്മൻ ചാണ്ടി: നിങ്ങൾ അന്വേഷണത്തെ ഭയപ്പെടുന്നു. ആരാണ് ഈ സാന്റിയാഗോ മാർട്ടിൻ ? രണ്ട് കോടി രൂപ വാങ്ങിയിട്ട് തിരിച്ച്

കൊടുത്തതല്ലേ? ....(ബഹളം)......... ആ തുക വാങ്ങിയെന്ന് നിങ്ങൾ സമ്മതിച്ചു.

ഡോ. തോമസ് ഐസക്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, പറഞ്ഞതു തന്നെ പറഞ്ഞുകൊണ്ടിരിക്കണ്ട. നിങ്ങൾ പറഞ്ഞു കഴിഞ്ഞല്ലോ? ....(ബഹളം)............. നിങ്ങൾ ഒരു പുതിയ കാര്യവും പറയുന്നില്ല. നിങ്ങൾ വീണ്ടും വീണ്ടും പറഞ്ഞതുതന്നെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. (ബഹളം)...........ഞാൻ വഴങ്ങുന്നില്ല, ഞാൻ വഴങ്ങുന്നില്ല............... (ബഹളം)................. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും കെ. എം. മാണിസാറും രണ്ടുപേരും പറഞ്ഞുകൊണ്ടിരുന്ന ഒരു കാര്യം. ....(ബഹളം)................. അനുവദിച്ച പണം ചെലവാക്കിയിട്ടില്ല. ....(ബഹളം)........... പറഞ്ഞ കാര്യം തന്നെയല്ലേ ഇവർ പറയുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം. ...... (ബഹളം)......... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞങ്ങൾ പറഞ്ഞ തിനൊന്നുമല്ല അങ്ങ് ഉത്തരം പറഞ്ഞത്. അങ്ങ് പറഞ്ഞതാണ് ശരിയെങ്കിൽ പിന്നെ എന്തിനാണ് നിങ്ങൾ ഒരു അന്വേഷണത്തെ ഭയപ്പെടുന്നത്. നമ്മുടെ നാട്ടിൽ ഇന്ന് സാധാരണക്കാരെ കൊള്ളയടിക്കുന്നത് ഈ ലോട്ടറി മാഫിയയാണ്. അതിന് ഈ ഗവൺമെന്റും ധനകാര്യ വകുപ്പുമന്ത്രിയും കൂട്ടുനിൽക്കുകയാണ്. അതിനെക്കുറിച്ച് അന്വേഷിക്കണം. സാന്റിയാഗോ മാർട്ടിനുമായിട്ടുള്ള ബന്ധം ഈ നാട്ടിലുള്ളവർക്കെല്ലാം അറിയാം. എല്ലാവർക്കുമറിയാം. രണ്ട് കോടി രൂപ......രണ്ട് കോടി രൂപ...... എന്നിട്ട് അന്വേഷണമില്ല എന്നാണ് നടപടിയെങ്കിൽ അതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്ക്കരിച്ചു.)

ഡോ. തോമസ് ഐസക്: സർ, സംസ്ഥാനം തെരഞ്ഞെടുപ്പിലേക്ക് പോകുമ്പോൾ ഈ സർക്കാരിനെതിരായി ഒരു കാര്യവും പറയാനില്ലാത്തതുകൊണ്ട് തികച്ചും അടിസ്ഥാനരഹിതമായ കാര്യങ്ങൾ ഉന്നയിച്ച് അതിനെകുറിച്ച് അന്വേഷണമൊക്കെ ആവശ്യപ്പെട്ട് ഇറങ്ങിപ്പോയ്ക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ഒരു ഗ്യാലറിക്കുവേണ്ടിയുള്ള കളിക്ക് നിയമസഭ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ സാന്റിയാഗോ മാർട്ടിനെക്കുറിച്ച് പറഞ്ഞതെല്ലാം തികച്ചും അടിസ്ഥാനരഹിതമായിട്ടുള്ള കാര്യങ്ങളാണ്. മേഘാ ഡിസ്ട്രിബ്യൂട്ടേഴ്സിനെതിരായിട്ടും സർക്കാർ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പറഞ്ഞ മറ്റ് ചില കാര്യങ്ങളോട് പ്രതികരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സഭ അനുവദിച്ച 7,718 കോടി രൂപ ചെലവാക്കിയില്ല എന്നുള്ളത് കുറേ ദിവസമായി പറയുന്നു. അങ്ങനെ ചെലവാക്കാതിരുന്നതിന്റെ കാരണം അതിന്റെ സിംഹഭാഗവും കടം തിരിച്ചടയ്ക്കുന്നതിൽ വന്ന സേവിംഗ്സാണ്. നമ്മുടെ ദൈനംദിന വേയ്സ് ആന്റ് മീൻസ് ആവശ്യത്തിനു വേണ്ടി സർക്കാരിന് റിസർവ് ബാങ്കിൽ നിന്ന് 600 കോടി രൂപയോളം വായ്പ എടുക്കാനുള്ള അവകാശമുണ്ട്. അത് നമ്മൾ ഏതാനും ദിവസം കഴിയുമ്പോൾ തിരിച്ചടയ്ക്കും. അതാണ് വേയ്സ് ആന്റ് മീൻസ്. അപ്പോൾ കഴിഞ്ഞ വർഷം 8,850 കോടി രൂപ ഇത്തരത്തിൽ വായ്പ എടുക്കുകയും തിരിച്ചടയ്ക്കുകയും ചെയ്യുമെന്ന് ബഡ്ജറ്റിൽ പറഞ്ഞിരുന്നു. എന്നാൽ നമ്മുടെ ധനസ്ഥിതിയുടെ മെച്ചംമൂലം അതിൽ 8,850 കോടി രൂപ വേണ്ടിവന്നില്ല, 4,920 കോടി രൂപയേ വേണ്ടിവന്നുള്ളൂ. അപ്പോൾ ഇതിന്റെ ഫലമായി സഭ അനുവദിച്ച തുക ഉപയോഗിക്കേണ്ടി വന്നില്ല. ഈ വർഷത്തെ ബഡ്ജറ്റിലും ഉണ്ട്. വേയ്സ് ആന്റ് മീൻസിനു വേണ്ടി റിസർവ് ബാങ്കിൽ നിന്ന് വായ്പ എടുത്താൽ തിരിച്ചടയ്ക്കുന്നുമുണ്ട്. വായ്പ വരുമാനമായിട്ടും വായ്പ തിരിച്ചടയ്ക്കുന്നത് ചെലവായിട്ടും വയ്ക്കും. കഴിഞ്ഞ വർഷത്തെ അത്രപോലും ഈ വർഷം വേണ്ടിവരില്ല എന്നുള്ളതാണ് ഇതുവരെയുള്ള സ്ഥിതി. സംസ്ഥാനം ഇതുവരെ ഒരൊറ്റ ദിവസംപോലും വേയ്സ് ആന്റ് മീൻസ് ഡെഫിസിറ്റിലേക്ക് പോയിട്ടില്ല. ബാക്കി വരുന്ന 2,700 കോടി രൂപയുടെ സിംഹഭാഗവും നോൺ പ്ലാൻ എക്സ്പെൻഡിച്ചറാണ്. ശമ്പള ഇനത്തിലും മറ്റും വകയിരുത്തിയിട്ടുള്ളത് ചെലവാകാതെ വന്നിട്ടുള്ള കാര്യമാണ്.

മറ്റൊരു കാര്യം പറയാനുള്ളത്, സർക്കാർ കഴിഞ്ഞവർഷം 12 മാസത്തെ ചെലവുകൾ 13 മാസമാക്കി മാറ്റി എന്നുള്ളതാണ്. ഈ വർഷം പിന്നെ എങ്ങനെയാണ് 12 മാസത്തെ പണം വകയിരുത്തിയെന്നുള്ളതാണ്. ഇത്ര മാസത്തെ എന്ന് പറഞ്ഞിട്ടല്ല, ശമ്പളം വകയിരുത്തുന്നത്. കഴിഞ്ഞ വർഷം നമ്മൾ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മാർച്ച് മാസത്തിൽത്തന്നെ മാർച്ച് മാസത്തെ ശമ്പളം കൊടുക്കേണ്ടി വരുമെന്ന് തീരുമാനിച്ചിരുന്നില്ല. നാലാം തീയതി ഈസ്റ്റർ വരുന്നതുകൊണ്ട് ഈസ്റ്ററിനുമുമ്പേ ആർക്കും മാർച്ച് മാസത്തെ ശമ്പളം കിട്ടാൻ പറ്റാത്ത അവസ്ഥയുള്ളതുകൊണ്ട് അത് മാർച്ച് മാസത്തിൽത്തന്നെ അഡ്വാൻസായി കൊടുക്കാൻ തീരുമാനിച്ചു. അത് നേരത്തെ അംഗീകരിക്കാത്ത എക്സെസ് എക്സ്പെൻഡിച്ചറായി വന്നിട്ടുണ്ട്. അങ്ങനെ എക്സസ് എക്സ്പെൻഡിച്ചർ വന്നിട്ടുണ്ടെങ്കിൽ അത് റഗുലറൈസ് ചെയ്യാൻ സഭയിൽ രീതിയുണ്ട്. അതനുസരിച്ച് അത് റഗുലറൈസ് ചെയ്യും. ഈ

2214/12

LIBRARY ARCHIVES Kerala Legislative Assembly

വർഷം നമ്മൾ 12 മാസത്തെ വച്ചിട്ടുണ്ട്. അതുകൊണ്ട് ബാക്കിയൊന്നും മിച്ചം വരുമെന്ന് ധരിക്കേണ്ട. കാരണം വിലക്കയറ്റത്തിന്റെ രൂക്ഷത അത്രമാത്രമാണ്. വിലക്കയറ്റംമൂലം ഇപ്പോൾ ഡി.എ. വർദ്ധന വന്നിരിക്കുന്നു. വർഷം പകുതി എത്തുന്നതിനുമുമ്പ് 14 ശതമാനമാണ് നമ്മൾ ചെലവഴിച്ചിട്ടുള്ളത്. അതുകൊണ്ട് 13 മാസത്തെ ശമ്പളമുണ്ടെങ്കിൽപ്പോലും ഈ വർഷത്തെ ശമ്പളം കൊടുത്തു തീർക്കാൻ പറ്റാത്ത അവസ്ഥാവിശേഷമാണ് നിലവിലുള്ളതെന്ന് സൂചിപ്പിച്ചു കൊള്ളട്ടെ.

ഇവിടെ മാണി സാർ സംസാരിച്ചപ്പോൾ പദ്ധതിച്ചെലവ് കുറഞ്ഞുവെന്ന് പറഞ്ഞു. അതിന്റെ കാരണം നേരത്തെ കണക്കുകൂട്ടുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവും പ്ലാൻ എക്സ്പെൻഡിച്ചറായിട്ടാണ് വയ്ക്കുക. ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന പണം നോൺ പ്ലാൻ എക്സ്പെൻഡിച്ചറായിട്ടാണ് കൊടുക്കുക. ഇതുമൂലമാണ് മൊത്തം ചെലവിൽ പ്ലാൻ എക്സ്പെൻഡിച്ചർ കുറഞ്ഞിട്ടുള്ളത്. അല്ലാതെ പദ്ധതിയുടെ വലിപ്പം ആപേക്ഷികമായി കുറഞ്ഞതുകൊണ്ടൊന്നുമല്ല. രണ്ടാമത്തേത്, ഡെവലപ്മെന്റ് എക്സ്പെൻഡിച്ചറിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം പറഞ്ഞത് നേർ വിപരീതമാണ് ഇവിടെ എ.ജി. യുടെ റിപ്പോർട്ടിൽ പറയുന്നത്. എ. ജി.യുടെ റിപ്പോർട്ടിൽ പറയുന്ന രണ്ടുമൂന്ന് കാര്യങ്ങൾ ഞാൻ വായിക്കാം. Capital expenditure increased from 682 crores in 2004-05 to 1,696 crores and its ratio to total expenditure increased from 4% - 6% during this period. ഡെവലപ്മെന്റ് എക്സ്പെൻഡിച്ചറിലും വളരെ ഗണ്യമായിട്ടുള്ള വർദ്ധനവുണ്ടായിട്ടുണ്ടെന്ന് ഈ കണക്കുകൾ കാണിക്കുന്നുണ്ട്. എന്നുമാത്രവുമല്ല, ഈ ഡെവലപ്മെന്റ് എക്സ്പെൻഡിച്ചറിൽ ഒരു പ്രധാനപ്പെട്ട ഘടകം സബ്സിഡിയാണ്. റേഷന് കൊടുത്ത സബ്സിഡിയെക്കുറിച്ചും 3 രൂപയുടെ അരിയെക്കുറിച്ചുമൊക്കെ പറഞ്ഞല്ലോ? ഞാൻ എ. ജി. പറയുന്നത് വായിക്കാം - 2005-2006-ൽ യു. ഡി. എഫ്.-ന്റെ അവസാന വർഷം മൊത്തം സബ്സിഡി 24 കോടി രൂപ മാത്രമാണ്. ഇറങ്ങിപ്പോകുന്ന വഴിക്ക് 3 രൂപയുടെ അരി പ്രഖ്യാപിച്ചുവെന്നല്ലാതെ കൊടുത്തത് 24 കോടി രൂപയാണ്. അത് 2007-08-ൽ 202 കോടി രൂപയായി. 2008-09-ൽ 355 കോടി രൂപയായി. ഈ വർഷം അത് ഒരു 600-700 കോടി രൂപയെങ്കിലും ആയിട്ടുണ്ടാകും. അപ്പോൾ ഈ സർക്കാരിന്റെ റെക്കോർഡ് ഇതാണ്. ഇതേസമയം നമ്മുടെ സംസ്ഥാന ആഭ്യന്തര വരുമാനത്തേക്കാൾ കൂടുതൽ റവന്യൂ വരുമാനം വർദ്ധിച്ചു. ഇവിടെ ചർച്ചയിൽ റവന്യൂവിന്റെ കാര്യം ചിലർ ചൂണ്ടിക്കാണിക്കുകയുണ്ടായി, കടത്തെക്കുറിച്ച് പരാമർശമുണ്ടായി. കടത്തിന്റെ കാര്യം പരിശോധിച്ചാൽ യു. ഡി. എഫ്.-ന്റെ ഭരണകാലത്ത് 23,919 കോടി രൂപയിൽ നിന്ന് കടം 45,929 കോടി രൂപയായി. 100 ശതമാനം കൂടി. എന്നാൽ എൽ. ഡി. എഫ്.-ന്റെ ഇപ്പോഴത്തെ ഭരണകാലത്ത് 49,000-ത്തിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

78,000 ആയിട്ടേ കൂടിയിട്ടുള്ളൂ. ഏതാണ്ട് 70 ശതമാനം. ഇതിലുപരി യു. ഡി. എഫ്. ഭരണകാലത്ത് ഇവിടെ പ്രൊഫ. സി. രവീന്ദ്രനാഥ് പറയുകയുണ്ടായി, കടത്തെ അളക്കേണ്ടത് ആഭ്യന്തര വരുമാനവുമായിട്ടുള്ള തോതിന്റെ അടിസ്ഥാനത്തിലാണെന്ന്. യു. ഡി. എഫ്. ഭരണം തുടങ്ങിയപ്പോൾ 31 ശതമാനമായിരുന്നു കടം. യു. ഡി. എഫ്. ഭരണം അവസാനിച്ചപ്പോൾ അത് 41 ശതമാനമായി. ഇന്ന് ഇപ്പോൾ അത് 41-ൽ നിന്ന് 32 ശതമാനമായി. സർ, ഞാൻ അവസാനിപ്പിക്കുകയാണ്. എ. ജി. തന്നെ ഇത് സംബന്ധിച്ച് ഒരു റിപ്പോർട്ടിൽ പറയുന്നുണ്ട്. അദ്ദേഹം പറയുന്നു- There is a declining trend in the debt- G.S.D.P. ratio. അദ്ദേഹം എത്തിച്ചേരുന്ന നിഗമനം, ...the State is moving towards debt stabilization. ഇവർ പറയാൻ ശ്രമിച്ചതിന് നേർ വിപരീതമാണ് ഇതിലുള്ളത്.

ഞാൻ കെ. എസ്. റ്റി. പി. ലോണിനെക്കുറിച്ച് പ്രതിപക്ഷത്തിന്റെ അസാന്നിദ്ധ്യത്തിൽ പറയാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞാൻ അഭ്യർത്ഥന നടത്തിയിരുന്നു. അദ്ദേഹത്തിന് സമയമില്ലെങ്കിൽ ആരെങ്കിലും വന്ന് ഈ കണക്കുകൾ നോക്കുന്നതിനു വേണ്ടി പറഞ്ഞിരുന്നു. പക്ഷേ അദ്ദേഹം അതിന് തയ്യാറായിട്ടില്ല. സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ 18 കോടി രൂപ ഭൂമി വാങ്ങുന്നതിനുവേണ്ടി നൽകാതിരുന്നതിന്റെ ഫലമായിട്ടാണ് ആ കരാർപണി നിർത്തിവയ്ക്കേണ്ടി വന്നത് എന്നായിരുന്നല്ലോ അദ്ദേഹത്തിന്റെ വാദം. നാളെ അസംബ്ളിയിൽ അതിനെ സംബന്ധിച്ചുള്ള കണക്കുകൾ ഞാൻ ഹാജരാക്കും. യു. ഡി. എഫ്. -ന്റെ കാലത്ത് ചെറിയ തുച്ഛമായ തുകയാണ് കൊടുത്തത്. ബാക്കി തുക മുഴുവൻ ഇപ്പോഴാണ് കൊടുത്തത്. എപ്പോഴാണോ കളക്ടറേറ്റിൽ നിന്നും പണത്തിനുവേണ്ടിയിട്ടുള്ള അഭ്യർത്ഥനയുണ്ടായിട്ടുള്ളത്, മൂന്ന് മാസത്തിനുള്ളിൽ ആ പണം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ചില കാര്യങ്ങളുള്ളത് നമുക്ക് പിന്നീട് എല്ലാവരും ഉള്ളപ്പോൾ കൈകാര്യം ചെയ്യുന്നതായിരിക്കും നല്ലത്. ധനവിനിയോഗബിൽ ഈ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u> : 2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

22/4/12

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2010-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ...............ഓർഡർ................. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ജൂലൈ മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 3.20-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly